കേരള റൈറ്റേഴ്സ് ഫോറം (ഹൂസ്റ്റൺ)
29-ാമത് വാർഷിക സ്മരണിക

# സൂര്യനിൽ ഒരു തണൽ

**കേരള റൈറ്റേഴ്സ് ഫോറം**
ഹൂസ്റ്റൺ, ടെക്സാസ്, യു.എസ്.എ

**Sooryanil Oru Thanal**
(Collection of Stories, Poems & Essays)

| | | |
|---|---|---|
| First Published | : | March 2017 |
| Cover design | : | U.M. Binni |
| Copies | : | 1000 |
| Published by | : | Kerala Writers' Forum<br>Houston, Texas, U.S.A<br>Tel: 7134447190 |
| Price | : | 200.00 |


*(all rights reserved to the publisher)*

# സ്മരണിക

## ജോൺ ജേക്കബ് കൂടത്തിനാൽ

**ഹൂ**സ്റ്റനിലെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ തുടക്കം മുതൽത്തന്നെ അതിന്റെ ഒരു സജീവ അംഗമായിരുന്ന ജോൺ ജേക്കബ് കൂടത്തിനാൽ കാലയവനികക്കപ്പുറം മറഞ്ഞിട്ട് ഇന്നേക്ക് ആറു വർഷം കഴിഞ്ഞിരിക്കുന്നു. കേരള റൈറ്റേഴ്സ് ഫോറം വളർന്ന് വികസിക്കാൻ അദ്ദേഹം നൽകിയ സംഭാവനകൾ ഒട്ടും ചെറുതല്ല. ഇന്ന് ഈ സമാഹാരം പ്രസിദ്ധീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ സേവനങ്ങളെ ഞങ്ങൾ നന്ദിയോടെ ഓർമ്മിക്കുന്നു.

തൊണ്ണൂറുകളുടെ തുടക്കത്തിലേക്ക് ഒന്ന് മടങ്ങിപ്പോകാം. അക്കാലത്ത് എന്തൊരു ആവേശമായിരുന്നു. ഉന്മേഷമായിരുന്നു. ഫോറം ഒരു സംഘടന മാത്രമായിരുന്നില്ല, അതിനപ്പുറം ഒരു ഫെലോഷിപ്പ് അല്ലെങ്കിൽ കൂട്ടായ്മ! ഏതെങ്കിലും ഒരു വീട്ടിൽ യോഗം സംഘടിപ്പിച്ച് ചായയും സ്നാക്കുമായി സാഹിത്യ സൃഷ്ടികൾ മണിക്കൂറുകളോളം വായിച്ച് ആസ്വദിക്കുന്ന രീതി.



ജോൺ ജേക്കബ് കൂടത്തിനാൽ

സാഹിത്യ ചർച്ച അനൗപചാരികതയായിരുന്നു, മനസ്സു തുറന്നുള്ള ഒഴുക്കായിരുന്നു. മീറ്റിംഗുകളിലേക്ക് ജോൺ ജേക്കബ് എന്ന ചാക്കോച്ചൻ കടന്നുവരുന്നത് സ്വതഃസിദ്ധമായ

നർമ്മവുമായി. കീശയിൽ എപ്പോഴും ഒരു നുറുങ്ങുകഥയോ കവിതയോ ഉണ്ടായിരിക്കും. അതൊന്നും ഒരു പുസ്തകരൂപത്തിലാക്കാൻ സാവകാശമില്ലായിരുന്നു. എങ്കിലും ഇതിനിടയിൽ അദ്ദേഹത്തിന്റേതായ ഒരു നോവൽ 'മസാജിന്റെ മടിയിൽ' വെളിച്ചം കാണുകയും ചെയ്തു.

ശ്രീ. ജോൺ ജേക്കബ് ഹൂസ്റ്റനിലെ 'ജ്വാല ആർട്സ് ക്ലബ്ബു'മായി സഹകരിച്ച് പ്രവർത്തിച്ചു. തികഞ്ഞ കലാകാരനായ അദ്ദേഹം എത്രയോ നാടകങ്ങളിൽ അഭിനയിച്ചിരുന്നു. എത്രയോ വേദികളിൽ ഗാനങ്ങൾ ആലപിച്ചിരിക്കുന്നു.

രണ്ടായിരത്തി പത്ത് സെപ്റ്റംബർ എട്ടാംതീയതി ആ ജീവിതം നമ്മിൽനിന്ന് വിട പറഞ്ഞു. അന്ന് അദ്ദേഹത്തിന് എഴുപത്തിനാല് വയസ്സായിരുന്നു. അകാലത്തിലുള്ള ആ വേർപാട് ഭാര്യ ആലീസിനെയും കുടുംബങ്ങളേയും സുഹൃത്തുക്കളേയും ദുഃഖത്തിലാഴ്ത്തി. അദ്ദേഹത്തിന്റെ നിര്യാണം റൈറ്റേഴ്സ് ഫോറത്തിനും തീരാനഷ്ടമായിരുന്നു.

ഹൂസ്റ്റനിലെ ഹ്യൂസ് എന്ന കമ്പനിയിലും മെട്രോ സിസ്റ്റത്തിലും ഉദ്യോഗം വഹിച്ചിരുന്ന ജോൺ ജേക്കബ് തികഞ്ഞ സാമൂഹിക സ്നേഹിയായിരുന്നു. പാസഡീന മലയാളി അസോസിയേഷന്റെ പ്രസിഡണ്ടായി അദ്ദേഹം പ്രവർത്തിച്ചു. തന്റെ പ്രിയപ്പെട്ട ജീവകാരുണ്യ പ്രവർത്തനങ്ങൾ കേരള ഗവൺമെന്റിന്റെ നോർക്ക വഴി നടത്തുന്നതിനും അദ്ദേഹം സമയം കണ്ടെത്തി.

ഇപ്പോൾ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്ന വേളയിൽ ജോൺ ജേക്കബ് കൂടത്തിനാലിന്റെ സാഹിത്യ സംഭാവനകളെ റൈറ്റേഴ്സ് ഫോറം ആദരിക്കുന്നു. സമൂഹത്തിനു നൽകിയ സേവനങ്ങളെ ഒരിക്കൽക്കൂടി ഓർമ്മിക്കുന്നു. ആദരാഞ്ജലികൾ!

അദ്ദേഹത്തിന്റെ പാവനസ്മരണക്കു മുന്നിൽ കേരള റൈറ്റേഴ്സ് ഫോറം ഈ സമാഹാരം സമർപ്പിക്കുകയാണ്.

John Jacob born September 3, 1936 into the Koodathinalil family (Kalampala, Ranni-India). went to eternal rest on September 8, 2010. He is survived by his beloved wife of 44 years, Alice; his sons and their spouses Joji & Beji, Reggie & Sheeba, Kochumon

& Diana; and his nephew Manu & wife Dhanya, and Appachan s much adored grandchildren, Jayna, Neesha, Serena, Nathan, Simryn, and Mason Nian mon. He has also left behind his much-loved siblings John Mathew (Kunjutty, Ranni), John Thomas (Thomachan, Dallas), John Varughese (Baby, Ranni), John Abraham (Kunjumon, Pasadena), John K John (Johny, Delhi), Mary Cherian (Kunjumol, Keezhuvaipur), John Joseph (Babu, Pasadena) and their spouses. He is preceded in death by his parents Mathai & Aleyamma John. He will also be dearly missed by his numerous nieces and nephews who affectionately looked after their Appacha.

Chackochen, Alice and their three young sons left India and arrived in Schenectady, NY in 1974. A few years later the entire family moved to Houston where he worked for the Hughes Tool Company and later for METRO. Although he loved to sing and write, his most passionate activities involved spending time with his family and helping those less fortunate in India through NORKA. He has been a member of The Writer s Forum and also served as President of the Pasadena Malayalee Association. He will truly be mised by all who knew and loved him.

ഈ ഗ്രന്ഥത്തിൽ ഉള്ള കഥ, കവിത, ലേഖനങ്ങൾ തുടങ്ങിയവയിൽ ഉള്ളട ങ്ങിയ ദർശനങ്ങൾ, അഭിപ്രായങ്ങൾ, കാഴ്ചപ്പാടുകൾ ഇവയെല്ലാം അതാത് എഴു ത്തുകാരുടേത് മാത്രമാണ്; കേരള റൈറ്റേഴ്സ് ഫോറത്തിന്റേതല്ല. ആയതിനാൽ അവയിൻമേൽ ഉണ്ടാകുന്ന എല്ലാവിധ ആക്ഷേപങ്ങൾക്കും മറുപടി നൽകുവാനുള്ള ബാധ്യത അതാത് എഴുത്തുകാർക്ക് മാത്രമാണെന്ന് ഇതിനാൽ അറിയിക്കുന്നു.

**പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, പ്രോഗ്രാം കോ-ഓഡിനേറ്റർ**
**കേരള റൈറ്റേഴ്സ് ഫോറം, യു.എസ്.എ**

## മുഖമൊഴികൾ

### മാത്യു നെല്ലിക്കുന്ന്
### കേരള റൈറ്റേഴ്സ് ഫോറം പ്രസിഡന്റ്

**കേ**രള റൈറ്റേഴ്സ് ഫോറത്തിന്റെ 29-ാം വാർഷിക സ്മരണിക മൺമറഞ്ഞ ജോൺ ജേക്കബ് കുടത്തിനാലിന്റെ പാവനസ്മരണക്കു മുന്നിൽ സമർപ്പിക്കുവാൻ ഫോറത്തിന് സാധിച്ചതിൽ ഏറെ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ വേർപാട് കേരളാ റൈറ്റേഴ്സ് ഫോറത്തിനും ഹൂസ്റ്റണിലെ മറ്റ് സാംസ്കാരിക സംഘടനകൾക്കും തീരാനഷ്ടമാണ്. എന്റെ പ്രിയ സുഹൃത്ത് ജോൺ ജേക്കബുമൊത്ത് ജ്വാല ആർട്സ് ക്ലബ്ബിലും ഏറെ വർഷങ്ങൾ ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ അഭിനയവും, പാട്ടും നിറഞ്ഞുനിന്നിരുന്ന ജ്വാലയുടെ വേദികൾ ഞാൻ വേദനയോടെ ഓർമ്മിക്കുന്നു. ജോൺ ജേക്കബ് കുടത്തിനാലിന്റെ ഓർമ്മകൾ നിലനിർത്താൻ ഈ സ്മരണിക അല്പമെങ്കിലും ഉതകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഈ സ്മരണികയുടെ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാ മാന്യവ്യക്തികൾക്കും, രചനകൾ നൽകി സഹകരിച്ച എല്ലാ എഴുത്തുകാർക്കും കേരളാ റൈറ്റേഴ്സ് ഫോറത്തിന്റെ പേരിൽ ഞാൻ നന്ദി പറയുന്നു. സഹൃദയരായ അനുവാചകർ നിർലോഭം നൽകിക്കൊണ്ടിരിക്കുന്ന സ്നേഹവും വാൽസല്യവും ഈ സംഘടനയ്ക്ക് മേലിലും നൽകുമെന്നുള്ള വിശ്വാസത്തോടെ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

# റൈറ്റേഴ്സ് ഫോറം എന്ന സാക്ഷരലോകം


## ദേവരാജ് കാരാവള്ളിൽ
### സെക്രട്ടറി, കേരള റൈറ്റേഴ്സ് ഫോറം
### ഹൂസ്റ്റൺ


**"കേ**രളാ റൈറ്റേഴ്സ് ഫോറ"മെന്ന അമേരിക്കൻ മലയാളി സംഘടനയെപ്പറ്റി ഉദ്ദേശം 25 വർഷം മുമ്പ് നർമ്മത്തിന്റെ വർണ്ണക്കടലാസിൽ പൊതിഞ്ഞ് അവതരിപ്പിച്ച "റൈറ്റേഴ്സ് ഫോറം സാക്ഷരലോകം" എന്ന ചെറുകവിതയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. "പത്തുപേർ കൂടുന്ന പ്രസ്ഥാനസർഗ്ഗവേദി" എന്ന്.

ആ സംഘടനയുടെ ഒരു ആജീവനാന്ത മെമ്പർ എന്ന നിലയിൽ അൽപ്പം എഴുതാനുള്ള അവസരം കിട്ടിയതിൽ ഞാൻ കൃതാർത്ഥനുമാണ്.

അന്നു പറഞ്ഞ "പത്തുപേർ കൂടുന്ന പ്രസ്ഥാന"മെന്ന ചിത്രം ചരിത്ര വിചിത്രമാക്കി "ഫോറം" വളർച്ചയുടെ പതിനെട്ടാംപടി കയറിയ കാഴ്ചയാണ് നമുക്ക് ഏവർക്കുമിന്നുള്ളത്.

കേരളത്തിൽ നിന്നുപോലും ഒട്ടേറെ അവാർഡുകൾ നേടുകയും മുഖ്യധാരാ ഭാഷാസാഹിത്യത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തിട്ടുള്ള ശ്രീ മാത്യു നെല്ലിക്കുന്നിന്റെ നേതൃത്വത്തിൽ പത്തല്ല പതിനൊന്ന് പ്രശസ്ത പ്രമുഖരായ ഡയറക്ടർ ബോർഡംഗങ്ങളോടും കൂടാതെ പ്രതിമാസ സാഹിത്യ സമ്മേളനങ്ങളിൽ ഉദ്ദേശം മുപ്പതിലേറെ സാഹിത്യ രചനാ ആസ്വാദന കുതുകികൾ കൂടുന്നതുമായ ഒരു പ്രസ്ഥാനമായാണ് "ഫോറ"ത്തെ ഏവരും ഇന്ന് കാണുന്നത്. കൂടാതെ ഒരേ ഭരണസമിതിയുടെ കാലയളവിൽ തന്നെ രണ്ട് പ്രഗൽഭ സമാഹാര ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു എന്ന ചാരിതാർത്ഥ്യവും മറ്റംഗങ്ങളെപ്പോലെ എനിയ്ക്കും ഉണ്ട്.

ഫോറത്തിന്റെ ആവിർഭാവത്തിനുശേഷം അമേരിക്കയുടെ ഇതരസംസ്ഥാനങ്ങളിൽ ഫോറത്തെ മാതൃകയാക്കി സാഹിത്യശിബിരമോ, സർഗ്ഗവേദികളോ സംഘടിപ്പിയ്ക്കുന്ന പ്രസ്ഥാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അമേരിക്കയിൽ ആകമാനമായി എത്തിച്ചേർന്ന

ഉദ്ദേശം 5 ലക്ഷത്തിലേറെ മലയാളി കുടിയേറ്റക്കാരിൽ ഈ "ഫോറ "ത്തെപ്പറ്റി അറിയാത്തവർ വിരളമാണ്.

അതിന് ഒരു കാരണം ഇതുപോലുള്ള സമാഹാര ഗ്രന്ഥങ്ങളുടെ സംരംഭമായ സമഗ്ര സംഭാവനയുമാണ്. ഇന്ന് നൈസർഗ്ഗികവരേണ്യ പാരമ്പര്യത്തിന്റെ പിടിമുറുക്കം ഉള്ള എഴുത്തുകാരും പാരമ്പര്യം തിരസ്കരിച്ച് ആധുനിക, ഉത്തരാധുനിക പ്രസ്ഥാനങ്ങളുടെ മൂടുപടം അണിഞ്ഞ എഴുത്തുകാരുമുണ്ട്. അവരിൽത്തന്നെ പത്തോ പതിനഞ്ചോ ഗ്രന്ഥങ്ങൾ വരെ സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചവരും ഉണ്ടാകും.

തുടക്കം മുതൽ മിക്കവാറും എല്ലാ സാഹിത്യ സമ്മേളനങ്ങളിലും പങ്കെടുത്ത ഒരു വ്യക്തി എന്ന നിലയിൽ "റൈറ്റേഴ്സ് ഫോറം സാക്ഷരലോകം" എന്ന കവിതയിൽ ഞാൻ പറഞ്ഞിട്ടുള്ള ഒരു കാര്യം കൂടി ഇപ്പോൾ പ്രസ്ഥാവ്യ യോഗ്യമാണ്.

"സന്ദേഹമില്ലാഹ! സാക്ഷരത്വത്തിന്റെ
സംവേദ സൗരഭം നുകരുവോർ
നിർണ്ണയം സൗഹൃദ സാഹിത്യ വേദിതൻ
സർല്ലോകം രചിയ്ക്കും പ്രവാസികൾ"

എന്ന സത്യം ഇന്ന് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാകുന്ന കാഴ്ചയാണ് നമുക്ക് ഏവർക്കുമുള്ളത്.

## മുഖമൊഴികൾ

### മാത്യു വെള്ളമറ്റം
### ട്രഷറർ കേരള റൈറ്റേഴ്സ് ഫോറം, ഹൂസ്റ്റൺ

**ആ**യിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് ജൂൺമാസം ഇരു പതാം തിയ്യതി ഹൂസ്റ്റണിൽ വന്ന് കേരള റൈറ്റേഴ്സ് ഫോറത്തിന്റെ എളിയ മീറ്റിംഗിൽ സംബന്ധിച്ച പ്രശസ്ത കവിയും ഭാഷാപണ്ഡി തനുമായ ശ്രീമാൻ വിഷ്ണുനാരായണൻ നമ്പൂതിരി സാർ പറഞ്ഞ വാക്കുകളാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നത്.

"നിങ്ങൾ ചെയ്യുന്ന ഈ ചെറിയകാര്യം ഒരു വലിയ കാര്യം തന്നെയാണ്" അദ്ദേഹം ഞങ്ങളുടെ ബ്ലാക്ക് ബുക്കിൽ ഇങ്ങനെ കുറിച്ചു;

"നിങ്ങൾ ചെയ്യുന്നത് ചെറിയ കാര്യം അല്ല. അതിന്റെ വില നാളെ അറിയും. നന്മ നേരുന്നു. വിഷ്ണുനാരായണൻ 1992 ജൂൺ20"

1989ൽ തുടങ്ങി 2016-ൽ എത്തി നിൽക്കുന്നു. ഞങ്ങളുടെ മീറ്റിം ഗുകൾ വീടുകളിൽ തുടങ്ങി റസ്റ്റോറന്റുകൾ മാറി കേരളഹൗസും വിട്ട് സ്റ്റാഫോർഡിലുള്ള ദേശി റസ്റ്റോറന്റിൽ എത്തിനിൽക്കുന്നു. എല്ലാ മാസവും ഓരോ സംഗമം വീതം. പതിനഞ്ചു പേരിൽ തുടങ്ങി. ഇപ്പോൾ മുപ്പതിനപ്പുറം അംഗങ്ങൾ. ഇടക്കാലത്ത് ചെറിയൊരു മാന്ദ്യം ഉണ്ടായെങ്കിലും വീണ്ടും ഉണർന്നു കഴിഞ്ഞു.

ഇതാ ഇപ്പോൾ പതിനാലാമത്തെ പുസ്തകത്തിന്റെ പണിപ്പു രയിലാണ്. ശ്രീമാൻ മാത്യു നെല്ലിക്കുന്നേലിനെ ഈയവസരത്തിൽ പ്രത്യേകം എടുത്തുപറയാതെ വയ്യ. അദ്ദേഹത്തിന്റെ ശ്രമഫലമാണ് വീണ്ടുമൊരു ബുക്ക് അച്ചടിയ്ക്കൊരുങ്ങുന്നത്..

ഈ ചെറിയ സംഘടനയിൽ അംഗമാകാൻ സാധിച്ചതിൽ ഞാൻ വളരെ സന്തോഷവാനാണ്. പല മഹത്വ്യക്തികളേയും നേരിൽ കാണുന്നതിനും അവരുടെ സാമീപ്യം അനുഭവിക്കുന്ന തിനും അവസരം കിട്ടി. ശ്രീമാൻമാർ ബാലചന്ദ്രൻ ചുള്ളിക്കാട്, കാക്ക നാടൻ, എം.ടി.വാസുദേവൻ നായർ, അക്കിത്തം, ഒ.എൻ.വി, എം. മുകുന്ദൻ, ബഷീർ, വിഷ്ണു നാരായണൻ നമ്പൂതിരി, പുനത്തിൽ

കുഞ്ഞബ്ദുള്ള, ചെമ്മനം ചാക്കോ, കാർട്ടൂണിസ്റ്റ് കുമാർ, വേളൂർ കൃഷ്ണൻകുട്ടി, ഫാ. ഇസഡ്. എം. മൂഴൂർ, മണർകാട് മാത്യു, മാധവിക്കുട്ടി തുടങ്ങിയവർ.

ഒരു സാഹിത്യകാരനല്ലെങ്കിലും പുസ്തകങ്ങളോടുള്ള താല്പര്യം കൊണ്ട് മാത്രം ഇതിൽ അംഗമായ എനിയ്ക്ക് ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുക മാത്രമാണുദ്ദേശ്യം.

ഞങ്ങളുടെ ഈ എളിയ സംരംഭത്തിൽ സഹായിച്ച എല്ലാ സഹൃദയരോടും നന്ദി രേഖപ്പെടുത്തുന്നതിനൊപ്പം ഏവർക്കും പുതുവത്സരത്തിന്റെ നന്മകൾ നേരുകയും ചെയ്യട്ടെ.

## മുഖമൊഴികൾ

### ജോൺ മാത്യു
**പ്രോഗ്രാം കോ-ഓർഡിനേറ്റർ**

ഇരുപത്തിയെട്ടു വർഷം മുൻപ് കേരള റൈറ്റേഴ്സ് ഫോറം എന്ന സാഹിത്യ ചർച്ചാപ്രസ്ഥാനം രൂപപ്പെട്ടപ്പോൾ മുതൽ ഞങ്ങൾ പ്രാധാന്യം കൊടുത്തിരുന്ന ഒരു മേഖലയായിരുന്നു പുതിയതായി എഴുത്തിന്റെ രംഗത്തേക്ക് കടന്നുവരുന്നവരെ പ്രോത്സാഹിപ്പിക്കാനുള്ള ഉപാധികൾ കണ്ടെത്തുന്നത്. അതിന്റെ ഭാഗമാണ് വർഷം തോറുമുള്ള ഈ പ്രസിദ്ധീകരണം. അപാകതകളുണ്ടായിരിക്കാം. പക്ഷേ രംഗത്തേക്ക് വാഗ്ദാനമായി വരുന്നവരുടെ ഭാവിക്കുവേണ്ടി അങ്ങനെയുള്ള വിമർശനങ്ങളെ അവഗണിക്കുകയാണ് പതിവ്. അതേ, സാഹിത്യം അല്ലെങ്കിൽ കലയുടെ ലോകംതന്നെ നൂറുശതമാനം ശരികളുടെ കൂമ്പാരമല്ല. പകരം സുന്ദരങ്ങളായ തെറ്റുകളും ചേർന്നതാണ്.

ഇന്ന്, ഞാനിത് എഴുതുമ്പോൾ 2016-ന്റെ അവസാന ദിനങ്ങളാണ്. ഈ വർഷം റൈറ്റേഴ്സ് ഫോറത്തിന്റെ വേദിയിൽ നാലു പുസ്തകങ്ങളുടെ പ്രകാശനം നടന്നു. ഫോറത്തിലെ തന്നെ എഴുത്തുകാരുടെ എണ്ണമറ്റ കൃതികൾ പഠനവിധേയമായി. ഇനിയും അണിയറയിൽ എത്രയോ കൃതികൾ പ്രസിദ്ധീകരണത്തിന് തയ്യാറായിക്കൊണ്ടിരിക്കുന്നു. പരിമിതമായ സംവിധാനത്തിൽ പലപ്പോഴും കൃതികൾ കൃത്യമായി ചർച്ചക്കെടുക്കാൻ കഴിയാതെ വരുന്ന കാര്യവും ഞങ്ങൾക്കറിയാം. അതിനുമൊരു പ്രതിവിധിയെന്തെന്ന് ഫോറം ഭാരവാഹികൾ ചിന്തിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ ഞാൻ എന്റെ സഹപ്രവർത്തകരോട് നന്ദി പ്രകാശിപ്പിക്കുകയാണ്. അവരുടെ സഹകരണമില്ലായിരുന്നെങ്കിൽ ഈ പ്രസ്ഥാനം ഒരിക്കലും വിജയിക്കില്ലായിരുന്നു. തുടർന്നും ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുക്കാൻ എല്ലാ സഹൃദയരെയും ആഹ്വാനം ചെയ്തുകൊണ്ട്,

# ഉള്ളടക്കം

**മുഖമൊഴികൾ**


മാത്യു നെല്ലിക്കുന്ന്
ദേവരാജ് കാരാവള്ളിൽ
മാത്യു വെള്ളമറ്റം
ജോൺ മാത്യു


## കഥകൾ


1. **ഒരു അവധിക്കാലം**
ബി. ജോൺ, കുന്തറ 19
2. **എന്റെ ഓർമ്മയിലെ ആദ്യ സ്ത്രീവ്യാപാരി**
ബി. ജോൺ കുന്തറ 26
3. **യൂദാസിന്റെ സുവിശേഷം**
ടോം വിരിപ്പൻ 29
4. **നിഗംബോധ് ഘാട്ടിലെ അഗ്നിനാളങ്ങൾ**
പൊന്നോലി 33
5. **കറുത്ത കണ്ണുള്ള കഴുകന്മാർ**
ഡോ. അഡ്വ. മാത്യു വൈരമൺ 37
6. **കറപുരണ്ട ഒരു ട്രെയിൻ യാത്ര**
എ.സി. ജോർജ് 42
7. **ഓർമ്മകളെ വിടതരൂ**
സൈമൺ ജോർജ്ജ്
8. **വികസനം താളം തെറ്റിച്ച ജീവിതം**
പി.പി. ചെറിയാൻ 51
9. **പ്രയാണം**
ജോസഫ് മണ്ടപം 55
10. **ബ്രൗൺ ബാഗ്**
മാത്യു വെള്ളമറ്റം 59
11. **ഫൺ ബാക്ക്ടിറസ്**
മോട്ടി മാത്യു 61
12. **ഒരു ജോലിക്കാര്യം**
ബാബു കുരവയ്ക്കൽ 67

13. **ചില കാര്യങ്ങൾ അങ്ങനെയാണ്**
റോബിൻ കൈതപ്പറമ്പ് 72
14. **വിശ്വാസികൾ**
റോബിൻ കൈതപ്പറമ്പ് 77

## കവിതകൾ

15. **വാർദ്ധക്യം**
നിധുല 81
16. **നിനക്കായ്**
ഇന്ദ്രജിത്ത് 84
17. **എന്റെ മോഹങ്ങൾ**
വനജ നായർ 85
18. **ചില തച്ചാറക്കവിതകൾ** 87
കരിക്കട്ട, പുതിയ സമവാക്യം, ജലശായം
തച്ചാറ
19. **മംഗളം... രജതജൂബിലി... മംഗളം...**
എ.സി. ജോർജ് 89
20. **നെല്ലിക്കുന്ന് കവിതകൾ** 91
നിഴലുകൾ, അന്ത്യവചനം, തെക്കിനിയിലെ മരം,
പ്രാചീനമായ കാറ്റ്, സുന്ദരീ... വിട..., ഒരു വസന്തകാലം
തമോഗർത്തം, എന്റെ വഴി, ബീജാങ്കുരം, ചോരപ്പാടുകൾ
21. **സന്ദേഹം**
ടി.എൻ. സാമുവൽ 101
22. **സ്വതന്ത്രകേരളം**
ഒരു പ്രവാസഗീതം 102
23. **വൽസൻ മഠത്തിൽപ്പറമ്പിലിന്റെ കവിതകൾ** 103
ഡിസംബർ 31, കെയ്റോ, പ്രണയഗീതം
ക്ഷമാപണം, പല്ലവി
24. **A Night Rest In Haven**
Abhilash Valson 106
25. **The great divide**
Greeshma Abhilash 107
26. **വിട പതിനാറിന്**
മാത്യു വെള്ളമറ്റം 108

**27. രാജൻ നായരുടെ കവിതകൾ**
ബലിച്ചോറ്, ഒരു പഴങ്കഥ, കൂപമണ്ഡൂകങ്ങൾ, തീച്ചാമുണ്ഡി
ഐ സി യു, കാട്ടുനീതി, പ്രവാസി, വിശുദ്ധ ചിന്തകൾ
**28. പ്രമോദ്. എം.ഡിയുടെ കവിതകൾ** 116
കർണ്ണന്റെ വിധി, വേശ്യ, കാള കുട്ടൻ
ശ്മശാനം, കാടിന്റെ മക്കൾ
**29. പ്രേമഗീതം**
ഡോ. അഡ്വ. മാത്യു വൈരമൺ
**30. തോമസ് കാളാശ്ശേരിയുടെ കവിതകൾ** 124
യുദ്ധഭൂമി, മനസ്സൊരു കടൽ

**31. My Princess Jasmine** 126
By Mary Kuravackal
**32. ദേവരാജ് കാരാവള്ളിൽ കവിതകൾ** 127
കേദാര മാനസം, കിളിപ്പാട്ട്
കല്പന ലഹരി, മരണമെത്തുന്ന നേരം


## ലേഖനങ്ങൾ

**33. സുഖമോ ദേവ...!**
ഈശോ ജേക്കബ് 134
**34. ചരിത്രം ഉറങ്ങുന്ന എന്റെ ഗ്രാമം**
നൈനാൻ മാത്തുള്ള 136
**35. അമേരിക്കൻ സമ്പദ്‌വ്യവസ്ഥ**
**അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ**
ഈശോ ജേക്കബ് 140
**36. തമസോമാ ജ്യോതിർഗമയ**
ടി.എൻ. സാമുവൽ 144
**37. പ്രവാസികളുടെ നാട്ടിലെ**
**അന്യസംസ്ഥാന തൊഴിലാളികൾ**
പൊന്നോലി 147
**38. മലയാള ഗദ്യത്തിന്റെ വളർച്ച**
ഡോ. സണ്ണി ഏറ്റുമാനൂർ 150
**39. ഫൊക്കാനയും ഫോമയും പിന്നെ ഞാനും**
എ.സി. ജോർജ് 158

40. **മാറുന്ന സമൂഹത്തിൽ മയാളിക്ക്**
**തകിടം മറിച്ചിലും, ഹിപ്പോക്രസിയും?**
എ.സി. ജോർജ് 165
41. **മലയാളഭാഷയുടെ ആവിർഭാവവും**
**ചില നിഗമനങ്ങളും**
ദേവരാജ് കാരാവള്ളിൽ 170
42. **മനുഷ്യനൊപ്പം യാത്ര ചെയ്യുന്ന ഭാഷ**
ജോൺ മാത്യു 176
43. **സുദൃഢ കുടുംബബന്ധ പശ്ചാത്തലം മൂല്യാധിഷ്ഠിത**
**യുവതലമുറയുടെ സൃഷ്ടിക്കനിവാര്യം**
പി.പി. ചെറിയാൻ 182
44. **പത്രസംസ്കാരത്തിന് മൂല്യച്യുതിയോ**
പി.പി. ചെറിയാൻ 185
45. **പ്രവാസസാഹിത്യം ചില അഭിപ്രായങ്ങൾ**
ജോയ്സ് തോന്ന്യാമല 188
46. **ജീവിതം എന്നെ എന്തു പഠിപ്പിച്ചു?**
മാത്യു നെല്ലിക്കുന്ന് 191

# കഥകൾ

# ഒരു അവധിക്കാലം

**ബി. ജോൺ, കുന്തറ**



മൂന്നാഴ്ച്ച കണക്കാക്കി ആണ് സാധാരണ നാട്ടിൽ അവധിക്ക് പോകുന്നത്. അവധി കഴിഞ്ഞ് മടക്ക യാത്രകളിൽ എയർപോർട്ടിൽ ഫ്ളൈറ്റ് കാത്തിരിക്കുമ്പോഴും, വിമാനത്തിൽ കയറി കഴിഞ്ഞാലും ചിന്തകൾ ഒരു ഫ്ളാഷ് ബാക്ക് മാതിരി വന്നുകൊണ്ടിരിക്കും. അവധി വേഗം തീർന്നുപോയതിൽ ദുഃഖിക്കാറും ഉണ്ട്. ഫ്ളൈറ്റിൽ ഇരിക്കുമ്പോൾ സമയം ചിലവഴിക്കുന്നത് ഇങ്ങനെയുള്ള ചിന്തകളിൽ ഒഴുകിനടന്നാണ്.

താൻ നെടുമ്പാശ്ശേരിയിൽ ഇറങ്ങിയ സമയം മുതൽ തിരികെ പോരുന്നതിന് എയർപോർട്ടിൽ എത്തുന്ന സമയം വരെ കഴിഞ്ഞു പോയ ദിവസങ്ങളിൽ എന്തൊക്കെ സംഭവിച്ചു, എവിടെ ഒക്കെ പോയി, ആരെ ഒക്കെ കണ്ടു എന്നതിന്റെ ഒരു തനി ആവർത്തനം തന്റെ മനസ്സിൽ പ്രദർശിപ്പിക്കും. പലപ്പോവും മധുരിക്കുന്ന അനുഭൂതികളും ആയിട്ടാണ് തിരികെ പോരുന്നത്.

എന്നാൽ ഇപ്രാവശ്യം ഓർമകൾക്ക് ഒരു ദുഃഖരസം കലർന്നിരിക്കുന്നു. ഞാൻ ഒറ്റക്കാണ് ഇത്തവണ നാട്ടിൽപോയത്. അതിനാൽ എന്റെ വീട്ടിൽ ഉള്ള അനുജൻ തോമാച്ചനാണ് കാറുമായി എന്നെ കൊണ്ടുപോകുവാൻ എയർപോർട്ടിൽ വന്നതും. എന്റെ അമ്മച്ചിയുടെ അടുത്തേക്കാണ് ആദ്യം പോയത്. മാത്തച്ചൻ, ഭർത്താവു കൂടെ ഉള്ളപ്പോൾ എപ്പോഴും ആദ്യം പോകുന്നതു അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് ആയിരുന്നു.

ഏതാണ്ട് വെളുപ്പിനെ ഏഴു മണിക്ക് ഞങ്ങൾ കുറവിലങ്ങാട്ട് എത്തി. യാത്രാക്ഷീണത്താൽ കുറച്ചുസമയം കാറിൽ ഇരുന്ന് ഉറങ്ങി. മെയിൻ റോഡിൽ നിന്നും വീട്ടിലേക്കുള്ള വഴിയിൽ ഉള്ള ഒരു കുഴി

യിൽ കാറ് ഇറങ്ങിക്കയറിയപ്പോൾ താൻ എഴുന്നേറ്റു.

വീടിന്റെ ഉമ്മറത്ത് കാറ് ചെന്നപ്പോൾ അമ്മച്ചി വരാന്തയിൽ കസേരയിൽ, കയ്യിൽ ഒരു പത്രവുമായി ഇരിക്കുന്നുണ്ടായിരുന്നു. എന്നാൽ പത്രം വായിക്കുന്നതായി കണ്ടില്ല.

ഞാൻ കാറിൽ നിന്നുമിറങ്ങി നേരെ അമ്മച്ചിയുടെ അടുത്തേക്കു ചെന്നു. കെട്ടിപ്പിടിച്ചൊരുമ്മ കൊടുക്കുവാൻ. എന്നാൽ ഞാൻ അടുത്തെത്തിയപ്പോൾ എന്തോ പന്തികേട് ഉള്ളതുപോലെ തോന്നി. അമ്മച്ചിയുടെ മുഖത്ത് ഒരു ഭാവവ്യത്യാസമൊന്നും കണ്ടില്ല. എപ്പോഴും കണ്ടിട്ടുള്ള ചിരിയും ആഹ്ലാദവും ഉമ്മയും ഒക്കെ എവിടെപ്പോയി മറഞ്ഞു. ഏതോ പരിചയം ഇല്ലാത്ത ഒരാളെ കാണുന്നതുപോലെ എന്നെ നോക്കി.

ഞാൻ അപ്പോൾ ചിന്തിച്ചത്, ഇത്തവണ താൻ വരുന്നത് രണ്ടു വർഷം കഴിഞ്ഞാണ്. അതുകൊണ്ടുള്ള പിണക്കം ആണെന്നാണ്. ഈ സമയം, പുറകിൽ തോമാച്ചൻ പറഞ്ഞു “എന്താ അമ്മച്ചി ചേച്ചിയോടുള്ള പിണക്കം തീർന്നില്ലേ”

തോമാച്ചൻ കാറിൽ നിന്നും ഇറക്കിയ എന്റെ പെട്ടി അകത്തേക്കു കൊണ്ടുപോയി. തന്റെ നാത്തൂൻ ലില്ലിക്കുട്ടി ഉമ്മറത്തേക്ക് വരുകയും ചെയ്തു. ലില്ലിക്കുട്ടി വന്ന് എന്നെ കെട്ടിപിടിക്കുന്നതും മറ്റും അമ്മച്ചി കാണുന്നുണ്ട്. എന്നാൽ അമ്മച്ചി ഒന്നും പറയുന്നില്ല. ഇത് എന്നെ അൽപ്പം പേടിപ്പിച്ചു.

ലില്ലിക്കുട്ടി ചിരിച്ചുകൊണ്ടു പറഞ്ഞു “എന്താ അമ്മച്ചി ഇങ്ങനാണോ അമ്മച്ചീടെ പുന്നാര മോളെ സ്വീകരിക്കുന്നത്.” പിന്നെ എന്തോ ഒക്കെ പറഞ്ഞുകൊണ്ട് അവൾ അടുക്കളയിലേക്ക് പോയി. എനിക്ക് ഈ സമയം കരയണം എന്നുതോന്നി. എന്താണ് അമ്മച്ചി എന്നെ ഒരു അന്യയെപോലെ കാണുന്നത്. രണ്ടു വർഷങ്ങൾ കഴിഞ്ഞു കാണുന്നതുകൊണ്ടുള്ള ഒരു പിണക്കം, അതൊന്നും ഇത്രയും നീണ്ടുപോകില്ല അതല്ലിത്?

താനൊരു നേഴ്സ് ആയതിനാൽ ആയിരിക്കാം മനസ്സിൽ ഒരു പേടി തോന്നുന്നു. അമ്മച്ചിക്കു എൺപതു വയസു കഴിഞ്ഞു. എന്തായിരിക്കും കർത്താവേ? ഈ സമയം ലില്ലിക്കുട്ടി ഒരു കപ്പിൽ കാപ്പിയും ആയി എത്തി. “ചേച്ചി ഈ കാപ്പി കുടിക്ക് യാത്രാക്ഷീണം മാറട്ടെ.”

കാപ്പി കയ്യിൽ വാങ്ങി എങ്കിലും കുടിക്കാൻ തോന്നിയില്ല. ഈ സമയം തോമാച്ചനും പുറത്തേക്കു വന്നു. അവൻ ചോദിച്ചു “അമ്മച്ചീടെ പിണക്കം ഇപ്പഴും തീർന്നില്ല” ആദ്യമായി അമ്മച്ചി രണ്ട് വാക്കുകൾ പറഞ്ഞു ‘നീ ഏതാ നിന്റെ പേരെന്താ, വീടെവിടാ’ ഇതു കേട്ടപ്പോൾ എനിക്കു പൊട്ടിക്കരയുവാൻ തോന്നി. ഒരു ഇടിവാൾ നെഞ്ചിലൂടെ പോയതുപോലെ. തോമച്ചന്റെ കൈയ്യിലേക്ക് കപ്പു കൊടുത്തിട്ട് മുഖവും പൊത്തി അൽപ്പസമയം ഇരുന്നു. എന്റെ മന സ്സിൽ കൂടി ഓടിക്കൊണ്ടിരുന്ന ചിന്തകൾ ശരി ആകരുതേ എന്നു പ്രാർത്ഥിച്ചു.

ഞാൻ വീട്ടിനുള്ളിൽ കയറി തോമച്ചനോട് കൂടെ വരുവാൻ ആംഗ്യവും കാട്ടി. ഊട്ടുമുറിയിൽ എത്തി ഞാൻ ചോദ്യങ്ങൾ ചോദി ക്കുവാൻ തുടങ്ങി. “തോമാച്ചാ നമ്മുടെ അമ്മച്ചിക്ക് എന്തുപറ്റി” അവൻ അല്പം ചിന്തിച്ചിട്ടു പറഞ്ഞു “കുറച്ചു ഓർമ കുറവുണ്ട്. അല്ലാതെ ഒരസുഖവും ഇല്ല. പിന്നെ ഇത്ര വയസും ആയില്ലേ” എന്റെ അടുത്ത ചോദ്യം “ഈ ഓർമ കുറവ് എപ്പോൾ തുടങ്ങി” തോമാച്ചൻ ഉത്തരം പറയുവാൻ ഏതാനും നിമിഷങ്ങൾ എടുത്തു. “ഓ ഒരു രണ്ടു മാസങ്ങൾക്കുമുൻപെന്നു തോന്നുന്നു.”

ഒരു ദിവസം ഉച്ചക്ക് അമ്മച്ചി ചട്ടയും മുണ്ടും മാറി പള്ളി യിൽ പോകുവാൻ ഇറങ്ങി. ഞായറാഴ്ച എന്ന് പറഞ്ഞു “ഞങ്ങൾ അത് അത്ര കാര്യം ആക്കി എടുത്തില്ല. പിന്നെ പണ്ടത്തെപ്പോലെ ഒരുപാടു സംസാരം ഒന്നും ഇല്ല. കൂടുതൽ നേരം ഉറങ്ങാൻ ആണിഷ്ടം” തോമാച്ചൻ ഇതെല്ലാം സമയം എടുത്തു പറഞ്ഞു.

കഴിഞ്ഞ രണ്ടുമൂന്നു തവണ അമേരിക്കയിൽനിന്നും വിളി ക്കുമ്പോൾ തോമാച്ചൻ പറയുന്നത് ഓർക്കുന്നു. അമ്മച്ചി ഉറക്കം ആണ്. തോമാച്ചനെ കുറ്റം പറഞ്ഞിട്ട് കാര്യം ഇല്യ. ഓർമ്മക്കുറവ് ഒരു വലിയ രോഗമാണോ ഉടനെ ഡോക്ടറെ കാണുന്നതിന്. പോരാ ത്തതിനു നാട്ടിൽ? എന്റെ പേടി സ്ഥിരീകരിക്കപ്പെടുത്തേണ്ടി വരുമോ കർത്താവേ? ഇനി ഇപ്പോൾ അടുത്തതായി എന്ത് ചെയ്യണം ഇതായി ചിന്ത.

ഉറക്കക്ഷീണം ഉണ്ടെങ്കിലും അമ്മയുടെ മുഖത്തു നോക്കു മ്പോൾ കട്ടിലിനേക്കാൾ പ്രാധാന്യം അമ്മച്ചിയെ ഏതെങ്കിലും നല്ല ഒരു ഡോക്ടറെ കാട്ടി പരിശോധിപ്പിക്കുക; എന്തു കാരണത്താൽ

ഇപ്പോൾ ഉള്ള ഓർമക്കുറവ് എന്നു മനസ്സിലാക്കുക.

അക്കാര്യം ഞാൻ തോമാച്ചനോട് പറഞ്ഞു. പിന്നെ അങ്ങോട്ട് മൂന്നു ദിവസം ഡോക്ടർമാരും ആശുപത്രി, ടെസ്റ്റുകൾ ഒക്കെ ആയി മാറി. ഭാഗ്യത്തിനു മാത്യുവിന്റെ ഒരു കസിൻ കോട്ടയം മെഡിക്കൽ കോളേജിൽ പ്രൊഫസ്സർ ആയതിനാൽ ഡോക്ടർമാരെ കാണുന്ന കാര്യം എളുപ്പം ആയി. എന്റെ പേടി സ്ഥിരീകരിച്ചു.

ടെസ്റ്റുകൾ നടത്തുന്നിനു മുൻപേ സംശയം ഉണ്ടായിരുന്നു. ആൾറ്റൈമെർസ് എന്ന രോഗം ആണോ അമ്മച്ചിയെ ബാധിച്ചിരിക്കുന്നത്. താൻ ഒരു നേഴ്സ് ആയതിനാലും ഈ രോഗം വന്നിട്ടുള്ള പലരേയും കാണുകയും പരിചരിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടോ ആൾറ്റൈമെർസ്, എത്ര സീരിയസ് ആയിട്ടുള്ളതെന്ന് ഇനി ഇപ്പോ തോമാച്ചനേയും നാത്തൂനെയും ഇതു പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടി ഇരിക്കുന്നു. പലേ മാറ്റങ്ങൾ വീട്ടിൽ വരുത്തണം. എപ്പോഴും അമ്മച്ചിയുടെ സമീപം ആരെങ്കിലും വേണം.

ഭർത്താവിന്റെ വീട്ടുകാർ മറ്റു ബന്ധുക്കൾ എല്ലാം ഫോണിൽ വിളിക്കുന്നുണ്ട്. വന്നതിന്റെ വിശേഷങ്ങൾ അറിയാൻ പക്ഷേ ആരോടും കൂടുതൽ സംസാരിക്കുന്നതിൽ ഒരു താല്പര്യവും തോന്നുന്നില്ല. അവരൊക്കെ എന്തു വിചാരിച്ചിട്ടുണ്ടോ?

ഇച്ചാച്ചൻ മരിച്ചിട്ട് അഞ്ചു വർഷം തികയുന്നു. അതുകൂടി കണക്കിൽ എടുത്താണ് ഈ സമയത്തു നാട്ടിൽ വന്നത്. ഇനി ഇപ്പോൾ വീട്ടിൽ നിന്നും എങ്ങോട്ടും പോകുവാൻ തോന്നുന്നില്ല. ഈ രോഗത്തിന് പ്രധാനമായ് ഒരു മരുന്നും ഇല്ല. ഹോസ്പിറ്റലിൽ കിടത്തി ചികിത്സ നടത്തേണ്ട രോഗവും അല്ല... ഇനി അങ്ങോട്ട് അമ്മച്ചിയുടെ അടുത്ത് ആരെങ്കിലും എപ്പോഴും വേണം. തോമാച്ചനെ ഇതെല്ലാം പറഞ്ഞു മനസിലാക്കണം. ഈ ചിന്തകൾ ആയിരുന്നു എനിക്ക്, ടെസ്റ്റുകൾ കഴിഞ്ഞു വീട്ടിലേക്ക് വരുംവഴി. കാറിന്റെ പുറകിലത്തെ സീറ്റിൽ ഒന്നും മിണ്ടാതെ പുറത്തേക്കും നോക്കി ഇരിക്കുന്ന അമ്മച്ചിയുടെ ആ ഇരുപ്പ്. കണ്ടിട്ട് ഒരുപാടു വിഷമം തോന്നി. സങ്കടം വന്നു. പുറത്തേയ്ക്കു നോക്കുന്നത് എന്തിനാണെന്നോ, എന്തെങ്കിലും എന്തിനേ കുറിച്ചെങ്കിലും സംസാരിക്കുന്നതിനോ ഒരു ഉത്സാഹവും ആ മുഖത്തു കാണുന്നില്ല. എന്റെ അമ്മച്ചി ഇങ്ങനെ ഒന്നും അല്ലായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇതുപോലെ അമ്മ

ച്ചിയുടെ കൂടെ യാത്ര ചെയ്ത അവസരങ്ങളിൽ ഒരു മിനിറ്റുപോലും അമ്മച്ചി മിണ്ടാതിരിക്കില്ലായിരുന്നു. എന്നാൽ വിഷമം പുറത്തുകാട്ടാതെ ഞാൻ അമ്മച്ചിയോട് സംസാരിച്ചുകൊണ്ടിരുന്നു.

എന്നാൽ മറുപടി ഒന്നും കിട്ടുന്നുമില്ല. ഏതാനും നിമിഷം എന്റെ മുഖത്തേയ്ക്കു നോക്കും. പിന്നെ വീണ്ടും പുറത്തേയ്ക്ക്. അത് മാത്രം.

ഇപ്പോൾ തോമാച്ചനും മനസ്സിലായി അമ്മച്ചിക്ക് വെറും ഓർമ്മക്കുറവ് മാത്രം അല്ല എന്ന്. ആശുപത്രിയിൽ നിന്നും തിരികെ വന്ന ഉടനെ ഞാൻ തോമാച്ചനെയും ലില്ലിയേയും വിളിച്ച് ഊണു മേശക്ക് ചുറ്റും ഇരുന്നു. ഞാൻ സംസാരിക്കുവാൻ തുടങ്ങി. "അമ്മച്ചിയുടെ ഇപ്പോഴത്തെ അവസ്ഥ എല്ലാവരും നന്നായി മനസ്സിലാക്കിയിരിക്കണം. അല്ലെങ്കിൽ പിന്നീടു ദുഃഖിക്കേണ്ടി വരും."

അവരുടെ രണ്ടു പേരുടേയും മുഖങ്ങളിൽ വിഷാദം നിറയുന്നതു കണ്ടു. എന്റെ കണ്ണുകളും നിറഞ്ഞു. സങ്കടം പുറത്തു കാട്ടാതെ സംസാരം തുടർന്നു.

എന്നാൽ കഴിയുംവിധം ഈ രോഗത്തെക്കുറിച്ച് പറഞ്ഞു. രണ്ടു പേർക്കും മനസ്സിലാക്കി കൊടുക്കണം. "ഇതൊരു സാധാരണ അസുഖം അല്ല. അമ്മച്ചി ഒരു ജീവൻമരണ പോരാട്ടത്തിൽ അല്ല. എങ്കിലും കൂടെ ഉള്ളവർ ഒരുപാട് ഗൗരവം കൊടുക്കേണ്ടതും ആണ്. ഇപ്പോൾ അമ്മച്ചിക്ക് നിങ്ങളെ രണ്ടാളേയും ജോലിക്കുവരുന്ന പിന്നെ ത്രേസ്യ ഇവരെ മാത്രമേ മനസിലാകുന്നുള്ളൂ. ഇത്രയും പറഞ്ഞപ്പോൾ ലില്ലി ചോദിച്ചു "ചേച്ചീ ഇതിനു ഒരു ചികിത്സയും ഇല്ലേ?"

ഇതു ചോദിച്ചപ്പോൾ അവളുടെ കണ്ണുകൾ നിറയുന്നതു കണ്ടു. ഞാൻ പറഞ്ഞു, ഈ രോഗം പ്രായം ആകുമ്പോൾ പലർക്കും വരുന്നതാണ്. എന്നാൽ ഇതിനു ഒരു ചികിത്സയും ഇല്ലാ. ഞാൻ ജോലി ചെയ്യുന്ന ഹോസ്പിറ്റലിൽ ഈ അസുഖം വന്ന പലരേയും കണ്ടിട്ടുണ്ട്. ഈ രോഗത്തിന് ഇന്നേ വരെ ഒരു മരുന്നും കണ്ടു പിടിച്ചിട്ടില്ല. നമ്മുടെ തലച്ചോറിൽ ഓർമ്മകൾ സൂക്ഷിക്കുന്ന ഒരു വശം ഉണ്ട്. ആ ഭാഗത്തിന്റെ പ്രവർത്തി പതിയെ പതിയെ ഇല്ലാതാകുന്നു. അതാണീ രോഗം.

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ തോമാച്ചന്റെ കണ്ണുകൾ നിറയുന്നതു കണ്ടു. അവൻ വിങ്ങുന്ന ശബ്ദത്തിൽ ചോദിച്ചു.

“അപ്പോൾ കുറച്ചു കഴിയുമ്പോൾ അമ്മച്ചി ഞങ്ങളേയും മറക്കും എന്നാണോ ചേച്ചി പറയുന്നത്.”

ഞാനും ഒരുപാടു ശ്രമിച്ചു കരയാതിരിക്കാൻ. ഇതിന് അവനെന്തു മറുപടി കൊടുക്കണം എന്നു ആലോചിക്കേണ്ടി വന്നു. “കാലക്രമേണ അതും സംഭവിച്ചു എന്നു വരും. എന്തായാലും നീ ഇപ്പോൾ അതേക്കുറിച്ചു ചിന്തിച്ചു ഒരുപാടു വിഷമിക്കേണ്ട എല്ലാം ദൈവത്തിന്റെ കൈയ്യിൽ.”

ഇനി എന്തായാലും അമ്മച്ചിയുടെ അടുത്ത് ആരെങ്കിലും എപ്പോഴും വേണം. കൂടാതെ അമ്മച്ചി അടുക്കളയിൽ കയറാതെ നോക്കണം. കാരണം അവിടെ ഗ്യാസ് ഉപയോഗിച്ച് കുക്ക് ചെയ്യുന്ന സ്ഥലം ആണ്.

പിന്നെ അങ്ങോട്ട് അവധി തീരും വരെ ഞാൻ അമ്മച്ചീടെ അടുത്തുനിന്ന് എങ്ങുംപോയില്ല. ഇച്ചാച്ചൻ പോയതിനുശേഷം ഞങ്ങൾ അമ്മച്ചിയെ അമേരിക്കയിൽ കൊണ്ടുവരുന്നതിന് ശ്രമിച്ചു. എന്നാൽ അമ്മച്ചി ഒട്ടും സമ്മതിച്ചില്ല. തോമാച്ചൻ പറയുമായിരുന്നു. അമ്മച്ചി ഇപ്പോൾ എവിടെ പോയാലും വീട്ടിൽ സന്ധ്യയാകും മുൻപേ തിരിച്ചെത്തണം എന്ന് നിർബന്ധിക്കും എന്ന്.

എന്നെ അലട്ടിയ മറ്റൊരു കാര്യം തോമാച്ചനെ തന്നെ എല്ലാ ചുമതലകളും ഏൽപ്പിച്ചു തിരികെ പോരുന്നതിൽ ആയിരുന്നു. പണം മാത്രം കൊണ്ട് എല്ലാം നടക്കുമോ. അവനു ടൗണിൽ ഒരു ബിസിനസ് ഉണ്ട്. പിന്നെ അവന്റെ കുടുംബം. ഞാൻ തോമാച്ചനോട് ഇതെല്ലാം സൂചിപ്പിച്ചു. എന്നാൽ അവന്റെ നല്ല മനസ്സുകൊണ്ട് ഇതാണ് അവൻ പറഞ്ഞത് ‘ചേച്ചി പേടിക്കേണ്ട ചേച്ചി ഈ കുടുംബത്തിനു വേണ്ടി ഒരുപാടു കഷ്ടപ്പെട്ടിട്ടുണ്ട്. അമ്മച്ചീടെ കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം” ഇതിനു മറുപടി ഒന്നും പറയുവാൻ വാക്കുകൾ കിട്ടിയില്ല.

എല്ലാവരോടും വളരെ സ്നേഹമായും തന്റെ പ്രായത്തെ കണക്കാക്കാതെ ചുറുചുറുക്കോടെ എല്ലായിടത്തും നടന്നിരുന്ന തന്റെ അമ്മ ഒരു പത്രവും കയ്യിൽ പിടിച്ചുകൊണ്ട് മിണ്ടാതെ വീടിന്റെ ഉമ്മറത്ത് ഇരിക്കുന്നത് കാണുമ്പോൾ ഒരുപാടു സങ്കടം വരുന്നു. “എടീ മേരിക്കൊച്ചേ” എന്നുള്ള ആ വിളി കേൾക്കാൻ ഒരുപാട് ആശിച്ചുപോകുന്നു. അമ്മച്ചിയുടെ മുറി ഇംഗ്ലീഷും ഞങ്ങളുടെ

പിള്ളേരുടെ മുറി മലയാളവും ഈ വീട്ടിൽ ഇനി കേൾക്കുമോ?

തിരികെ പോരുന്നതിന്റെ തലേനാൾ ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ ഞാൻ ഒരു ഫോട്ടോ ആൽബവും എടുത്ത് അമ്മയുടെ അടുത്തു ചെന്നിരുന്നു. ഓരോ താളുകൾ മറിച്ച് കാട്ടി അമ്മച്ചിക്ക് ആരെ ഒക്കെ മനസിലാക്കാൻ പറ്റും എന്നു നോക്കുക, ഇതായിരുന്നു ഉദ്ദേശ്യം. എന്റെ ഭർത്താവു ബേബിച്ചനെ, ഞങ്ങളുടെ മൂന്നു മക്കളെ ഒന്നും അമ്മച്ചിക്ക് ഇപ്പോൾ അറിഞ്ഞുകൂട എന്ന് മനസ്സിലായി. ആൽബത്തിന്റെ ലാസ്റ്റ് പേജിൽ എത്തി ഞാനും തോമാച്ചനും കൂടി നിന്നെടുത്ത ഒരു ഫോട്ടോ ഉണ്ടായിരുന്നു; കുറച്ചു കൊല്ലങ്ങൾക്ക് മുൻപെടുത്തത്. ഈ പടത്തിൽ അമ്മ കുറെ നേരം നോക്കി ഇരുന്നു. എന്നിട്ട് ഫോട്ടോയിൽ എന്റെ മുഖത്ത് വിരലുകൾ കൊണ്ട് തലോടുവാൻ തുടങ്ങി. ആ നിമിഷം ഞാൻ അമ്മയുടെ മുഖം ശ്രദ്ധിക്കുക ആയിരുന്നു, അമ്മച്ചിയുടെ ചുണ്ടുകൾ അനങ്ങുന്നതുപോലെ തോന്നി. എന്നാൽ വാക്കുകൾ ഒന്നും പുറത്തു വന്നില്ല. ആ കണ്ണുകളിൽ കൂടുതൽ പ്രകാശം ഞാൻ കണ്ടു. ആ നിമിഷങ്ങൾ ഞാൻ എന്നും എന്റെ ഓർമയിൽ സൂക്ഷിക്കും. അമ്മയെ കെട്ടിപ്പിടിച്ചു ഒരു ഉമ്മ കൊടുത്തു.

ഇനി ഏതാനും മണിക്കൂർ മാത്രമേ ഉള്ളൂ. ഫ്ളൈറ്റ് ഹുസ്റ്റനിൽ എത്തുന്നതിന്. അമ്മച്ചിയെ കുറിച്ചു ചിന്തിക്കുമ്പോൾ അവധിക്കാലം തീർന്നതിൽ ഒരുപാടു സങ്കടം ഉണ്ട്. ഈ സാഹചര്യത്തിൽ തനിക്ക് എന്ത് ചെയ്യുവാൻ പറ്റും?

മൂന്നു മക്കളും ഭർത്താവും അമേരിക്കയിൽ. മൂത്തമകൾ അടുത്ത വർഷമേ പഠനം പൂർത്തിയാക്കൂ. പിന്നെയും രണ്ടുപേർ പഠിക്കുന്നു. ഭർത്താവിനു ഒരു ചെറിയ ബിസിനസും. ഞാൻ ഇപ്പോഴും ജോലി ചെയ്യുന്നു. ഈ ചുറ്റുപാടിൽ എനിക്കെന്തു എന്റെ പ്രിയപ്പെട്ട അമ്മക്കുവേണ്ടി ചെയ്യുവാൻ പറ്റും? പണം ചിലവാക്കി മാത്രം പരിഹാരം കാണുവാൻ പറ്റുന്ന ഒരവസ്ഥയല്ല മുന്നിൽ കാണുന്നത്...

ഫ്ളൈറ്റ് അറ്റെൻടെന്റ് വന്നു. തന്റെ സീറ്റ് നേരെ ആക്കി വെച്ചിട്ടു പറഞ്ഞു. ഫ്ളൈറ്റ് ലാൻഡ് ചെയ്യുവാൻ പോകുന്നു എന്ന്. അപ്പോഴാണ് ഞാൻ മനസിലാക്കുന്നത്. അമ്മച്ചിയെക്കുറിച്ചുള്ള എന്റെ ചിന്തകൾക്കിടെ എപ്പോഴോ ഉറങ്ങിപ്പോയി എന്ന്.

# എന്റെ ഓർമ്മയിലെ ആദ്യ സ്ത്രീവ്യാപാരി

**ബി. ജോൺ കുന്തറ**

കുഞ്ഞമ്മ എന്നാണ് ഞാൻ എന്റെ മുത്തശ്ശിയെ (അമ്മൂമ്മയെ) വിളിച്ചിരുന്നത്. ഞാൻ മാത്രമല്ല കുഞ്ഞമ്മയുടെ എല്ലാ മക്കളും മരുമക്കളും പേരക്കിടാങ്ങളും പിന്നെ ഒരുപാടു നാട്ടുകാരും. ഈ പേര് എങ്ങിനെ ഉണ്ടായി എന്നു ചോദിച്ചാൽ പലരും പലേ ഉത്തരങ്ങൾ തരും. എന്തായാലും ഈ ചെറിയ കഥക്ക് പേരിന്റെ ഉൽപ്പത്തി അല്ലല്ലോ പ്രധാന വിഷയം.

ഞങ്ങളുടെ വെല്ലിച്ചാച്ചന്റെ രണ്ടാം ഭാര്യ ആയിരുന്നു കുഞ്ഞമ്മ. ആദ്യഭാര്യ നേരത്തെ മരിച്ചുപോയി. വെല്ലിച്ചാച്ചൻ അന്നു നാട്ടിലെ ഒരു പ്രധാന വ്യവസായിയും കൂടാതെ ഒരുകരപ്രമാണിയും ആയിരുന്നു. ആ കാലത്ത് കൂട്ടുകുടുംബങ്ങൾ നാട്ടുംപുറങ്ങളിൽ സാധാരണം ആയിരുന്നു.

വെല്ലിച്ചാച്ചൻ പണത്തിന്റെ കാര്യത്തിൽ വലിയ പിശുക്കൻ ആയിരുന്നു. എന്നാൽ കുഞ്ഞമ്മ ഒരു നല്ല പരസഹായിയും. എല്ലാ പണമിടപാടുകളും വെല്ലിച്ചാച്ചന്റെ നിയന്ത്രണത്തിലും. വരവുചിലവു കണക്കുകൾ ഒരു പൈസക്കുപോലും വ്യത്യാസം വരാതെ എന്നും കണക്കു പുസ്തകത്തിൽ എഴുതിയിരുന്നു. ഇവിടെയാണ് കുഞ്ഞമ്മയിലെ വ്യവസായി ഉണരുന്നത്. ആ കാലത്ത് കുന്തറ കുടുംബത്തിന്റെ ഒരു നല്ല വരുമാനമാർഗം തെങ്ങും അതിൽ നിന്നും കിട്ടുന്ന എല്ലാം.

തെങ്ങിൽനിന്നും തേങ്ങ മാത്രമല്ല കിട്ടുന്നത്, കൊതുംബ്, ഓല പിന്നെ മട്ടൽ. ഞങ്ങളുടെ തറവാടിനു നാട്ടിൽ പലേടത്തും ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു. അവിടെ എല്ലാം തെങ്ങുകൃഷിയും ഉണ്ട്. എല്ലാ മാസവും തെങ്ങു കയറി തേങ്ങ ശേഖരിക്കും. കൂടാതെ തെങ്ങിൽ കയറുന്ന വേലൻ ഓലകളും വെട്ടും. ഓരോ തേങ്ങാക്കുലയുടെ കൂടെ കൊതുമ്പും കാണും. ഇങ്ങനെ എല്ലാ മാസവും കൊതുമ്പും ഓലയും ഒക്കെ ശേഖരിക്കം. ഇതെല്ലാം ചുമട്ടുകാർ കുഞ്ഞമ്മയുടെ മുന്നിൽ എത്തിക്കും. നനയാതെ സൂക്ഷിക്കുന്നതിന് ഒരു വലിയ ഒരു ഷെഡും ഉണ്ടായിരുന്നു.

അന്നൊന്നും ഇന്നത്തെ മാതിരി ഗ്യാസ് പാചകത്തിന് ഉപയോഗിച്ചിരുന്നില്ല. വിറകും കൊതുമ്പും ഒക്കെ ആയിരുന്നു. ഇങ്ങനെ എല്ലാ കുടുംബങ്ങളും വസ്തുക്കളിൽ നിന്നും കിട്ടുന്ന കൊതുമ്പ്, ഓല കുഞ്ഞമ്മക്ക് എടുക്കാം. ഈ കൊതുമ്പുകൾ കുഞ്ഞമ്മ ശേഖരിച്ചു വയ്ക്കും. നാട്ടുകാർക്കും സമീപ ചായക്കടക്കാർക്കും ഇതറിയാം. പ്രധാനമായും മഴക്കാലത്ത് ആണ് ആവശ്യക്കാർ കൂടുതൽ.

പിന്നൊന്ന് മടൽ മൂടൽ! തേങ്ങ പോതിച്ചു കിട്ടുന്ന തൊണ്ട്. ഇതു കേരളത്തിലെ ഒരു പ്രധാന അസംസ്കൃത പദാർത്ഥം ആണ്. മടൽ, ചീഞ്ഞുകഴിഞ്ഞു അത് തല്ലി ചകിരി ആക്കുന്നു. ഇങ്ങനെ കിട്ടുന്ന ചകിരി പലേ പലേ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. പ്രധാനമായി കയർ. കയർ ഉപയോഗിച്ചിട്ടില്ലാത്ത ഒരിന്ത്യാക്കാരനും കാണില്ല. ഈ കയറാണു കയറ്റുപാ, തടുക്ക് ഇവയെല്ലാം നിർമിക്കുന്നതിനു വേണ്ടത്.

ഞങ്ങളുടെ തറവാടിനു രണ്ടു വശത്തും വലിയ തോടുകൾ ഉണ്ടായിരുന്നു. ഈ തോടുകളിൽ ആയിരുന്നു കുഞ്ഞമ്മ മടൽ മൂടി ഇരുന്നത്. മടൽ മൂടി ഏതാണ്ട് ആറു മാസങ്ങൾക്കകം അത് ചീഞ്ഞു പുറത്തെടുക്കാം. ഒരുപാടു കുടുംബങ്ങളുടെ നിത്യചെലവിന്റെ മാർഗം ആയിരുന്നു കയർ പിരിച്ചു വിൽക്കുക എന്നത്. പെണ്ണുങ്ങൾ ആയിരുന്നു ഈ വരുമാന മാർഗം തേടിയിരുന്നത്. ഇവർ കുഞ്ഞമ്മയുടെ അടുത്തെത്തും ചീഞ്ഞ തൊണ്ട് വാങ്ങുന്നതിന്.

ആലപ്പുഴ ജില്ല കയർ വ്യവസായത്തിന്റെ കേന്ദ്രം എന്നു അറിഞ്ഞുകൂടാത്ത കേരളീയർ ചുരുക്കം. തകഴിയുടെ കയർ എന്ന പ്രസിദ്ധ നോവൽ ഇതിനു ഉദാഹരണമാണ്. ചേർത്തല ആണ് കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പത്തി സ്ഥലം എന്നു പറഞ്ഞാൽ ആരും നിഷേധിക്കുക ഇല്ല എന്നു കരുതുന്നു.

മടലുമൂടൽ, കയറു കച്ചവടം, ചേർത്തലക്കു പ്രസിദ്ധിയും കുപ്രസിദ്ധിയും വാങ്ങിക്കൊടുത്തു. മന്തുരോഗം ഈ പ്രദേശത്തു മാത്രം കണ്ടിരുന്ന ഒരു അസുഖം ആയിരുന്നു. ഈ വാസ്തവം മെഡിക്കൽ പുസ്തകങ്ങളിൽ എടുത്തു പറയുന്നുണ്ട്. കൊതുകാണ് ഈ രോഗം പടർത്തി ഇരുന്നതെന്ന്. മടലു മൂടുന്ന തടാകങ്ങൾ ഓരോ കൊതുകു വളർത്തൽ കേന്ദ്രങ്ങളും ആയി മാറി.

ചേർത്തലയിൽ നാട്ടുംപുറങ്ങളിൽകൂടി സഞ്ചരിച്ചാൽ ഒരു കാലത്തു ഒരുപാടു സാധാരണക്കാരുടെ വീടുകൾക്കു പിന്നിൽ

കാണുന്ന ഒരു കാഴ്ച ആയിരുന്നു പെണ്ണുങ്ങൾ കയറു പിരിക്കുന്നത്. കയറു പിരിക്കുന്ന യന്ത്രസംവിധാനത്തിന്റെ പേര് റാട്ട് എന്നാണ്. ഇത് ഒരു സൈക്കിളിന്റെ ഒരു ചക്രം പോലുള്ള വീലിൽ കൊളുത്തുകൾ പിടിപ്പിച്ചു ഈ കൊളുത്തുകലിൽ ചകിരി കൊളുത്തി ഒരാൾ പുറകിൽ ഇരുന്നു ഈ ചക്രം തിരിക്കും. പെണ്ണുങ്ങൾ മടിക്കുത്തിൽ ചകിരി നിറച്ചു. ചക്രത്തിന്റെ കറക്കം അനുസരിച്ചു പുറകോട്ടു നടന്നു ഇഴനാരിടുന്നതും പിന്നീടു മുൻപോട്ടു നടന്നു നാരുകൾ കയറാക്കി മാറ്റുന്നതും നയനരസം തന്നെ.

കുഞ്ഞമ്മ പലപ്പോഴും ഈ സ്ത്രീകൾക്കു മടൽ കടമായി കൊടുത്തിരുന്നു. ഇവർ കയറു വിറ്റു കിട്ടുന്ന പണത്തിൽ നിന്നും കുഞ്ഞമ്മയുടെ കടം ആദ്യം വിട്ടു. ഇങ്ങനെ ഒരു പലിശ ഇല്ലാ ചെറുകിട ബാങ്ക് കൂടി ആയിരുന്നു കുഞ്ഞമ്മ.

ഇങ്ങനെ രണ്ടു ഉൽപ്പന്നങ്ങളിൽ ആയിരുന്നു കുഞ്ഞമ്മയുടെ കച്ചവടം. ഈ കച്ചവടം ഒരുപാടുനാൾ നടത്തി. ഇങ്ങനെ ഉണ്ടാക്കി ഇരുന്ന പണത്തിന്റെ നല്ലൊരു ഭാഗം മറ്റുള്ളവർക്ക് ധാനമായും കൂടാതെ മറ്റു വീട്ട് ആവശ്യങ്ങൾക്കും ഉതകി.

കുഞ്ഞമ്മ വായനാശീലം ഉള്ള ഒരാളായിരുന്നു. കുടുംബദീപം, സത്യദീപം ഇതു രണ്ടും മുടങ്ങാതെ ഞങ്ങളുടെ വീട്ടിൽ വന്നുകൊണ്ടിരുന്നു. കുഞ്ഞമ്മ വായിച്ചു കഴിഞ്ഞാൽ ഇവ പള്ളിയിൽ കൊണ്ടുപോയി മറ്റു സ്ത്രീകൾക്കു കൊടുക്കും. പള്ളിയിൽ മാറി വരുന്ന അച്ചന്മാർക്കും കുഞ്ഞമ്മയെ വലിയ കാര്യമായിരുന്നു. കാരണം എല്ലാ മാസവും കുറഞ്ഞതു ഒരു രണ്ടു കുർബാനക്കുള്ള പണം എങ്കിലും കുഞ്ഞമ്മ കൊടുക്കും. കൂടാതെ മറ്റു സംഭാവനകളും.

ഓർക്കുന്നു ഞങ്ങളുടെ ചെറുപ്രായത്തിൽ ഐസ് ഫ്രൂട്ടു വിൽക്കുന്ന ആൾ വീടിനു മുറ്റത്തു വരും. സൈക്കിളിന്റെ പുറകിൽ കെട്ടിവയ്ച്ചിട്ടുള്ള ഐസ്ഫ്രൂട്ടു പെട്ടിയും ആയി. ഇയാളുടെ വിളി കേൾക്കുമ്പോൾ ഞങ്ങൾ കുഞ്ഞമ്മയുടെ അടുത്തെത്തും. അഞ്ചു പൈസക്ക്. ഒരു മടിയും കൂടാതെ കുഞ്ഞമ്മ തരുകയും ചെയ്യും.

ഞാൻ ആദ്യമായി എന്റെ ജീവിതത്തിൽ കണ്ട എന്റെ മുത്തശ്ശി എല്ലാംകൊണ്ടും സ്നേഹവതി ആയ ഒരു മാതൃകാ സ്ത്രീ ആയിരുന്നു. കുഞ്ഞമ്മയെക്കുറിച്ചുള്ള മധുര സ്മരണകൾ എന്നും എന്നോടൊപ്പം കാണും.

# യൂദാസിന്റെ സുവിശേഷം

## ടോം വിരിപ്പൻ



ഈന്തപ്പനകളും, ഒലിവുവൃക്ഷങ്ങളും ഇടതൂർന്ന് നിൽക്കുന്ന കുന്നും പ്രദേശത്തെ മനോഹരമായ ഒരു ഗ്രാമം. മുന്തിരികൃഷിയും, ആടുവളർത്തലും ആയി ജീവസന്താരണം നടത്തപ്പെടുന്ന അവിടുത്തെ ഗ്രാമവാസികളെക്കുറിച്ച് ധാരാളം കെട്ടുകഥകളും ചരിത്രവും ബാക്കി നിൽക്കുന്നു. എ.ഡി 70-ാം ആണ്ടിൽ റോമാക്കാർ ജറുസലേം ദേവാലയം നശിപ്പിച്ചപ്പോൾ ഒളിച്ചോടിയ ജറുസലേം നിവാസികളുടെ പരമ്പരയാണ് തങ്ങളെന്ന് ഗ്രാമവാസികൾ ഇപ്പോഴും വിശ്വസിക്കുന്നു. പ്രത്യേകമായ ആചാരങ്ങളോ പാരമ്പര്യമോ പാലിക്കാത്ത അവർ ഏകോദരസഹോദരങ്ങളെ പോലെയാണ് ആ ഗ്രാമത്തിൽ കഴിയുന്നത്. അവരുടെ സന്തോഷത്തിനും ഐശ്വര്യത്തിനും നിദാനമായി അവർക്ക് പറയുവാനുള്ളത് ഗുരുതുല്യനായി അവർ കരുതിയിരുന്ന അവരുടെ 'റബ്ബായ്' ആണ്. അവരുടെ ദുഃഖവും പരിഭവവും, വേദനയും എല്ലാം തങ്ങളുടെ റബ്ബായിയോട് പറഞ്ഞാൽ ക്ഷണനേരംകൊണ്ട് എല്ലാം പരിഹരിയ്ക്കപ്പെടുമെന്നാണ് ഗ്രാമത്തിന്റെ പരക്കെയുള്ള വിശ്വാസം. വിവാഹവും ജനനവും മരണവും ഉണ്ടാകുമ്പോൾ മലമുകളിലെ 'റബ്ബായ്' യെ അവർ ഭജിക്കുന്നു. വർഷത്തിലൊരിക്കൽ ആഘോഷിക്കാറുള്ള ഉത്സവും അവർക്ക് റബ്ബായിയോടുള്ള സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും പ്രഘോഷണമാക്കാൻ അവർ ശ്രദ്ധിച്ചുപോന്നു.

'റബ്ബായ്' ക്ക് ഒരു പ്രത്യേക മതമോ, ജാതിയോ ഉള്ളതായി അറിവില്ല. മൗനവ്രതം പാലിച്ചിരുന്ന റബ്ബായ് ഒരിക്കലും സംസാരിച്ചിരുന്നില്ല എന്നാണ് ഗോത്രത്തിലെ പഴമക്കാർ പറയുന്നത്. 'റബ്ബായ്' യുടെ സുസ്മേര കടാക്ഷം കാന്തത്തിന്റെ ആകർഷണം പോലെയായിരുന്നു. അശരണർ, രോഗികൾ തുടങ്ങി മുതിർന്നവരും കുട്ടികളു

മെല്ലാം വർഷത്തിലൊരിക്കൽ നടത്തിയിരുന്ന ഉൽസവത്തിനു മുന്നോടിയായി 'റബ്വായ്' യെ ഉപാസിച്ചു പോന്നു. കാട്ടൊലിവും ഈന്തപ്പഴവും ഭക്ഷിച്ചിരുന്ന റബ്വായ് എവിടെനിന്ന് വന്നുവെന്ന് ആർക്കും അറിവില്ലായിരുന്നു.

ആട്ടിൻതോലുധരിച്ച്, ഏകാകിയായ്, മലമുകളിലെ ഗുഹാമുഖത്ത് ധ്യാനനിമഗ്നനായി ജീവിച്ചിരുന്ന 'റബ്വായ്' അത്ഭുതങ്ങളുടെ കലവറ ആയിരുന്നെന്നും പൈശാചിക ബന്ധനത്തിന്റെ കുരുക്കുകൾ അഴിയ്ക്കാൻ റബ്വായ്' യുടെ ഒരു കടാക്ഷം മാത്രം മതി എന്നാണ് ഗ്രാമവാസികൾ പറയുന്നത്.

ഒരു ദിവസം ഗ്രാമത്തിലെ ഏറ്റവും പ്രായംകൂടിയ ഒരാളെ അടുത്ത് വിളിച്ചുകൊണ്ട് റബ്വായ് തന്റെ മൗനം ഭഞ്ജിച്ചു. രഹസ്യങ്ങളുടെ ഒരു ചെറിയ ചെപ്പ് ഏൽപ്പിക്കുകയും ചെയ്തു. ഈ ചെപ്പ് തുറക്കാൻ ശ്രമിക്കരുതെന്നും 2000 വർഷങ്ങൾക്ക് ശേഷം രഹസ്യങ്ങളുടെ ഈ ചെപ്പ് തുറക്കാൻ ഉപദേശിച്ചെന്നും വിശ്വസിക്കുന്നു. അടുത്ത ദിവസം തന്നെ റബ്വായ് മരിക്കുകയും ഗ്രാമത്തിലെ ആ വന്ദ്യവയോധികൻ കല്ലുകൾ കൊണ്ടുണ്ടാക്കിയ ഒരു കല്ലറയിൽ റബ്വായ്യെ അടക്കം ചെയ്തു. രഹസ്യങ്ങളുടെ കലവറയായ ആ ചെപ്പ് കല്ലറയിൽ ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു.

അത്ഭുതത്തിന്റെ രഹസ്യങ്ങൾ അടങ്ങുന്ന ആ കല്ലറയെക്കുറിച്ച് പ്രാന്തപ്രദേശത്തുള്ള ഗ്രാമവാസികൾ അറിയുകയും ഗ്രാമഗ്രാമാന്തരങ്ങളിൽ നിന്നും വർഷത്തിലൊരിക്കൽ നടക്കുന്ന ഉത്സവത്തിൽ പങ്കെടുക്കാൻ ആളുകൾ എത്തുകയും, അത്ഭുതങ്ങളും രോഗശാന്തിയും അനുഭവിക്കുകയും ചെയ്തു പോന്നു. ഇതിനിടയിൽ 'റബ്വായ്' ഈജിപ്തുകാരനാണെന്നും, ബാബിലോണിയക്കാരനാണെന്നും, യഹൂദനാണെന്നും മുസ്ലീം ആണെന്നും ഒക്കെയുള്ള അവകാശവാദങ്ങൾ ഉണ്ടായി. കല്ലറയിലെ ചെപ്പ് തുറക്കാൻ രഹസ്യമായി ശ്രമിച്ചവർക്ക് മാനസിക വിഭ്രാന്തി ഉണ്ടായി എന്നു വന്നതോടെ അത്തരത്തിൽ ചിന്തിക്കാൻപോലും ജനങ്ങൾ ധൈര്യപ്പെട്ടില്ല.

ആ ഗ്രാമാതിർത്തിയിൽ ചരിത്രപരമായ പല മാറ്റങ്ങളും പിന്നീടുണ്ടായി. പ്രാന്തപ്രദേശമായ ജറീക്കോയും ബത്‌ലഹേമും ഒക്കെ നശിക്കപ്പെട്ടു. കോൺസ്റ്റെന്റയിൻ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തുമതം റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാ

പിച്ചു. ഓട്ടോമാൻ തുർക്കികൾ നൂറ്റാണ്ടുകളോളം പാലസ്തീൻ അടക്കി ഭരിച്ചു. യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ജാതി മത വർഗ്ഗ വിഭ്രാന്തിയാൽ പരസ്പരം തമ്മിലടിച്ച് ചോരകൊണ്ട് കളഭക്കുറിയണിഞ്ഞു. ജറുസലേം വിശുദ്ധ നഗരമായി.

എന്നാൽ അങ്ങകലെ റബ്ബായ് യുടെ ശവക്കല്ലറ പേറുന്ന മല യടിവാരത്തിൽ ശൈത്തിൻ കൊമ്പുകളാൽ നിബിഡമായ ആ ഗ്രാമവും ഗ്രാമവാസികളും ഏതോ അജ്ഞാതമായ ആത്മീയ ഉണർവിൽ അലോസരപ്പെടാതെ കാണപ്പെട്ടു. അവരുടെ ഇടയിൽ യഹൂദനോ ക്രിസ്ത്യാനിയോ മുസ്ലീമോ ഇല്ല. അവരുടെ മതം മാന വികതയുടെ സ്നേഹത്തിന്റെ മതം മാത്രമായിരുന്നു. കാരണം അവ രുടെ റബ്ബായ് ജാതിയോ മതമോ വർണ്ണമോ വർഗ്ഗമോ പ്രതിനി ധാനം ചെയ്തിരുന്നില്ല.

ഒടുവിൽ ഒരു ജനതതി തലമുറതലമുറയായി 2000 വർഷങ്ങൾ കാത്തിരുന്ന രഹസ്യങ്ങളുടെ കലവറ തുറക്കേണ്ട സമയമായി എന്ന് ഗ്രാമം അറിഞ്ഞു. ഗ്രാമം മുഴുവനും വർണാഭമായി അലങ്കരിക്കപ്പെ ട്ടു. റബ്ബായ് യുടെ കല്ലറയിലേക്കുള്ള വഴി ശോശന്നപ്പൂവുകളാൽ പരിമളപൂജിതമാക്കി. ഗ്രാമം ജനനിബിഢമായി. ആഹ്ലാദവും സന്തോ ഷവും ജിജ്ഞാസയും അലതല്ലി ഉൽസവോന്മുഖമായി. അകലെ ജോർദാൻ നദിയും, ചെങ്കടലും കുഞ്ഞോളങ്ങളാൽ സുസ്മേരവദര രായി, ഒരു മഹാസംഭവത്തിനു സാക്ഷ്യം നിന്നു.

ഗ്രാമത്തിലെ ഏറ്റവും പ്രായം കൂടിയ ഗ്രാമശ്രേഷ്ഠൻ ആട യാഭരണങ്ങളില്ലാതെ, ആട്ടിൻ തോലണിഞ്ഞ് വൃതാനുഷ്ഠാനങ്ങ ളോടെ ആനയിക്കപ്പെട്ടു. ഒരു നിമിഷം റബ്ബായ് യുടെ ശവകുടീര ത്തിൽ ധ്യാനനിമഗ്നനായി. അദ്ദേഹത്തിന്റെ കണ്ണുകൾ അഗ്നിസ്ഫു ലിംഗം പോലെ കാണപ്പെട്ടു. ശരീരം അംഗവടിവുള്ള ഒരു യുവാവി നെപ്പോലെ ആകർഷകമായി. ഗ്രാമവാസികൾ ഒന്നടങ്കം നിശ്ചലരാ യി. ഒരു നിമിഷം അദ്ദേഹം ആ കല്ലറയുടെ കല്ലുകൾ മാറ്റി. ആ മഹാരഹസ്യത്തിന്റെ ചെപ്പ് തുറന്നു. വടിവൊത്ത അക്ഷരത്തിൽ ചെപ്പിലെഴുതിയിരുന്ന ലിഖിതങ്ങൾ ഇപ്രകാരം വായിച്ചു.

ഒമ്പതാം മണിക്കൂറായപ്പോൾ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു. 'ഏലി, ഏലി ലമ്മാ സബക്ഥാനി' എന്ന് വിളിച്ചുകൊണ്ട് യേശു ജീവൻ വെടിഞ്ഞു. ദേവാലയത്തിന്റെ തിരശ്ശീല രണ്ടായി


പിളർന്നു. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. ശവകുടീരങ്ങൾ തുറക്കപ്പെട്ടു. ഉയിർക്കപ്പെട്ട ശരീരങ്ങളോടൊപ്പം യൂദാസ് ഉയിർത്തെഴുന്നേറ്റു. കണ്ണു തുറന്നപ്പോൾ യേശു മുന്നിൽ നിൽക്കുന്നു. യൂദാസ് യേശുവിനോട് പറഞ്ഞു. 'വിശുദ്ധ ലിഖിതങ്ങൾ പൂർത്തിയാകുവാൻ ഞാൻ പിശാചിനാൽ ആവസിയ്ക്കപ്പെടുകയായിരുന്നില്ലേ? നിഷ്കളങ്ക രക്തത്തെ ഒറ്റിക്കൊടുത്തു എന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻ പശ്ചാത്താപവിവശനായി, ആ വെള്ളിനാണയങ്ങൾ വലിച്ചെറിഞ്ഞു. സഹിയ്ക്കാൻ സാധിയ്ക്കാതെ ഞാൻ ജീവനൊടുക്കി. കരുണാമൂർത്തി നീ എന്നോട് ക്ഷമിക്കില്ലേ'

യേശു യൂദാസിന്റെ കണ്ണുകളിലേക്ക് നോക്കി. കരങ്ങൾ ഗ്രസിച്ചു. 'നിന്നിലെ പൈശാചികത മാറിപ്പോകട്ടെ' എന്ന് പ്രതിവചിച്ചു. ഒരു വിശുദ്ധ ഊർജ്ജത്താൽ അഭിഷിക്തനായ യൂദാസ് പറഞ്ഞു. 'എന്റെ ചരിത്രം അങ്ങനെ തുടരട്ടെ' മാനവികതയുടെ ഒരു പുതിയ സുവിശേഷവുമായി യൂദാസ് നടന്നുനീങ്ങി. ഏകനായി... ജനസാഗരത്തെ സാക്ഷിനിർത്തി അദ്ദേഹം രഹസ്യത്തിന്റെ ആ ചെപ്പ് റബ്ബായ്യുടെ കല്ലറയിൽ ഗ്രാമശ്രേഷ്ഠൻ ഭദ്രമായി തിരിച്ചു വച്ചു. ഒരു വലിയ മഹാരഹസ്യത്തിന്റെ ചുരുളുകൾ നിവർന്നപ്പോൾ ഗ്രാമവാസികൾ ഉച്ചത്തിൽ മന്ത്രിച്ചു. 'ഇതാണ് യൂദാസിന്റെ സുവിശേഷം' ആ ശബ്ദതരംഗം അന്തരീക്ഷത്തിൽ അനിതരസാധാരണമായ ഒരു മാറ്റൊലി ഉണ്ടാക്കിക്കൊണ്ടിരുന്നു...

# നിഗംബോധ് ഘാട്ടിലെ അഗ്നിനാളങ്ങൾ

**പൊന്നോലി**

പ്രേംനാഥ് ബാനർജിയുടെ മൃതശരീരവുമായി ഞങ്ങൾ ഡൽഹിയിലെ നിഗംബോധ് ഘാട്ടിൽ എത്തുമ്പോൾ സൂര്യൻ അസ്തമിക്കാൻ തുടങ്ങിയിരുന്നു.



സ്രഷ്ടാവായ ബ്രഹ്മാവു യമുനാ നദിയിൽ ഇവിടെയാണ് സ്നാനം ചെയ്തു നഷ്ടപ്പെട്ടുപോയ ഓർമ്മ ശക്തി വീണ്ടെടുത്തത്. അതിന്റെ ഓർമ്മക്കായി ഇന്ദ്രപ്രസ്ഥത്തിൽ വാണിരുന്ന പാണ്ഡവ രാജാവ് യുധിഷ്ഠിരൻ യമുനാനദിയുടെ തീരത്തു നിഗംബോധ് ഘട്ട് സ്ഥാപിച്ചു എന്നാണ് ഐതിഹ്യം. ഇവിടെ ശവദാഹം നടത്തുന്നത് ഹിന്ദു ആചാര പ്രകാരം പ്രാധാന്യം അർഹിക്കുന്നു.

പ്രേംനാഥിന്റെ ശവദാഹം സ്വന്തം സ്ഥലമായ ലക്നൗവിൽ നടത്താതെ, എട്ടോ ഒൻപതോ ആൾക്കാരുടെ സാന്നിധ്യത്തിൽ ഡൽഹിയിൽ തന്നെ നടത്താൻ തീരുമാനിച്ചത് സ്വന്തം സഹോദരൻ ആയിരുന്നു. ഞാനും അതിൽ പങ്കുചേർന്നു. അങ്ങനെ ഞാനും എന്റെ സുഹൃത്തിനു അന്തിമ യാത്രാമൊഴി ചൊല്ലാൻ ഏതാനും കുടുംബാംഗങ്ങളോടൊപ്പം അവിടെ എത്തി. യുവതിയായ അയാളുടെ ഭാര്യ മൃണാളിനിയുടെ മനസ്സ് വേർപാടിന്റെ അസഹനീയമായ വേദനയിൽ വിങ്ങിപൊട്ടുന്നുണ്ടായിരുന്നു. അകാലത്തിൽ പൊലിഞ്ഞ ആ ചെറുപ്പക്കാരന്റെ വിയോഗത്തിൽ എല്ലാവരുടെയും മുഖത്തു ദുഃഖം തളം കെട്ടിയിരുന്നു.

വാഹനത്തിൽ നിന്നും ശവശരീരം എടുത്തു മണ്ഡപത്തിൽ കിടത്തി. "രാമനാമ സത്യ ഹേ" എന്ന് കൂടെയുള്ളവർ മന്ത്രിക്കുന്നുണ്ടായിരുന്നു. അവിടെയുള്ള ഷെഡ്ഡുകളിൽ പത്തു പതിനാലു ശവങ്ങൾ കത്തിയെരിയുന്നു. കത്തിയെരിയുന്ന മാംസത്തിന്റെ ദുർഗന്ധം

നാസികാദ്വാരങ്ങളിലേക്കു തുളച്ചു കയറി. കമുകറ പുരുഷോത്തമന്റെ ഗാന വരികൾ മനസ്സിൽ തേരോട്ടം നടത്തി. "ഇല്ല ജാതികൾ ഭേദവിചാരം ഇവിടേ പുക്കവർ ഒരു കൈചാരം... മന്നവനാട്ടേ യാചകനാട്ടേ വന്നിടും ഒടുവിൽ വൻ ചിത നടുവിൽ" തൊട്ടടുത്ത് യമുനാനദി നിസ്സംഗതയോടെ ഒഴുകിക്കൊണ്ടിരുന്നു. പിന്നിൽ ചെങ്കോട്ട നഷ്ടപ്പെട്ട പ്രൗഢിയെ ഓർമ്മപ്പെടുത്തിക്കൊണ്ടു തല താഴ്ത്തി നിൽപ്പുണ്ടായിരുന്നു. സെക്യൂരിറ്റി ഗാർഡ് അവിടെയുള്ള പണ്ഡിറ്റ്ജിയെ വിളിച്ചു. പണ്ഡിറ്റ്ജി ഒട്ടും സമയം പാഴാക്കാതെ നേരിട്ടു ബിസിനസ്സിലേക്കു കടന്നു. ചന്ദനം, പൂക്കൾ, വെണ്ണ, പാൽ, തേൻ, ചോറ്, വിറക്, ക്രിയ എല്ലാത്തിനുമുള്ള ചെലവ് പറഞ്ഞുറപ്പിച്ചു. മരണത്തിനു ശേഷം മുക്തി നേടാൻ. ഒരു പിടി ചാരമായി മാറാൻ അധികം ചെലവുള്ളതായി തോന്നിയില്ല. ഉടനെ തന്നെ ഷെഡിൽ ഒഴിഞ്ഞു കിടന്ന ഒരു സ്ഥലത്തേക്ക് ശവം മാറ്റാൻ കല്പിച്ചു. പണ്ഡിറ്റ്ജി പ്രേതാത്മാവിന്റെ പിതൃലോകത്തിലേക്കുള്ള യാത്രക്കു വേണ്ടിയുള്ള ഹൃദിസ്ഥമായ ശ്ലോകങ്ങൾ ജപിക്കാൻ തുടങ്ങി. അന്തരിച്ച മനുഷ്യാത്മാവിന്റെ പുണ്യങ്ങളോ പാപങ്ങളോ അവിടെ നിരത്തിയില്ല. ഇടയ്ക്കിടയ്ക്ക് അയാളുടെ പേരുമാത്രം ചോദിച്ചിരുന്നു. ശരീരം പഞ്ചഭൂതങ്ങൾക്കു തിരിച്ചു അർപ്പിച്ചു. അയാളുടെ ശബ്ദം ആകാശത്തിനും കണ്ണുകൾ സൂര്യഭഗവാനും, ശ്വാസം മാരുതനും അയാൾ അർപ്പിച്ചു. അന്ത്യേഷ്ടി കർമ്മങ്ങൾ അയാൾ പെട്ടെന്നു ചെയ്തു തീർത്തു. അവസാനം സ്വന്തം സഹോദരൻ ചിതയ്ക്കു ചുറ്റും വലംവെച്ച്, ചിതയുടെ തലയ്ക്കു തീ കൊളുത്തി. ഞങ്ങൾ ചിതയ്ക്കു ചുറ്റും വലം വച്ചു. പണ്ഡിറ്റ്ജി കപാല ക്രിയ ചെയ്തു. ആ ആത്മാവിനെ പുറത്തേക്കു ചാടിച്ചു. കഷ്ടിച്ച് ഒരു മണിക്കൂർ വേണ്ടി വന്നില്ല. ആ ജീവൻ ഒരു പിടി ചാമ്പലായി അഗ്നിദേവൻ ആ മനുഷ്യാത്മാവിനെ യമലോകത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. പിതൃക്കൾക്ക് കൂട്ടിരിക്കാൻ. ആ ചിതയിൽനിന്നുള്ള ചാരം പണ്ഡിറ്റ്ജി ഒരു മൺകുടത്തിലാക്കി. ആ കുടവും തലയിൽ വെച്ച് സഹോദരൻ പണ്ഡിറ്റ്ജിയോടൊപ്പം യമുനാ നദിയിലേക്കു നീങ്ങി. ക്രിസ്ത്യാനിയായ എന്നോടും കൂടെ ചെല്ലാൻ അയാൾ പറഞ്ഞു. ഞങ്ങൾ അത് യമുനാ നദിയിൽ ഒഴുക്കി. മൃത്യുവിൽ നിന്നും അമൃത്യുവിലേക്കുള്ള ആ ആത്മാവിന്റെ യാത്ര നിർവിഘ്നം തുടരാൻ. ഞാൻ ആ പടവിൽ ഇരുന്നു. കൂടെ എന്റെ സുഹൃത്തും. എന്റെ മനസ്സ് നിറയെ മരി

ച്ചുപോയ എന്റെ കൂട്ടുകാരന്റെ ഓർമ്മകൾ ആയിരുന്നു. ജീവിത ത്തെയും മരണത്തെയും കുറിച്ചുമുള്ള തീവ്രമായ വികാരങ്ങളും.

അയാളുടെ മരണം ആകസ്മികമായിരുന്നു. ഞങ്ങൾ തൊട്ട ടുത്ത ഫ്ളാറ്റുകളിലായിരുന്നു. തെക്കൻ ഡെൽഹിയിലെ വസന്ത് വിഹാറിൽ താമസിച്ചിരുന്നത്. അയാളും ഭാര്യയും അടങ്ങുന്ന ഒരു ചെറിയ കുടുംബം. അയാൾക്ക് അന്ന് 33 വയസ്സോളം പ്രായം വരും. ഭാര്യ നന്നേ ചെറുപ്പം. കുട്ടികൾ ഉണ്ടായിരുന്നില്ല. ഒരു ദിവസം രാവിലെ അയാളുടെ ഭാര്യ എന്റെ ഫ്ളാറ്റിലേക്ക് ഓടിക്കിതച്ചു വന്നു പറഞ്ഞു. അയാൾക്ക് ശ്വസിക്കാൻ ബുദ്ധിമുട്ടുന്നു. രാത്രിയിൽ ഉറ ങ്ങിയിരുന്നില്ല എന്ന്. ഉടനെ തന്നെ ഞാനും അയൽവാസിയായ മറ്റൊരു സുഹൃത്തും അയാളെ സഫ്ദർജംഗ് ഹോസ്പിറ്റലിൽ എത്തി ച്ചു. രണ്ടു ദിവസം തീവ്രപരിചരണം നടത്തിയെങ്കിലും പ്രയോജന പ്പെട്ടില്ല. ഡോക്ടർമാരുടെ അഭിപ്രായ പ്രകാരം അയാളുടെ കിഡ്നി കൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഡയാലിസിസ് ചെയ്യണം. ഉടനെതന്നെ അയാളെ മൂൽചന്ദ് ഹോസ്പിറ്റലിലേക്ക് മാറ്റി. രണ്ടാ ഴ്ചയോളം ഡയാലിസിസ് ചെയ്തെങ്കിലും അയാളെ രക്ഷപ്പെടു ത്താൻ മെഡിക്കൽ സയൻസിനു കഴിഞ്ഞില്ല. അവസാനം ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലേക്കു മാറ്റിയെ ങ്കിലും അയാൾ അന്ത്യ ശ്വാസം വലിച്ചു. ഭാര്യയും, ഒരു സഹോദര നും, ഏതാനും സുഹൃത്തുക്കളും മാത്രമേ ഉണ്ടായിരുന്നുള്ളൂ അയാളെ പരിചരിക്കാൻ. ലക്നൗവിലേക്കു ശവം കൊണ്ട് പോയാൽ വയസ്സായ മാതാപിതാക്കൾക്ക് അയാളുടെ ശവം കാണുന്നത് താങ്ങാ നാവില്ല എന്ന് പറഞ്ഞാണ് സ്വന്തം സഹോദരൻ തന്നെ ഡൽഹി യിൽ ശവദാഹം നടത്താൻ തീരുമാനിച്ചത്.

പ്രേംനാഥ് ബാനർജി സമർത്ഥനായ ഒരു യുവാവായിരുന്നു. അലിഗാർ മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. പൊളിറ്റി ക്കൽ സയൻസിൽ ഫസ്റ്റ് റാങ്ക് നേടി കേന്ദ്ര ഗവൺമെന്റ് സർവീ സിൽ നിഷ്പ്രയാസം കടന്നു കേറിയവൻ. ഒരേ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തിരുന്നെങ്കിലും വേറെ ബ്രാഞ്ചുകളിൽ ആയിരുന്നതു കൊണ്ടും ഒരുമിച്ചു കൂടുതൽ സമയം ചെലവഴിക്കാൻ സാധിച്ചിരു ന്നില്ല. പക്ഷേ അയൽവാസി എന്ന നിലയിൽ പലപ്പോഴും അയാ ളെയും ഭാര്യയേയും കണ്ടു മുട്ടാറുണ്ടായിരുന്നു. ഒരു ദിവസം അയാൾ എന്റെ ഉപദേശം തേടി വന്നു. സീനിയർ ഉദ്യോഗസ്ഥൻ പല കാര ണങ്ങളും കൊണ്ടും തന്നോട് വെറുപ്പും നീരസവും കാണിച്ചിരുന്നു.

അവസാനം ഒരു കേസിൽ കുടുക്കി റഗുലർ ഡിപ്പാർട്ടമെന്റിൽ എൻകയറി തുടങ്ങിയിരിക്കയാണ്. കേസ് പഠിച്ചു തന്നെ ഡിഫൻഡ് ചെയ്യാൻ പറ്റുമോ എന്ന് ചോദിക്കാനാണ് അയാൾ വന്നത്. അക്കാലത്ത് എനിക്ക് പിടിപ്പതു ജോലി ഉണ്ടായിരുന്നത് കൊണ്ട് അത് എനിക്ക് വിഷമമാണ് എന്ന് പറഞ്ഞു അയാളെ തിരിച്ചു വിട്ടു. നിരാശയും മാനസികസംഘർഷവും അയാളുടെ മുഖത്ത് തെളിഞ്ഞു കാണാമായിരുന്നു. ഏതാനും ആഴ്ചകൾ കഴിഞ്ഞില്ല. അയാൾ അസുഖം ബാധിച്ചു ഈ ലോകത്തോട് വിട പറഞ്ഞു. ആ ചെറുപ്പക്കാരന്റെ ജീവിതവും അന്ത്യവും എന്നെ വേദനിപ്പിച്ചു. അവസാനനാളുകളിലും സഹായിക്കാൻ സാധിക്കാത്തതിലുള്ള കുറ്റബോധവും മനസിനെ ഗ്രസിച്ചു.

നിഗംബോധ് ഘാട്ടിന്റെ യമുനാ നദിയിലേക്കുള്ള പടവുകളിൽ ഞാനും കൂട്ടുകാരനും ഇരുപ്പുറപ്പിച്ചു. ആ ശ്മശാന മൂകത എന്റെ മനസ്സിന്റെ ഭാരം വർദ്ധിപ്പിച്ചു. അവിടെയുള്ള ചിതകളിലെ അഗ്നി എന്നെ ആവാഹിക്കുന്നതായി തോന്നി. "അവനിയിലെ ആത്മവിദ്യാലയത്തിൽ" ഞാൻ ഒരു വിദ്യാർത്ഥി ആയി.

"ജീവിതവും മരണവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ. ഇരട്ടകളായ ഗംഗയും യമുനയും പോലെ. യമദേവന്റെ വിളി എപ്പോൾവേണമെങ്കിലും ആർക്കും വരാം. പല രീതിയിലും." കൂട്ടുകാരൻ ഓർമ്മിപ്പിച്ചു അസ്വസ്ഥമായ എന്റെ മനസ്സ് ചിന്തയിലാണ്ടിരുന്നു. "ആ അന്ത്യ സമയവും കാത്തു ഞാനും അനന്തമായ അറിവിന്റെ പനഥാവിലേക്കുള്ള ആ ശാന്തികവാടത്തിൽ ഓരോ നിമിഷവും മുട്ടുന്നു. നിഗംബോധ് ഘാട്ടിലേക്കുള്ള യാത്രയിൽ എന്റെ ജീവിതം തുടരുന്നു. സഹോദരങ്ങളായ യാമിയുടെയും യമന്റെയും കളിപ്പാട്ടങ്ങളായി."

"അസതോ മാ സത് ഗമയാ, തമസോ മാ ജ്യോതിർ ഗമയാ, മൃത്യോ മാ

അമൃതം ഗമയാ, ഓം ശാന്തി ശാന്തി ശാന്തി - എന്ന് ഞാൻ മനസ്സിൽ മന്ത്രിച്ചുകൊണ്ടേയിരുന്നു. യമുനാ നദി നിസ്സംഗതയോടെ ശ്യാമസുന്ദര വശ്യതയോടെ ഒഴുകിക്കൊണ്ടേയിരുന്നു. തിരിഞ്ഞു നോക്കിയപ്പോൾ ചെങ്കോട്ട ആ ഇരുട്ടിൽ എന്നേ നോക്കി പരിഹസിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ തിരിച്ചു നടന്നു ജീവിതം തുടരാൻ.

# കറുത്ത കണ്ണുള്ള കഴുകന്മാർ

### ഡോ. അഡ്വ. മാത്യു വൈരമൺ



ഉറക്കത്തിന്റെ ആലസ്യത്തിൽ നിന്നു മെല്ലെ ഉണർന്നു. സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതനുസരിച്ച് എത്രയെത്ര ദിനങ്ങൾ കടന്നുപോയിരിക്കുന്നു. നല്ല ഒരു ഭാവിക്കുവേണ്ടിയുള്ള പ്രതീക്ഷ മാത്രം മിച്ചം. പത്താംക്ലാസ് പാസ്സാകുന്നതിനു സാധിച്ചു. മുന്നോട്ടു പഠിക്കുന്നതിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും സാമ്പത്തിക പരാധീനത നിമിത്തം പഠനം തുടരുന്നതിനു കഴിഞ്ഞില്ല. രോഗിയായ അച്ഛനു വല്ലപ്പോഴും ലഭിക്കുന്ന ജോലിയിൽ നിന്നുള്ള തുച്ഛമായ വേതനം കൊണ്ടാണ് കുടുംബത്തിന്റെ അഹോവൃത്തി നടക്കുന്നത്. അഞ്ചു സഹോദരന്മാരും മൂന്നു സഹോദരികളും ഉള്ള വലിയ ഒരു കുടുംബം. കുടുംബകാര്യങ്ങളെല്ലാം നോക്കി അമ്മയുടെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. നാട്ടിലുള്ള മിക്ക ചെറ്റക്കുടിലുകളുടെയും സ്ഥാനത്തു മണിമാളിക ഉയർന്നു വന്നിരിക്കുന്നു. എന്നാൽ അതിന്റെയെല്ലാം ഇടയിൽ ഒരു ശാപം പോലെ ഞങ്ങളുടെ മാത്രം ചെറ്റകുടിൽ സ്ഥിതി ചെയ്യുന്നു. ഈ അവസ്ഥ മാറുന്നതിനും മറ്റു സഹോദരങ്ങൾക്കും നല്ല ഭാവി ഉണ്ടാകുന്നതിനും സീമന്തപുത്രനായ എനിക്ക് ഒരു ജോലി ലഭിക്കേണ്ടിയിരിക്കുന്നു.

ഒരു ജോലിക്കുവേണ്ടി നാട്ടിലുള്ള പലരുടെയും അടുക്കൽ അഭ്യർത്ഥിക്കുകയും പല കമ്പനികളിൽ അപേക്ഷ കൊടുക്കുകയും ചെയ്തു. പക്ഷെ, അതെല്ലാം പ്രയോജനരഹിതമായിത്തീരുകയാണ് ചെയ്തത്. വളരെ കൊച്ചുനാളിൽ എന്തെല്ലാം സ്വപ്നങ്ങളാണ് മനസ്സിൽ മൊട്ടിട്ടിരുന്നത്. എന്നാൽ ഇപ്പോൾ അവയൊന്നും പൂവണിഞ്ഞുകാണാൻ കഴിഞ്ഞില്ല. സങ്കല്പലോകത്തിലെ ചിന്തയും യാഥാർത്ഥ്യങ്ങളും രണ്ടും വ്യത്യസ്ത കാര്യങ്ങളാണെന്നു മനസ്സിലായി. “എടാ, രഘു എഴുന്നേൽക്കൂ, സമയം കുറെയായല്ലോ!” അമ്മ

യുടെ വിളി കേട്ടാണു ചിന്തയിൽ നിന്നും ഉണർന്നത്. പഠനവും ജോലിയുമില്ലാത്തിനാൽ മിക്കപ്പോഴും ചിന്ത മാത്രമാണ് കൂട്ട്. വാതിൽക്കൽ ആരോ മുട്ടുന്ന ശബ്ദം കേൾക്കുന്നു. എത്രയോ ആളുകളെ ദിവസേന കാണുന്നു. ആരെങ്കിലും ഒരാൾ സഹായഹസ്തവുമായി വന്നിരുന്നെങ്കിലെന്നു ആശിച്ചിരുന്നു. ആരാണെന്നു മുറ്റത്തുപോയി നോക്കി. പരിചയമുള്ള മുഖമാണ്. വീടിന് അല്പം അകലെ താമസിക്കുന്ന സുകുമാരൻ. അദ്ദേഹം ബോംബെയിലെ ഏതോ പ്രമുഖ കമ്പനിയിലെ ഉയർന്ന ഉദ്യോസ്ഥനാണെന്നാണ് കേൾവി. തടിച്ച ഫ്രെയിമുള്ള കറുത്ത കണ്ണടവെച്ചു നടക്കുന്ന സുകുമാരൻ നാട്ടിലെ പ്രമാണിയാണ്. "കയറി ഇരിക്കുക", വിനീതമായി ഞാൻ അഭ്യർത്ഥിച്ചു.

"എന്താണു പിന്നെ ഇങ്ങോട്ടൊക്കെ വരാൻ..." ഞാൻ താല്പര്യത്തോടെ ആരാഞ്ഞു. "വളരെ കുറച്ചു ദിവത്തെ അവധിക്കു വന്നിരിക്കുകയാണ്. ഞങ്ങളുടെ കമ്പനിയിൽ അത്യാവശ്യമായി ഒരാളുടെ ആവശ്യമുണ്ട്. രഘു ജോലി ഇല്ലാതെ നില്ക്കുകയാണല്ലോ! എന്റെ കൂടെ ബോംബെയിൽ വന്നാൽ ഞങ്ങളുടെ കമ്പനിയിൽ ഒഴിവുള്ള ജോലി വാങ്ങിത്തരാം." സുകുമാരൻ അറിയിച്ചു. ഈ കേൾക്കുന്നതു നേരാണോ? അതോ സ്വപ്നമാണോ? എത്രയോ ആളുകളുടെ അടുക്കൽ ജോലിക്കുവേണ്ടി അപേക്ഷിച്ചു. എന്നാൽ അവരെല്ലാം തള്ളിക്കളയുകയാണ് ചെയ്തത്. ഇന്ന് ഇതാ ഒരാൾ ഇങ്ങോട്ടു വന്നു ജോലി വാങ്ങിത്തരാമെന്നു പറയുന്നു. ഏതിനും ഒരു കാലം ഉണ്ടെന്നു കേട്ടിട്ടുണ്ട്. കഷ്ടകാലം മാറാൻ പോകുന്നുവെന്നു തോന്നുന്നു.

മോനെ രഘു, ദൈവം നമ്മുടെ പ്രാർത്ഥന കേട്ടിരിക്കുന്നു! നീ സുകുമാരൻ സാറിന്റെ കൂടെ ബോംബെക്കു പോകുക. അമ്മയുടെ വാക്കു വളരെ സാന്ത്വനം നല്കുന്നതായി അനുഭവപ്പെട്ടു. അച്ഛന്റെ കൈയ്യിൽ ഉണ്ടായിരുന്ന തുച്ഛമായ സമ്പാദ്യവും കുറച്ചു രൂപ കടവും വാങ്ങിച്ചുകൊണ്ടു സുകുമാരൻ സാറിനോടൊപ്പം യാത്രയായി. ഇടറുന്ന കണ്ഠത്തോടെയാണ് അച്ഛനും അമ്മയും യാത്രയാക്കിയത്. ആദ്യമായിട്ടാണ് വീട്ടുകാരെ വിട്ടു ദൂരയാത്ര ചെയ്യുന്നത്. മനസ്സിനു വല്ലാത്ത ഒരു നൊമ്പരം. ഒരു ജോലി ലഭിക്കുവാൻ പോകുകയാണല്ലോയെന്നോർത്തപ്പോൾ തെല്ലൊരാശ്വാസം.

ബോംബെ വി.റ്റി സ്റ്റേഷനിൽ നീണ്ട ഒരു ചൂളംവിളിയോടെ തീവണ്ടി വന്നു നിന്നു. യാത്രക്കാർ അവരുടെ ലഗേജുമായി ഇറങ്ങുതിന് വാതിൽക്കൽ വല്ലാത്ത തിരക്ക് ഉണ്ടാക്കുന്നു. ഒരുവിധത്തിൽ കയ്യിൽ ഉണ്ടായിരുന്ന ചെറിയ ബാഗുമായി ഇറങ്ങി സുകുമാരൻ സാറിനോടൊപ്പം യാത്രയായി. റോഡിലും വല്ലാത്ത തിക്കും തിരക്കും ജനസമുദ്രംപോലെ ആളുകൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

യാത്രയുടെ ക്ഷീണം തീർത്തതിനുശേഷം സുകുമാരൻ സാറിനോടൊപ്പം കമ്പനിയിലേക്കു പോയി. വളരെ മനോഹരമായ ഒരു ഓഫീസ്. അതിന്റെ മുന്നിൽ 'എവർ ഷൈൻ കമ്പനി' എന്ന് ആംഗലഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഉള്ളിൽ എല്ലാം ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. ധാരാളം ആളുകൾ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരാണു ജോലി ചെയ്യുന്നത്. അതിൽ ബിരുദം ഉള്ളവർ ചെയ്യുന്ന തരത്തിലുള്ള ജോലിയാണു രഘുവും ചെയ്യുവാൻ പോകുന്നത്, സുകുമാരൻ സാർ പറഞ്ഞു. ബിരുദം ഉള്ളവനും ഇല്ലാത്തവനും ഒരേ ജോലിയോ! അത്ഭുതം തോന്നി. നേരെ മാനേജിങ്ങ് ഡയറക്ടറുടെ മുറിയിലേക്കു പോയി. സുകുമാരൻ അദ്ദേഹത്തിനു രഘുവിനെ പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹം ചില കാര്യങ്ങൾ രഘുവിനോടു ചോദിച്ചു. അതിനെല്ലാം രഘു മറുപടിയും കൊടുത്തു. ശരി, നിങ്ങൾ ജോലിയിൽ പ്രവേശിച്ചുകൊള്ളുക. ബാക്കി കാര്യങ്ങൾ സുകുമാരൻ നിങ്ങളോടു പറയും, അദ്ദേഹം മൊഴിഞ്ഞു.

ഇവിടെ ജോലിയിൽ പ്രവേശിക്കുന്നവർക്കെല്ലാം മെഡിക്കൽ പരിശോധന നടത്തും. ആ സർട്ടിഫിക്കറ്റു ലഭിച്ചതിനുശേഷമേ ജോലിയിൽ നിയമിക്കുകയുള്ളൂ. അതിനാൽ നാളെ നമുക്ക് ഒരുമിച്ചു മെഡിക്കൽ പരിശോധനയ്ക്കു ആശുപത്രിയിൽ പോകണം. സുകുമാരൻ സാർ ആവശ്യപ്പെട്ടു. "അതിന് എനിക്കു പറയത്തക്ക അസുഖം ഒന്നുമില്ലല്ലോ! ആഹാരസാധനങ്ങളിലെ കുഴപ്പം നിമിത്തം വല്ലപ്പോഴും ഉണ്ടാകുന്ന വയറു വേദനയല്ലാതെ മറ്റു പറയത്തക്ക അസുഖങ്ങളൊന്നും വന്നിട്ടുമില്ല." പക്ഷെ, വയറുവേദന വളരെ സൂക്ഷിക്കേണ്ട അസുഖമാണ്. അതു നിമിത്തം മറ്റു ചില അസുഖങ്ങൾ ഉണ്ടാകും. ഇവിടെ നിനക്കു ചെലവില്ലാതെ വലിയ ആശുപ

ത്രിയിൽ മെഡിക്കൽ പരിശോധന നടത്തുന്നിനു സാധിക്കും. അത്, ഒരു നേട്ടമല്ലേ, സുകുമാരൻ സാർ ഉപദേശിച്ചു. ഏതായാലും ഒരു മെഡിക്കൽ പരിശോധനയല്ലേ നടക്കുന്നത്, ജോലി ലഭിക്കുന്നതിനു തടസ്സമാകാതിരിക്കാൻ അതു നടക്കട്ടെയെന്നു രഘു തീരുമാനിച്ചു.

രാവിലെ സുകുമാരൻ സാറിനോടൊപ്പം കാറിൽ ആശുപത്രിയിലേക്കു രഘു യാത്രയായി. പട്ടണത്തിലെ വലിയ ഒരു ആശുപത്രി. സുകുമാരൻ ഡോക്ടറുടെ അടുക്കൽ എന്തൊക്കെയോ സംസാരിച്ചു. ഡോക്ടർ സ്റ്റെതസ്കോപ്പു വെച്ചു പരിശോധിച്ചു. തുടർന്നു ചില ടെസ്റ്റുകൾ നടത്തി. വയറ്റിൽ ഒരു ഓപ്പറേഷൻ വേണ്ടിവരും. അതിനാൽ ചില ദിവസങ്ങൾ ആശുപത്രിയിൽ കിടക്കേണ്ടി വരും, ഡോക്ടർ പറഞ്ഞു. പണ്ടു വന്നിട്ടുള്ള വയറുവേദന നിമിത്തം കുടലിനു എന്തോ തകരാറു സംഭവിച്ചിരിക്കുന്നു. അതു ഓപ്പറേഷൻ ചെയ്തു ശരിയാക്കണമെന്നാണ് ഡോക്ടർ പറഞ്ഞതെന്നു രഘുവിനോടു സുകുമാരൻ സാർ പറഞ്ഞു. ഓടിച്ചാടി നടക്കുന്ന എനിക്ക് ഇന്ന് ഒരസുഖവും ഇല്ലല്ലോ? വയറുവേദന പണ്ടല്ലേ വന്നത് എന്നു ചോദിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഒരു ജോലി ലഭിക്കുന്നതു നഷ്ടമാക്കേണ്ടായെന്നു കരുതി ഓപ്പറേഷനു വിധേയനാകുവാൻ തീരുമാനിച്ചു. മയക്കി കിടത്തി, ഡോക്ടർമാർ ഓപ്പറേഷൻ നടത്തി. മയക്കത്തിൽ നിന്നു ഉണർന്നപ്പോൾ, വല്ലാത്ത അസ്വസ്ഥത. ദേഹം മുഴുക്കെ വേദന അനുഭവപ്പെടുന്നു. എന്തോ നഷ്ടപ്പെട്ടുപോയതു പോലെ തോന്നുന്നു. കുറെ ദിവസം ആശുപത്രിയിൽ കിടന്നതിനു ശേഷം സുകുമാരൻ സാറിനോടൊപ്പം യാത്ര ചെയ്തു താമസസ്ഥലത്തു വന്നു.

ഓഫീസിൽ വന്നു ജോലിയിൽ പ്രവേശിക്കുവാൻ സുകുമാരൻ സാർ ആവശ്യപ്പെട്ടു. ഓഫീസിൽ വളരെയധികം ജോലികൾ ഉണ്ട്. എന്നാൽ അതൊന്നും ചെയ്യുവാനുള്ള കരുത്തില്ല. എപ്പോഴും ക്ഷീണവും വേദനയും. അസുഖമൊന്നും ഇല്ലാതിരുന്ന എനിക്ക് ഓപ്പറേഷനു ശേഷം എപ്പോഴും അസുഖം തന്നെ. ജോലി തുടർന്നു ചെയ്യുവാൻ സാധിക്കുന്നില്ല. ഒരു നിത്യരോഗിയായിത്തീരുകയാണോ? ഓഫീസിൽ പോകാൻ പറ്റാതെ കിടപ്പിലായി. എനിക്കു ജോലി ചെയ്യുവാനുള്ള ആരോഗ്യമില്ല, വീട്ടിലേക്കു മടങ്ങിപ്പോകണമെന്നു സുകുമാരൻ സാറിനോട് ആവശ്യപ്പെട്ടു. അദ്ദേഹം കുറെ രൂപ കൈയ്യിൽ എടുത്തു തന്നു. ശരി, നിന്റെ ഇഷ്ടംപോലെ ആക

ട്ടെയെന്നു പറഞ്ഞു.

നല്ല സുഖം ഇല്ലാത്തതുകൊണ്ടു തിരികെ വരികയാണെന്നു അച്ഛനു ടെലിഗ്രാം അടിച്ചു. മനസ്സിൽ സൂക്ഷിച്ചിരുന്ന ചില്ലുകൊട്ടാരമാണു തകർന്നു വീണിരിക്കുന്നത്. എന്തെന്ത് ആഗ്രഹങ്ങളും പ്രതീക്ഷകളുമായിരുന്നു മനസ്സിൽ ഉണ്ടായിരുന്നത്. ഇനി ആ ആഗ്രഹങ്ങൾ നിറവേറ്റാനായി കഴിയുകയില്ലെന്നു മാത്രമല്ല, വീട്ടുകാർക്കു ഭാരമുള്ളവനായിത്തീരാൻ പോവുകയാണ്... നിറമിഴികളോടാണ് അച്ഛനും അമ്മയും യാത്രയാക്കിയത്. ആ നിറമിഴികളോടെ വേണമല്ലോ എന്നെ സ്വീകരിച്ചു വീട്ടിൽ കൊണ്ടുപോകേണ്ടതും. പലരും നാട്ടിൽ അവധിക്കു വരുന്നതു ശ്രദ്ധിച്ചിട്ടുണ്ട്. അവരുടെ സ്വന്തക്കാരുടെ ആഹ്ലാദം എത്ര അധികമാണ്. പക്ഷെ, ഞങ്ങളുടെ വീട്ടിൽ എപ്പോഴും ദുഃഖം മാത്രമാണ് ഉള്ളത്!

ഒരു കോലമായ എന്നെ കണ്ട അമ്മ പൊട്ടിക്കരഞ്ഞു. നിനക്ക് എന്തുപറ്റി? സംഭവിച്ചതെല്ലാം അവരോടു വിവരിച്ചു. അച്ഛൻ പരിശോധനക്കായി എന്നെ ആശുപത്രിയിലേക്കു കൊണ്ടുപോയി. ഡോക്ടർ വിദഗ്ദ്ധ പരിശോധനയ്ക്കുശേഷം അച്ഛനോടു രഹസ്യമായി എന്തോ പറഞ്ഞു. അതു കേട്ടു അച്ഛൻ സങ്കടത്തോടെ പൊട്ടിക്കരഞ്ഞു. “എന്താ അച്ഛാ, എന്ത് ഉണ്ടായി,” ഞാൻ ആകാംക്ഷയോടെ ചോദിച്ചു. “എല്ലാം നഷ്ടപ്പെട്ടു,” തേങ്ങിക്കരഞ്ഞുകൊണ്ട് അച്ഛൻ പറഞ്ഞു. “എന്താണച്ചാ കുഴപ്പം, എന്നെ മറച്ചുവെയ്ക്കാതെ കാര്യം പറയുക.” “നിന്റെ ഒരു കിഡ്നി നഷ്ടപ്പെട്ടിരിക്കുന്നു,” അച്ഛൻ ഗദ്ഗദത്തോടെ പറഞ്ഞു.

സപ്തനാഡികളെല്ലാം നിശ്ചലമായതുപോലെ തോന്നി. എഴുന്നേല്ക്കാൻ ആഗ്രഹിച്ചിട്ടും അനങ്ങാൻ പറ്റുന്നില്ല.

കഴുകന്മാർ, മെഡിക്കൽ പരിശോധനയെന്ന വ്യാജേന എന്റെ കിഡ്നി അപഹരിച്ചിരിക്കുന്നു. അവർ ചെയ്ത ഈ ക്രൂരകൃത്യം നിമിത്തം എന്റെയും ഒരു കുടംബത്തിന്റെയും ഭാവിയാണു തുലച്ചത്. ഇവരെയൊക്കെ വിലങ്ങിടുവാൻ ഇവിടുത്തെ ഒരു നിയമത്തിനും കഴിയുകയില്ലേ? പണം കൊണ്ടു നിയമപാലകരെ സ്വാധീനിക്കുന്നവരെ എങ്ങനെ കടിഞ്ഞാണിടും. അവരെ ദൈവം നിശ്ചയമായി ശിക്ഷിക്കും, അച്ഛൻ ആശ്വസിപ്പിച്ചു. അപ്പോഴും സുകുമാരൻ അടുത്ത ഇരയെ തിരക്കി അങ്ങ് അകലെ എവിടെയോ സ്വൈര്യമായി വിഹരിച്ചുകൊണ്ടിരുന്നു.

# കറപുരണ്ട ഒരു ട്രെയിൻ യാത്ര

## എ.സി. ജോർജ്



ചാക്കോച്ചനും എൽസമ്മയും നാട്ടിൽ നിന്ന് വിവാഹിതരായി. അമേരിക്കയിലെ ഹ്യൂസ്റ്റനിൽ വന്നു താമസമാക്കിയിട്ട് ഏകദേശം പതിനഞ്ചു വർഷത്തോളമായി. ചാക്കോച്ചൻ-എൽസമ്മ ദമ്പതികൾക്ക് സ്ക്കൂളിൽ പോകുന്ന രണ്ടു കുട്ടികൾ. നിഖിലും, ജൂലിയും. എൽസമ്മ ഹ്യൂസ്റ്റനിലെ മെത്തോഡിറ്റ്സ് ഹോസ്പിറ്റലിലെ നഴ്സാണ്. ചാക്കോച്ചൻ ഹ്യൂസ്റ്റനിലെ റിലയൻസ് പെട്രോകെമിക്കൽ കമ്പനിയിലെ സെക്യൂരിറ്റി ഗാർഡാണ്.

കുട്ടികളുടെ സ്ക്കൂളടച്ചു. സമ്മർ ഒഴിവുകാലം. ചാക്കോച്ചൻ-എൽസമ്മ ദമ്പതിമാർ കുടുംബസഹിതം നാട്ടിലെ മൂവാറ്റുപുഴയിൽ പോയി വീട്ടുകാരേയും ബന്ധുക്കളേയുമൊക്കെ കണ്ട് ഒരുമാസക്കാലം അവിടെയൊക്കെ ചെലവഴിക്കാമെന്നു കരുതി. ഹ്യൂസ്റ്റനിലെ ജോർജ് ബുഷ് ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് എമിറേറ്റ്സ് വിമാനത്തിൽ കൊച്ചിൻ എയർപോർട്ടിലെത്തി. നാട്ടിൽ ഭയങ്കര ചൂട്, പൊടിപടലങ്ങൾ, വാഹനങ്ങളുടെ നിലയ്ക്കാത്ത ഹോണടി. കൊച്ചിയിൽ സ്വീകരിക്കാനെത്തിയ ചേട്ടന്റെ വാഹനത്തിൽ മൂവാറ്റുപുഴയിലെ തറവാട് വീട്ടിലെത്തി. രണ്ടു ദിവസത്തെ ഭയങ്കര യാത്രാക്ഷീണം. മേലുനൊമ്പരം, എങ്കിലും നാട്ടിലെ ചക്കപ്പഴവും മാങ്ങാപഴവും പൈനാപ്പിളും കപ്പപുഴുക്കും കുറച്ചധികം അടിച്ചുകേറ്റി. എൽസമ്മക്കും കുട്ടികൾ നിഖിലിനും ജൂലിക്കും വയറ്റുവേദന, ഒഴിച്ചിൽ. കക്കൂസിൽ നിന്നും ഇറങ്ങാൻ വയ്യാത്ത അവസ്ഥ. ചാക്കോച്ചനും ഇതൊക്കെ ആർത്തിയോടെ വലിച്ചുവാരി തിന്നെങ്കിലും വയറ്റിൽ വലിയ കുഴപ്പമുണ്ടായില്ല. രണ്ടു ദിവസം കഴിഞ്ഞിട്ടും പുറമേക്കുള്ള ഒരു യാത്രയിലും ഭാര്യയും കുട്ടികളും താൽപ്പര്യം കാണിച്ചില്ല. ചാക്കോച്ചൻ ഒറ്റയ്ക്ക് ഷൊർണൂരിലുള്ള ഒരു പൂർവ്വകാല

സുഹൃത്തിന്റെ ഭവനം സന്ദർശിക്കാനായി പ്ലാനിട്ടു. മൂവാറ്റുപുഴയിൽ നിന്ന് എയർകണ്ടീഷൻ ലോ-ഫ്ളോർ ബസിൽ കയറി ആലുവയിലെത്തി ട്രെയിനിൽ ഷൊർണൂർക്ക് പോകുകയാണ് പ്ലാൻ. പഴയ ബസ്-ട്രെയിൻ യാത്രയുടെ ഒരുന്തും തള്ളുമൊക്കെയുണ്ടെങ്കിലും അതിലെ ഒരു ഗൃഹാതുര ഓർമ്മകളും പ്രത്യേകം ലേഡീസിനെ തൊട്ടുരുമ്മിയുള്ള ഒരു മധുര യാത്രാ സ്മരണകളും അയാളെ തേടിയെത്തി.

ആലുവ റെയിൽവെ സ്റ്റേഷനിലെത്തിയ ചാക്കോച്ചൻ വടക്കോട്ടുപോകുന്ന നാഗർകോവിൽ - ബാംഗ്ലൂർ എക്സ്പ്രസ് നോക്കി നിൽക്കുകയായിരുന്നു. പെട്ടെന്ന് തോളത്ത് ആരോ തട്ടി. ചാക്കോച്ചൻ തിരിഞ്ഞുനക്കുമ്പോൾ സുസ്മേരവദനനായ തന്റെ ഒരു പഴയ കാല സുഹൃത്ത് തോമാച്ചൻ പ്ലാറ്റ്ഫോമിൽ തൊട്ടടുത്ത്. "എന്നാണ് അമേരിക്കയിൽ നിന്നെത്തിയത്? എത്രകാലത്തെ അവധിയുണ്ട്?" തോമാച്ചൻ ചോദിച്ചു. പരസ്പരം വിശേഷങ്ങൾ കൈമാറി.

ഏതായാലും ചാക്കോച്ചാ താൻ ബാംഗ്ലൂർ എക്സ്പ്രസിൽ വടക്കോട്ടാണ് യാത്രയെന്നറിഞ്ഞതിൽ സന്തോഷം. ഞാനെന്റെ കസിൻ സിസ്റ്ററിനെ വണ്ടികേറ്റി ബാംഗ്ലൂരിലേക്കയക്കാൻ വന്നതാണ്. എനിക്കൽപ്പം തിരക്കുണ്ട്. ട്രെയിൻ ലേറ്റായതിനാൽ അതുവരെ നിൽക്കാൻ നേരവുമില്ല. ഈ തിരക്കിനിടയിൽ ചാക്കോച്ചൻ അവളെയൊന്ന് ലഗേജ് പിടിയ്ക്കാനും, ട്രെയിനിൽ കയറ്റാനും പറ്റുമെങ്കിൽ ഒരു റിസർവേഷൻ സീറ്റ് ട്രെയിനിൽ തരപ്പെടുത്താനും സഹായിക്കണം. ചാക്കോച്ചൻ തോമാച്ചന്റെ അഭ്യർത്ഥനയെ മാനിച്ച് തല കുലുക്കി.

വല്ല പടുകിഴവിയേയും തീവണ്ടി കയറ്റിവിടാനുള്ള ചുമതല തന്നിൽ അർപ്പിച്ച് തടിതപ്പാനാണ് ഇഷ്ടന്റെ പ്ലാൻ - മനസ്സിൽ ചിന്തിച്ചു.

വാ... ഞാൻ കസിൻസിസ്റ്ററെ ചാക്കോച്ചനെ ഒന്ന് പരിചയപ്പെടുത്താം. പ്ലാറ്റ്ഫോറത്തിന്റെ ഒരറ്റത്തു നിന്നും കസിൻസിസ്റ്ററെ തേടി തോമാച്ചനെ അനുഗമിച്ചു. അവിടെ ഓരോ കിളവിയേയും കാണുമ്പോൾ ചിന്തിച്ചു ഇതായിരിക്കാം പടുകിഴവി കക്ഷി.

ഓ... അവിടെ തനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. കണ്ണുതള്ളിപ്പോയി. ഹൃദയമിടിപ്പ് കൂടി. നല്ല പൂക്കൾ സ്കെർട്ടും ചുവന്ന

സെക്സി ബ്ലൗസും ധരിച്ച് ഒരു അപ്സരസ്സ്. തലയിലൂടെ വളച്ചു വെച്ചിരിക്കുന്ന ഇയർഫോൺ, എം.പി.ത്രീ സ്റ്റീരിയോവിൽ നിന്നു വരുന്ന ഡിസ്ക്കൊ ഗാനം അവൾ ആസ്വദിക്കുന്നു.

ഇതാണ് കക്ഷി. ബിൻസി, എന്റെ അങ്കിളിന്റെ മോളാണ്. ബാംഗ്ലൂരിൽ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ മെഡിസിനു പഠിക്കുന്നു. ചാക്കോച്ചൻ കക്ഷിയെ നോക്കി. തുള്ളി തുളുമ്പി നിൽക്കുന്ന യൗവ്വനം. മാതളനാരങ്ങാ നിറം. തൊണ്ടിപഴം പോലെ തേൻ വഴിയുന്ന ചെഞ്ചോരചുണ്ടുകൾ. എന്തു മാദക സൗന്ദര്യം. എന്റെ തോമാച്ചാ – "യൂ മെയിഡ് മൈ ഡെ." നല്ലതു വല്ലതും ഒരു ദിവസം വന്നുഭവിക്കുമ്പോൾ അമേരിക്കയിൽ പറയുമ്പോലെ ചാക്കോച്ചനും ചിന്തിച്ചു.

"നൈസ് ടു മീറ്റ് യു അങ്കിൾ" – ബിൻസി ഷെയ്ക്ക്ഹാൻഡ് തരാൻ കൈ നീട്ടി. ചാക്കോച്ചൻ ഒന്നു ഞെട്ടുകയും ചമ്മുകയും ചെയ്തു. കാരണം ഈ സുന്ദരി കുയിലിപെണ്ണ് അങ്കിളെന്നു വിളിച്ച് തരം താഴ്ത്തിയപ്പോൾ ഒരു വല്ലായ്മ.

എടി... ബിൻസി നീ ചാക്കോച്ചനെ അങ്കിളാക്കിയോ... ഒരൽപ്പം കഷണ്ടിയും നരയും ഉണ്ടെന്നുകരുതി ഇവനെ അങ്കിളാക്കണ്ട. തോമാച്ചൻ രക്ഷക്കെത്തി. പിന്നീടങ്ങോട്ട് അവളുടെ വിളി ചാക്കോച്ചൻ ചേട്ടാ എന്നാക്കി. തോമാച്ചൻ സുന്ദരിക്കുട്ടി ബിൻസിയെ ചാക്കോച്ചന്റെ സംരക്ഷണത്തിലേൽപ്പിച്ച് യാത്ര പറഞ്ഞു പോയി.

താമസിയാതെ അവർക്കു പോകേണ്ട ബാംഗ്ലൂർ എക്സ്പ്രസ് പ്ലാറ്റുഫോറത്തിലെത്തി. ബിൻസിയുടെ സ്യൂട്ട്കേസും ബാഗും തൂക്കി അവളോട് തോളുരുമ്മി നീണ്ടകാലത്തെ കമിതാക്കളെ പോലെ റിസർവേഷൻ കമ്പാർട്ട്മെന്റിലേക്ക് തിക്കിതിരക്കി കേറി. അവളുമായി ചേർന്ന് തൊട്ടുരുമ്മി നടക്കുമ്പോൾ ചാക്കോച്ചന്റെ ദേഹത്തുകൂടി ഒരു പോസിറ്റീവ് എനർജിയും വൈദ്യുതിയും പായുന്നപോലെ. ഒരു സുഗന്ധം ഒരു മാദക ഗന്ധം. ദേഹമാകെ ഒരു കോരിത്തരിപ്പ് – ഒരു പുളകം. ചുറ്റും നോക്കി. പരിചയക്കാർ അല്ലെങ്കിൽ വല്ല സദാചാര പോലീസുകാരും കണ്ടാൽ മതി. സംഗതി ആകെ കുഴപ്പമാകും. ഭാര്യയുടെ ചെവിയിലെത്തിയാൽ ഒരു കുടുംബകലഹത്തിന് അതുമതി. ഒരുപക്ഷെ നാട്ടിലെ വെക്കേഷനും വെട്ടിച്ചുരുക്കി അമേരിക്കയിലെ ഹ്യൂസ്റ്റനിലേക്ക് ഉടൻ മടങ്ങേണ്ടിയും വരും.

“പ്രായമിത്രേം ആയിട്ടും ഒരു സാരിതുമ്പ് കണ്ടാൽ മതി ഇതി യാന്റെ സമനില തെറ്റും.” ഭാര്യ പലപ്പോഴും പറയാറുള്ള കമന്റ് ചാക്കോച്ചൻ ഓർത്തു.

സംഗതി ആകെ കുഴഞ്ഞു. ദേ വരുന്നു ട്രെയിനിലെ ടിടി ആർ. ഭാര്യാവീടിന്റെ അയൽവാസിയായ പിള്ളച്ചേട്ടനാണ്. ഇനി രക്ഷയില്ല. തന്റെ ഭാര്യയുടെ ചെവിയിൽ ചെന്നു പെട്ടതുതന്നെ.

“ഇതാരാ?” പിള്ള തിരക്കി. ചേട്ടന്റെ കസിനാ. ബിൻസി പത റാതെ പറഞ്ഞു. അർത്ഥഗർഭമായി ഒന്നിരുത്തി മൂളിയിട്ട് പിള്ള നട ന്നു. ഏതായാലും സീറ്റിൽ ഞങ്ങൾ തൊട്ടുരുമ്മി തന്നെയിരുന്നു. അവളുടെ ശരീരസ്പർശനം ചാക്കോച്ചനെ കോരിത്തരിപ്പിച്ചു. മറ്റ് സഹയാത്രികർ ചാക്കോച്ചനെയും ബിൻസിയെയും മാറിമാറി നോക്കി എന്തോ അടക്കം പറയുന്നു. ഈ തൈകിളവന് എങ്ങനെ ഈ ചെറുപ്പക്കാരി അപ്സരസ്സിനെ കിട്ടി എന്നായിരിക്കും അവർ ചിന്തിക്കുന്നതും പിറുപിറുക്കുന്നതും. ചില ചെറുപ്പക്കാർ അസൂയ യോടെ ചാക്കോച്ചനെ നോക്കുന്നതായി തോന്നിയപ്പോൾ ഒന്നുകൂടി ഗമയോടെ ചാക്കോച്ചൻ ബിൻസിയോട് ചേർന്നിരുന്നു. “എവിടെ ന്നാകും ഈ കെളവൻ ഈ മധുരക്കനിയെ ചാക്കിട്ട് പൊക്കിക്കൊണ്ടു പോകുന്നത് എന്നാകും ഈ ചില അസൂയക്കാരായ സദാചാര പോലീസുകാരുടെ നോട്ടത്തിന്റെ അർത്ഥം. തരം കിട്ടിയാൽ ഈ സദാചാര പോലീസുകാരും സുവിശേഷകരും എന്തിനേയും ഏതി നേയും എവിടേയും പൊക്കും.” ചാക്കോച്ചന്റെ ബൗദ്ധിക മനസ്സ് മന്ത്രിച്ചു.

ബിൻസി എന്ന പൊന്നിൻചിലങ്ക വാചാലമായി കൊഞ്ചി കൊഞ്ചി മൊഴിയാൻ തുടങ്ങി. എന്തൊരു... മധുര തേൻമൊഴി... ദൈവ മേ... ഈ യാത്ര അവസാനിയ്ക്കാതിരുന്നെങ്കിൽ ചാക്കോച്ചൻ മധു രസ്വപ്നം കണ്ടു.

അരമണിക്കൂറിനകം ചാക്കോച്ചനിറങ്ങേണ്ട ഷൊർണൂർ സ്റ്റേഷ നെത്തുമെന്ന് ബിൻസിയെ ഓർമ്മിപ്പിച്ചു. വേണ്ട... അവിടെ ഇറ ങ്ങേണ്ട ചാക്കോച്ചൻ ചേട്ടാ... ബാംഗ്ലൂരിനു വരൂ. രണ്ടു ദിവസം അവിടെ താമസിച്ചിട്ട് ഹ്യൂസ്റ്റനിലെയും അമേരിക്കയിലെയും ഒക്കെ വിശേഷങ്ങൾ പറഞ്ഞിട്ടു മടങ്ങാം. ബിൻസി ചാക്കോച്ചന്റെ കൈയ്യിൽ മുറുകെ പിടിച്ചിട്ട് പറഞ്ഞു. അതിനിടയിൽ രണ്ടു ഗ്ലാസ്

നല്ല ചൂടുകാപ്പി ട്രെയിനിലെ കാപ്പി വിൽപ്പനക്കാരനിൽ നിന്ന് വാങ്ങി. ഒരു കപ്പ് ബിൻസിയും കുടിക്കാൻ തുടങ്ങി. ട്രെയിൻ ഒരു ചെറിയ പാലത്തിലേക്ക് കയറിയപ്പോൾ ഒരു കുലുക്കമുണ്ടായി. ആ കുലുക്കത്തിൽ ബിൻസി കുടിച്ചിരുന്ന കാപ്പി കുറച്ചധികം സ്പില്ലായി ബിൻസിയുടെ മാറിയും തുടയിലും വീണു. അതുപോലെ ചാക്കോച്ചന്റെ പ്ലാസ്റ്റിക് ഗ്ലാസിലെ കാപ്പി ചാക്കോച്ചന്റെ പാന്റ്സിലും മുന്നിലും വീണു. കാപ്പി വീണിടത്തെല്ലാം കാപ്പികറയായി. അധികം താമസിയാതെ തീവണ്ടി ഷൊർണൂർ പ്ലാറ്റുഫോറത്തിലെത്തി. കൈവീശി ആ സൗന്ദര്യധാമത്തോട് യാത്രപറയുമ്പോൾ ചാക്കോച്ചന്റെ മനസ്സിൽ എന്തോ ഒരു സ്വർഗ്ഗം നഷ്ടമായതിന്റെ ഒരോർമ്മ അവശേഷിച്ചു. കുറച്ചു മണിക്കൂറുകൾ മാത്രം ആയുസ്സുണ്ടായിരുന്ന ഒരു സ്വർഗ്ഗീയാനുഭൂതി. ഒരു നഷ്ട സ്വർഗ്ഗം...

ഷൊർണൂരിലെ സുഹൃത്തിനെ സന്ദർശിച്ച് തിരികെ വൈകിയാണ് മൂവാറ്റുപുഴയെത്തിയത്. ശങ്കിച്ചതുതന്നെ സംഭവിച്ചു. ഭാര്യവീടിന്റെ അയൽവാസി ടിടിആർ പിള്ള താൻ ഏതോ ഒരു സുന്ദരിയായി ട്രെയിനിൽ പോകുന്ന വിവരം ഫോണിലൂടെ ഭാര്യയെ അറിയിച്ചിരുന്നു. ചാക്കോച്ചൻ ഇടഞ്ഞ ഭാര്യയെ പലതം പറഞ്ഞാണ് അന്ന് സമാധാനിപ്പിച്ചത്.

വീണ്ടും ഒരാഴ്ച കഴിഞ്ഞു. അന്ന് പതിവിലും വൈകിയാണ് ഒറ്റക്കു വെളിയിൽ പോയ ചാക്കോച്ചൻ വീട്ടിലെത്തിയത്. ചാക്കോച്ചൻ കാളിംഗ്ബെൽ അടിച്ചിട്ടും ആരും വാതിൽ തുറക്കുന്നില്ല. വാതിലിൽ ആഞ്ഞു ചവിട്ടി. ഭാര്യ എൽസമ്മ ദേഷ്യത്തിൽ ഈറ്റപ്പുലിയെ പോലെ വന്നു വാതിൽ തുറന്നിട്ടു പറഞ്ഞു. “എന്തിനാ മടങ്ങി വന്നത്... അവിടങ്ങു പൊറുക്കാൻ മേലാരുന്നോ? എനിയ്ക്കെന്നെ ആ ട്രെയിൻ യാത്രേടെ കഥ കേട്ടപ്പം തോന്നിയ സംശയമാ. ദെ... ഇപ്പൊ ഇതാ എല്ലാം തെളിഞ്ഞിരിക്കുന്നു.” ഒരു കത്തെടുത്ത് എൽസമ്മ ചാക്കോച്ചന്റെ നേരെ നീട്ടി.

ചാക്കോച്ചൻ കത്തു വാങ്ങി തുറന്നു വായിച്ചു.

“പ്രിയ ചാക്കോച്ചൻ ചേട്ടാ... എന്നെ മറന്നോ... നമ്മുടെ ആ ട്രെയിൻ യാത്ര... അന്നവിടെ വെച്ചു തന്ന ആ സമ്മാനമില്ലേ... ആ കറ... ആ വീണ കറ അതിപ്പോഴും പാവാടയിലുണ്ട്. അത് കഴുകീട്ടും... കഴുകീട്ടും... പാവാടയിൽ നിന്നും പോകുന്നില്ല. ഞാൻ ചാക്കോ

ച്ചൻ ചേട്ടനെപ്പറ്റി ഡാഡിയോടും മമ്മിയോടും പറഞ്ഞു. ഞങ്ങൾക്കെല്ലാം ചേട്ടനെ ഇഷ്ടമായി. ബാംഗ്ലൂരിലേക്ക് വരാൻ ക്ഷണിച്ചിരിക്കുകയാണ്... ഒന്നു കാണൻ... വരില്ലെ... വരണം... വരാതിരിക്കരുത്... മറുപടിയ്ക്കായി ഞാൻ കാത്തിരിക്കും. എന്ന് സ്നേഹപൂർവ്വം ബിൻസി.

അപ്പോഴതാണ് സംഭവം. ചാക്കോച്ചന് ശ്വാസം വീണതപ്പോഴാണ്. ബിൻസിയുടെ കത്തിന്റെ ഒരു രീതിയും വാക്കുകളും ഒരു ട്രെയിൻ യാത്രയും കാപ്പിയും അതിന്റെ സ്പില്ലിംഗും കറയും മായാത്ത കറയും... കൂടി ചാക്കോച്ചന്റെ ഇപ്രാവശ്യത്തെ കേരളാ വെക്കേഷൻ ഒരുതരം കുളവും ചളവുമാക്കി. ഭാര്യയെ പറഞ്ഞ് ഒരു വിധം സമാധാനിപ്പിച്ചു. എങ്കിലും നാട്ടിലും അമേരിക്കയിലെ ഹ്യൂസ്റ്റനിലും ഒക്കെ എൽസമ്മ സ്വന്തം ഭർത്താവ് ചാക്കോച്ചനെ നിരീക്ഷിക്കാനായി ചില പ്രൈവറ്റ് ഡിക്ടറ്റീവ്സിനേയും സദാചാര പോലീസിനെയും നിയോഗിച്ചിരിക്കുകയാണ്. അതുപോലെ ചാക്കോച്ചന്റെ കത്തുകൾ എൽസമ്മയുടെ കർശനമായ സെൻസറിംഗിനു ശേഷമെ ലഭിയ്ക്കാറുള്ളൂ. കറപുരണ്ട ഒരു ട്രെയിൻ യാത്ര...

# ഓർമ്മകളെ വിടതരൂ!

## സൈമൺ ജോർജ്ജ്

ജോസി ചിന്തയിലാണ്ടുകിടന്ന് മയങ്ങിപ്പോയതറിഞ്ഞില്ല. പെട്ടെന്ന് വാതിലിൽ മുട്ടുകേട്ട് അവൾ ഞെട്ടിയുണർന്നു. ചിന്തയുടെ ലോകത്തിൽനിന്നും തിരിച്ചുവരാൻ അവൾ കുറെ സമയമെടുത്തു. “കടന്നു വരൂ, ജോസി ആവുന്ന ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ആ വാർഡിലെ നേഴ്സായ ലത ഒരു പുഞ്ചിരിയോടെ വെള്ളക്കുപ്പായമിട്ട് ഒരു മാലാഖയെ പോലെ കടന്നുവന്നു. “എന്താണ് ജോസി ചിന്തിക്കുന്നത്?” ലതയുടെ പെട്ടെന്നുള്ള ചോദ്യം കേട്ട് ജോസി പരിസരബോധമുള്ളവളായി.

“ഇന്നും കുത്തിവയ്ക്കുമോ?” ജോസി ആകാംക്ഷ പൂണ്ട മുഖത്തോടെ ആരാഞ്ഞു.” “ഇന്നു മുതൽ കുത്തിവയ്ക്കണ്ടാന്നാണ് ജോസ് ഡോക്ടർ പറഞ്ഞത്.” ലത ഒരു മന്ദസ്മിതത്തോടെ ഉത്തരം നൽകി. ജോസി കൂടുതൽ ഉത്സാഹവതിയായി.

ജോസി വീണ്ടും സ്വപ്നലോകത്തേക്ക് വഴുതിവീണു. മോഹൻ ഇപ്പോൾ എവിടെയായിരിക്കും. എത്ര പെട്ടെന്നാണ് കാലത്തിന്റെ തിരശ്ശീലകൊഴിഞ്ഞു വീണത്. അഞ്ചാം ക്ലാസ്സിൽ ആദ്യത്തെ ദിവസം ചെന്നപ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് പ്രതീക്ഷിച്ചില്ല. ഇരുനിറവും, നീളൻമുടിയും, കൊലുന്നനെയുള്ള ദേഹപ്രകൃതിയും തന്നെ ഒരിക്കലും മോഹനെന്ന കുട്ടിയിലേക്ക് ആകർഷിച്ചില്ല. പക്ഷെ ഞാനറിയാതെ എന്റെ കണ്ണുകൾ മോഹനെ ക്ലാസ്സിൽ ബോറടിക്കുമ്പോൾ തഴുകാറുണ്ടായിരുന്നു. ഞാനറിയാതെ ക്ലാസ്സിന്റെ രോമാഞ്ചമായി ഞാൻ മാറി. നീളൻ മുടിയും, വലിയ കണ്ണുകളും, പുഞ്ചിരി വിടരുന്ന മുഖവും, സാമാന്യം പൊക്കവും ഉള്ള ഒത്തിണങ്ങിയ ഒരു പെൺകുട്ടി എങ്ങനെ ആൺകുട്ടികളുടെ ഹരമാകാതിരിക്കും.

ആയിടക്കാണ് മോഹൻ ക്ലാസ്സിലെ ലീഡറായത്. ഞാൻ സെക്രട്ടറിയായത് ഇപ്പോഴുമൊരു കടങ്കഥയാണ്. സ്കൂളിന്റെ മിക്ക പരിപാടികൾക്കും ഞാനും മോഹനും സഹകരിച്ചു പ്രവർത്തിച്ചു. ഈ

മുഹൂർത്തങ്ങളിലൂടെയായിരിക്കാം ഞങ്ങൾ അറിയാതെ സുഹൃത്തുക്കളായത്.

സുഹൃത്ബന്ധം മറ്റെന്തൊ ഒക്കെ ഒയി വളർന്നു. അത് പ്രേമമായിരുന്നൊ, അതൊ കൗമാരത്തിന്റെ ചപലമായ എന്തൊ മോഹങ്ങളായിരുന്നൊ.

ദിവസങ്ങളും മാസങ്ങളും വർഷങ്ങൾക്കു വഴിമാറികൊടുത്തു. ഞങ്ങൾ പത്താംക്ലാസ്സിൽ എത്തിയതറിഞ്ഞില്ല. ജീവിതത്തിന്റെ കോണിപ്പടികൾ ചവുട്ടിക്കയറാൻ വെമ്പൽപൂണ്ട ഞങ്ങൾ മാറിമാറി ഒന്നാം റാങ്ക് പങ്കിട്ടു. എസ്.എസ്.എൽ.സി ക്ക് ഡിസ്റ്റിംഗ്ഷനോടു കൂടി പാസ്സായ മോഹനും ഞാനും രണ്ടുവഴിക്കു പിരിഞ്ഞു. പക്ഷെ സ്നേഹബന്ധം കത്തുമൂലം ബലപ്പെട്ടുവന്നു. മോഹൻ നേവൽ അക്കാഡമിയിൽ ചേർന്നതായി ഞാനറിഞ്ഞു. ഞാൻ എം.ബി.എക്ക് ചേർന്ന് പഠിച്ചു.


വർഷകാലവും വേനൽക്കാലവും മത്സരിച്ചു വന്നുകൊണ്ടിരുന്നു. ഒരു സായംസന്ധ്യയിൽ എം.ബി.എ പരീക്ഷ കഴിഞ്ഞുവന്ന എന്നെ കാത്ത് ഒരു ലെറ്റർ വീട്ടിലെത്തി. മോഹൻ എന്നെ കാണാൻ വരുന്നു. വിവാഹകാര്യങ്ങൾ തീരുമാനിക്കണം. അപ്പോഴാണ് എനിക്ക് പരിസരബോധമുണ്ടായത്. ഒരു നസ്രാണിയായ എന്നെ, നായർ തറവാട്ടിൽ പിറന്ന മോഹൻ എങ്ങനെ വിവാഹം ചെയ്യും. പിറ്റെ ദിവസം മോഹൻ വീട്ടിലെത്തി. ഞാൻ മോഹനെ എല്ലാവർക്കും പരിചയപ്പെടുത്തി. അപ്പച്ചൻ നെറ്റി ചുളിച്ചു. അമ്മച്ചിക്ക് ആകപ്പാടെ അങ്കലാപ്പായി. വീട്ടിലെ മൂത്തവളായ ഞാൻ ഒരു നായർ ചെറുക്കനെ വരനായി സ്വീകരിച്ചാൽ എന്റെ അനുജത്തിമാരുടെ ഭാവി അവതാളത്തിലാകും. ജാതിമതഭേദങ്ങൾ ശരീരങ്ങൾ തിരിച്ചറിഞ്ഞു കാണും. പക്ഷെ എന്റേയും മോഹന്റെയും ഹൃദയങ്ങൾക്ക് ആ വ്യത്യാസം മനസ്സിലായില്ല. ഹൃദയത്തിന്റെ ഭാഷ സ്നേഹമാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ഞാൻ വളരെ പണിപ്പെട്ടു. പക്ഷെ അബലമായ എന്റെ വാക്കിന് ആരും വിലകൽപ്പിച്ചില്ല.

ഇതിനിടക്ക് അപ്പച്ചൻ എനിക്ക് വേറൊരു വിവാഹാലോചന കൊണ്ടുവന്നു. എന്റെ ഹൃദയത്തിൽ മോഹനും, മനസ്സിൽ ആത്മഹത്യയും തെളിഞ്ഞുവന്നത് പെട്ടെന്നാണ്. ഒരു രാത്രിയിൽ ഉറക്കഗുളികകളുടെ സഹായത്താൽ ഉറക്കമെന്ന മായാലോകത്തിലേക്ക്

ഞാൻ വഴുതി വീണു. നേരം വെളുത്തപ്പോൾ എന്റെ അനുജത്തി റോസി എന്തൊക്കെയോ സംശയത്താൽ അപ്പച്ചന്റെയടുത്ത് കാര്യം പറഞ്ഞു. അങ്ങനെ ഞാൻ ഈ ഹോസ്പിറ്റലിൽ അഡ്മിറ്റായി. മരിക്കാൻപോലുമനുവദിക്കാത്ത ഈ ക്രൂരമായ ലോകം, ഒരു ദുഃഖപുത്രിയായി ശപിക്കപ്പെട്ട ജീവിതം ഉന്തിനീക്കാനായി അനന്തമായ പാരാവാരത്തിലേക്ക് എന്നെ തള്ളിവിട്ടു.

വീട്ടിലെ തീരുമാനങ്ങൾക്ക് ഒരു വ്യതിയാനവും വന്നില്ല. അങ്ങനെയാണ് ഡോക്ടർ ജോസിന്റെ ഭാര്യയായി ഞാൻ അമേരിക്കയിലെത്തിയത്. എനിക്ക് ഭേദപ്പെട്ട ഒരു കമ്പനിയിൽ ജോലി കിട്ടി. കാലം ആർക്കും വേണ്ടി കാത്തുനിന്നില്ല. ഒരു ദിവസം പരിചയമുള്ള കൈപ്പടയോടുകൂടിയ ഒരു ലെറ്റർ എനിക്കു കിട്ടി. അത് പൊട്ടിച്ചുവായിക്കുമ്പോളാണ് ഡോർബെൽ മുഴങ്ങിയത്. ജോസി ചെന്ന് വാതിൽ തുറന്നു. കെൻസൻ, തന്റെ മൂത്തമോൻ സ്കൂളിൽ നിന്നുമെത്തിയതാണ്. “ആരുടെ എഴുത്താണ് മമ്മി ഇത്.” കെൻസന് വളരെ ആകാംക്ഷയായി. കെൻസൻ കാണാതെ ജോസി കണ്ണുനീരൊപ്പി. മോഹൻ രക്തം ശർദ്ദിച്ച് ആശുപത്രിയിൽ അഡ്മിറ്റായി. മദ്യത്തിനടിമയായ മോഹൻ ഇനി അധികം നാളുകളില്ല. മോഹനാണ് കത്തെഴുതിയിരിക്കുന്നത്. മതത്തിന്റെ വേലിക്കെട്ടുകൾ എത്ര മൃദുലഹൃദയങ്ങളെയാണ് തകർക്കുന്നത്. “മമ്മീ എന്താണ് ആലോചിക്കുന്നത്.” കെൻസന്റെ ആകാംക്ഷ പൂണ്ട ചോദ്യം കേട്ട് ജോസി ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു.

# വികസനം താളം തെറ്റിച്ച ജീവിതം
## പി.പി. ചെറിയാൻ



കേരളത്തിന്റെ സാംസ്കാരിക തലസ്ഥാന മായി അറിയപ്പെടുന്ന പൂരങ്ങളുടെ നാട്ടിൽ നാലു വർഷത്തെ ഇടവേളക്കുശേഷമാണ് വീണ്ടും എത്തിച്ചേർന്നത്. ചുരുങ്ങിയ ദിവസങ്ങൾക്കു ള്ളിൽ നിരവധി കാര്യങ്ങൾ ചെയ്തുതീർക്കേണ്ട തുണ്ട്. സന്ദർശനത്തിന്റെ മുഖ്യഅജണ്ടയിൽ ഒന്ന് കോട്ടയത്ത് നടക്കുന്ന ഒരു സമ്മേളനത്തിൽ പങ്കെടുക്കുക എന്നതായിരുന്നു. ഇന്ത്യൻ സ്വാത ന്ത്ര്യദിനാഘോഷങ്ങൾ എല്ലായിടവും പൊടിപൊ ടിക്കുന്നു. സമയം രാവിലെ പത്തുമണി. പതിനൊന്നു മണിക്ക് തൃശൂർ റെയിൽവേ സ്റ്റേഷനിൽ എത്തണം. വീട്ടിൽ നിന്നിറങ്ങി റോഡിലെത്തിയതും ഒരു ഓട്ടോറിക്ഷയിൽ കയറി. മൂന്നു കിലോ മീറ്റർ ദൂരെയുള്ള റെയിൽവെ സ്റ്റേഷനിലേക്ക് ഓട്ടോറിക്ഷയിൽ യാത്ര ചെയ്യുമ്പോൾ പഴയ ഗ്രാമത്തെ കുറിച്ചുള്ള സ്മരണകൾ മന സ്സിൽ നിന്നും പൂർണ്ണമായും മാഞ്ഞിരുന്നില്ല. ഗ്രാമമെന്നുള്ളത് ഇന്നൊരു പഴങ്കഥയായി മാറിയിരിക്കുന്നു. ഒരു ചെറിയ കാറ്റടിച്ചാൽ പോലും റോഡുനിറയെ കൊഴിഞ്ഞുവീഴുന്ന ഞാവൽ പഴങ്ങൾ നിറഞ്ഞു നിന്നിരുന്ന മരങ്ങളും, റോഡിനെ ചുവന്ന പരവതാനി യാക്കി മാറ്റുന്ന ചുവന്ന പൂക്കൾ തിങ്ങിനിറഞ്ഞ മല്ലിവാൾ മരങ്ങളും ഇടതൂർന്ന് നിന്നിരുന്ന റോഡിനിരുവശവും ഇന്ന് കോൺക്രീറ്റ് കെട്ടി ടങ്ങൾ ഉയർന്ന് നിൽക്കുന്നു. ഗ്രാമം കോർപ്പറേഷന്റെ ഭാഗമായി മാറിയതായി ഒറ്റനോട്ടത്തിൽ തന്നെ വ്യക്തമാകും. റെയിൽവെ സ്റ്റേഷനു മുമ്പിൽ ഓട്ടോറിക്ഷ എത്തിയതുപോലും അറിഞ്ഞില്ല. ഓട്ടോറിക്ഷയിൽ നിന്നിറങ്ങി നേരെ ടിക്കറ്റ് കൗണ്ടറിന് മുമ്പിലെ ത്തി. ഒഴിവു ദിനമായതിനാൽ കൗണ്ടറിനു മുമ്പിൽ യാത്രക്കാർ കുറ വായിരുന്നു. 65 രൂപ (1 ഡോളർ) നൽകി കോട്ടയത്തേക്കുള്ള ടിക്കറ്റ് എടുത്ത് ഫ്ളാറ്റ് ഫോമിൽ എത്തിയതും ഏതോ ദിശയിൽനിന്നും പാഞ്ഞടുക്കുന്ന ട്രെയിന്റെ ചൂളംവിളി കേട്ടു.

ഈ ട്രെയിൻ എങ്ങോട്ടാണ്? തലയിൽ ചുവന്ന തോർത്തു മുണ്ടും നീല ഷർട്ടും കാവി മുണ്ടും ഉടുത്ത് സാധനങ്ങൾ തള്ളിക്കൊണ്ടുപോകുന്ന ട്രോളിയിൽ ഇരുന്ന പോർട്ടറോടു ചോദിച്ചു. “ഇത് വടക്കോട്ടു പോകുന്ന ട്രെയിനാണ്. സാറിന് എങ്ങോട്ടാണ് പോകേണ്ടത്!” “കോട്ടയത്തേക്ക്;” “ആ ട്രെയിൻ ലേറ്റാണ്. പതിനൊന്നരയെങ്കിലും ആകും” “ഞാൻ ഇവിടെ ഇരുന്നോട്ടേ.” തലയാട്ടിയപ്പോൾ പോർട്ടറുടെ സമീപം ഇരുന്നു. “രാവിലെ തുടങ്ങിയ ഇരുപ്പാണ് യാത്രക്കാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞു എന്റെ വായിലെ വെള്ളം വറ്റി. കൗണ്ടറിൽ ചോദ്യങ്ങൾ ചോദിക്കരുത് എന്ന് എഴുതിവെച്ചിട്ടുണ്ട്. ടിക്കറ്റെടുത്തവർ ഫ്ളാറ്റ്ഫോമിൽ എത്തിയാൽ ആദ്യം എന്നോടാണ് കാര്യങ്ങൾ തിരക്കുന്നത്. വായിലെ വെള്ളം വറ്റിയാലും യാത്രക്കാരെ സഹായിക്കുകതന്നെ” പോർട്ടറുടെ ആത്മഗതം! ചില നിമിഷങ്ങൾ പിന്നിട്ടപ്പോൾ ഞാൻ ചോദിച്ചു “ചേട്ടന്റെ പേരെന്താണ്.” “എന്റെ പേര് പൗലോസ്.” “എത്ര വർഷമായി ഇവിടെ തൊഴിലെടുക്കുന്നു.” “അതൊന്നും പറയണ്ട സാറെ. ഇപ്പോൾ എനിക്ക് അറുപത്താറു വയസ്സായി. ഇരുപത് വയസ്സിൽ തുടങ്ങിയതാണ്.” ഒന്നും കൂടുതൽ ചോദിക്കാതെ തന്നെ പൗലോസേട്ടൻ തന്റെ ജീവിതാനുഭവങ്ങളുടെ കെട്ടഴിച്ചു.

ഇതിനു സമീപം പുറമ്പോക്കിലെ ഒരു ചെറിയവീട്ടിലാണ് താമസം. ഭാര്യയും ഒരു മകനും, ഒരു മകളും. പിള്ളേരുടെ തള്ള (ഭാര്യ) വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയി. ഇവിടെ നിന്നും കിട്ടിയിരുന്ന വരുമാനംകൊണ്ടാണ് മക്കളെ വളർത്തിയത്. അവരെ പഠിപ്പിച്ചു നല്ല നിലയിലെത്തിക്കണമെന്നായിരുന്നു മോഹം. മൂത്തമകൾ പത്തിൽ തോറ്റപ്പോൾ പഠിപ്പു നിർത്തി. പിന്നെ ഒന്നും ആലോചിച്ചില്ല. അവളെ ഒരു ചെറുക്കന് കെട്ടിച്ചു കൊടുത്തു. മൂന്നു മക്കളും ഭർത്താവുമായി അവൾ തട്ടിമുട്ടി കഴിയുന്നു. മകൻ എട്ടുവരെ പഠിച്ചു. പഠിക്കാൻ അവനൊട്ടും താൽപര്യമില്ലായിരുന്നു. പുറത്ത് ചില്ലറ പണികളെല്ലാം ചെയ്യും. കിട്ടുന്ന കാശിൽ ഭൂരിഭാഗവും തിന്നും, കുടിച്ചും കഴിയും. ബാക്കി വല്ലതുമുണ്ടെങ്കിൽ തരും. ഇരുപത്തിമൂന്ന് വയസ്സായപ്പോൾ അവനേയും ഒരുത്തിയെക്കൊണ്ട് കെട്ടിപ്പിച്ചു. ഭാര്യയ്ക്ക് ജോലിയൊന്നുമില്ല. നാലു മക്കളുണ്ട്. നാലുപേരും പഠിക്കുന്നു. അവർക്ക് വലിയ ഗതിയൊന്നുമില്ല ഈ വയസ്സുകാലത്ത് അവരെക്കൂടി

പോറ്റേണ്ട ചുമതലകൂടി എന്റെ തലയിലായി.

ആദ്യകാലങ്ങളിൽ ലഭിച്ചിരുന്ന വരുമാനമൊന്നും ഇന്നില്ല. സാറ് ഈ ഫ്ളാറ്റ് ഫോം കണ്ടോ? പണ്ട് ഇവിടെ കുണ്ടും കുഴിയുമായിരുന്നു. വളരെ സൂക്ഷിച്ചുവേണമായിരുന്നു നടക്കാൻ. യാത്രക്കാരുടെ കൈവശം വലിയൊരു ട്രങ്ക് പെട്ടി കൂടെ ഉണ്ടായിരുന്നു. ട്രങ്ക് പെട്ടി ചുമക്കുന്നതിനും, ട്രെയിനിൽ സീറ്റു പിടിച്ചു കൊടുക്കുന്നതിനും ന്യായമായ പ്രതിഫലം ലഭിച്ചിരുന്നു.

ഇന്ന് സ്ഥിതിയാകെ മാറി. ഫ്ളാറ്റ് ഫോം തറയെല്ലാം മനോഹരമാക്കിയിരിക്കുന്നു. ഇന്ന് ആരും പെട്ടി താങ്ങിപ്പിടിച്ചു വരാറില്ല. എല്ലാ പെട്ടികൾക്കും ഉരുട്ടാനുള്ള ചക്രം ഉള്ളതിനാൽ അവർ തന്നെ അതുരുട്ടി നേരത്തെ റിസർവ് ചെയ്തിരിക്കുന്ന സീറ്റിൽ കയറിയിരിക്കും. ഇപ്പോൾ ഞങ്ങളുടെ ആവശ്യമൊന്നുമില്ല. പിന്നെ ആരെങ്കിലും സഹായത്തിന് വിളിച്ചാൽ ആയി. ഇത്രയും കേട്ടുകഴിഞ്ഞപ്പോൾ ഒരു കുസൃതിചോദ്യം. “മദ്യപിക്കാറുണ്ടോ?” “ഇപ്പോളില്ല. ഭാര്യ മരിക്കുന്നതുവരെ ഇഷ്ടംപോലെ മദ്യപിക്കുകയും മദ്യപിച്ചു കഴിഞ്ഞാൽ ഞാൻ അവളെ നല്ലതുപോലെ തല്ലുകയും ചെയ്തിരുന്നു. എന്റെ ഭാര്യ ഒത്തിരി അനുഭവിച്ചു. എന്നാലും അവൾക്ക് എന്നോടു വലിയ സ്നേഹമായിരുന്നു. രാവിലെ ജോലിക്ക് പോകുമ്പോൾ പറയും ഇന്ന് രാത്രി വരുമ്പോൾ മദ്യപിക്കരുതെന്ന്. അവളുടെ മരണം വരെ എനിക്കത് പാലിക്കാനായില്ലെങ്കിലും, മരണശേഷം ആത്മാവിനെങ്കിലും ശാന്തി കിട്ടുന്നതിന് മദ്യപാനം ഞാൻ പാടെ വേണ്ടെന്ന് വെച്ചു.”

“രാവിലെ മുതൽ ഇതുവരെ എന്തെങ്കിലും പണി കിട്ടിയോ?” “ഒരു പൈസായുടെ പണിപോലും കിട്ടിയില്ല.” “രാവിലെ മുതൽ രാത്രിവരെ ജോലി ചെയ്താൽ അഞ്ഞൂറുരൂപയെങ്കിലും ലഭിക്കുമോ?” “അഞ്ഞൂറുപോയിട്ടു മുന്നൂറുരൂപ കിട്ടിയാൽ പിന്നെ ഒരു മിനിട്ടുപോലും ഇവിടെയിരിക്കാതെ നേരെ കൊച്ചുമക്കളുടെ അടുക്കൽ എത്തും.”

പൗലോസേട്ടന്റെ കഥ കേട്ടപ്പോൾ മനസ്സിൽ എന്തോ ഒരസ്വസ്ഥത. പോക്കറ്റിൽ നിന്നും 300 രൂപ (5 ഡോളർ) എടുത്ത് കൈയിൽ കൊടുത്തു. ഇരുകൈകളും കൂപ്പി എന്റെ നേരെ ഉയർത്തിയപ്പോൾ ആ കണ്ണുകളിൽ വിടർന്ന അത്ഭുതവും, നിറഞ്ഞു തുളുമ്പുവാൻ

വെമ്പുന്ന കണ്ണീർകണങ്ങളും എന്റെ കണ്ണുകളേയും ഈറനണിയിച്ചു.

വടക്ക് നിന്നും ചീറിപ്പാഞ്ഞുവന്ന ട്രെയിനിന്റെ ചൂളം വിളി കേട്ട്, "സാറെ ഇത് സാറിന് കോട്ടയത്തേക്ക് പോകുന്നതിനുള്ള ട്രെയിനാണ്." പെട്ടെന്ന് ഇരുന്നിടത്ത് നിന്ന് എഴുന്നേറ്റു എന്നെയും കൂട്ടി ഒരു കമ്പാർട്ടുമെന്റിന് സമീപം എത്തി. "ഇതിലെ ഭൂരിഭാഗം യാത്രക്കാരും തൃശൂരിൽ ഇറങ്ങും." പൗലോസേട്ടൻ കമ്പാർട്ടു മെന്റിന്റെ വാതിലിന് മുമ്പിൽ കൂട്ടംകൂടി നിന്ന യാത്രക്കാർക്കിടയി ലൂടെ അകത്തു കയറി ജനലിന് സമീപമുള്ള ഒരു സീറ്റിലിരുന്നു. യാത്രക്കാർ അകത്തു കയറി കഴിഞ്ഞപ്പോൾ ഞാനും അകത്തു കയ റി. പൗലോസേട്ടൻ ഇരുന്ന സീറ്റിൽ എന്നെ ഇരുത്തിയശേഷം എന്റെ ഇരുകൈകളും കൂട്ടിപ്പിടിച്ചു ചുംബിച്ചു. പൗലോസേട്ടൻ എന്ന പോർട്ട റുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്ന നിഷ്കളങ്കതയും, കൃതജ്ഞ തയും ആ മുഖത്ത് പ്രതിഫലിച്ചിരുന്നു. ട്രെയിനിനു പുറത്തിറങ്ങി ഞാൻ ഇരുന്നിരുന്ന സീറ്റിനു സമീപമുള്ള ജനലിനരികെ വന്നു നിന്നു. സ്റ്റേഷൻ മാസ്റ്റർ ബെൽ അടിക്കുന്ന ശബ്ദം മുഴങ്ങിയതോടെ ഗാർഡ് പച്ചക്കൊടി പുറത്തേക്ക് നീട്ടി വീശി. ചൂളംവിളിയോടെ മുന്നോട്ടു പാഞ്ഞ ട്രെയിൻ കണ്ണിൽനിന്നും മറയുന്നതുവരെ ഇരു കൈകളും വീശി എന്നെ യാത്രയാക്കിയ പൗലോസേട്ടന്റെ രൂപം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു.

പൗലോസേട്ടനെപ്പോലെ എത്ര തൊഴിലാളികൾ ആധുനിക വൽക്കരണത്തിന്റെയും, വികസനത്തിന്റെയും പേരിൽ തൊഴിൽ നഷ്ടപ്പെട്ട് നട്ടം തിരിയുന്നു. ഇവർക്ക് പകരം തൊഴിൽ നൽകുന്ന തിനോ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ചു പ്രായോഗിക പരി ഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനോ ആരെങ്കിലും തയ്യാറാ കുമോ?

വികസനത്തിന്റെ കുത്തക അവകാശപ്പെടുകയും, അതിൽ ഊറ്റം കൊള്ളുകയും ചെയ്യുന്ന ഭരണാധികാരികളും, സമ്പന്ന വർഗ്ഗവും അതിന്റെ മാധുര്യം മതിവരുവോളം ആസ്വദിക്കുമ്പോൾ പരിണിതഫലമായി തൊഴിൽ നഷ്ടപ്പെടുന്നവർ, നിത്യവൃത്തിക്ക് വകയില്ലാത്തവർ, കുടുംബം പുലർത്താൻ പാടുപെടുന്നവർ വിക സനത്തിൽ പരിഭവിക്കുകയോ, വികസനത്തെ പഴിക്കുകയോ ചെയ്താൽ ആർക്കാണ് അവരെ കുറ്റപ്പെടുത്താനാകുക?

# പ്രയാണം

**ജോസഫ് മണ്ടപം**



മരീചിക തേടുന്ന ജീവിതം!

എന്തിനാണ്

എന്താണ്

പരക്കം പാച്ചിൽ

പലരേയും, പലതിനെയും

തട്ടിയിട്ട് തളർത്തി

മനസിന്റെ പരക്കംപാച്ചിൽ

വലിയവനാകണം

മറ്റാരേയുംകാൾ വലിയവനാകണം. സ്വയംമറന്നു സ്വന്തം കുഞ്ഞുങ്ങളെ മറന്നു. കുടുംബം, കുടുംബബന്ധങ്ങൾ എല്ലാം എല്ലാം - പലതും മറന്നു.

ബാല്യത്തിലെന്നോ കളഞ്ഞുപോയതിന്റെ പക പോക്കൽ. എല്ലാം തിരിച്ചുപിടിയ്ക്കണം. വലിയവനാകണം. കാരണവന്മാരുടെ മർക്കടമുഷ്ടി മാതാപിതാക്കന്മാരുടെ ദയനീയത, ബന്ധുക്കളുടെ നിസംഗത. എന്തു സംഭവിച്ചാലും, എനിയ്ക്ക് വലിയവനാകണം.

സമൂഹത്തിൽ പേരും പെരുമയും നേടണം. ഇല്ലെങ്കിൽ വില കൊടുത്ത് വാങ്ങണം.

എന്തിനുവേണ്ടി

ആർക്കുവേണ്ടി

ഒരിടത്തേയ്ക്കുള്ള ഓട്ടം

അവിടെ എത്തിയാൽ തീർന്നു!

എല്ലാം അവസാനിയ്ക്കും.

മരണം!

എല്ലാത്തിന്റെയും അവസാനം പകയും, വാശിയും, വൈരാഗ്യവും എല്ലാം അവിടെ അവസാനിക്കുന്നു.

ജീവിതയാത്രയിലെ പങ്കാളികൾ - തിരിച്ചറിവു വന്ന നാൾമുതൽ... പുരുഷന്റെ നിയന്ത്രണം. പുരുഷമേധാവിത്വം എന്ന് തീരെ അർത്ഥമില്ലാ. സ്ത്രീയും പുരുഷനും നിയന്ത്രിക്കുന്നു. കുഞ്ഞുങ്ങൾ അത് ആസ്വദിച്ചുവളരുന്നു.

എന്നാൽ... കുഞ്ഞുപഠിച്ചപാഠങ്ങൾ തിരിഞ്ഞുമറിയുന്നു. പലതും മാറി മറിയുന്നു.

പ്രകൃതി നിയമങ്ങൾ.... അതു മാറ്റാൻ പറ്റുമോ. മറക്കാൻ പറ്റുമോ

പത്തുമാസം ചുമന്ന് വേദന അനുഭവിച്ച് നൊന്തുപ്രസവിച്ച മാതൃത്വം, അമ്മ!

ഒരു ശക്തിയ്ക്കും പ്രപഞ്ചത്തിൽ അറിയപ്പെട്ട ഒരു ശക്തിക്കും നിയന്ത്രണമില്ലാത്ത മാതൃസ്നേഹം.

അമ്മ!

ആ അമ്മയേയും തള്ളിപ്പറഞ്ഞു. അവഗണിച്ചു. എന്തിനു വേണ്ടി?

ബാലചാപല്യങ്ങൾക്ക് കൂട്ടുനിന്ന കാരണവന്മാർ. മൂന്ന് പെൺകുട്ടികൾക്കുശേഷം ജനിച്ച ആദ്യത്തേ ആൺതരി. ആൺകുഞ്ഞല്ലേ - കുശ്രുതി! സാരമില്ലാ. മിടുക്കനാകും.

അനുഗ്രഹങ്ങൾ

അനുമോദനങ്ങൾ

സംശയം തോന്നിയില്ലാ

മകൻ മിടുക്കനാകും

എല്ലാം നന്ന്

മകൻ മിടുക്കനായി

പലവീടുകൾ വാടകയ്ക്ക്. വാടകയിനത്തിൽത്തന്നെ നല്ലൊരു വരുമാനം. പിന്നെയും മനസ് എന്തിനാണ് തേങ്ങുന്നത്.

എങ്ങിനെ, എന്തിന് ഞാനിവിടെ എത്തി.

വർഷങ്ങൾക്കുമുമ്പ് ജർമ്മനിയിൽ ഉപരിപഠനത്തിന് പോയ - കസിൻ - അച്ചൻ - വൈദികൻ. അച്ചന്റെ പഠനം പൂർത്തിയായ തോടൊപ്പം ഒരു ഹോസ്പിറ്റലിൽ വച്ച് കണ്ടു - പല പ്രാവശ്യം.

ഒരു താല്പര്യം. തെറ്റ് അച്ചന്റെ ഭാഗത്താണെന്നും- അതല്ല, നേഴ്സ മ്മായി കേറി മുട്ടിയതാണെന്നും...

എന്തായാലും കസിൻ ഊരി, ഒത്തിരി പേർ പറഞ്ഞ് വലുതാ കുന്നതിനുമുമ്പ്, അമേരിയ്ക്കയിലെത്തി. ആ കസിന്റെ സഹായ ത്തോടെ ഞാനും എത്തി – അമേരിക്കയിൽ

അമേരിയ്ക്കക്ക് പോരുന്നതിന് മുൻപ് ഞാൻ പട്ടാളത്തിലാ യിരുന്നു. അവിടെ നിന്നും തോന്നുമ്പോൾ വിട്ടുപോരത്തില്ലല്ലോ... ഒരു ദിവസം രാവിലത്തെ പരേഡ് സമയത്ത് മലർന്നടിച്ചു വീണു. ഡോക്ടറെത്തി – കാണേണ്ടതുപോലെ കണ്ടു. “ഇയാളുടെ നട്ടെ ല്ലിന് തകരാർ” മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ രക്ഷ പ്പെട്ടു – സായിപ്പിന്റെ നാട്ടിലെത്തി. (തെറ്റിദ്ധരിയ്ക്കല്ലെ – പത്ത് മുപ്പത് വർഷം മുൻപാണ്)

അമേരിയ്ക്കയിലെത്തി, തട്ടീം മുട്ടീം കഴിയുന്നതിനിടയിൽ – ഒരു ദിവസം ഒരു സുഹൃത്തിന്റെ കുട്ടിയുടെ ജന്മദിനാഘോഷ ങ്ങൾക്കായി ക്ഷണിച്ചു – പോയി... കള്ള് മൂത്തപ്പോൾ സുഹൃത്തിന്റെ ഉഗ്രൻ ഉപദേശം. എടോ തനിയ്ക്ക് ഒരത്യാവശ്യം മരുന്നിന്റെ പേരൊക്കെ അറിയാമല്ലോ. ഇവിടെ ചില സ്ഥലങ്ങളിൽ പരീക്ഷ യുടെ ചോദ്യങ്ങൾ വിലയ്ക്ക് കിട്ടും. കാണാപാഠം പഠിച്ചെഴുതി യാൽ – താൻ രക്ഷപ്പെടാനൊരു വഴി പറഞ്ഞതാ – ഒത്താൽ ആർ എൻ ആകാം. കുരങ്ങിൻകുഞ്ഞിന് ഏണി വച്ചുകൊടുത്ത മാതിരി...

മാത്രവുമല്ലാ. നാട്ടിൽനിന്നും പുതുതായി വരുന്ന... വ... ർ... ക്ക് ഈ ലൈൻ ഇണക്കിയാൽ ലാഭം പലതാണ്. എന്തായാലും തന്റെ ഭാര്യ വരണേൽ ഇനീം നാളുകളെടുക്കും. അതുവരെ വില സാം. നാട്ടിൻപുറത്തുകാരനായ എനിയ്ക്ക് ഞാനിഷ്ടപ്പെട്ടിരുന്ന പെണ്ണിനെ വിവാഹം കഴിയ്ക്കാൻ സാധിച്ചില്ലാ... കാർണോമ്മാരുടെ ഭീഷണി!

താലി കെട്ടിയവൾ നാട്ടിലും. പരീക്ഷ എഴുതി ജയിച്ചു.

അങ്ങനെ – എന്റെ Occipation... R.N.

അങ്ങിനെ... നാട്ടിൽ നിന്നും പുതുതായി വരുന്ന കൊച്ചുങ്ങളെ പരീക്ഷയ്ക്ക് "HELP" ചെയ്തും കുറേശ്ശെ ജോലീം – ശരിയ്ക്കങ്ങു വിലസ്സി. കൊറേ Helping-ഉം നടന്നു.

അതിന്നിടെ മുടിയാൻ - സ്വന്തം ഭാര്യ വന്നു പെട്ടു. എന്റെ സ്വന്തം നിറം പ്രിയപ്പെട്ടവൾ അറിയുന്നതിനു മുൻപ് - നോർത്തില പ്പിടി ഐസാണ് തണുപ്പാണ് - സൗത്തിലോട്ടു മാറി.

പിന്നെ സ്വന്തം ഭാര്യയ്ക്ക് "HELP" കാലം കാത്തുനിന്നില്ലാ.

ദിവസങ്ങൾ...

മാസങ്ങൾ...

വർഷങ്ങൾ...

രണ്ടു പൊന്നോമന കുഞ്ഞുങ്ങൾ. സുഖം! സുഭിക്ഷം!

എന്തെല്ലാമായിട്ടും... മനസ്സിൽ തേങ്ങൽ.

ഞാൻ എന്തു നേടി! നേട്ടങ്ങളേക്കാൾ തോൽവികളായിരു ന്നില്ലേ കൂടുതൽ.

എന്തോ ചിലത് മറന്നതുപോലെ. ബാങ്കിൽ അക്കങ്ങൾ കൂടി യപ്പോൾ പലതും മറന്നു. പ്രിയപ്പെട്ട...! ഭാര്യയേയും അക്കങ്ങളുടെ വർദ്ധനവിനായുള്ള ഉപകരണമാക്കാൻ ശ്രമിച്ചു. ബന്ധങ്ങൾ ശിഥി ലമായി. ഭാര്യാ-ഭർതൃ മേധാവിത്വത്തിന്റെ - കണക്കുകൾ... മനസു കളിലെ പോറൽ... ആഴം കൂടുകയായിരുന്നു.

ഞാൻ കൊടുത്ത കുഞ്ഞിനെ സ്വയം വഹിച്ച്, കരുത്തും ശക്തിയും നല്കിയ “സ്ത്രീ” - മാതാവ് - ഭാര്യ. ആ ബന്ധത്തിന്റെ പവിത്രത, ഒക്കെ മറന്നു. എന്റെ കുടുംബത്തിലുള്ള ചിലരെ ഇവിടെ എത്തിച്ചു. എന്റെ പാവം ഭാര്യ. തണുത്ത വെളുപ്പാൻകാലത്ത് - അമേരിക്കൻ ഓഫീസിന്റെ മുൻപിൽ - മണിക്കൂറുകളോളം കാത്തു നിന്നു. കൂട്ടിന്നാരും ഇല്ലാത്തതിനാൽ - സ്വന്തമാകുമ്പോൾ അതല്ലേ നന്ന്. അവരും അകന്നുപോയി. വേദന ആളിപ്പടർന്ന മനസ്സുകൾ. ജീവിതങ്ങൾ...

തകർച്ചകൾ... ഒന്നും അറിഞ്ഞില്ല. പക്വത വരാത്ത കുരുന്നുമ നസ്സുകൾ സ്വന്തം മാതാപിതാക്കളെ - അവരുടെ ചവിട്ടടികൾ പിന്ത ടരുവാനാഗ്രഹിച്ച കുരുന്നുകൾ...

ആ പിഞ്ചോമനകൾക്കാവശ്യമായ സ്നേഹം. ഇല്ല.... എനി യ്ക്കാവുന്നില്ല. മനസ്സ് പരക്കം പായുന്നു. മുൻപിലെത്തണം. മറ്റാരേ യുംകാൾ വലിയവനാകണം.

# ബ്രൗൺ ബാഗ്

## മാത്യു വെള്ളമറ്റം



എഴുത്തും വായനയും കഴിഞ്ഞ് നടുവ് നിവർത്താൻ കിടന്ന ദേവൻ നിമിഷനേരം കൊണ്ട് ഗാഢനിദ്ര പ്രാപിച്ചു.

രാവിലെ ഉണർന്നതേ എഴുതിയതത്രയും ആരെയെങ്കിലും വായിച്ചുകേൾപ്പിക്കാൻ പല രേയും വിളിച്ചുനോക്കി. അവസാനം കിട്ടിയ ഓന്നൻകുട്ടിയെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. ഇന്നിനി യാത്ര ചെയ്യാൻ വയ്യ. ദേവൻ വിട്ടില്ല. അവസാനം സമ്മതം മൂളി.

വരുന്നവഴിയിൽ സ്പെക്സിന്റെ കടയുണ്ട്. ഒരു പൈന്റുകൂടി വാങ്ങിച്ചോളണേ!! അവിടെ ആണേൽ ഇൻഡ്യാക്കാരുടേതിനേക്കാൾ വില കുറച്ചുകിട്ടും.

“അതുവേണോ? ഉമാദേവി ഉടക്കിയാലോ?!”

“അതൊന്നും സാരമില്ല. സാധനം മുൻവശത്തുള്ള ചെടിച്ചട്ടി യുടെ ചുവട്ടിൽ വെച്ചാൽ മതി.”

കാർ എടുത്ത് ഓന്നൻകുട്ടി ഇറങ്ങി. ബിസോനട്ടിലെ സ്പെക്സിൽ കയറി ഒരു പൈന്റ് ഓർഡർ ചെയ്തു. സപ്ലയർ ബിൽ അടിച്ച് അതൊരു ബ്രൗൺബാഗിൽ ഇട്ടുതന്നു. നേരെ ദേവന്റെ വീട്ടി ലേക്ക് തിരിച്ചു.

ധൃതിയിൽ കാറിൽ നിന്നിറങ്ങി കോളിങ്ങ്ബെല്ലിൽ കൈവെ ച്ചപ്പോഴാണ് ദേവന്റെ സാധനത്തിന്റെ കാര്യം ഓർത്തത്. ഓടിപ്പോയി കാർ തുറന്ന് ബ്രൗൺ ബാഗ് എടുത്തു വന്നപ്പോഴേക്ക് ഉമാദേവി വാതിൽ തുറന്നു. കയ്യിൽ ഇരുന്ന ബാഗ് മറച്ചുപിടിച്ചെങ്കിലും അവർ അതുകണ്ടു. ഒന്നു തലയാട്ടി. അകത്തേക്ക് തിരിഞ്ഞ സമയം സാധനം ചെടിച്ചട്ടിയിൽ താഴ്ത്തി.

ദേവൻ എവിടെ?

"ദാണ്ടെ ആ ബാക്ക് യാർഡിൽ കുത്തിയിരിപ്പുണ്ട്. കഥയോ കവിതയോ എന്തൊക്കെയോ കുത്തിക്കുറിയ്ക്കുന്നു."

ഓന്നൻകുട്ടി അകത്തു പ്രവേശിച്ച് ബാക്ക് യാർഡിൽ എത്തി. ക്രീക്കിനരുകിലുള്ള വലിയ ചോലമരത്തിന്റെ കീഴിൽ ദേവൻ ഇരുന്നു കുത്തിക്കുറിയ്ക്കുന്നു.

"എന്താ ആശാനെ വല്ല ചീങ്കണ്ണിയും വരുന്നുണ്ടോ എന്നു നോക്കുകയാണോ?"

"വരണം വരണം നിങ്ങളേക്കാൾ വലിയ ചീങ്കണ്ണി എവിടെ ഇരിയ്ക്കുന്നു!"

"നല്ല കട്ടം ചായ ഇടട്ടെ?" ഉമാദേവി. "ആർക്കുവേണമെടീ നിന്റെ ചായ" - ദേവൻ. "എനിക്കുടനെ തിരിച്ചുപോകണം. ഞാൻ ചായ കുടിയ്ക്കാം."

ഉമാദേവി വാതിൽ അടച്ച് അകത്തേക്കു പോയി.

"മറ്റവനെ എവിടെ വച്ചു" "പറഞ്ഞിടത്തുതന്നെ."

കഥാപാരായണവും ചായകുടിയും കഴിഞ്ഞ് ഓന്നൻകുട്ടി യാത്രയായി.

ആർത്തി പൂണ്ട് ദേവൻ ചെടിച്ചട്ടിയുടെ അടുത്തേക്കോടി കുപ്പി എടുത്ത് മടാമടാന്ന് വായിലേയ്ക്ക് ഒഴിച്ചു. ഉടൻ തന്നെ കാർക്കിച്ചു തുപ്പിയിട്ട്

ഇതെന്താ ഒരു ചായയുടെ രുചി. അവളെന്നെ പററിച്ചല്ലോ!!

"എടീ" എന്നലറിക്കൊണ്ട് അകത്തേയ്ക്കു പറഞ്ഞു.

ഉമാദേവി അപ്പോഴേയ്ക്കും ബെഡ്റൂമിൽ കയറി കതകടച്ച് ലോക്ക് ചെയ്തിരുന്നു!!!

# ഫൺ ബാക്ടിറസ് (Fun Bactirus)

## മോട്ടി മാത്യു

രാത്രി

ഫോൺബെൽ കേട്ട് കണ്ണു തുറന്നു... ക്ലോക്കിൽ സമയം 11:14 PM തെളിഞ്ഞുനിന്നു. ഏതോ പരിചയമില്ലാത്ത നമ്പർ ആണ്...

ഹലോ! ഇത് ഞാൻ ആണ്... ചെന്നൈയിൽ നിന്നും വൈദി!

ഹലോ : വൈദ്യനാഥാ എന്താണ് ഈ സമയത്ത്.

വൈദി : "നീ മണിരത്നത്തിന്റെ അപ്പോയിന്റ്മെന്റ് ചോദിച്ചില്ലേ"... അത് റെഡിയാണ്... "ശനിയാഴ്ച 6 മണിക്ക്... ചെന്നൈ അഡയാർ ഷെറാട്ടനിൽ..."

"വൈദി നീ കാര്യമായിട്ട് പറഞ്ഞതാണോ!" അയാൾ അത് കേൾക്കാതെ തന്നെ ഫോൺ നിലച്ചു.

ഞാൻ എഴുന്നേറ്റു യാന്ത്രികമായി. ഫ്രിഡ്ജ് തുറന്നു കുറച്ചുവെള്ളം കുടിച്ചു. തിരിച്ചു വന്നപ്പോൾ കതകടയുന്ന ശബ്ദം കേട്ട് ഭാര്യ ഉണർന്നു

എന്താ!... ആരാ... എന്തുപറ്റി!

ഞാൻ പറഞ്ഞു. "വൈദ്യനാഥൻ, സ്വാമി."

എന്റെ കോളേജ് സഹപാഠി. ചെന്നൈയിൽ കാർ ഡീലർ ആണ്... അവന്റെ അളിയന് ചിട്ടി ഫൈനാൻസ് കമ്പനിയാണ് മൗണ്ട് റോഡിൽ... വലിയ സെറ്റപ്പ് ടീം ആണ്. ഫിലിം ഫൈനാൻസ് ഇടപാടും ഉണ്ട്.

മണിരത്നത്തിന്റെ അടുത്ത സുഹൃത്താണ് അളിയൻ ബാലു... അയാൾ മൂലം തരപ്പെടുത്തിയാണ് ഈ ഇന്റർവ്യൂ... സ്ക്രിപ്റ്റ്, സിനോപ്സിസ് തുടങ്ങിയവ കൊടുത്തയച്ചിരുന്നു കുറേനാൾ മുൻപ്.

ഇപ്പോൾ നമ്മൾ വെക്കേഷനു നാട്ടിൽ വന്നപ്പോൾ ഒന്നുകൂടി സമ്മർദ്ദം ചെലുത്തി എന്നു മാത്രം... അവൾ വീണ്ടും ഉറങ്ങിപ്പോയിരുന്നു. ഞാൻ പറഞ്ഞുകൊണ്ടേയിരുന്നു...

വെള്ളിയാഴ്ച വൈകിട്ട് എറണാകുളം ജംഗ്ഷനിൽനിന്നും മദ്രാസ്മെയിൽ കയറി രാവിലെ ചെന്നൈയിലെത്തി. ട്രിപ്ലിക്കെയിനിലെ ഓഫീസിൽ വൈദ്യനാഥൻ ഉണ്ടായിരുന്നു. അയാൾ ഏതോ ക്ലൈന്റുമായി സംസാരിക്കുന്നു. അരമണിക്കൂർ കഴിഞ്ഞ് ഫ്ളാറ്റിലേക്കു പോകാമെന്നു പറഞ്ഞു. ഞാൻ തലയാട്ടി. BMW വിന്റെ പുതിയ കാറ്റലോഗ് മറിച്ചുനോക്കിക്കൊണ്ടിരുന്നു.

ബസന്ത് നഗറിലെ ഫ്ളാറ്റിലെത്തിയപ്പോൾ ഭാര്യ ഉത്തര ഭക്ഷണം തയ്യാറാക്കിയിരുന്നു. തൂവെള്ള ചോറിൽ രസം ഒഴിക്കുമ്പോൾ ചിന്തകൾ പറന്ന് ഉയർന്നു...

പാലക്കാട് 'വിക്ടോറിയ' കോളേജിന്റെ ഇടനാഴികളിൽ ഉറ്റ സുഹൃത്തുക്കളുമായി അടിച്ചുപൊളിച്ച ദിവസങ്ങൾ ഒരു ഫ്ളാഷ്ബാക്കായി കഴിഞ്ഞുപോയപ്പോൾ ചിന്തകൾക്ക് വിരാമമായി ഒരു ശബ്ദം... വൈദ്യന്റെ ഭാര്യ പായസം കൊണ്ടുവന്നു മേശമേൽ വച്ചു. മന്ദഹസിച്ചു വീണ്ടും അടുക്കളയിലേക്ക് പോയി. വൈദ്യനാഥൻ ചോദിച്ചു "നീ എന്താണ് ഒന്നും മിണ്ടാത്തത്." ഞാൻ ഒന്നും പറഞ്ഞതുമില്ല. പായസം കുടിക്കുമ്പോൾ വൈദ്യനാഥന്റെ അമ്മയെ ഓർമ്മ വന്നു. കൽപ്പാത്തി അഗ്രഹാരത്തിലെ ഊഞ്ഞാൽ കട്ടിലിൽ ഇരിക്കുന്ന അയാളുടെ സ്നേഹനിധിയായ അമ്മ : അവർ വിളമ്പിത്തന്ന 'തൈരുസാധം!' കണ്ണിമാങ്ങ അച്ചാറും കൂട്ടി ഞാനും വൈദ്യനാഥനും എത്രയോ പ്രാവശ്യം വെട്ടിവിഴുങ്ങിയിരിക്കുന്നു. ഞങ്ങളുടെ വിശപ്പുകണ്ട് ആ അമ്മ ആശ്ചര്യപ്പെട്ടിരുന്നു. വയറ്റിൽ കിടക്കുന്ന ഓൾഡ് മങ്ക് റമ്മിന്റെ ആളൽ ആയിരുന്നു അത് എന്ന് ആ പാവം അമ്മയ്ക്ക് അറിയില്ലായിരുന്നല്ലോ. ഞാൻ കൈകഴുകി റെഡിയായി.

വൈദ്യൻ ഉത്തരയോട് പറഞ്ഞു. "ശ്രീരാം സ്കൂൾ ബസ് വര ടൈമാച്ച്. ഉത്തര നീ പോയി കൂട്ടിയിട്ടു വാങ്കോ."

"ഉത്തരയുടെ ഉള്ളിൽ ഭക്ഷണത്തിന്റെ രുചിയെക്കുറിച്ച് ആശങ്ക ഉള്ളതുപോലെ തോന്നി... അവർ മന്ദഹസിച്ചു വാതിൽ തുറന്നു. മെല്ലെ മകനെ വിളിക്കാനായിട്ടിറങ്ങി."

വൈദ്യൻ : നിനക്ക് സ്മാൾ വല്ലതും വേണോ?

ഞാൻ മുഖം ചുളുക്കി വേണ്ടെന്ന് ആംഗ്യം കാണിച്ചു...

"വേണ്ട വൈദി... വൈകിട്ട് നോക്കാം."

"ടെൻഷനാണെങ്കിൽ ഒരെണ്ണം അടിക്കടോ? ഞാൻ കഴിഞ്ഞ വർഷം ജപ്പാനിൽ നിന്നും കൊണ്ടുവന്ന 'യമാസാക്കി' എന്ന ജപ്പാൻ വിസ്കിയുണ്ട്. എടുക്കട്ടെ" "വൈകുന്നേരം ആവട്ടെ." ഞാൻ പറഞ്ഞു.

ഞങ്ങൾ അഡയാർ പാർക്ക് ഷെറാട്ടൻ ലോബിയിലെത്തി. വൈദി പറഞ്ഞു "ഞാൻ ലോബിയിൽ വെയ്റ്റു ചെയ്യാം" സമയം 5 : 45 ആയതേയുള്ളൂ. ഞാൻ ഐ പാഡ് എടുത്ത് തയ്യാറായി. വൈദ്യ നാഥൻ റിസപ്ഷനിൽ നിന്ന് ആരെയോ ഫോൺ ചെയ്തു. അളി യൻ ബാലു ആയിരിക്കും ഞാൻ ഊഹിച്ചു.

വൈദി : നിനക്ക് 30 മിനിട്ട് സമയം ഉണ്ട് കാര്യങ്ങൾ സംസാ രിക്കൂ... അമേരിക്കയിൽ ഫിലിം സ്കൂൾ ഗ്രാഡ്യൂറ്റ് എന്ന പരിഗണ നകൊണ്ട് കിട്ടിയതാണ് ഈ കൂടിക്കാഴ്ച എന്നു വിചാരിക്കരുത്... അളിയന്റെ സഹായഹസ്തമാണ് ഇതിനു പിന്നിൽ.

ഒരാൾ വന്നു... പേർ ചോദിച്ചു... അയാൾ പറഞ്ഞു... "മണി സാർ റൂം വന്ത് 1008. പത്താംനില" "ശരി. പോലാം!..." ഞാൻ അയാളെ അനുഗമിച്ചു.

എലിവേറ്ററിലേക്ക് നടക്കുന്നതിനിടയിൽ രണ്ടു വിദേശികൾ 'ഹായ്' പറഞ്ഞു. ഞാൻ വൈദിയെ നോക്കി. അയാൾ ചിരിച്ചുകൊണ്ട് വലതുകൈയുടെ പെരുവിരൽ ഉയർത്തിക്കാട്ടി. എലിവേറ്റർ മുകളി ലേക്ക് ഉയരുമ്പോൾ ആയിരം ഉടുക്കുകൾ കൊട്ടുന്നപോലെ ഹൃദയം മാറ്റൊലികൊണ്ടു. 1008-നു മുൻപിൽ ചിലർ, കറുത്ത വസ്ത്രം ധരിച്ച പ്രൈവറ്റ് ബോഡിഗാർഡുകളാവും. അവർ അഭിവാദനം ഒന്നും ചെയ്യാതെ പുച്ഛത്തിൽ നോക്കി. ഒരു പെൺകുട്ടി വാതിൽ തുറന്നു. ഇരിക്കാൻ പറഞ്ഞു. സ്യൂറ്റ് റൂമിന്റെ ഒരു ഭാഗം ഓഫീസ് പോലെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. കുറച്ചുപേർ കമ്പ്യൂട്ടറിനു മുൻപിലി രുന്ന് ഗ്രാഫിക്കുകൾ വീക്ഷിക്കുന്നു.

ഞാൻ ടോയ്ലറ്റ് ലക്ഷ്യമാക്കി നടന്നു. മുഖം കഴുകി കണ്ണാടിയിൽ നോക്കി. അൽപ്പസമയം കൂടുതൽ എടുത്തതിനാ ലാവാം വാതിലിൽ മുട്ടികൊണ്ട് പെൺകുട്ടി പറഞ്ഞു. 'സാർ വര പ്പോർ' ഞാൻ ഉടൻ ഇറങ്ങി വന്നു. അതാ അദ്ദേഹം സെറ്റിയിൽ ഇരിക്കുന്നു. ഞാൻ അഭിവാദനം ചെയ്തു...തലയാട്ടിയ ശേഷം ഇരി ക്കാൻ ആംഗ്യം കാട്ടി. എന്തോ പറയാൻ ശ്രമിക്കവെ... സുഹാസി

നിയും ഒരു പ്രായമായ സ്ത്രീയും അകത്തെ റൂമിലേക്കു പോയി. അവർ വളരെ ഗൗരവത്തിലായിരുന്നു.

മണിസാർ എന്റെ സ്ക്രിപ്റ്റ് കൈയിലെടുത്ത് മുഖവുരയില്ലാതെ ചോദിച്ചു.

In your script, Who is in your mind as Protagonist?

ഞാൻ ഐ പാഡ് തുറന്ന് നോക്കി

"This is my character book..." ഐ പാഡ് കൈമാറിയപ്പോൾ അദ്ദേഹം ചിത്രങ്ങളിലൂടെ വിരലോടിച്ചു

നായകൻ പ്രഭുദേവയുടെ ഛായ ഉണ്ടായിരുന്നത് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു എന്ന് എനിക്ക് മനസ്സിലായി.

ഞാൻ പറഞ്ഞു "This thriller starts from Kashmir and ends in Rameswaram"

മണിസാർ ഒന്നും സംസാരിക്കാതെ ഐപാഡിൽ തെളിഞ്ഞ ചിത്രങ്ങളിൽ മുഴുകിയിരുന്നു. പെട്ടെന്ന് മുഖം ഉയർത്തിക്കൊണ്ട് ചോദിച്ചു. How do you explain "Fun Bactirus''.

ഞാൻ വാച്ചിൽ നോക്കി സമയം പറക്കുന്നതുപോലെ തോന്നി. ഞാൻ അല്പം ഭയത്തോടെ പറഞ്ഞു.

Fun Bactirus is a fictional biological weapon consists of Fungus - Bacteria & Viral triangle filled with catalysts in between ... after triggering the orange button... all 3 organisms mutates together and a new Breed will come out... That mutant can kill the mankind in No time.

ഞാൻ പറഞ്ഞു തീർത്തു...

മണിസാർ രൂക്ഷമായി എന്നെ നോക്കി. നെറ്റി ചുളിച്ചു. പെട്ടെന്ന് സെൽഫോണിൽ ഒരു നമ്പർ തിരഞ്ഞ് വിളിച്ചു.

"I m calling my cousin He is a scientist in Pune, National Virology Lab..."

മണി : “ഡോക്ടർ ഗണപതി... പ്ലീസ്...” ഫോൺ ട്രാൽഫർ ചെയ്ത്... ഡോ. ഗണപതി മറുവശം ഹലോ പറഞ്ഞു.

"Who is this?"

മണി : ഹേ ഗണാ ഇത് നാൻ താൻ മണി... എനക്ക് ഒരു doubt... I know you  re terribly busy but this is important. A scientific question regarding... Fun Bactirus.

ഞാൻ തല കുനിച്ചിരിക്കുന്നു. അവ്യക്തമായ സംസാരങ്ങൾ നടന്നു.

Fun Bactirus! അയാളുടെ മറുപടി ഞെട്ടിപ്പിക്കുന്നതല്ല നാണിപ്പിക്കുന്നതായിരുന്നു എന്ന് എനിക്ക് തോന്നി. ഞാൻ എഴുന്നേറ്റ് വീണ്ടും ബാത്ത്റൂം ലക്ഷ്യമാക്കി നടന്നു. മുഖം കഴുകി വല്ലാതെ വിയർത്തു.വീണ്ടും വാതിൽ മുട്ട്... 4 മിനുട്ട് ബാക്കിയുണ്ട്. ഞാൻ പുറത്തിറങ്ങി.

മണി : Fun Bactirus - is not possible to occur no logic... but very interesting for me as a director.

മണിസാർ എന്നെ തുറിച്ചുനോക്കി... ആ നോട്ടത്തിൽ എന്റെ അന്തഃരംഗം അയാൾക്കു കാണാമായിരുന്നു. മണി തുടർന്നു. "You said you are the original story & script writer''

Yes Sir! ഞാൻ ദൃഢമായിപ്പറഞ്ഞു.

(മണിസാറിന്റെ ഭാവം സി ബി ഐ ഡയറിയിലെ മമ്മൂക്കയെ അനുസ്മരിപ്പിച്ചു) ഞാൻ ഏതോ കുറ്റകൃത്യം ചെയ്തപോലെ... അദ്ദേഹം വീണ്ടും ചോദിച്ചു.

"When did you write this script?"

ഞാൻ "In 2003"

"Where?"

"In Kochi - I have all the drafts and originals I swear... I am the original author"

(ഞാൻ സമയം നോക്കി അനുവദിച്ച സമയത്തിൽ നിന്നും രണ്ടര മിനിട്ട് അധികം ആയിരിക്കുന്നു.

മണിസാർ തുടർന്നു

“In Kochi ഉം!” അയാൾ ചാടിയെഴുന്നേറ്റു... എന്റെ നേരെ വികാരഭരിതനായി

ഞാൻ കൂടുതൽ വിയർത്തു... അയാൾ എന്നെ കൂടുതൽ ചെറു

താക്കുന്നതിന് മുൻപ് ഞാൻ ഐ പാഡ് കൈയിലെടുത്ത് നടന്നു... അദ്ദേഹം എന്റെ നേർക്കുവന്നു.

ചുവന്നു തുടുത്ത മുഖവുമായി. എന്നിട്ട് ഉറക്കെപ്പറഞ്ഞു.

"And you waited 14 years to meet me..."

ഞാൻ എത്രയും പെട്ടെന്ന് ആ മുറിയിൽനിന്നും പുറത്തു കടക്കാൻ വെമ്പൽകൊണ്ടു... അയാൾ നിറുത്തിയില്ല... ശബ്ദം മുഖരിതമായി... എന്റെ തൊണ്ട മരുഭൂമിപോലെ ഉണങ്ങിക്കൊണ്ടിരുന്നു...


മണിസാറിന്റെ ഗ്രാഫിക് ഡിസൈനിംഗ് ടീം എല്ലാവരും ഉറ്റു നോക്കി... അയാൾ എന്നെ പിടിച്ചു നിറുത്തിക്കൊണ്ട്... ഉച്ചത്തിൽ പറഞ്ഞു... എല്ലാവരും കേൾക്കെ. “ഇത്രയും മികവാർന്ന ഒരു തിരക്കഥ ഞാൻ കഴിഞ്ഞ 25 വർഷത്തിനിടയിൽ ആദ്യം കാണുകയാണ്. ഇത്രയുംനാൾ നീ എവിടെ ആയിരുന്നു... അയാൾ എന്നെ ആലിംഗനം ചെയ്തു...! അപ്പോൾ ഒരു ഫോൺ ശബ്ദം കേട്ടു... ഞാൻ കണ്ണുതുറന്നു. ഫോൺ ബെൽ തുടർന്നു... ഉടനെ നിലച്ചു. ഭാര്യയുടെ ശബ്ദം “ഫോണിൽ വൈദ്യനാഥനാണ്” ചെന്നൈയിൽ നിന്നും. ഞാൻ സമയം നോക്കി രാവിലെ 5.00 AM ക്ലോക്കിൽ തെളിഞ്ഞു. ഞാൻ ഫോൺ വാങ്ങി..

വൈദ്യനാഥൻ : നീ മണിരത്നത്തിന്റെ അപ്പോയന്റ്മെന്റ് ചോദിച്ചിരുന്നില്ലെ, റെഡിയാണ് ശനിയാഴ്ച ചെന്നൈയിലെ അഡയാർ ഷെറട്ടനിൽ 6 മണിക്ക് തയ്യാറായിക്കൊള്ളുക... പ്രഭാതത്തിലെ കിളികളുടെ ആരവത്തിൽ ഞാൻ കട്ടിലിൽനിന്നും എഴുന്നേറ്റു.

ശുഭം

# ഒരു ജോലിക്കാര്യം

## ബാബു കുരവയ്ക്കൽ



വർക്കിക്കു ജോലി കിട്ടി. കോമ്പാക് കമ്പ്യൂട്ടർ കമ്പനിയിൽ. എങ്ങനെ അടിച്ചെടുത്തു? മഹാഭാഗ്യം തന്നെ.

എനർജി ക്യാപിറ്റലെന്നറിയപ്പെടുന്ന ഹുസ്റ്റൺ നഗരത്തിൽ എണ്ണക്കമ്പനികളിൽ നിന്ന് ജോലിക്കാരെ പിരിച്ചുവിടുന്ന നാളുകൾ. ജോലി കിട്ടാൻ ബുദ്ധിമുട്ടുള്ള എൺപതുകളുടെ മദ്ധ്യം. മോർട്ട്ഗേജ് അടയ്ക്കാൻ നിവർത്തിയില്ല. വലിയ വീടുകൾ വിട്ടെറിഞ്ഞിട്ട് നാട്ടുകാർ ഓടുന്ന സമയം. യൂഹാൾ കമ്പനിക്കാർ വാടകക്ക് കൊടുക്കുവാൻ തികയാതെ മറ്റു പട്ടണങ്ങളിൽ നിന്ന് ട്രക്കുകൾ കാലിയായി ഹുസ്റ്റണിലേക്ക് വരുത്തിക്കൊണ്ടിരുന്ന കാലം.

പക്ഷേ, വർക്കിക്കെങ്ങും പോകേണ്ടി വന്നില്ല. മറ്റേ ജോലി പോയതിന്റെ പിറ്റേ ആഴ്ച തന്നെ കോമ്പാക്കിൽ കയറിപ്പറ്റി. എങ്ങനെ സാധിച്ചുവെന്നുള്ളതാണത്ഭുതം.

വർക്കിയ്ക്ക് വലിയ വിദ്യാഭ്യാസ യോഗ്യതയൊന്നുമില്ല. ഹൈസ്കൂൾ കഴിഞ്ഞ് റേഡിയോ റിപ്പയർ അല്പം പഠിച്ചിട്ടുണ്ട്. രണ്ടുകൊല്ലം ബോംബെയിൽ ജോലി ചെയ്തത് ഒരു മാർവാടിയുടെ കണക്കപ്പിള്ളയായിട്ടാണ്. ആ വർക്കിക്ക് ഇപ്പോൾ ഇതാ കോമ്പാക്കിൽ എൻജിനീയർ ജോലി കിട്ടിയിരിക്കുന്നു. കേട്ടവർ കേട്ടവർ അങ്ങോട്ടും ഇങ്ങോട്ടും ഫോണെടുത്ത് വിളിതുടങ്ങി. എല്ലാവർക്കും ഒന്നറിയണം. എങ്ങനവനിതടിച്ചെടുത്തു? അതിന്റെ പിന്നിലൊരു കഥയുണ്ട്, പറയാം.

വർക്കിക്കൊരു ഗുരുവുണ്ട്. സോമരാജൻ. ബോംബെയിൽ വെച്ചുള്ള പരിചയമാണ്. സോമരാജൻ ബോംബെയിലെ ഒരു ദാദാ ആയിരുന്നു. ഛോട്ടാ രാജന്റെയത്ര വരികയില്ലെങ്കിലും കേഴ്വികേട്ട

ഒരു ദാദാ ആയിരുന്നു. അധോലോകവുമായി കണക്ഷനുണ്ടായിരുന്നെന്നു തീർച്ച. എന്തു കാര്യവും സാധിപ്പിക്കാൻ സോമരാജൻ ദാദാ ഒന്നു മനസ്സുവെച്ചാൽ മതി.

വർക്കിയും സോമരാജനും ഒരേ ലോഡ്ജിലായിരുന്നു ആദ്യമൊക്കെ താമസം. ചെമ്പൂർ റെയിൽവേസ്റ്റേഷനടുത്തുള്ള മേനക ലോഡ്ജിൽ. സോമരാജന്റെ വകയിലൊരു അമ്മാവന്റേതായിരുന്നു ലോഡ്ജ്.

സബ്ലെറ്റ് ചെയ്തു താമസിച്ചിരുന്ന യു.പി.ക്കാരൻ ഭയ്യായുടെ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ ചെക്കിങ്ങിനാളു വന്നപ്പോൾ വർക്കിക്കു സ്ഥലം കാലിയാക്കേണ്ടിവന്നു. തകരപ്പെട്ടിയും തൂക്കി മുറിയന്വേഷിച്ച് വർക്കി മേനക ലോഡ്ജിലെത്തി. മാനേജരു പറഞ്ഞു, "നോ വേക്കൻസി എല്ലാം ഫുൾ."

അന്തിയുറങ്ങാൻ സ്ഥലമില്ലെന്ന് കരഞ്ഞുപറഞ്ഞപ്പോൾ 11-ാം നമ്പർ മുറിയിൽ പോയി സോമരാജൻ ദാദായെ കാണാൻ പറഞ്ഞു.

അങ്ങനെയാണ് വർക്കി സോമരാജൻ ദാദായെ ആദ്യമായി കണ്ടത്.

ആ കൂടിക്കാഴ്ച വർക്കിക്ക് മറക്കാൻ പറ്റില്ല. 11-ാം നമ്പർ മുറിയുടെ വാതിലിൽ മെല്ലെ മുട്ടിയപ്പോൾ അകത്തു നിന്നൊരു ഗർജ്ജനം.

"കോൻ ഹെ?"

"വർക്കി... മാനേജർ സാബ് ബോലാ..."

"അന്തർ ആ ജാ"

വർക്കി കതകു തുറന്ന് അകത്തുകയറി. തകരപ്പെട്ടി താഴെ വെച്ചു. താണു തൊഴുതു.

"മലയാളിയാണല്ലേ?"

ഒറ്റനോട്ടത്തിൽ ദാദായ്ക്ക് പിടി കിട്ടി. തെങ്കാശിക്കാരനാണെങ്കിലും ദാദായ്ക്ക് മലയാളം നന്നായറിയാം.

വർക്കിക്ക് ആദ്യം പേടി തോന്നി. കണ്ടാൽ ഇരുട്ടിന്റെ നിറം. കൊമ്പൻമീശയും മുഖവും ഒരേ കളർ. പല്ലും കണ്ണിന്റെ വെള്ളയും മാത്രം വെളുത്തിട്ട്. പാറപ്പുറത്ത് ചിരട്ടയുരച്ചാൽ മാതിരിയുള്ള പരു

പരുത്ത ശബ്ദം. ഒറ്റനോട്ടത്തിൽ തന്നെ ദാദായ്ക്ക് വർക്കിയെ ഇഷ്ട മായി. വർക്കിയുടെ പച്ചപ്പരമാർത്ഥിയെപ്പോലെയുള്ള മുഖംകൊണ്ട് മുതലെടുക്കാനാകുമെന്ന് ദാദായ്ക്കു തോന്നി. വർക്കിയ്ക്കുവേണ്ട സഹായങ്ങളൊക്കെ ചെയ്തുകൊടുത്തു. അങ്ങനെ അവർ വളരെ അടുത്തു.

സോമരാജന്റെ ദാദിഗിരിക്ക് വർക്കിയുടെ സഹായം വേണ്ട തായി വന്നു. അധോലോകവുമായി ബന്ധപ്പെട്ട ചില പ്രവർത്തി കൾ അവർ പങ്കായി ചെയ്തു. ദാദയുടെ വലംകയ്യായി വർക്കി പ്രവർത്തിച്ചു. പക്ഷേ, തുല്യപങ്കാളിത്തം ദാദാ ഒരിക്കലും അനുവ ദിച്ചില്ല. ഒരു മേൽക്കോയ്മ എപ്പോഴും പുലർത്തിയിരുന്നു. പല രഹ സ്യങ്ങളും കൈവിടാതെ സൂക്ഷിച്ചിരുന്നു.

ദാദാ അമേരിക്കയിലെത്തിയതെങ്ങനെയാണെന്നാർക്കും സൂക്ഷ്മമായി അറിഞ്ഞുകൂടാ. മെക്സിക്കോയിലെത്തിയിട്ട് റിയോ ഗ്രാൻഡേ റിവർ നീന്തിക്കയറി വന്നതാണെന്ന് പറയപ്പെടുന്നു. പണ മെറിഞ്ഞാൽ അക്കരെ കടത്തിവിടുന്ന ദാദാമാർ മെക്സിക്കോയി ലുണ്ടല്ലോ. എങ്ങനെയുമാകട്ടെ. ഹുസ്റ്റണിൽ എത്തിയ സോമരാ ജൻ ദാദായ്ക്ക് അധോലോകവുമായി ബന്ധമുറപ്പിക്കാൻ അധിക നാൾ വേണ്ടിവന്നില്ല.

ദാദായ്ക്ക് അല്പം മുമ്പ് വക്കിയും ഹൂസ്റ്റണിലെത്തി. പെങ്ങൾ സ്പോൺസർ ചെയ്താണ് വർക്കി അമേരിക്കയിലെത്തുന്നത്.

അങ്ങനെ വർക്കിയും ദാദായും വീണ്ടും കണ്ടുമുട്ടി ബന്ധം പുതുക്കി.

വർക്കിക്ക് കോമ്പാക്കിൽ ജോലി കിട്ടിയതെങ്ങനെയാണെന്ന ല്ലേ, അതു പറയാം.

വർക്കി ഹൂസ്റ്റണിൽ വന്നപ്പോൾ ആദ്യം ജോലി കിട്ടിയ കമ്പ നിയിൽ പല മലയാളികളുമുണ്ടായിരുന്നു. എല്ലാവർക്കും ലേ ഓഫ് ആയ സമയത്താണ് കോമ്പാക്ക് കമ്പ്യൂട്ടർ കമ്പനിയിൽ ഇലക്ട്രോ ണിക്സ് എൻജിനീയറെ വേണമെന്ന് ക്രോണിക്കിളിൽ പരസ്യം വന്നത്.

ബോംബെയിൽനിന്ന് ദാദാ സംഘടിപ്പിച്ചുകൊടുത്ത എൻജി നീയറിംഗ് ഡിഗ്രിയുമായാണ് വർക്കി ഇന്റർവ്യൂന് പോയത്. ഇൻഡ്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഡിഗ്രിയുടെ ബലത്തിൽ വർക്കിയെ ജോലിക്കെടുക്കാമെന്നായി. പക്ഷേ ഡിഗ്രി വെരിഫിക്കേഷൻ വേണം. വർക്കി ആകെ കുഴഞ്ഞു. വീണ്ടും ദാദായെ പോയിക്കണ്ടു. ദാദാ പറഞ്ഞു ഒന്നുകൊണ്ടും പേടിക്കേണ്ടെന്ന്. ഒരാഴ്ചക്കകം എല്ലാം ശരിയാക്കിക്കൊടുക്കാമെന്ന് ഉറപ്പുകൊടുത്തു. ഇന്റർവ്യൂ ചെയ്ത പേഴ്സണൽ മാനേജരുടെയും വൈസ് പ്രസിഡന്റിന്റെയും പേരുകൾ ദാദാ ചോദിച്ചറിഞ്ഞു. കാൾ റോബിൻസണും മൈക്കിൾ ബ്രൗണും.

ഒരാഴ്ച കഴിഞ്ഞപ്പോൾ ദാദാ സീലുചെയ്ത ഒരു വലിയ കവർ വർക്കിക്കു കൊടുത്തു.

"ഈ കവർ ഇതുപോലെ കാൾ റോബിൻസൺന്റെ കയ്യിൽ കൊടുത്താൽ മതി. ജോലി ഉറപ്പാണ്."

വർക്കി സീലു ചെയ്ത കവറുമായി ഓഫീസിലെത്തി പേഴ്സണൽ മാനേജർ കാൾ റോബിൻസന്റെ കയ്യിൽ തന്നെ സീൽ ചെയ്ത കവർ കൊടുത്തു. സീലുപൊട്ടിച്ചു തുറന്നു നോക്കിയ അയാളുടെ മുഖം ചുമന്നു തുടുത്തു. പിന്നെ വിളറി.

കവറിലുള്ള ഫോൾഡറിൽ കണ്ടത് താനും കോമ്പാക്കിലെ ഒരു ഡയറക്ടറുടെ ഭാര്യയുമൊരുമിച്ചുള്ള നഗ്നചിത്രം.

"ഹൗ ഡിഡ് യു ഗെറ്റ് ദിസ്?"

"ഡെസ് ഇറ്റ് മാറ്റർ?"

വർക്കി അന്നു തന്നെ ജോലിയിൽ പ്രവേശിച്ചു. വർക്കിയും ദാദായും അന്ന് ശരിയ്ക്ക് ആഘോഷിക്കുകയും ചെയ്തു.

കമ്പ്യൂട്ടർ ഡിസൈൻ സെക്ഷനിലെ വൈസ് പ്രസിഡന്റ് മൈക്കിൽ ബ്രൗണിന്റെ ഓഫീസിൽ വർക്കി റിപ്പോർട്ടു ചെയ്തു.

ഒരാഴ്ച കഴിഞ്ഞു

മൈക്കിൾ ബ്രൗൺ പേഴ്സണൽ മാനേജരെ തന്റെ ഓഫീസിലേക്കു വിളിപ്പിച്ചു. വർക്കിയായിരുന്നു സംസാരവിഷയം.

"കമ്പ്യൂട്ടർ ഡിസൈനെക്കുറിച്ച് ഒന്നുമറിയാത്ത വർക്കിയെ എങ്ങനെ കീപ്പ് ചെയ്യും. ഈ ജോലിക്കവനെ പറ്റുകയില്ല. പിരിച്ചു വിട്ടേ മതിയാവൂ."

"പിരിച്ചു വിടാതെ വേറെ ഏതെങ്കിലും സെക്ഷനിൽ."

"അവന്റെ ഡിഗ്രി വെരിഫിക്കേഷൻ കിട്ടിയതാരുന്നോ?"

"ഇല്ല, സാർ"

"പിന്നെങ്ങനെ നിങ്ങളവനെ ജോലിക്കെടുത്തു?"

മടിച്ചുമടിച്ച് പേഴ്സണൽ മാനേജർ ഫോട്ടോയുടെ കാര്യം പറഞ്ഞു.

"ങാ, ഹാ അപ്പോൾ അവൻ നിങ്ങളെ ബ്ലാക്മെയിൽ ചെയ്യുകയായിരുന്നു അല്ലേ? അവനെ ഒരു പാഠം പഠിപ്പിക്കണം. ഇന്നുതന്നെ അവനെ ഫയർ ചെയ്തേര്."

"ബുദ്ധിമുട്ടുണ്ടു സാറേ. അവനെങ്ങാനും ആ പടത്തിന്റെ കോപ്പി പുറത്തു കാണിച്ചാൽ എന്റെ ജോലി പോകും, തീർച്ച."

"എന്നാൽ വേണ്ട അവനെ ഇങ്ങ് വിളിപ്പിക്ക് ഞാൻ തന്നെ ഫയർ ചെയ്തോളാം."

പിറ്റേന്ന് വൈസ് പ്രസിഡണ്ടിനെ പോയിക്കാണണംന്ന് വർക്കിക്ക് ഉത്തരവു കിട്ടി.

പിറ്റെന്ന് വൈസ് പ്രസിഡണ്ട് മൈക്കിൾ ബ്രൗണിന്റെ മുറിയിലേക്ക് കയറിയ വർക്കിയുടെ കയ്യിൽ സീലുചെയ്ത ഒരു വലിയ കവറുണ്ടായിരുന്നു. കയ്യിലേക്ക് കവർ കൊടുത്തിട്ട് വർക്കി പറഞ്ഞു.

"വേറെയും ഡിമാന്റുണ്ട് സാറേ."

കവർ പൊട്ടിച്ചു നോക്കിയപ്പോൾ അയാളുടെ മുഖം ചുമന്നു തുടുത്തു. പിന്നെ വിളറി.

വെളിയിൽ കാത്തുനിന്നിരുന്ന കാൾ റോബിൻസനെ അകത്തേക്കു വിളിപ്പിച്ചു.

എന്നിട്ട് പതിയെ പറഞ്ഞു:

"വർക്കിക്ക് ഒരു പ്രമോഷനും കമ്പനിക്കാറും കൊടുത്തേര്. നമുക്കു രണ്ടും അതാ നല്ലത്."

# ചില കാര്യങ്ങൾ അങ്ങനെയാണ്

## റോബിൻ കൈതപ്പറമ്പ്



പതിവില്ലാതെ കതകിലുള്ള മുട്ടു കേട്ടാണ് കണ്ണു തുറന്നത്. അഞ്ചു ദിവസത്തെ ജോലിയുടെ ക്ഷീണം തീർക്കാൻ കിട്ടിയ അവധി. ഭാര്യയും മക്കളും ആരും ഉണർന്നിട്ടില്ല. വെളിയിൽ പതുക്കെ ഇളവെയിൽ പരന്നു തുടങ്ങുന്നു. പത്രവും പാലുകാരനും ഒക്കെ വന്നുപോയിട്ടുണ്ടാവും. ആരാണ് ഈ മയത്ത് എന്ന് മസ്സിൽ പ്രാകിക്കൊണ്ട് ഉടുതുണി വാരിച്ചുറ്റി എഴുന്നേറ്റ് കതകു തുറന്നു.

മുഖം നിറച്ച് അങ്കലാപ്പും അതിലേറെ ആശങ്കയും നിറച്ച് നിൽക്കുന്ന സമൂഹത്തിനെ കണ്ടപ്പോഴെ അപകടം മണത്തു. എന്തായിരിക്കും എന്ന് ആലോചിക്കവെ എന്റെ കൈയും പിടിച്ച് അവൻ മുറ്റത്തേക്കിറങ്ങി. മ    ത്തം കരിയില കയറിക്കിടക്കുന്നു. നിറയെ പുല്ലും. ആരെയെങ്കിലും വിളിച്ച് ഒന്ന് വൃത്തിയാക്കണം. ഞാൻ മനസ്സിൽ കരുതി.

എന്റെ അത്രയും പ്രായം കാണും അവനും. കുഞ്ഞുനാൾ മുതലെ ഒരുമിച്ചു വളർന്നവർ. പണ്ട് അച്ഛൻ അടിക്കാൻ പിടിക്കുമ്പോൾ എന്നും അഭയം അവന്റെ വീടായിരുന്നു. എന്തായിരിക്കും ഇത്ര രാവിലെ എന്ന് ആലേചിച്ച നിൽക്കവേ അവൻ പറഞ്ഞു.

നിനക്ക് അവധിയല്ലേ, എന്റെ കൂടെ ഒന്നു വരാമോ, അത്യാശ്യമാണ്."

ആർക്കെങ്കിലും അസുഖമാണ് എന്നാണ് അപ്പോൾ ഞാൻ ചിന്തിച്ചത്. ടൗൺ വരെ പോകണം. വേഗം ഒരുങ്ങി വരാൻ പറഞ്ഞു. ഉറങ്ങിക്കിടന്ന ഭാര്യയെ വിളിച്ചുണർത്തി അശോകന്റെ കൂടെ ടൗണിൽ വരെ പകുന്നു എന്നു പറഞ്ഞിറങ്ങി. അവൾ എന്തൊക്കെയോ പിറുപിറുത്തു. ചെവി കൊടുക്കാൻ നിന്നില്ല. അല്ലെങ്കിലും

അവർക്ക് പറയാൻ പലതും കാണുമല്ലോ. കാത്തിരുന്ന കിട്ടിയ അവ ധിയാണ്. പല കാര്യങ്ങളും ചെയ്യണം എന്നു കരുതിയിരുന്നതാണ്. ഓരോ മാരണങ്ങൾ രാവിലെ തന്നെ വന്ന് കുട്ടിക്കൊണ്ടു പോയി ക്കൊള്ളും എന്നൊക്കെയാവും. അവളെ പറഞ്ഞിട്ടു കാര്യമില്ല. ഞാനും പലതും കരുതിയിരുന്നതാണ്. ഇന്നിനി ഒന്നും നടക്കുമെന്ന് തോന്നുന്നില്ല.

രാവിലെ ഒരു ചായ പോലും കുടിച്ചിട്ടില്ല. വഴിയിൽ കണ്ട തട്ടുകടയിൽ നിന്നും ഓരോ കാലിച്ചായ കുടിച്ചു. രാവിലത്തെ നടത്തം കഴിഞ്ഞ് ഒരു കൂട്ടം ആൾക്കാർ കൂടിനിന്ന് കുശലം പറയു ന്നു. അവധി ആയതുകൊണ്ടാവും പൊതുവെ ഒരു ശാന്തത. ചായ കുടി കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. ഞാൻ വെറുതെ പുറത്തെ കാഴ്ചകളിലേക്ക് കണ്ണെറിഞ്ഞിരുന്നു. അവനും ഒന്നും പറയുന്നില്ല. ഞാൻ ചോദിച്ചതുമില്ല. സ്വയം പറയട്ടെ എന്നു ഞാൻ കരുതി. കാറ് പതിയെ ഗ്രാമത്തിന്റെ അതിർത്തി വിട്ട് പട്ടണത്തിലേക്ക് പ്രവേശി ച്ചു. ഗ്രാമവും പട്ടണവും തമ്മിലുള്ള വ്യത്യാസം ശരിക്കും കാമാൻ തുടങ്ങി. പതിയെ തിരക്കുപിടിച്ചു തുടങ്ങുന്നു പട്ടണം.

തിരക്കു കുറയാത്ത സ്ഥലം നോക്കി അവൻ വണ്ടി ഓരം ചേർത്ത് നിർത്തി എന്നെ നോക്കി. ഞാൻ പറഞ്ഞു. “നീ കാര്യം പറയൂ വെറുതെ ടെൻഷൻ ആക്കാതെ അവന്റെ സ്വഭാവം ഏകദേശം എനിക്കറിയാവുന്നതാണ്. ചെറിയ കാര്യങ്ങൾക്കപോലും ടെൻഷൻ ആവും. അങ്ങനെ എന്തെങ്കിലും ആവും എന്നുകരുതി.

കഴിഞ്ഞയാഴ്ചയിൽ നഗരത്തിലെ ഒരു ഹോസ്പിറ്റ ലിൽപോയി അവൻ ചെക്ക് അപ് നടത്തി. ഒന്നുമുണ്ടായിട്ടല്ല വെറുതെ ഒന്നു ചെയ്തു എന്നു മാത്രം. ഇന്നാണതിന്റെ റിസൾട്ട് വരുന്നത്. അതു മേടിക്കാൻ ഒറ്റയ്ക്കു പോവാൻ അവനു മടി. എന്തെ ങ്കിലും അബ്നോർമൽ ആയിട്ടുണ്ടെങ്കിലോ എന്നൊരു തോന്നൽ. അതിനുവേണ്ടിയാണ് ഉറങ്ങിക്കിടക്കുന്ന എന്നെയും പൊക്കി എത്തി യിരിക്കുന്നത്. ആദ്യം എനിക്ക് ദേഷ്യവും സങ്കടവും എല്ലാം തോന്നി. പിന്നെ കരുതി എന്റെയും അവന്റെയും ഒക്കെ പ്രായത്തിലുള്ള എത്ര പേരാണ് ഓരോ അസുഖത്താലും മറ്റും മരിച്ചുപോകുന്ന വാർത്ത ദിവസവും പത്രത്തിലും മറ്റും കാണുന്നത്. ഒന്നുമുണ്ടാവില്ല എന്നു പറഞ്ഞ് സമാധാനിപ്പിച്ച് ഞങ്ങൾ യാത്ര തുടർന്നു.

നഗരത്തിലെ ഒരു പ്രമുഖ ആശുപത്രിയുടെ മുമ്പിൽ വണ്ടി പാർക്ക് ചെയ്ത് ഞങ്ങൾ റിസപ്ഷനിലേക്ക് നടന്നു. രോഗികൾ വന്നു തുടങ്ങുന്നതേയുള്ളൂ. അതിരാവിലെ വന്ന് സീറ്റ് ഉറപ്പിച്ചവരും ഉണ്ട്. പ്രായമായ ഒരാൾ ചുമച്ചു ചുമച്ചിരിക്കുന്നു. മകളായിരിക്കും പുറം തിരുമ്മിക്കൊടുക്കുന്നുണ്ട്. എന്തുചെയ്യണം എന്നറിയാതെ കൊമ്പൻമീശയും ചുരുട്ടി പാറാവുകാരൻ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. പാറാവുകാരുടെ ഐഡന്റിറ്റി ആണെന്നു തോന്നുന്നു. ഈ കൊമ്പൻമീശ. ഞങ്ങൾ ഒന്നുതറപ്പിച്ചു നോക്കി അയാൾ തന്റെ പരിപാടി തുടർന്നു.

ഞങ്ങൾ പതിയെ റിസപ്ഷനിലേക്ക് നടന്നു. സുന്ദരിയായ ഒരു യുവതി ഞങ്ങളെ എതിരേറ്റ് കാണേണ്ട ഡോക്ടറുടെ പേരു പറഞ്ഞു. കമ്പ്യൂട്ടറിൽ തപ്പി ഫയൽ എടുത്ത് ഞങ്ങളെ ഡോക്ടറുടെ മുറിയിലേക്ക് അയച്ചു. ഒരു നഴ്സ് ഫയലുമായി ഞങ്ങളെ അനുഗമിച്ചു. ഞങ്ങളെ പുറത്തിരുത്തി നഴ്സ് അത്തേക്കുപോയി. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് വെറുതെ ചുറ്റം കണ്ണോടിച്ചു. നല്ല വൃത്തിയും അടുക്കും ചിട്ടയോടുകൂടി സൂക്ഷിച്ചിരിക്കുന്ന വെറുതെ നമ്മുടെ ഗവൺമെന്റ് ഹോസ്പിറ്റലുകളെക്കുറിച്ച് ഒന്ന് ഓർത്തുപോയി. അകത്തേക്കുപോയ നഴ്സ് തിരിച്ചു വന്നു. ഡോക്ടർ എത്തിയിട്ടില്ല എന്നു പറഞ്ഞ് പിന്നെയും ്കത്തേക്കു പോയി. ഞങ്ങളെക്കൂടാതെ വേറെയും നാലഞ്ചുപേരുകൂടി അവിടെയുണ്ടായിരുന്നു. എല്ലാവരിലും രു നിശ്ശബ്ദത. ഇവനെപ്പോലെ റിസൾട്ട് വാങ്ങാൻ വന്നതാവുമോ എല്ലാവരും. ഞാൻ വെറുതെ ചിന്തിച്ചു.

ഒരു കൊച്ചുകുട്ടി മാത്രം തന്റെ കളിപ്പാട്ടവമായി കളിക്കുന്നു. നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. അകത്തേക്കുപോയ നഴ്സ് തിരികെവന്ന് ഓരോരുത്തരെയായി വിളിക്കാൻ തുടങ്ങി. ഞങ്ങൾക്ക് കിട്ടിയത് അഞ്ചാമത്തെ നമ്പർ ആയിരുന്നു. ഞാൻ ശ്രദ്ധിച്ചു അകത്തേക്കു പോകുന്നവർ തിരിച്ചു വരുമ്പോൾ മുഖത്ത് ആശ്വാസം. ചിലർ ധൃതിയിൽ ഞങ്ങളുടെ ഊഴത്തിനായി കാത്തിരുന്നു. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് ഞാൻ വെറുതെ ഓരോന്ന് ആലോചിച്ചിരുന്നു.

മക്കൾ വളർന്നു വരുന്നു. മോൻ പത്തിലാണ്. ഉഴപ്പാണ് എ

ങ്കിലും നല്ല മാർക്ക് വാങ്ങി ജയിക്കുമായിരിക്കും. മോൾ നല്ലപോലെ പഠിക്കും. അവളെക്കൊണ്ട് ടെൻഷനില്ല. പ്ലസ് ടു കഴിഞ്ഞ് എന്തിനു വിടും. ആ അവരുടെ ആഗ്രഹംപോലെ നടക്കട്ടെ. മോൾക്ക് ഡോക്ടർ ആവാനാണിഷ്ടം. പഠിക്കുന്നിടത്തെല്ലാം പഠിക്കട്ടെ. എല്ലാം ദൈവഹിതം എന്നോർത്ത് ദീർഘനിശ്വാസം വിട്ടിരിക്കു മ്പോൾ അവൻ കൈയിൽ തട്ടിവിളിച്ചു. ഡോക്ടർ വിളിക്കുന്നു വാ പോകാം. തലമുടി നല്ലതുപോലെ നരച്ച പ്രായമുള്ള ഡോക്ടർ നിറഞ്ഞ ചിരിയോടെ ഞങ്ങലെ സ്വീകരിച്ചു. അദ്ദേഹത്തെ കണ്ട പ്പോൾ മനസ്സിനൊരാശ്വാസം. സുഹൃത്തിന്റെ ഫയലെടുത്ത് വളരെ ഗഹനമായി എന്തൊക്കെയോ നോക്കി എല്ലാ റിസൾട്ടും പരിശോ ധിക്കുകയായിരിക്കും. ഞങ്ങൾ ക്ഷമയോടെ ഡോക്ടറുടെ വാക്കു കൾക്കായി കാതോർത്തിരുന്നു.

എല്ലാം വായിച്ചു നോക്കിയതിനുശേഷം ഡോക്ടർ ഫയൽ മടക്കിവെച്ച് എന്നെയും സുഹൃത്തിനെയും മാറിമാറി നോക്കി. അവനോട് ചോദിച്ചു ഇതാരാണ് കൂടെയുള്ളത്. സഹോദരനാണോ, അല്ല സുഹൃത്താണ്, അവൻ പറഞ്ഞു. അവന്റെ നെഞ്ചിടിക്കുന്ന ശബ്ദം എനിക്കിപ്പുറത്തിരുന്നു കേൾക്കാം. എന്തിനെന്നറിയില്ല ഡോക്ടർ കുറച്ചുനേരം മിണ്ടാതിരുന്നു. എന്തായിരിക്കും അദ്ദേഹം ചിന്തിക്കുന്നത്. ഞാൻ ഓർത്തു. ഇനി വല്ല ടെസ്റ്റും ഉണ്ടാകുമോ അതോ മാരകമായ എന്തെങ്കിലും കണ്ടുപിടിച്ചോ. വളരെ ആകാം ക്ഷയോടെ ഞങ്ങൾ ഡോക്ടറുടെ മുഖത്തേക്ക് നോക്കി.

വളരെ പതിഞ്ഞ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു. മിസ്റ്റർ അശോകൻ ഞങ്ങൾ ഇവിടെ നടത്തിയ എല്ലാ ടെസ്റ്റിന്റെയും റിസൾട്ട് ഇവിടെ കിട്ടി. അതാണീ ഫയലിലുള്ളത്. എല്ലാം വളരെ വിശദമായി ഞാൻ നോക്കി. പിന്നെയും ഒന്നു നിറുത്തി. ഞങ്ങൾ ആകാംക്ഷയോടെ അദ്ദേഹത്തെ നോക്കി. അശോകൻ ഇപ്പോൾ താഴെ വീണുപോകുമോ എന്ന് എനിക്കു സന്ദേഹം തോന്നി. അദ്ദേഹം തുടർന്നു. രക്തം പരിശോധിച്ചതിലും സ്കാൻ റിപ്പോർട്ട് നോക്കിയതിൽനിന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്, പിന്നെ ഒന്നു നിർത്തി. ഞാൻ ഓർത്തു ഇദ്ദേഹം എന്തിനാണ് കൂടെ ക്കൂടെ നിർത്തുന്നത്. പറയാനുള്ളത് പെട്ടെന്ന് പറഞ്ഞിരുന്നെങ്കിൽ. ഒന്നും ചെയ്യാനില്ല ക്ഷമയോടെ ഇരിക്കുക തന്നെ. മി. അശോകൻ

നിങ്ങൾക്ക് ഒരു കുഴപ്പവുമില്ല. നാൽപ്പതു വയസ്സായില്ലേ ഇനി കുറച്ച് എക്സർസൈസും ആഹാരനിയന്ത്രണവും ഒക്കെ ചെയ്താൽ ഇതു പോലെ തന്നെ കുറച്ചുനാളുകൂടി പോകാം.

അവന്റെ മുഖത്ത് ഒരാശ്വാസം വന്നു നിറയുന്നത് ഞാൻ കണ്ടു. എനിക്കും എന്തോ ഒരു റിലാക്സ് ആയതുപോലെ. പേടിച്ചതു പോലെ ഒന്നും ഇല്ലല്ലോ. ഡോക്ടറിനോട് നന്ദി പറഞ്ഞ് ഫീസുമ ടച്ച് ഞങ്ങളിറങ്ങി. വീട്ടിൽച്ചെന്ന് ബാക്കിയുള്ള സമയം കുട്ടികളോടും ഭാര്യയോടും ഒപ്പമിരിക്കാമെന്നോർത്ത് അവനോട് ഞാൻ പറഞ്ഞു നേരെ വീട്ടിലേക്ക്. ഇന്നിനി എങ്ങോട്ടുമില്ല. നിറഞ്ഞ ചിരിയോടെ അതിലേറെ ആശ്വാസത്തോടെ അവൻ വണ്ടി സ്റ്റാർട്ട് ചെയ്തു. തിരികെ വീട്ടിലേക്ക്.

# വിശ്വാസികൾ

## റോബിൻ കൈതപ്പറമ്പ്

ഞായറാഴ്ച കുർബാനയും കഴിഞ്ഞ് അച്ചൻ പതിയെ മുറ്റത്തേക്ക് ഇറങ്ങി. ആളുകൾ കുറേശ്ശെയായി പോയിത്തുടങ്ങിയിരിക്കുന്നു. ഒരു ഞായറാഴ്ച അവധി കിട്ടുന്നത് വെറുതെ പള്ളിയിൽ കളയാൻ പാടില്ലല്ലോ. നമ്മുടെ ആൾക്കാർക്ക് പള്ളിയും അച്ചനും വേണ്ടുന്നത് രണ്ട് മൂന്ന് കാര്യങ്ങൾക്ക് മാത്രമാണ്. മാമോദീസ, കല്യാണം, അടക്കം വേറെ ഒരു രക്ഷയും ഇല്ലാത്തതുകൊണ്ട് അതിന് പള്ളിയും പട്ടക്കാരും വേണം.

അച്ചനെ കണ്ട് കുറച്ചുപേർ അടുത്തേക്ക് വന്ന് കുശലങ്ങൾ ചോദിച്ചു. ആൾക്കാർ കരുതുന്നത് അച്ചന് എന്താ സുഖം അല്ലേ. വീടില്ല, ഭാര്യയില്ല, പിള്ളേരില്ല. ഒന്നും അറിയണ്ട. നല്ല വരുമാനം, വെറുതെ വേദപുസ്തകവും വായിച്ച് ഇരുന്നാൽ മതിയല്ലോ. ഓരോരുത്തരോടും വിശേഷങ്ങൾ ഒക്കെ ചോദിച്ച് കുറച്ചുനേരംകൂടി അവിടെ തന്നെ നിന്നു.

ആയിടയ്ക്കാണ് ഞെളിയത്തെ റ്റോമി ഗൾഫിൽനിന്നും എത്തിയത്. ഇതുവരെ പള്ളീലോട്ട് വരികയോ അച്ചനെ കാണുകയോ ചെയ്തിട്ടില്ല. കല്യാണത്തിനു മുൻപ് എന്നും പള്ളിയിൽ തന്നെ ആയിരുന്നു. അച്ചൻ വേണമല്ലോ കല്യാണം നടത്താൻ. റ്റോമിച്ചന്റെ ഭാര്യ കുഞ്ഞുമോളോട് അച്ചൻ ചോദിച്ചു. എന്തിയേ റ്റോമിച്ചൻ വന്നിട്ട് കണ്ടില്ലല്ലോ? കുഞ്ഞുമോൾ ഒരു ചെറുചിരിയോടെ പറഞ്ഞു. "എഴുന്നേറ്റിട്ടില്ല അച്ചോ, അച്ചനെ കാണാൻ വേണ്ടി വരുന്നുണ്ട്." അച്ചൻ പറഞ്ഞു. ആയിക്കോട്ടെ, പക്ഷേ അവനോട് കുർബാനയ്ക്ക് വരാൻ പറയണം. ഒന്നും മിണ്ടാതെ കുഞ്ഞുമോൾ നടന്നു. ആൾക്കാർക്ക് വരുന്ന മാറ്റങ്ങളെ... അച്ചൻ ഓർത്തു.

അച്ചൻ പതിയെ മേടയിലേക്ക് നടന്നു. കപ്യാരും കണക്കനും സെക്രട്ടറിയും എല്ലാവരും ഉണ്ടായിരുന്നു അവിടെ. അന്നത്തെ കാണിക്കയും ലേലം വിളിച്ചതും എല്ലാം എഴുതുകയും മറ്റും ചെയ്യുന്നു. പള്ളി ഒന്ന് പുതുക്കി പണിയുന്നതിനെക്കുറിച്ച് ചില ആലോ

ചനകൾ നടക്കുന്നു. പെരുന്നാളും വരുന്നു. കാര്യമായ പണമൊന്നും ഇല്ല. ഇനി ബാക്കി പിരിക്കണം. ഇടവകയിൽ ആവശ്യത്തിന് ഗൾഫു കാരും അമേരിക്കക്കാരും ഒക്കെയുണ്ട്. എല്ലാം ദൈവം നടത്തും അച്ചൻ ദീർഘനിശ്വാസം വിട്ടു.

അതൊരു പഴയ പള്ളിയായിരുന്നു. കുറഞ്ഞത് ഒരു നൂറ്റാണ്ടെങ്കിലും പഴക്കം കാണും. അതങ്ങനെ നാടിന്റെ ഐശ്വര്യമായി തലയുയർത്തി നിന്നു. പുരാതന രീതിയിലുള്ള കൊത്തുപണികളും ചുവർചിത്രങ്ങളും കൊണ്ട് പള്ളിയുടെ അകവശം അലങ്കരിച്ചിരുന്നു. കാലപ്പഴക്കംകൊണ്ട് ചിത്രങ്ങൾ ഒക്കെ മങ്ങിത്തുടങ്ങി. അങ്ങിങ്ങ് ഭിത്തികൾ പൊളിഞ്ഞിട്ടുണ്ട്. മഴ പെയ്യുമ്പോൾ മേൽക്കൂര ചോരുന്നു. അരമനയിൽ നിന്നും കുറച്ചായി അനുമതിപത്രം മേടിച്ചു വെച്ചിട്ട് പുതിയ പള്ളി പണിയാൻ. പള്ളി പണിയുന്ന കൂട്ടത്തിൽ മേടയും കൂടി പുതുക്കി പണിയണം എന്നൊരു ആലോചനയും ഉണ്ട്.

അന്ന് അത്താഴവും കഴിഞ്ഞ് ഒരു പുസ്തകവുമായി പതിയെ കട്ടിലിൽ കയറി. പെട്ടെന്ന് ഫോൺ അടിച്ചു. ആരാകും എന്നോർത്ത് അച്ചൻ ഫോൺ എടുത്തു. കുഴിപ്പറമ്പിലെ മത്തായിച്ചൻ വയ്യാതെ കിടക്കുകയായിരുന്നു, അവിടുന്നാണ് ഫോൺ. അച്ചൻ വേഗം ചെല്ലണം അന്ത്യകൂദാശ കൊടുക്കാൻ. ആയ കാലത്ത് നല്ലതുപോലെ വിലസിയ കക്ഷി ആണ്. കർത്താവിനെ ക്രൂശിച്ചപ്പോൾ വലത്തുഭാഗത്തെ കള്ളന് കിട്ടിയ ലോട്ടറിപോലെ മത്തായിച്ചൻ ഈ ആദ്യകൂദാശകൊണ്ട് അങ്ങ് സ്വർഗ്ഗത്തിൽ ചെന്നാലോ ഏതായാലും.

പള്ളി പണി തർക്കം അങ്ങനെ നിൽക്കുമ്പോൾ ആരൊക്കെയോ ചെന്ന് പുരാവസ്തു ഡിപ്പാർട്ട്മെന്റിൽ പരാതി കൊടുത്തു. നൂറ്റാണ്ട് പഴക്കം ഉള്ള പള്ളിയാണെന്നും അതുകൊണ്ട് തന്നെ പള്ളി സംരക്ഷിക്കപ്പെടണം എന്നും അവർ ആവശ്യപ്പെട്ടു. ഇതുംകൂടെയായപ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. അരമനയിൽ നിന്നും തിരുമേനിമാർ പാഞ്ഞെത്തി, പോലീസും. അവർ പള്ളി പരിശോധിച്ച് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ പള്ളി തുറക്കാൻ പാടില്ല എന്ന് പറഞ്ഞ് പള്ളി പൂട്ടി സീൽ വെച്ചു.

കാലവർഷം തുടങ്ങി. നിർത്താതെ പെയ്യുന്ന മഴയും വെള്ളപ്പൊക്കവും, എങ്ങും ക്ഷാമവും രോഗങ്ങളും പകർച്ചവ്യാധികളും പള്ളിപൂട്ടിയതോടുകൂടി വിശ്വാസികളുടെ കൂടി വരവ് കുറച്ച് അക

ലെയായി മറ്റൊരു പള്ളിയിലേയ്ക്ക് മാറ്റി. ദൂരക്കൂടുതൽ കാരണം പറഞ്ഞ് കുറച്ചാളുകൾ പള്ളിയിൽ പോകാതെയും ആയി. അന്ന് രാത്രിയിൽ അതിഭയങ്കരമായ കാറ്റും മഴയും വീശി അടിച്ചു. കാറ്റിന്റെ കാഠിന്യം വലുതായിരുന്നു. വളരെയേറെ മരങ്ങൾ കടപുഴകി, വീടുകളുടെ മേൽക്കൂരകൾ പൊളിഞ്ഞുവീണു. മണ്ണിടിഞ്ഞ് പല റോഡുകളും തകർന്നു. വൈദ്യുതി വിതരണം നിലച്ചു. അത്രയും പ്രകൃതി ഭീകര താണ്ഡവം നടത്തിയ ഒരു രാത്രി ഉണ്ടായിട്ടില്ല. ഏവർക്കും ഒരു കാര്യത്തിൽ ഉറപ്പുണ്ടായിരുന്നു പള്ളി അന്ന് തകർന്ന് വീണിട്ടുണ്ടാകും കൂട്ടത്തിൽ പള്ളിമേടയും. ആൾക്കാർ മനസ്സിൽ ഉറപ്പിച്ചു.

നേരം പുലർന്നപ്പോൾ ജനങ്ങൾ പള്ളിയിലേക്ക് ഓടി. പള്ളിയുടെ വീഴ്ച എത്ര ഭീകരം എന്ന് കാണാൻ. എന്നാൽ എല്ലാരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു കേടുപാടും സംഭവിക്കാതെ ഗ്രാമത്തിന്റെ അനുഗ്രഹമായി പള്ളി തലയുയർത്തി നിന്നു. എത്രയെത്ര വീടുകൾ തകർന്നു, എത്രപേരുടെ ജീവൻ നഷ്ടമായി. നാൽക്കാലികളും മറ്റും എത്ര എണ്ണം ഒഴുകിപ്പോയി. എത്രമാത്രം മരങ്ങൾ കടപുഴകി. എങ്കിലും സർവ്വശക്തനായ ദൈവം ഒരു കേടും വരുത്താതെ ആ പള്ളിക്ക് കാവലായി നിന്നു.

വളരെ അടുത്ത ദിവസങ്ങളിൽത്തന്നെ പള്ളിയിൽ പൊതുയോഗം വിളിച്ച് കൂട്ടി പള്ളി പൊളിക്കേണ്ട എന്നും പഴയ നഷ്ടപ്പെടാതെ അറ്റകുറ്റപ്പണികൾ നടത്തി പള്ളി അതേപോലെ സൂക്ഷിക്കണം എന്നും തീരുമാനം ആയി. വിശ്വാസികൾ ഒരേ സ്വരത്തിൽ പറഞ്ഞു ദൈവത്തിനു സ്തുതി

# കവിതകൾ

# വാർദ്ധക്യം

**നിധുല**



വാർദ്ധക്യമെന്നാകിലും
ചെയ്തുതീർക്കാനിനിയും
തിളക്കമേറും
നയനമായ്, രണ്ടിളംപൂക്കൾ

ഭാഷണത്തിൽ വാർദ്ധക്യം
'എനിക്കിനിവയ്യല്ലോ'
ഒരുവൾ മൊഴിഞ്ഞു
അരിഷ്ടതകൾ പങ്കുവെക്കുവോർ

തിളങ്ങുന്നോരാമേനിയും
കറുത്തഴകുള്ളാ-
മുടിയും; വൃദ്ധർ ഇവർ
ആറുമണിനേരം

സീരിയലിൻ തിരശ്ശീല
ഉയരാനായി കാത്ത്
ലയിച്ചതിൽ നിറയും
കഥാപാത്രം തങ്ങളായ്

വിശ്വസിപ്പോർ; ഭക്ഷണം
സീരിയലിൻ മുൻപിലായ്;
പത്തുമണികർട്ടൻ
വീഴവെ; ശയനത്തിന്

ഒരുക്കം കൂട്ടിയവർ
മുഴുകും ആലസ്യത്തിൽ,

അതെ; മുടികറുത്ത
വൃദ്ധരവർ തന്നല്ലോ!

വിടരുന്ന പൂവിന്റെ
തേൻകണമതു നുകരാൻ
മറന്ന്, വൃദ്ധരവർ!
ദിനകരന്റെ വെള്ളി

വല, വായു തേടവേ
പ്രിയമായി പ്രാതൽ
ഒരുക്കിയും, മക്കൾ, കൊച്ചു
മക്കൾക്കായി, ചേല

വെളുപ്പിച്ചും, വിശ്രമം
കാംക്ഷിക്കാതെ, പണി ചെയ്‌വു
വെള്ളിനൂലുകൾ ഇഴ
ചേർന്നോരിവർ, യൗവനം!!

കുളമീനുകൾ മഴ
ചാറ്റലിൽ തുള്ളവേ;
പഴങ്ങളതിൻ രുചി
നാവിലൂറി, ആഹ്ലാദത്തിൻ

തുള്ളിച്ചാട്ടമായ്, അവർ!
ഋതുഭേദങ്ങൾ സൂക്ഷ്മം
കാത്തിരിപ്പൂ, ഏറെ നാളായി!
അരിഷ്ടതകളില്ലാ-

ത്തവർ തന്നെ യൗവനം!
ഒരു പൂവിരിയവേ
ആഹ്ലാദ പൂക്കളായി
കാലമവരുടെ

ചടുലത മന്ദമാക്കി
ഓർമ്മയിൽ പുക ചേർത്തു
യൗവനം, അവർ തന്നെ!
നരബാധിച്ച ചടുല-

തകളേക്കാൾ, ആർദ്രമാം
സ്നേഹവും അവർ തന്നെ!
ചുക്കിചുളിഞ്ഞ ദേഹവും
നരച്ച മുടിയും!

യൗവനമിവർ തന്നെ
പ്രത്യാശയേറുമവർ,
നരച്ചോരായൗവനം!!!

# നിനക്കായ്

## ഇന്ദ്രജിത്ത്



കിനാവിൽ...
മഞ്ഞുറയുന്ന മലനിരകൾക്കും
മാനസം കിനിയുന്ന വാക്കുകൾക്കും അപ്പുറം
സ്വപ്ന സങ്കൽപ്പത്തിന്റെ തേരിലേറ്റി

ഒരിക്കൽ നിന്നെ ഞാൻ കൊണ്ടുപോകും...
നിലാവിന്റെ സ്നിഗ്ധത നിറയുന്ന ആ രാവിൽ
എന്റെ കരളിന്റെ ഗസലുകളും
പ്രേമത്തിന്റെ ഇശലുകളും

നിനക്കായ് ഞാൻ പാടും...
ഏതോ ശമന താളത്തിന്റെ
നിശ്വാസ ഗതിവേഗങ്ങളിൽ
വേറിട്ട സ്വപ്നാലസ്യങ്ങളിൽ മുഴുകി

നീ ഉറങ്ങിക്കഴിയുമ്പോഴും...
നിലാവും നിശയും പിരിയുമ്പോഴും...
ശിശിരവും ഗ്രീഷ്മവും കൊഴിയുമ്പോഴും
ഞാൻ പാടിക്കൊണ്ടേയിരിക്കും
നിനക്കായ്... നിനക്കായ് മാത്രം...

# എന്റെ മോഹങ്ങൾ

## വനജ നായർ



ചെറുമർമ്മരങ്ങൾ ഈണം നിറയ്ക്കും
മുളങ്കാടുകൾ...
കുറുമ്പ് കാട്ടി ചിരിച്ചു കാട്ടുപൂക്കൾ...
വീണുപോയ, വാടിയ പൂക്കാലം-

തോണിയേറ്റുന്ന ചെറുതോടുകൾ
ഈറൻ മഴയിൽ നനഞ്ഞു, തനിച്ച് ഞാൻ
മഴ വീഥികളിൽ തണുത്തങ്ങിനെ
വെറുതെ നടക്കാൻ കൊതിച്ച്...

കറുപ്പുമാഞ്ഞു വെയിൽ പൂത്ത മാനത്തെ
ആകാശ കാഴ്ചകൾ കണ്ടു-
സന്ധ്യക്ക് വെറുതെ വയൽ കാറ്റേറ്റ്
കുളിരണിയാൻ കൊതിച്ച്...

ജമന്തികൾ മണക്കുന്ന തെരുവുകൾ,
മൂക്കുത്തി തിളങ്ങുന്ന സുന്ദരികൾ,
പൂക്കടകളിൽ വിരിയുന്ന മുല്ലപ്പൂ മണം
മഞ്ചാടികൾ ചുവപ്പിച്ച, ഇലഞ്ഞികൾ പൂത്ത

ആ വഴിയോരങ്ങളിൽ അലസമായിങ്ങനെ-
നടക്കാൻ... കൊതിച്ച്...
വന്യഭംഗിയിൽ കുതിച്ചുയരും
തിരമാലകളിൽ തിമിർത്തു നനയാൻ

കടലിന്റെ പാട്ട് കേൾക്കാൻ
തിരയടങ്ങിയ തീരത്തങ്ങിനെ ഇരിക്കുവാൻ കൊതിച്ച്...

ദൂരെനിന്നു വന്നു താരാട്ടിയോടുന്ന ചെറുകാറ്റിൽ
പാറിയെത്തുന്ന അപ്പൂപ്പൻതാടിക്കൊപ്പം

പറന്നുയരുവാൻ കൊതിച്ച് ഞാൻ...
ഈ പാതിവഴിയിൽ എങ്ങോട്ടെന്നറിയാതെ
വെറുതെയിങ്ങനെ നിൽക്കാനുമൊരു സുഖം

# ചില തച്ചാറക്കവിതകൾ

തച്ചാറ

## കരിക്കട്ട



എന്നിലെയഗ്നിയെന്നെ
ഭസ്മമാക്കി കളയുമോ-
യെന്നു ഞാൻ ഭയപ്പെട്ടു
തീ തുപ്പുവാൻ തയാറായ പീരങ്കി
ആയോധനമുറയറിയാതെ
രണഭൂവിൽ പകച്ചുനിന്നുപോരാളി
ഉന്നത വിദ്യഭ്യാസവും
സമൂഹവും വിവാഹവും
എന്നെയൊരു കരിക്കട്ടയാക്കിയോ
തൊഴിലിന്റെ തുറുങ്കിലടച്ചുവോ?

## പുതിയ സമവാക്യം

നവ്യശാസ്ത്രസാങ്കേതികത
ജീവിതവേഗതയേകട്ടെ
അർത്ഥശാസ്ത്രം ദൈവശാസ്ത്രത്തിന്
എതിരായ് പരിണമിച്ചല്ലോ
അല്ല ദൈവത്തിനായ് കാത്തിരിപ്പാൻ
വല്ലവർക്കുമുണ്ടോ സമയം
പുതിയ സമവാക്യം തന്നെ
കാത്തിരിപ്പവൻ പുറത്തെന്നല്ലേ?

# ജലചരായം

(വൃത്തം: ശ്രീ)
ഖം
മേ
മേ
ഖം 1

കാർ
വെൺ
മേ-
ളം 2

മാ-
രീ
ചാ-
പം 3

സ-
പ്തം
വർ-
ണം 4

വാ-
രീ
ചാ-
യം 5

# മംഗളം... രജതജൂബിലി... മംഗളം...

## എ.സി. ജോർജ്



(രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച മലയാളി അസ്സോസിയേഷൻ ഓഫ് സെന്ററൽ ഫ്ളോറിഡക്ക് ഊഷ്മളമായ മംഗളങ്ങളും ആശംസകളും നേർന്നുകൊണ്ടെഴുതിയ ഒരു ഗാനാത്മകമായ കവിതയാണ് താഴെ ചേർക്കുന്നത്. അമേരിക്കയിലെ കൊച്ചു കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡ അതിമനോഹരമാണ്. മലയാളി അസ്സോസിയേഷൻ ഓഫ് സെന്ററൽ ഫ്ളോറിഡായോ കൂടുതൽ മനോഹരവും മനോഹരിയുമാണ്. കവിത വായിക്കുക)

മലയാളി അസ്സോസിയേഷൻ... ഓഫ്... സെന്ററൽ...
ഫ്ളോറിഡാ...
മിന്നിതിളങ്ങും... രജത... ജൂബിലി... വെള്ളിനക്ഷത്രമേ....
താമ്പായിൽ... തമ്പുരുമീട്ടും... മിന്നും മലയാള... താരമേ...
നിൻ ശിരസ്സിൽ... സിൽവർ... ജൂബിലി തൻ... സിൽവർ
തൂവലുകൾ...
തുന്നിച്ചേക്കാം... വിജയഗാഥകൾ... പാടി തിമിർക്കാം...
സസ്യശ്യാമള... കോമള... കേരളം... പറിച്ചു നട്ടതോ...
മോഹന... മലയാള കാന്തി... മിന്നി... തിളങ്ങും...
ഫ്ളോറിഡാ ദേശമാം... താമ്പാ... മലയാളിതൻ... കൂട്ടായ്മയാം...
മലയാളി അസ്സോസിയേഷൻ ഓഫ്... സെന്ററൽ ഫ്ളോറിഡാ....
ആയിരമായിരം ഹർഷോന്മാദമാം... ആശംസകൾ...
മംഗളങ്ങൾ....
രജതജൂബിലിതൻ... മോഹന... ആനന്ദഹാരിയാം...
വിജയഗാഥയാം... സങ്കീർത്തനങ്ങൾ... ഉരുവിടട്ടെ...
വിഹരിക്കട്ടെ... വിഹായസ്സിലെങ്ങും... ചൊരിയട്ടെ...
പൂമഴയായ്...

പുതുപുത്തൻ... വിജയ.... ഗിരിശൃംഗങ്ങൾ... താണ്ടട്ടെ...
താമ്പാ... മലയാളി... വൃന്ദത്തിനഭിമാനമാം... നേട്ടങ്ങൾ...
സാമൂഹ്യ-സാംസ്കാരിക... ജയ... പടവുകൾ...
ഒന്നൊന്നായി... പിന്നിടാം....
താമ്പായിൽ... തമ്പടിക്കാം... തമ്പുരു മീട്ടാം... ഈ നാളിൽ...
വിജയ-രജത-ജൂബിലി... വാടാമലരുകൾ... ആശംസകൾ...
എന്നുമെന്നും... നേരട്ടെ... മലയാളി.. കൂട്ടായ്മയാമീ...
മലയാളി - അസ്സോസിയേഷൻ... ഓഫ്... സെന്ററൽ...
ഫ്ളോറിഡാ...
സാഗര തിരയും... തീരവും... പരസ്പരം ചുംബനം
വർഷിക്കും...
മോഹന... തമ്പാ... മലയാളി-മാണിക്യ... സോദരരെ....
വന്ദനം...
ഒരുമിക്കാം... കൈകൊട്ടി... പാടാം... ജൂബിലി കീർത്തനങ്ങൾ....
താമ്പാ മലയാഴ്മക്കഭിമാനമാം... വേളയിൽ...
വിരിയട്ടെ... പുഷ്പങ്ങൾ...
പടരട്ടെ... ജയഭേരിതൻ... താമ്പാ... തമ്പുരു... മധുര...
ഗീതങ്ങൾ...

# നെല്ലിക്കുന്ന് കവിതകൾ

**മാത്യു നെല്ലിക്കുന്ന്**

## നിഴലുകൾ



പ്രയാഗിൽ, സിന്ധുവിൽ
ഹിമവൽസാനുവിൽ
സാന്ദ്രമാം കാറ്റിൻ ചിറകിൽ
എൻ അഹംഭാവം

അലിയുന്നു,
അലയുന്നു നീയെന്ന സത്യം തേടി
തേടുന്നു മമ നിത്യസത്യങ്ങളെ
അകലുന്നു കണ്ണികൾ വിടരുന്നു

പുഷ്പങ്ങൾ മരിച്ചു കൊഴിയുന്നു
നനയുന്നു കൺപീലികൾ
ഇന്ദുവിൽ ബിന്ദുവിൽ
എവിടെയുമെന്നിലെ

ജീവിതപ്പൊരുളിന്റെ
മാറാല മാറ്റാൻ
തേങ്ങുന്നു എൻ ആത്മസത്ത.

## അന്ത്യവചനം

ജീവിത സന്ധ്യയിൽ
നീളൻ നിഴൽപ്പാടുകളിൽ
സത്രങ്ങളില്ലിനിയുറങ്ങാൻ

വരണ്ടുപോയ് കണ്ണിണകൾ

ശമിച്ചല്ലോ മൊഴികളും
പാതിയമർന്ന കാൽപ്പാടുകൾ
അന്ത്യ മുദ്രകളാവുന്നു...
വേരറ്റ മനുഷ്യനായ്

എണ്ണുന്നു ദിനരാത്രങ്ങൾ
മരണത്തിൻ ഓളത്തിൽ
നിത്യ വഞ്ചികളടുക്കുന്നു
എങ്കിലുമെൻ ശിഷ്ട മോഹം

ചിത്രശലഭമായ് ജനിച്ചു
ഇഷ്ട പുഷ്പങ്ങൾ തേടി
പാറിപ്പറന്നഭിരമിക്കാൻ...
പുഷ്പ സുഗന്ധത്തിൽ
നഷ്ട നിറവാടിയിൽ
ആ നിലാരാത്രിയിൽ
ഞാനും മണിമേഘമായ്...

# തെക്കിനിയിലെ മരം

ഉഷ്ണമാപിനികൾ വിറകൊള്ളും
സൂര്യാഘാതത്തിൻ വേനലിൽ
ഉടലുരുകി മനംകത്തി, തെക്കിനിയിലെ
ദഹന വിറകായി മാറുന്ന മാവാണെൻ പേര്

ചേക്കേറും കിളികളെ കാത്തുരക്ഷിക്കുന്നു
കാറ്റിലാടി ഒടിയുമ്പോഴുമെൻ ചില്ലകൾ
എൻ നെഞ്ചിലുമിലകളിലും വേരിലു-
മെല്ലാമണഞ്ഞവർ സഹജീവികൾ.

ദൂരയാത്രികർ എൻ തണലിലുറങ്ങുന്നു
അമ്മതൻ മടിത്തട്ടിലെന്നപോലെ
ഇലച്ചില്ലകൾ വിരിച്ചവർക്കായൊരുക്കുന്നു
സുഖസുഷുപ്തിയുടെ നിഴലിടങ്ങൾ.

അമ്മിഞ്ഞപ്പാൽ നുണയും മക്കൾക്കെന്നപോൽ
ഞാൻ ചുരത്തിക്കൊടുക്കുന്നു തേനൂറും
മാമ്പഴങ്ങൾ, നിർവൃതിയാലടയുന്നെൻ
കാണാക്കണ്ണുകൾ ആ മധുരനൊമ്പരക്കാറ്റിൽ

സംവൽസരങ്ങളിങ്ങനെ പറന്നകന്നു
മഴയും വെയിലും മഞ്ഞുകാലവുമെല്ലാം
നിയതിയുടെ കൽപ്പനപോൽ കടന്നുപോയ്
കാലപ്രവാഹത്തിലിവിടെയീ ഞാനും

ഒരുനാൾ മരണമൊഴികേട്ടെൻ വളപ്പിൽ
മുത്തച്ഛൻ മരിച്ചു. ദഹിപ്പിക്കാൻ
കോടാലിയുമായെന്നരികിലെത്തിയവർ
മറിച്ചിട്ടെൻ മാറു പിളർന്നു കൊണ്ടുപോയ്...

പട്ടടയിൽ മുത്തച്ഛനെ പച്ചയ്ക്ക് കത്തിച്ച്
ഞാനുമൊരുപിടിച്ചാരമായി, ഉദകക്രിയകൾ കഴിഞ്ഞു,
മൺചട്ടിയിലടക്കിയൊഴുക്കിയ ചാരത്തിൽനിന്ന്
ഞാനും പുനർജൻമത്തിന്റെ ഫീനിക്സായി...

ഉഷ്ണമാപിനികൾ വിറകൊള്ളും
സൂര്യാഘാതത്തിൻ വേനലിൽ
ഉടലുരുകി മനംകത്തി, തെക്കിനിയിലെ
ദഹന വിറകായി മാറുന്ന മാവാണെൻ പേര്...

# പ്രാചീനമായ കാറ്റ്

അകലെ, പച്ചപ്പട്ടു വിതാനിച്ച
സഹ്യശിഖരങ്ങൾ തഴുകി
പുണ്യതീർത്ഥങ്ങൾ ഒഴുകിയണയുന്നു
പ്രാചീനമാം കാറ്റിൻ മണവുമപ്പോൾ

സ്ഫടിക തെളിനീരിൽ സൂര്യനെ വന്ദിച്ച്
ആയിരത്തെട്ടു രാവുകൾ നീയെന്ന
മോഹമന്ത്രമുരുവിട്ട ഭക്തനിവന്
മുന്നിലെത്താൻ കനിവുണ്ടാകുമോ...?

വ്യർത്ഥ ചിന്തയോടെല്ലാം പിൻതള്ളിടാൻ
ശ്രമിക്കവേ, ആവുന്നില്ല. സത്യം.
ഓർമകൾ ഒരു കുമ്പിളായ് എന്നുമെൻ
പ്രദക്ഷിണ വഴിയിൽ, നിഴൽ നിറച്ചു.

പൊയ്പ്പോയ കാഴ്ചകൾ ഹൃദയത്തെ
ചുറ്റിവരിയുന്നു. സർപ്പഗാത്രമായ്
മൗനം അകലെ നക്ഷത്രത്തുരുത്തിൽ
ശൂന്യമാം അപാരതകളിൽ...!

ഏകനാമന്വേഷകൻ ഞാൻ, ആയിരം
കുതിരകൾ പ്രകാശവേഗം തീർത്ത
തേരിൽ അലയുന്നു, വിജന
വനാന്തരങ്ങളിൽ കന്യാതടങ്ങളിൽ

നിറമാകാൻ കൊതിക്കും നിലാവെട്ടം
ഇരുളിനോടൊത്തിണചേരും
സന്ധ്യാപ്പടർപ്പിൽ... വിയർപ്പിൽ
തേടുന്നു ഞാൻ സത്യധർമ്മങ്ങളെ...

# സുന്ദരീ... വിട...

വൃശ്ചിക കാറ്റേ, കേൾക്കുകയെൻ
ഹൃദയം ഓർമയുടെ മരവിപ്പിൽ
താംബൂലമേന്തി നിൽക്കുന്നെവിടെയോ
പ്രിയ സുസ്മേര സുന്ദരി...?

സോമയാഗത്തിന്റെ അഗ്നിച്ചിറകിൽ
പരവശമാം മനസിൻ മുനമ്പിൽ
ആഞ്ഞടിച്ചെത്തുന്നു
നിൻ രാസഗന്ധം...!

പെണ്ണേ, നിൻ കണ്ണിലെ
വേപഥുവിൻ നീർച്ചാലുകൾ
ചുണ്ടിലെത്തി വിതുമ്പലായ്
പിന്നെ ശാശ്വത ഗദ്ഗദമായ്...

തകർന്നു പോയ് മനസും വപുസും
ഈ കാലസാഗര തിരമാലയിൽ
വിവേചനം വർണത്തിലെത്തിച്ച
തിമിരത്തിൻ ജാതി കോമരങ്ങൾ...

കുത്തിക്കെടുത്തിയ ചങ്കിന്റെ
ചോരപ്പാടുകളെൻ നിശ്വാസങ്ങളെ
അണകെട്ടിക്കളഞ്ഞല്ലോ കഷ്ടം...!
ഇനി ഞാനുണരുകയെപ്പോൾ...?
നനവാർന്ന നിൻ അധരപുടങ്ങളിൽ
ആദ്യചുംബനപ്പാടുകൾ വീഴ്ത്താത്ത
കാമുക സ്നേഹമണയില്ലീലോകത്തും
ഇഹലോകത്തുമെൻ സഖീ...!

അന്നെപ്പോഴും പ്രണയത്തിൻ
തുളസി മാലയുമായ് മുറതെറ്റാതെ
കാത്തിരുന്നു കൗമാര കഥയിലെ
ഗ്രാമസുന്ദരീ.... വിട...!

## ഒരു വസന്തകാലം

ശിശിര രാവിൻ കുളിർയാമങ്ങളിൽ
തംബുരു പൊട്ടിയ വീണാ നാദം
ഒരു വസന്തത്തിൻ ബാക്കിപത്രമായ്
കേൾക്കുകയാണിന്നും കണ്ണീരോടെ...

ക്രൂരവിഷാദ സന്ധ്യയിൽ ഉരുകിയ
ഹൃദയമിടിപ്പിൻ താളപ്പിഴകൾ
മോഹിക്കും ജീവന്റെ തുടിപ്പുകൾ
കൈവിട്ടകലുന്നോ കരുണയില്ലാതെ

നീയാം താഴ്‌വരപ്പച്ചയിൽ, തീയാം
തേനല താഴ്ചയിൽ, തടാകത്തിൽ
നീന്തിത്തുടിച്ച ക്രീഡാ സ്മരണകൾ
ഈ മരവിപ്പിൽ ഓർക്കുന്നു ഞാൻ വൃഥാ....

നിൻ മണമെല്ലാമെവിടെയോ പോയ്
കാലത്തിൻ മടിത്തട്ടിലോ... ശൂന്യമാം
ചുവരുകളിൽ നിശ്ചലം നോക്കി ഞാൻ
പ്രതിമപോൽ നിന്നുണരാതെ പോയ്...

## തമോഗർത്തം

അകലെ നാമറിയും ദീപ്ത വെളിച്ചത്തിൻ
പ്രവാഹ മണ്ണിടങ്ങളിൽ, എന്നും തഴുകിയ

പുൽ നാമ്പുകൾ... ഓർമകൾ ചിരം
വേട്ടയാടുന്ന നഗരപ്രാന്തങ്ങൾ,

തെരുവോരങ്ങൾ... സ്നാന ഘട്ടങ്ങൾ
അവിടെയുമെന്നും മുടക്കാത്ത സന്ധ്യാവന്ദനം
അകലെ ചക്രവാള സീമാന്തരങ്ങളിൽ
ചായം പുരണ്ട ആകാശഗംഗാപ്രവാഹത്തിൽ

വിലയിക്കാൻ വെമ്പുന്നു, എൻ ആത്മസത്ത
ഇന്നലെ കണ്ട മായിക സ്വപ്നങ്ങൾ
ഇലപൊഴിഞ്ഞുണങ്ങിയ മരച്ചില്ലകൾ
മണമേകിയകന്ന് വീണ പൂവിതളുകൾ

ബാക്കിയാകുന്നു, നനഞ്ഞ പ്രഭാതങ്ങൾ
മുന്നോട്ടു മേയ്ക്കാൻ എന്നും മോഹിക്കും
പിന്നെ, മനസിനെ പിന്നോട്ടടിക്കും
ഇടറിയേന്തുന്ന കാലടിയിണകൾ

മരണത്തിൻ നാദസ്വരമുയർത്തുന്ന
രാപ്പക്ഷികൾ തേടുന്ന പുറംപോക്കുകൾ
ഇഷ്ടമാണ്, പക്ഷേ അതെന്റെ നേട്ടമായ്,
മോഹമായ്, ഭംഗമായ് മുൻ തിരിഞ്ഞറിയുമ്പോൾ....

ഹാ... ശൂന്യമാം തമോഗർത്തം
ഒന്നുമില്ലെനിക്ക്, പറയാൻ മടിയില്ല
മിഥ്യതൻ പരിവേഷങ്ങൾക്ക് പ്രത്യക്ഷ
വികാരമില്ല, സവിശേഷ വിന്യാസങ്ങളില്ല
വർണരാജികൾക്ക് നിറമില്ലെനിക്ക്
പൂക്കൾക്ക് മണമില്ല, പിന്നെയോ...
തമസിന്റെ സുഖസുഷുപ്തിയുടെ
സുഖദമാം തലോടൽ മാത്രം

ചുറ്റിലും കൂടി നിൽക്കുന്നു സൗഹൃദ

ബന്ധങ്ങൾ, യാത്രാമൊഴികൾ
കേൾക്കുകയായ്, പ്രജ്ഞയിൽ മർമരമുറപ്പിച്ച
ദേഹത്തിന് സന്തോഷമില്ല, സന്താപമില്ല

ഇരുളിന്റെ തമോഗർത്തത്തിൽ
വെളിച്ചമകന്ന ശൂന്യവേളയിൽ
കാഴ്ച്ചയ്ക്കിടമില്ല, കാതിലറിയില്ല, പിന്നെയോ
പോകാം ശുദ്ധ സുമനസിന്റെ പുനർജനി തേടി

# എന്റെ വഴി

പാതയിറമ്പത്തെ മരത്തണലിൽ
ഇളം കാറ്റിൻ ചുംബനങ്ങൾ
സൗമ്യമാം കാലത്തിൽ
ഉണർന്നേറ്റു വാങ്ങവെ

നടന്നകലുവാൻ ഉൾവിളിയുടെ
മോഹങ്ങൾ, വിഴുപ്പുകളായ്
മുഷിഞ്ഞുനാറിയ വേഷങ്ങൾ
പുറംകുപ്പായങ്ങൾ...

പഴകിയുടഞ്ഞ ആടയാഭരണങ്ങൾ
ചുറ്റിലും മായിക വലയങ്ങൾ
ഒക്കെ ഒന്നായി പിൻതള്ളുവാൻ
ഹൃദയ ശാസനകൾ...

വിരസത കൂടെപ്പിറപ്പായി
മനസിലെ മാറാലകൾ,
നിഴൽ പാകിയ മുൻവഴി
കാഴ്ചയകലുന്ന പകലുകൾ

അന്തിയുറക്കത്തിന് സമയമായ്
ദേഹം വിരിക്കാനൊരിടമില്ല
സമ്പത്തില്ല, ബന്ധുക്കളും
യാചനയാണെൻ മാർഗമെന്നും

എങ്കിലുമെനിക്ക് പരാതിയില്ല
ദുഃഖമില്ല, ഇടയ്ക്കെപ്പൊഴോ
വീണുകിട്ടി ഇത്തിരി
സ്നേഹത്തിൻ മലരുകൾ

എൻ ഏകയാത്രാ പഥങ്ങളിൽ
വന്നുപോയ് വർഷവും
വസന്ത ഋതുവും മുറയോടെ
കാണുന്നകലെ മമ താരകം

## ബീജാങ്കുരം

സൗരയൂഥ മധ്യസ്ഥലിയിൽ
സൂര്യൻ കത്തിപ്പുകഞ്ഞുരുകി
ഉൾക്കടൽ തീമ്പുകളായി
ജ്വലിച്ച കൂരമ്പുകൾ

കരളിൽ കുത്തിത്തറഞ്ഞു
കണ്ണും കനവും കവർന്നവൾ
വേദനിപ്പിച്ചെൻ മാനസം
സർപ്പമായ് പിന്നെ ദംശിച്ചു

മാരകനൃത്തം ചവുട്ടിയ നാൾ
നീ തീമഴ വർഷിച്ച നേരം
എൻ കരവലയത്തിലമർന്ന നിൻ
അകക്കാമ്പിൽ കിളിർത്തു ബീജാങ്കുരം

# ചോരപ്പാടുകൾ

യാദവ വംശത്തിൽ ഉൾപ്പോരിൻ
ഇടനാഴികളിലെ ചോരപ്പാടുകൾ
വിങ്ങുന്നു ഭാരതാംബയുടെ
ഹൃദയരക്തത്തിൽ കറവീണ,

തുടിപ്പുകൾ... നിറങ്ങൾ
ഗഹ്വര മനസിലെ ഗുഹകളിൽ
ജാതികൾ... മതങ്ങൾ, മനുഷ്യൻ
തീർത്ത കൃത്രിമ രണഭൂമിലാണ്ട്

ഭാരത ചരിത്രത്തിൽ വീണ്ടും
ചുടുചോരയും കനൽ
പാടുകൾ പരക്കുന്നു
മാതാവ് നിശബ്ദം തേങ്ങുന്നു

# സന്ദേഹം

**ടി.എൻ. സാമുവൽ**

അരുതാത്തതൊക്കെ നാമാവോളം ചെയ്തിട്ട്
കരുതുന്ന കണ്ണിലൊരു കരടായി മാറിയോ?

അരുമക്കിടാങ്ങളാം സോദരെ കൊല ചെയ്തി-
ട്ടുതൂവിടും മന്ത്രങ്ങൾക്കെന്തു കാര്യം?

വഴിപാടും നേർച്ചയും കുർബാന പൂജയും
അഴിമതിക്കാർക്കുള്ള രക്ഷാകവചമോ?

ഇഹലോക ധർമ്മവും ശാസ്ത്രവും കണ്ടിട്ടും
അഹംഭാവ പൂരിതമാക്കിയോ ജീവിതം?

അനുഭവവേദ്യമായറിവിനെപ്പോലുമി-
ന്നനുകൂലമാക്കുവാനാരൊരുക്കം?

സത്യാത്മാവിന്നകതാരിലൊരു വേള
മിഥ്യാധാരണക്കിടം മാറിക്കൊടുത്തുവോ?

അനിവാര്യ സത്യമാം മൃത്യുവിൽ ക്ഷണമോർത്ത്
ഇനിയും വിലപിച്ചിട്ടെന്തു കാര്യം?

# സ്വതന്ത്ര കേരളം

## (ഒരു പ്രവാസഗീതം)

കുന്നുനിരത്താം വയൽ നികത്താം
തണ്ണീർത്തടങ്ങളില്ലാതെയാക്കാം
പൊന്നും പണവും പെണ്ണുംകടത്താം
കണ്ണീർക്കഥകൾ കേട്ടുല്ലസിക്കാം!

സീറ്റിനും വാറ്റിനും കോരിക്കൊടുക്കാം
സർക്കാർ ഡോക്ടർക്ക് വാരിക്കൊടുക്കാം
നികുതി കൊടുക്കാതിരിക്കാമതിൽ നേർ
പകുതി സാറിനു കൊടുത്തു പോന്നാൽ!

മിഴിയടപ്പിച്ചാകെ മൊഴിമാറ്റം നടത്താം
ന്യായാധിപന്മാരെ വിലക്കു വാങ്ങാം
ലക്ഷങ്ങൾ തട്ടിച്ചാ കേസെല്ലാമജ്ഞാത-
ലക്ഷങ്ങൾ കൊണ്ടുതന്നില്ലാതാക്കാം!

ഒരു വാതിൽ തുറന്നിട്ടുപരോധം നടത്താം
പിൻവാതിൽ നിയമനം സാധുവാക്കാം
അഴിമതിമുക്തിക്കായ് പാട്ടൊന്നു പാടിടാം
അരുമയാംമരുമക്കളെ സുസ്ഥാനത്തുറപ്പിക്കാം!

ഇസവും ജാതിയും വിഷം ചീറ്റി മനുഷ്യരെ
പകരത്തിനു പകരമായ് കൊലപ്പെടുത്താം
ഹർത്താലിൻ പേരിലങ്ങടിച്ചു തകർക്കാം
കർത്താവിൻ പേരിലങ്ങൂറ്റവും കൊണ്ടിടാം!

മദ്യത്തിൽ മുങ്ങിക്കുളിക്കാം മലയാളീ
ഭക്തിലഹരിയിൽ മതിമറക്കാം
സർവ്വം സ്വതന്ത്രമാണാകൊച്ചു കേരളം
ഗർവ്വോടീ പ്രവാസി നമിച്ചിടുന്നു!!

## വൽസൻ മഠത്തിൽപ്പറമ്പിലിന്റെ കവിതകൾ
### വത്സൻ മഠത്തിപ്പറമ്പിൽ

## ഡിസംബർ 31



ചെങ്കതിർ താഴ്ത്തി സൂര്യൻ പശ്ചിമാംസത്തിൽ
താഴവേ
ഇന്ദുവാം സിന്ദൂരക്കുറിചാർത്തി രജനിയെ
ന്നുള്ളി
ഇന്നീവർഷമവസാനമെങ്കിലും പുതുവർഷം
വീണ്ടും വരും ചെങ്കതിർതൂകി സൂര്യൻ നാളെ
പിന്നെയീ മണ്ണിൽ തുടികൊട്ടിപ്പാട്ടുണർന്നില്ല
പിന്നെയും വിണ്ണിൽ നിന്നുപൊഴി സ്വർഗ്ഗീയഗാനം
മനതാരിൽ മോഹനപ്രതീക്ഷകൾ പൂത്തു തളിർത്തിടു-
മനനം ചെയ്യും മാനവൻ വീണ്ടുമീ സമത്വസുന്ദരഭൂമിയിൽ

## കെയ്റോ

ഇന്ദ്രനീലം തൂകിയ നീല നദിയിൽ
ഇന്ദുമുഖിയും ഞാനും സ്വപ്നങ്ങൾ തേടിചെന്നു

സുരസുന്ദരിയാം ക്ലിയോപാട്രയുടെ നൃത്തവേദിയിൽ
സൂര്യസ്നാനം ചെയ്യും അലക്സാൻട്രിയായുടെ തീരങ്ങളിൽ

പിറന്നയാഫ്രഞ്ചുകാരൻ തീർത്ത കനാലിൻ തീരത്ത്
യൂറോപ്പിന്റെ തനിപ്പതിപ്പാം പോർട്ടുസെയ്തും കണ്ടൂ

കെയ്റോ നഗരത്തിന്നരികിലെ പിരമിഡുകൾ

അതിൽ കാവലിന്നു തീർത്ത അബുൽഹോളുകളും

ഇന്നുമാനവസംസ്കാരത്തിന്റെയവശിഷ്ടങ്ങളായ്
ചരിത്രസ്മാരകങ്ങളായ് നിലനില്പൂ

# പ്രണയഗീതം

മമപ്രേയസിയ്ക്ക് ഞാനൊരു ലിഖിതം
അമിതമായ വികാരവായ്പാൽ കുറിയ്ക്കുമ്പോൾ
പൊഴിയുന്ന ബാഷ്പബിന്ദുക്കൾ തൂകി
ഒഴുകുന്ന നദിയുടെ സംഗീതം ഞാൻ കേൾക്കുന്നു

അവ്യക്തമായ ദുഃഖത്തിന്റെ
നവ്യമായ ഭാവം മുൻപിൽ
സ്പന്ദിക്കുന്ന മനസ്സിലുളവാകും
ആന്ദോളനങ്ങൾ ഞാനറിയുന്നു

രാഗവായ്പാൽ സംതൃപ്തിയടയുവതല്ല ജീവിതം
പിന്നെയോ നമ്മളൊന്നിച്ചോമനിച്ചാൽ
എന്നെയും നിന്നെയുമോമൽ മഞ്ചത്തിലേറ്റിടുമീ ജീവിതം
വർണ്ണച്ചിറകുകൾ വേണ്ടെനിയ്ക്കു പറക്കുവാൻ

കർണ്ണന്റെ കുണ്ഡലം വേണ്ട വെന്നിടാൻ
എന്നുമീ സ്നേഹത്തിന്റെ ചിറകുകളിൽ
ചെന്നിടും വിജയക്കൊടി നാട്ടിടാൻ ഞാൻ
അകതാരിലാനന്ദം നിറയട്ടെ നമ്മിൽ

പകലോന്റെയൊളി വാരിവിതറട്ടേ നമ്മിൽ
ആയിരം കുളിരൊളി തഴുകുന്ന പെരിയാറിൽ

തുയിലുണരും പാട്ടിന്റെ നാദം കേൾക്കട്ടെ നമ്മൾ

## ക്ഷമാപണം

മദ്യപാനിയല്ല ഞാനെങ്കിലും
മദ്യസേവ ചെയ്യുന്നത് ദേവപ്രീതിയ്ക്കല്ലേ
യാഗങ്ങൾ നടത്തുന്നത് മാമുനിമാരെങ്കിലും
മോക്ഷം നമുക്കും പ്രാപിയ്ക്കണം സേവ മദ്യത്താൽ ചെയ്യണം.

മമലോക നിയമങ്ങൾ വെന്നിടാം ഞാൻ
മാമുനിമാരെപ്പോലെ മരവുരി ചുറ്റിടാം
ഹിമവൽസാനുക്കളിൽ തപസ്സുചെയ്യാം
ഓമലേ നീയെന്നോടു പൊറുക്കേണമേ.

## പല്ലവി

വത്സൻ മഠത്തിപ്പറമ്പിൽ
ആദ്യമായെന്നനുരാഗ വീണയിൽ
ശ്രുതികൾ മീട്ടിയ പെൺകൊടീ
അന്നു നീ മീട്ടിയ ശ്രുതികളെന്നിൽ
പ്രേമത്തിൻ പുതിയ സംഗീതം രചിക്കവേ

എന്നനുരാഗവതീ നീയെൻ ചുണ്ടിൽ
മായാത്ത പൊൻമുദ്ര പതിക്കവേ
കണ്ടു ഞാൻ നിന്നിൽ പുതിയ രാഗവായ്പാൽ
വിടരും നവ വേണുഗാനം

ആ ഗാനത്തിൻ സ്വരമാധുരി കേട്ടു
പ്രകൃതി പുളകച്ചാർത്തണിയവേ
അന്നുമിന്നും നീ പാടുന്ന പാട്ടിന്റെ
പ്രണയ പല്ലവിയായി ഞാനലിയട്ടെ

# A Night Rest In Haven

**by Abhilash Valson**



O’ wondrous sleep
Please do sting me to rest
Take me deep
Into the dreamers nest

The cuckoo of the forest haunts my window
And there are eight billion stars in the sky
O’ beauteous dreams of the lotus eaters
Bring peace in my night’s rest

It’s cold and icy
Peace spreads across my soul
I feel a bit dizzy
Maybe it’s a fall or a call

Stix was crossed
Adn hades doth beckon me nigh
Pluto doth tuck me in my bed
Forever closed my eyes lie

Thank you o’ wondrous sleep
For a the day’s work lie done
A night’s rest well earned
Thank you wondrous death

# The great divide

**Greeshma Abhilash**

The kettle boils with the sun
I clamor into the kitchen donned
Life in the foreign land yawns
How breathtaking are the snow covered lawns!

Searching for a home
We travelled across the seas
To find our nest to cozy in
A new life to live in

The lands vast and wide
The great cultural divide
Oh how colorful you make it seem
In the backyard, trees of neem

Of the breeze during the spring,
The songs that maidens sing
Of youthful lads with passions ablaze
Their hearts thundering in their gaze

Where do I belong, Oh tell me papa
Land that you fled or the land of the free
For one I see through your eyes
The other under the vast blue skies

Our roots are deep I know, and tight
But my home is where I see your light
For know well, no matter my tongue
I remember only, the songs you sung.

# വിട പതിനാറിന്

## മാത്യു വെള്ളമറ്റം



സമയത്തിനവധിയില്ല...
സ്വപ്നങ്ങൾക്കതിരുകളില്ല...
ജീവിതത്തിനൊരു  ചിറയില്ല
ജീവിയ്ക്കുക സ്നേഹിക്കുക
ആസ്വദിക്കുക ഓരോ നിമിഷവും

കണ്ണഞ്ചും ഓർമ്മകളെ മാത്രം സൂക്ഷിക്കുക
മുഖത്തു ചുളിവുതീർക്കുന്നവയെ തള്ളുക.
ആശംസകൾ നേരുന്നു ഞാൻ
ഒരു സ്വപ്നസുന്ദരമഹനീയ വർഷാവസാ
നമീ രണ്ടായിരത്തി പതിനാറിനു
വിട വിട വിട

# ബലിച്ചോറ്

രാജൻ നായർ



ഇനിവരും തലമുറയ്ക്കെന്തു നൽകും
ഇന്നലെയുടെ ബലിച്ചോറു നൽകാം
തുള്ളിക്കൊരുകുടം പെയ്യുന്നൊരാമഴ-
തുള്ളിക്കണക്കേ പെയ്തൊഴിയുന്നിതാ

കരയുവാൻ കണ്ണുനീർ വറ്റിയ നദിയിന്ന്-
കരകവിഞ്ഞൊഴുകിയ കാലത്തേയോർക്കുന്നു
ഹന്ത! മരുഭൂവായ് മാറുന്ന ഭൂമിക്കോ-
ഹരിതാഭമാർന്നൊരു നാടാണു സ്വപ്നം

ഗോക്കൾതൻപേരിൽ ഉയിരെടുക്കുന്നവർ
ഗാന്ധിയേയും മറന്നന്ന്യരായ്ത്തീർന്നവർ
സാരമേയത്തിൻ പരാക്രമഭീതിയാൽ
സംസാര സാഗരം നീന്തിക്കടപ്പവർ

അറിവിന്റെയറിവിലലസരായ്ത്തീർന്നവർ
അറകൾ തന്നുള്ളിൽ കുടുങ്ങിക്കിടപ്പവർ
മണ്ണിന്റെ മണമൊട്ടുമാസ്വദിക്കാത്തവർ
മണിമഞ്ചലേറുവാൻ കാത്തിരിപ്പോർ

ഓർമ്മകളെല്ലാം മരവിച്ചീജനതഥി
ഓടുന്നു മത്തഗജത്തിനേപ്പോലവേ...
ഇനിവരും തലമുറയ്ക്കു നൽകും
ഇന്നലെയുടെ ബലിച്ചോറു നൽകും...

## ഒരു പഴങ്കഥ (പുതിയതും)

ഇനിയെന്തു കോരാ നീ പറയൂ
ഇനിനാമിതെങ്ങിനെ അഷ്ടി തേടും
പണിയെടുക്കാൻ നമുക്കാവില്ലെന്നാൽ
പണിയൊന്നുമറിയില്ലതാണ് സത്യം

ഭൂപരിഷ്കാരം പുലർന്നപ്പോൾ നമ്മുടെ
ഭൂമിയെല്ലാമടിയാൻമാർ കൊണ്ടുപോയ്
ഉള്ളതിനൊന്നിലും കായ്ഫലമില്ലെന്നായ്
ഉള്ളം നുറുങ്ങുന്നിതെന്തുപായം

തലമുറയായ് ചെയ്ത ദുഷ്പ്രവർത്തി
തലക്കുമിതേയൊരുവാൾക്കണക്കേ
അടിയാന്റെയശ്രുകണങ്ങളാൽ വിളയിച്ച
അരിയാണു നിങ്ങൾ തൻ ബലമെന്നതോർക്ക

തരിശായ ഭൂമിയിൽ കിളിപോലുമില്ല
തലപോയിതെങ്ങിനേ കാറ്റിനും വേണ്ട
വേലചെയ്യാതിരുന്നുണ്ണാൻ കൊതിക്കുന്ന
വേദവാസനേയടിയനും വേണ്ട... സ്വസ്തി.

## കൂപമണ്ഡൂകങ്ങൾ

അനുഭവങ്ങൾ നഷ്ടമാക്കുന്നവർ, ഇവർ
നേർക്കാഴ്ചകളിലേയ്ക്ക് കണ്ണയക്കുന്നില്ല
വീട്ടകങ്ങളിലെ ചതുരപ്പെട്ടിയിൽ, അന്തിയിൽ
പ്രണയവിരഹങ്ങൾ കരഞ്ഞു തീർക്കുന്ന-

മായക്കാഴ്ചകളിൽ മനസ്സുഖം തേടുന്നവർ
പുറംകാഴ്ചകളിൽ പുറം തിരിഞ്ഞവർ

യാത്രയിൽ, സഹയാത്രികർ അടുത്തെങ്കിലും
മനസ്സുകൾ കാതങ്ങൾക്കകലെ വിഹരിക്കുന്നു
ഏവരും നവവിനോദത്തിൻ മാസ്മരികതയിൽ
ലോകം വിരൽത്തുമ്പിലാണെന്ന ചിന്തയിൽ
അവനവനിലേക്കുൾവലിയുന്നു, ചുറ്റിലും
ആരെന്നുമേതെന്നുമെന്തെന്നുമറിവില്ല

അകലെയെവിടെയോ ഭൂമി വിറയ്ക്കുന്നു
ഏതോ അഭയാർത്ഥികൾ സമുദ്രത്തിലാഴുന്നു
പട്ടിണിയിൽ, നരകയാതനയിൽ, ഏതോജനം
കൂട്ടമായ് മരിച്ചു മണ്ണടിയുന്നു...
നമ്മൾ മാത്രം... ചിരഞ്ജീവിയെന്നോർത്ത്
കൂപമണ്ഡൂകമായങ്ങനെ മദിച്ചു വാഴുന്നു.

ഒരു വർഷകാലം
മങ്ങിയെരിഞ്ഞിടും താരകവും ദൂരെ-
യെങ്ങുനിന്നോവന്നകാർകൊണ്ടലും
മണ്ടിയകലുന്ന പൊൻതിങ്കളും കൂടി
വിണ്ടലമാകേയിരുൾപരത്തി

മിന്നലിൻവെള്ളിവെളിച്ചം പരന്നൊരാ-
മന്നിതാ കാണുന്നു ശോഭയോടെ
ഇടിനാദമുച്ചത്തിലുയരുന്ന മാത്രയിൽ
ഇടനെഞ്ചുലയ്ക്കുന്നൊരാധിയോടെ

ചെറുകാറ്റിലുലയുന്നതരുശാഖയിൽ മഴ
ചാറ്റലിൻ കാവ്യാത്മക സംഗീതവും
ദ്രുതതാള വിസ്മയം തീർക്കുന്നമാരിതൻ
ദ്വന്ദ്വഭാവത്തിൽ മതി മറന്നിങ്ങനെ

പലവർഷരാത്രികൾ പെയ്തൊഴിഞ്ഞു
പലമഴക്കാലങ്ങൾ കണ്ടറിഞ്ഞു
വെൺനുര ചിന്തുന്ന വാഹിനിപോൽ
വിൺഗംഗയായൊരു വർക്കാലം

## തീച്ചാമുണ്ഡി

ചടുലവാദ്യം മുഴങ്ങുന്നു ചുറ്റിലും
അലറിയാർക്കുന്നു തീച്ചാമുണ്ഡിയും
ആളുമൊരഗ്നിയണഞ്ഞു, കനൽ
ആളുയരത്തിൽ തിളങ്ങിടുന്നു

ദേശമാകെ തൊഴുകൈകളോടങ്ങ്
ദോഷമോചനം കാംക്ഷിച്ചീടുന്നു
ഉള്ളിൽക്കനൽ വിങ്ങമുക്കലാകാരൻ
ഉള്ളുലയ്ക്കുന്നൊരാജീവിതം താണ്ടുവാൻ

നീറുന്നൊരഗ്നിയേ വാരിപ്പുണർന്നപ്പോൾ
നേരുള്ള ദൈവവും കണ്ണടച്ചോ...

## ഐ സി യു

ഓടിത്തളർന്ന ജീവിതങ്ങളുടെ
വിശ്രമസങ്കേതമാണിവിടം
അരിച്ചെത്തുന്ന കുളിരിൽ
സുഖാലസ്യത്തിലമർന്നിങ്ങിനെ...

ഹൃദയതാളം വരകളായ് തെളിയുന്നു
ജീവിതത്തിന്റെ കയറ്റിറക്കങ്ങൾ പോലെ

ഏറിയും... കുറഞ്ഞും...
ചിലപ്പോൾ ഒരു തീക്ഷ്ണപ്രകാശത്തിൽ

നമ്മൾ അലിയുന്നതായ് തോന്നാം
അഹങ്ങളെല്ലാം എരിയുന്ന നിമിഷം
സ്വത്വവും മൃത്യുവും നേർക്കുനേർ
പക്ഷെ മൃത്യുവിന് ജയം അനിവാര്യവും

## കാട്ടുനീതി

കാൽരണ്ടും വെട്ടേണമാദ്യം
ജീവൻ യാചിച്ച് അനേകർ
കെട്ടിപ്പുണർന്ന അതേ കാൽ
കൈരണ്ടുമെടുത്തിടേണം

നിരപരാധികൾക്കുമേൽ ഉയർന്നു-
യിരെടുത്ത അതേ കൈകൾ...
പാർട്ടിസൂക്തങ്ങൾ മാത്രമുരുവിട്ട
നാവരിയേണം, ചെന്നായകളുടെ

ജിഹ്വയാകാൽ ഇനിയുയരരുത്
തലപ്പിളർക്കുന്ന അവസാനവെട്ടിൽ
കപടമൂല്യങ്ങൾ ചിതറണം
ശിരസ്സിൽ നിന്നൊഴുകും രുധിരത്താൽ

നിന്റെ പാപങ്ങൾ കഴുകുമെങ്കിൽ...
അങ്ങിനെ മനുഷ്യനായ് മരിക്കാം...
മനുഷ്യനായ് മരിക്കാം.

# പ്രവാസി

തൻകുഞ്ഞിൻ തൂമുഖമൊന്നുകാണാൻ
താരിളംപൈതലേവാരിപ്പുണരുവാൻ
പ്രായമാം താതന്റെയരിക്കത്തിരിക്കുവാൻ
പ്രിയമിത്രസ്നേഹാമൃതം നുകരാൻ

ഉയിരാൻ തൻ പാതിയോടു ചേർന്ന്
ഉരുവായ കേളികളാടുവാനും
വയൽക്കാറ്റിനോടൊന്ന് കിന്നാരമോതുവാൻ
വരിനെല്ലിൻ ചോറുണ്ട് വയർ നിറയ്ക്കാൻ

ആത്മസതിർത്ഥ്യരോടൊത്തുചേർന്ന്
ആമോദമായ്ക്കളിവാക്കുചൊല്ലാൻ
ഇത്ഥം നിനച്ചങ്ങ് ദൂരേ മണൽക്കാട്ടിൽ
ഇടറും മനസ്സുമായോരോ പ്രവാസിയും

കാലപ്രവാഹത്തിലബലമാം ദേഹത്താൽ
കാതരനായുപജീവനം തേടുന്നു.

# വിശുദ്ധചിന്തകൾ

വിരുദ്ധനായി നാം ജഗത്തിൽ വാഴുകിൽ
വിശുദ്ധ ചിന്തകൾ വരില്ലൊരിക്കലും
തെളിഞ്ഞ തിങ്കളും ഇരുണ്ട കൊണ്ടലും
തനിയെതാൻ ഇരുധ്രുവങ്ങളാകുന്നു

ഉയർന്ന ഗോപുരം പണിതതിൻമേലേ
ഉയിർത്ത ദൈവത്തെ പ്രതിഷ്ഠ ചെയ്യുന്നു
കനകകാന്തിയാൽ വിളങ്ങും ശ്രീകോവിൽ

കദനഹാരിതന്നിരിപ്പിടമെന്നോ...?

തുറന്നു നോക്കുന്ന കൺകളാൽ കാണാം
തളർന്ന മർത്ത്യർതൻ ദുരന്തക്കാഴ്ചകൾ
നമുക്കുനേരേ നാം പിടിച്ചകണ്ണാടി
നയിക്കും നമ്മളേയുദാത്ത തത്ത്വത്തിൽ

അഹംബ്രഹ്മാസ്മിൻ, അതാണെന്നും സത്യം
അവനവൻ തന്നെ ദൈവമാകുന്നു.
വിരുദ്ധനായി നാം ജഗത്തിൽ വാഴുകിൽ
വിശുദ്ധചിന്തകൾ വരില്ലൊരിക്കലും

# കർണ്ണന്റെ വിധി

പ്രമോദ്. എം.ഡി



താതനായി അർക്കനും അമ്മയായ് കുന്തിയും
ഇതിലും യശസ്സിനി വേറെയുണ്ടോ
എങ്കിലും ഞാനിന്നറിയപ്പെടുന്നതു
കേവലം സൂതന്റെ പുത്രനായി

അമ്മ കുന്തിതൻ കൈകളാൽ ഉണ്ണിയാം എന്നെ
പുഴയിൽ ഒഴുക്കിയതും എന്റെ വിധി
വെറും സൂതന്റെ പുത്രനാം വിളിപ്പേരുകൊണ്ടെന്നെ
ജനം പരിഹസിക്കുന്നതും എന്റെ വിധി

പാഞ്ചാലി സ്വയംവര സദസ്സിൽ വച്ചു
അപമാനിതനായതും എന്റെ വിധി
കൂടെ പിറപ്പായി പാണ്ഡവരുണ്ടെങ്കിലും
കൗരവ പക്ഷത്തു ചേർന്നതു എന്റെ വിധി

സഹോദര പുത്രനാം അഭിമന്യു വീരന്റെ
മരണത്തിൻ ഹേതുവായതും എന്റെ വിധി
പാർത്ഥന്റെ അച്ഛനാം ദേവ രാജാവിനു
കവച കുണ്ഡലം കൊടുത്തതും എന്റെ വിധി

ഗാണ്ഡീവ വില്ലു കുലച്ചൊരാർജ്ജുനൻ
ഇന്നെൻ ശത്രുവായതും എന്റെ വിധി
വേണ്ടതു വേണ്ടപ്പോൾ ചെയ്യാൻ കഴിയാതെ
മറവി ശാപമായതും എന്റെ വിധി

യുദ്ധത്തിനിടയിൽ തേരിന്റെ ചക്രങ്ങൾ
ചളിയിൽ ആഴ്ന്നതും എന്റെ വിധി

കിട്ടിയ തഞ്ചത്തിൽ പാർത്ഥൻ തൊടുത്ത
അസ്ത്രം തറച്ചതും എന്റെ വിധി

അല്ലയോ! പാർത്ഥ ഒന്നു ചോദിപ്പൂ ഞാൻ
ഇതോ, നീ പഠിച്ച യുദ്ധധർമ്മം?
ഇന്നു ഈ ലോകത്തിൽ വില്ലാളിവീരനുണ്ടെങ്കിലതു
രാധേയനെന്ന ഈ കർണ്ണൻ തന്നെ...

## വേശ്യ

കാമത്തിൻ സുഗന്ധം പരത്തുന്ന മുല്ലപ്പൂ
ചൂടിയണിഞ്ഞു നടന്നു ഞാൻ രാത്രിയിൽ
ചന്ദന ലേപം പുരട്ടിയ മേനിയും
കണ്മഷി എഴുതിയ വിടർന്ന മിഴികളും

കയ്യിൽ കിലുങ്ങുന്ന കുപ്പി വളകളും
കാലിൽ കുലുങ്ങുന്ന പാദസരങ്ങളും
കാച്ചിയ എണ്ണ തൻ ഗന്ധം പരത്തുന്ന
പനങ്കുല പോലുള്ള കോലൻ മുടിയും

അമ്പിളിപോലെ തിളങ്ങുന്ന വദനവും
പാതിമറച്ച തുടുത്ത വയറും
ആരെയും മയക്കുന്ന നോട്ടവുമായി ഞാൻ
നടക്കുന്നു രാത്രിയിൽ നഗരത്തിൻ വീഥിയിൽ

കാമ തുടി കൊട്ടി വരുന്ന പുരുഷനെ
കാമിനിയായി ഞാൻ കാമിച്ചിടുന്നു
പകലിൽ മാന്യനായ് നടക്കും മനുഷ്യൻ
ഇരുളിൽ വരുന്നു എൻ പച്ചമാംസത്തിനായ്

ചില രാത്രിയിൽ അങ്ങനെ നടക്കും തർക്കങ്ങൾ

കൂടിയ വിലയുള്ള പിടക്കുന്ന കാശിനായ്
അറിയാത്ത പ്രായത്തിൽ അറിവുള്ളവർ എന്നെ
അറിയപ്പെടുന്നൊരു വേശ്യയാക്കി

സന്ധ്യാനേരത്തു വിളക്കു കൊളുത്തേണ്ടവൾ
സന്ധ്യാനേരത്തു നടക്കുന്നു വീഥിയിൽ
ഒരു നേരമെങ്കിലും വയറു നിറയ്ക്കുവാൻ
നടക്കുന്നു നഗരത്തിൽ ഞാനിന്നു വേശ്യയായ്...

## കാള കുട്ടൻ

നങ്ങേലി വീട്ടിലെ പുള്ളി പശുവിന്റെ
മകനായ് പിറന്നു ഞാൻ ഇന്നലെ രാത്രിയിൽ
വെള്ള നിറഞ്ഞ എൻ നെറ്റി തടത്തിൽ
പുള്ളി കറുപ്പ് ശോഭിച്ചിടുന്നു

വീട്ടിലും നാട്ടിലും ഓമനയായി ഞാൻ
തുള്ളി കളിച്ചു മതിച്ചു നടന്നു
ഓടി കിതച്ചു വരുന്നൊരായെന്നെ
അമ്മ നക്കി തുടച്ചു ഉമ്മ വയ്ക്കുന്നു

അമ്മതൻ ചാരെ കെട്ടിയിട്ടെന്നെ
ആരോ കറക്കുന്നു അമ്മതൻ അകിട്
കൊതിയോടെ ചാരെ നിൽക്കുന്ന എന്നെ
വാത്സല്യത്തോടെ നോക്കുന്നു അമ്മ

അരികെ വിളിച്ചെന്നെ അകിടോടു ചേർത്തമ്മ
പാലു ചുരത്തി മതിയാകുവോളം
അമ്മതൻ പാലു കുടിച്ചിട്ടു ഞാനന്നു
അമ്മതൻ ചാരെ ചേർന്നു കിടന്നു

മാസങ്ങൾ അങ്ങനെ പലതും കടന്നു
കൊമ്പ് മുളച്ചൊരു കാളയായ് മാറി ഞാൻ
പുല്ലും തവിടും കഴിക്കുന്നൊരമ്മയെ
കാണുവാൻ ആരും കൊതിച്ചിടും ഇപ്പൊഴും

എങ്കിലും സത്യമിതാകുന്നു വീട്ടിലെ
കറവ വറ്റിയ പശുവായ് മാറിയെന്നമ്മ
ആരോ പടിക്കൽ വരുന്നതു കണ്ടു ഞാൻ
അമ്മതൻ മേനിക്ക് വിലപേശി നിന്നവർ

അമ്മയെ കൊണ്ടുപോകുന്ന വഴിയെ
തെല്ലിട നിന്നു എന്നെ തിരഞ്ഞമ്മ
അമ്മതൻ നിറയുന്ന കണ്ണുകൾ കണ്ട്
ഇടിവെട്ട് കൊണ്ടപോൽ നിന്നുപോയന്നു ഞാൻ

സന്ധ്യമയങ്ങുന്ന നേരത്തു ഞാനന്ന്
ഉറങ്ങാതെ തേങ്ങി ഏകനായ് അങ്ങനെ
അമ്മതൻ ഓർമ്മകൾ എന്നെ തലോടുമ്പോൾ
അറിയാതെ ഉരുകുന്നു എന്റെ ഈ മാനസം

സത്യമെന്തെന്നു ഞാനറിഞ്ഞീടുന്നു
എന്റെ അവസ്ഥയും ഇതുപോലെയാകിടും
എന്റെ മേനിക്കു വില പറയുന്നവർ
എന്നു വരുമെന്ന് ഓർത്തു കിടന്നു ഞാൻ

ഓരോ ദിനങ്ങളും കൊഴിഞ്ഞു പോകുമ്പോഴും
എൻ കാലനെ കാത്തു ഞാൻ നോക്കും പടിവാതിലിൽ...

# ശ്മശാനം

എങ്ങും മൂകത പരത്തുന്നൊരീയിടം
നല്ല സുന്ദരമായൊരു അന്തരീക്ഷം
ശാന്തിതൻ പൂക്കൾ വാരി വിതറുന്ന
സ്വസ്ഥതയുള്ളൊരു വാസസ്ഥലം

അഹങ്കാരമില്ലിവിടെ പകയുമില്ല
കുറ്റം പറച്ചിലുമൊന്നുമില്ല
ആരും ആരെയും പുകഴ്ത്തണില്ല
അങ്ങോട്ടുമിങ്ങോട്ടും തർക്കമില്ല

പണത്തിന്റെ ഗർവ്വ് ഒന്നുമില്ല
ഇവിടെ പട്ടിണി പാവങ്ങൾ ഒന്നുമില്ല
നിറവേറ്റുവാൻ ബാദ്ധ്യതയൊന്നുമില്ല.
ആർക്കുമാരോടും കടപ്പാടില്ല

സുന്ദരിയായ യുവതികൾക്കിന്നിവിടെ
കാമ പിശാചിന്റെ തോണ്ടലില്ല.
വരുന്നു മനുഷ്യർ മൗനമായ് ഇന്നിവിടെ
വയ്ക്കുന്നു സുഗന്ധം പരത്തുന്ന പൂക്കളും

പ്രാർത്ഥനകൊണ്ടു മുഴുകുന്ന നേരം
പൊഴിക്കുന്നു ഒരിറ്റു കണ്ണുനീർ തുള്ളിയും
കുളിരായി വീശുന്ന കാറ്റിന്റെ കൈകൾ
പരത്തുന്നു ചന്ദനതിരിതൻ സുഗന്ധം

സ്വർഗ്ഗത്തിനേക്കാൾ സുന്ദരമായിടും
സുഖത്തിൻ വസന്തം പരത്തും ശ്മശാനം
മനഃസുഖമെന്തെന്നു ഞാനറിയുന്നതു
ശ്മശാന ഭൂമിതൻ അവകാശിയായ നാൾ...

# കാടിന്റെ മക്കൾ

പ്രകൃതിതൻ ജീവനായ് ഉള്ളൊരു കാട്ടിൽ
വസിക്കുന്നു ഞങ്ങൾ കാടിന്റെ മക്കളായ്
പക്ഷിമൃഗാദികളായൊന്നിച്ചു ഞങ്ങൾ
താമസമാക്കി ഈ കാട്ടിനുള്ളിൽ

പഴങ്ങളും കായ്കളും ഭക്ഷിച്ചു ഞങ്ങൾ
നടക്കുന്നു ഇവിടെ ഊർജസ്വലരായി
ഒഴുകുന്ന അരുവികൾ ദാഹജലമായി
കുടിച്ചു തിമിർത്തു ഉല്ലസിക്കുന്നു

വിഷമയമില്ലാത്ത വായു ശ്വസിച്ച്
മണ്ണിനെ സ്നേഹിച്ചു നടക്കുന്നു ഞങ്ങൾ
ഔഷധ ചെടികളാൽ നിറഞ്ഞൊരീ കാട്
ഞങ്ങൾക്കു ജീവനു തണലേകിടുന്നു

കൊട്ടാരമില്ലിവിടെ മണിമാളികയുമില്ല
ഓലയും മണ്ണും ഗൃഹത്തിനു മോടി
അമ്പലമില്ലിവിടെ പള്ളികളുമില്ല
ഏകദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു

കാതടപ്പിയ്ക്കുന്ന സ്തുതി ഗീതമില്ലിവിടെ
കാതിനുകുളിരായി പക്ഷികൾ മാത്രം
വിപ്ലവഗാനവും ജാഥയുമില്ലിവിടെ
ഉള്ളതു മർത്യനെ തിരിച്ചറിവുള്ളവർ

നഗരത്തിൽ വസിക്കും മനുഷ്യരിന്നു
വെട്ടിമാറ്റുന്നു കാടിന്റെ പ്രാണനാം മരങ്ങളെ
പ്രകൃതിക്കലങ്കാരമാകും വനത്തെ
തരിശു നിലമാക്കി മാറ്റി രസിക്കുന്നു ഇന്നവർ

അവരറിയാതെ അവർതന്നെയവർക്കു
കെട്ടി പടുക്കുന്ന ശ്മശാന ഭൂമിയും...

# പ്രേമഗീതം

**ഡോ അഡ്വ. മാത്യു വൈരമൺ**



കണ്ടോ! നിങ്ങളെൻ പ്രിയനെ കണ്ടോ?
കണ്ടോ പാരിലെങ്ങാനും
ഉണ്ടോ! വേറൊരു പ്രിയനിതുപോൽ
പാരിൽ വേറെയുണ്ടോ?

ആയിരം പതിനായിരം പേരിൽ
സുന്ദരനാണെൻ പ്രിയൻ
എൻ നാഥൻ മഹത്വം വർണ്ണിപ്പാനായ്
എൻ നാവാലസാദ്ധ്യമാം

കാട്ടുമരങ്ങളിൻ കൂട്ടത്തിലായ്
നാരകത്തിനു സമം
യൗവ്വനക്കാരുടെ മദ്ധ്യേയെന്റെ
കാന്തൻ വസിക്കുന്നു

കാക്ക കറുമ്പി പെണ്ണേ നിന്നെ
കണ്ടാലേഴഴകുണ്ട്
മോഹനമാകും നിൻ രൂപത്താൽ
മോഹലയത്തിൽ ഞാൻ മുങ്ങുന്നു

കോപം മൂത്തെന്റെ സോദരന്മാർ
മുന്തിരിനോക്കുവാൻ കാവലിട്ടു
സൂര്യന്റെ താപമേറ്റതിനാൽ
കൂരിരുൾ വർണ്ണം പൂണ്ടവളായ്

എങ്കിലും ശൂലേമി ചിന്തിക്കുക
സങ്കല്പലോകമല്ലീയുലകം

നിൻ കാന്തനെന്തു വിശേഷമുണ്ട്!
എന്നെക്കാളെന്തു മഹത്വമുണ്ട്!

എന്നെയുപേക്ഷിച്ചു പോയിടല്ലെ
നിന്നെ ഞാനെങ്ങനെ വിസ്മരിക്കും
കാടുമേടുകളിലെന്തു സുഖം
പാടെ മറക്കുക നിൻ കാന്തനെ

എൻ കാന്തൻ സുന്ദരൻ മാധുര്യവാൻ
നാവില്ലെനിക്കിന്നു വർണ്ണിച്ചീടാൻ
അന്യോന്യം ഞങ്ങളെ മാനസങ്ങ
ളൊന്നിച്ചു ചേർന്നു ലയിച്ചുപോയി

തട്ടിയെടുക്കല്ലേ സോളമനേ
പൊട്ടിത്തകർന്നീടും ജീവിതങ്ങൾ
ഒറ്റ ഞെട്ടിൽ കാണും പൂക്കളെപ്പോൽ
മുറ്റിടുന്ന രണ്ടു ജീവിതമാം

വേണ്ടായെനിക്കിന്നു വേറെയൊന്നും
വേണ്ടതോ എന്നുടെ പ്രിയൻ മാത്രം
കൊച്ചുപൂഞ്ചോലകൾ വെൺനുരയാൽ
പൊട്ടിച്ചിരിക്കുന്ന കാഴ്ച കണ്ടു

ആടുമേയ്ക്കലും കാടകങ്ങളിൽ
പ്പാടിയാടി ഞങ്ങൽ മേവിടുമ്പോ
ളുണ്ടാകുന്നാനന്ദം വർണ്ണിച്ചീടാൻ
മന്നവസാദ്ധ്യമല്ലായെനിക്ക്

ചഞ്ചലമില്ലാത്ത പ്രേമത്താലേ
നെഞ്ചുരുകുന്നെന്റെ ഓമലാളേ!
മാറ്റമില്ലാത്ത നിൻ സ്നേഹം കണ്ടു
മാറ്റുന്നു ഞാനെന്റെ മോഹമിന്നു

# യുദ്ധഭൂമി

## തോമസ് കാളാശ്ശേരി, ഹൂസ്റ്റൺ

പണ്ടൊരു കാൽവരി ഗിരി തന്നിലായ്
ചേതനയറ്റ തൻപുത്രന്റെ ദേഹം
കൈകളിലേന്തിയൊരാ അമ്മയെപ്പോൽ
ഇന്നിതാ കേഴുന്നൊരമ്മയാം ഞാനും

മരവിച്ചൊരെൻ മനസ്സിൽ വികാരം
ദുഃഖമോ, കോപമോ, നൈരാശ്യമോ
എന്തെന്നറിയുവാൻ കഴിയുന്നതില്ല.
നിണമാർന്ന മക്കൾ തൻ പിഞ്ചുദേഹങ്ങൾ

എന്തു പിഴച്ചു ഈ ശിക്ഷയേൽക്കാൻ,
ചേതനയറ്റൊരെൻ മക്കൾക്കു പകരം
കൈക്കൊള്ളുമോ നീയെന്നെ ദേവാ.
കേൾക്കാം ദുരെയായ് ഗർജ്ജനങ്ങൾ

ഒപ്പം ഒരായിരം വിലാപങ്ങളും
എന്തിനീ കോലാഹലം ദൈവമേ
ചെയ്യുന്നിതെല്ലാം, നിന്റെ നാമത്തിൽ
അറിയാമെനിക്ക് ഇത് നിൻ ഹിതമല്ലൊരിക്കലും

തമ്മിൽ തല്ലിയും കൊന്നൊടുക്കിയും നമ്മൾ,
നേടുന്നതില്ല യാതൊന്നുമീ ഭൂമിയിൽ
തീർക്കുന്നതില്ലിവിടെ ദൈവരാജ്യം

# മനസ്സൊരു കടൽ
## തോമസ് കാളാശ്ശേരി

സാഗരം തന്നുടെ ആഴങ്ങളെ
ഗ്രഹിക്കുവാനാകുമോ മർത്യനേവം
വിസ്മയമാകുമാ ആഴങ്ങളിൽ
നാം കാണാത്ത ലോകമാണുള്ളതേവം

നാമറിയുന്നു കടലിനെ തിരമാലകളാലേ
അതിനാഴങ്ങളോ, നാം അറിയുന്നതില്ല.
മർത്യമനസ്സും കടൽപോലെയല്ലോ
നാം കാണുന്നതോ വെറും അലകൾ മാത്രം

മനസ്സിന്റെ ആഴമോ പ്രാപ്യമല്ല,
അനന്തമാം കടലിന്റെ ആഴങ്ങൾ പോൽ,
ഉപരിതലത്തിൽ നാം കാണുന്നതത്രയും
ക്ഷണികമാണതു നാം ഗ്രഹിക്കുന്നതില്ല

ഇളകിമറിയുന്ന ആഴിപോലെ,
മനസ്സിൽ ഉയരുന്ന അലമാലകൾ
കണ്ടു നാം വിധികൾ നടത്തീടുന്നു
അതിന്റെ ആഴങ്ങൾ കാണുവാനാർക്കുമേ

സാധിക്കുന്നില്ലെന്നതാണ് സത്യം
മർത്യനെ സൃഷ്ടിച്ച സർവ്വേശൻ താൻ
അറിയുന്നു മനസ്സിന്റെ ആഴങ്ങളെ.

# My Princess Jasmine

## By Mary Kuravackal

On a beautiful day my princess arrived
She was altogether lovely and precious.
“She is mine”, I said, “She looks just like me.
My sister may have borne her but she is mine.”

She grew up to be beautiful and kind-hearted
A woman of noble character she became
She is as sweet as the fragance of Jasmine
Gentle as the breeze on summer’s eve.


She is the personification of the “fruit of the spirit”:
Love, joy, peace, patience, kindness, goodness,
Faithfulness, gentleness and self-control
She is adorned with them all!

Integrity and virtues are her possession
Her worth is far more than Rubies!
My princess I give you to love and to hold
Cherish her ‘til death do you part.

**Ammachi**

# ദേവരാജ് കാരാവള്ളിൽ കവിതകൾ

## കേദാര മാനസം



ഏതോ തനുലതത്താരുകൾക്കായെന്റെ
കേദാര മാനസ തരുവനതീൽ,
ഏറെക്കൊതിച്ചൊരു ഉദ്യാനം തീർത്തു
ഞാൻ
ഏകിയെന്നാമോദ ഉദ്യമത്താൽ

ചേതോഹരത്തിന്റെ രോമാഞ്ച
ഹർഷത്തെ
ചാലിച്ചൊരു ചായത്തിൽ മുക്കി
ചേതനചാർത്തുന്ന കുതൂഹലത്തിന്റെ
ചാരുതയേറ്റിയ പുഷ്പവാടി

കേതനമായൊരാപൂന്തോപ്പിൽ നട്ടൊരു
കാതരത്തൂമുല്ലപൂവിടുമ്പോൾ
ചേലിലാത്തേജസ്സിൽ പൂക്കൾതൻ മാനസ
ചോരനായ് മാരുതനെത്തിടുമ്പോൾ,

ദാതി ഞാനേവം ചേതാമതിയ്ക്കുണ്ടെന്റെ
ചേതസ്സിൽ പൂക്കളുലച്ചുവെങ്കിൽ,
ചാരത്തുചെല്ലാതെ, തല്ലിക്കൊഴിയ്ക്കാതെ
ദൂരത്തുപോകുക തെന്നലേ നീ

ഉന്മാദമത്തനായ് പൂമണം പൂശിയ
ഉന്മീലനോന്മുഖ തെന്നൽ ചൊല്ലി
തേടിത്തിരഞ്ഞതിൽ ഓർമ്മതൻ പൂക്കളേ
മാടിവിളിയ്ക്കും ഉദ്യാനപാലകാ.

കണ്ടില്ല സൗഭഗപ്പൂക്കളീപ്പൂങ്കാവിൽ,
ചെണ്ടിട്ട സൗരഭ മുല്ലയല്ലാതെ
കണ്ടാലഴകുള്ള മിണ്ടാൽ മടിയ്ക്കുന്ന
തണ്ടാരലരുകൾ എങ്ങുപോയി

മന്ദാക്ഷമുഗ്ദ്ധമായ് മന്ദഹസിക്കുന്ന
മന്ദാരപ്പൂക്കളിതെങ്ങുപോയി
തങ്കക്കിനാക്കൾ തൻ കാന്തിചുരത്തുന്ന
കങ്കേളി സൂതമിന്നെങ്ങുപോയി

പാവന ശ്രീപൊഴിച്ചുല്ലസിച്ചീടുന്ന
പാരിജാതപ്പൂവിന്നെങ്ങുപോയി
നീളേപ്പരിമളം വാരിവിതറുന്ന
ഏഴിലുംപാലപ്പൂവിന്നെങ്ങുപോയി...?

നന്ത്യാരുവട്ടവും പിച്ചകച്ചെമ്പകോം
തുമ്പ തുളസിയും എങ്ങുപോയി
ചന്തത്തിൽ ചാന്തിട്ട് പാടിക്കളിയ്ക്കുന്ന
ചേമന്തിപ്പൂക്കളിന്നെങ്ങുപോയി...

ഒക്കെയും ഓർത്തു ഞാൻ നേരിന്നുചൊല്ലട്ടെ,
പുക്കില്ലാവകയീവനിയിൽ
കാലത്തിൽ ഭേദത്തിൽ വേരറ്റുപോകാതെ
കാക്കുറമന്നാത്തമുല്ലയല്ലാതെ

## കിളിപ്പാട്ട്

കുളിർകോരും ഹിമകാലേ
ഇല കൊഴിയും ഹേമന്തം
പതിവായി മിഥുനം പോൽ
ഇണക്കിളികൾ വരവായ്

വിടചൊല്ലും വേദനയിൽ
ഒരു രാഗലയമായി
കരളുരുകും ശോകത്തിൽ
രാക്കിളിയീ കഥപാടി

കഥകേട്ട ആൺകിളിയിൽ
കദനത്തിൽ ചിറപൊട്ടി
ഒഴുകുമാകദനത്തിൽ
മുഴുശോകം അണപൊട്ടി

കിളിപാടും വസന്തത്തിൽ
തളിർമരം മലർചൂടി
ഒരു പൂവിൽ ഹൃദന്തത്തിൽ
വ്യഥപൂശുമാനേരത്തിൽ

മിഴിവേറിയ വെൺചന്ദ്രൻ
അഴൽ നിലാതിര നീട്ടി,
കറുകരാ കാർമുഖിലാ
നറുനിലാ മുഖംപൊത്തി

മരപൊത്തിൽ ചെറുകൂട്ടിൽ
അമരുമാ പൈങ്കിളിയിൽ
കളിയാടിയിരതേടി
ആൺകിളിയും വിടവാങ്ങി

ഇടിമിന്നൽ വേഗതയിൽ
കൊടുങ്കാറ്റു വരവായി
ഇടിവെട്ടിൻ കൊടുങ്കാറ്റിൽ
പെൺകിളിയോ മൃതിയായ്

# കല്പന ലഹരി

ചേതന തന്നുടെ ചൈതന്യാമൃത
പാവന മോഹന സ്മരണകളിൽ
കേളികളാടാൻ കല്പനലഹരി
പീലിത്തിരയുയരും നേരത്തിൽ

കുയിലുകൾ പാടും ഗാനസരിത്തിൻ
ഇരുകരം കാണാക്കല തീരത്തിൽ
കുരുവികൾ പാടും രാഗസദിരിൽ
കരളിൽ ദ്രുതകാകളി മേളത്തിൽ

അഞ്ചിതമാമൊരു വെൺതാമരയും
പുഞ്ചിരി പൂശുമാചെഞ്ചെമ്പകവും
താരുകൾതോറും തളിരുകൾ തോറും
താനേ മരുമാനസം മുഴുകുമ്പോൾ

ദുർവാസന പത്ത് ദുർവാസുകളായ്
ദുർവിധിയേകും ദുര ദുരിതത്തിൽ
അഴകുകൾ തേടിയലയരുതെന്നെൽ
അഴലുകൾ വിലങ്ങായ് വിലക്കുമ്പോൾ

എഴുതാനുഴറി അഴകുകൾ ഭാവന
ചിറകു വിരിയ്ക്കും ചെറുലോകത്തിൽ
എഴുതെന്നോ താൻ അരുതെന്നരുളാൽ
എഴുതാം കവിത്രയിനി നീ മാത്രം

# മരണമെത്തുന്ന നേരം

മരണത്തെ രാത്രിയോട് ഉപമിച്ചാൽ അത് എത്തുന്ന നേരം ... യാണല്ലോ

അങ്ങിനെ മരണമെത്തുന്ന മനോഹരമായ നേരമെന്ന വിരോധാഭാസയുക്തിയുണ്ട്.

അത് കേരളീയമോ, ശരിയാ, തെറ്റോ അറിയില്ല.

മരണമെത്തുന്ന നേരം
ദേവരാജ് കരുവള്ളിൽ
മരണമെത്തുന്ന നേരത്തു നീയെന്റെ
അരികിലിത്തിരി നേരം ഇരിയ്ക്കണേ
കനലുകത്തുന്ന ജീവിതസായാഹ്ന
കനവുപോൽ നീയരികത്തിരിക്കണേ

ചാരുതയോലുമാ മോദകളേബര
നാരൂസന്ധ്യപോലെൻ കണ്ണീർ തുടയ്ക്കണേ
സ്മരണയിരമ്പുന്ന തിരമാല പോൽ
കരളുരുകിക്കരയാതിരിയ്ക്കണേ
അനിതരമായൊരു കനകാഭയിൽ
പനിമതി പോലരികത്തിരിയ്ക്കണേ
മരണത്തിലുമെൻ സ്മരണ ....
കിരണം നിന്നെപ്പിരിയാനിരിയ്ക്കണേ
"മരണമെത്തുന്ന...
.....
....
...
കളകളം പെയ്യുന്ന കിളികൊഞ്ചൽ പോൽ
കളമൊഴി നീയെൻ ചാരത്തിരിയ്ക്കണേ
കടലിലമരും ദേഹിയാമുയിരിൽ
കടമകളെല്ലാം ചോദിച്ചറിയണേ

കരിഞ്ചൽ ചാരത്തും നിനവാം നിലാറ്റിൽ
കൗമുദിച്ചന്ദ്രികേ മായാതിരിക്കണേ
അകലുവാനാകാതറിയുമ്പോഴൊക്കെ
അകലത്തിൽ നീ ചാർത്തിരിയ്ക്കണേ,

മരണമെത്തുന്ന നേരത്തുനീയെന്റെ
അരികിലിത്തിരിനേരം ഇരിയ്ക്കണേ
ഇതുമാത്രമാത്രം തന്ത്രിക പൊട്ടിയ
ഹൃദയതമ്പുരു മീട്ടുന്നതെന്നുമേ
ഹൃദയ തമ്പുരു കേഴുന്നതെന്നുമേ

# ലേഖനങ്ങൾ

# സുഖമോ ദേവ...!

## ഈശോ ജേക്കബ്, ഹൂസ്റ്റൺ



1. സാമീപ്യ സുഖം
2. സംസർഗ സുഖം
3. സംഭാഷണ സുഖം
4. വിജ്ഞാന സുഖം
5. വിദ്യാ സുഖം
6. സുരക്ഷാ സുഖം
7. ഉല്ലാസ സുഖം
8. സല്കാര സുഖം
9. സൗന്ദര്യ സുഖം
10. അദ്ധ്വാന സുഖം
11. ദർശന സുഖം
12. സ്പർശന സുഖം
13. മദന സുഖം
15. നിദ്രാ സുഖം
16. ചിന്താ സുഖം
17. ആത്മാവിഷ്കാര സുഖം
18. ഭാവനാവിഷ്കാര സുഖം
19. ആരാധനാ സുഖം
20. സഞ്ചാര സുഖം
21. സേവന സുഖം
22. വിശ്രമ സുഖം
23. സാമ്പത്തിക സുഖം
24. സൽകീർത്തി സുഖം
25. സ്വർഗീയ സുഖം

ഈ സുഖങ്ങൾ അന്യോന്യം നല്കാൻ കഴിഞ്ഞാൽ വാങ്ങിക്കുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം

# Messages from Easo Jacob

1 Be an eye-opener
2 Convey a theme or idea every time
3 Entertain viewers/listeners/readers
4 Bring forth the truth unadulterated
5 Promote beauty consciousness
6 Sustain peaceful coexistence
7 Inspire consistent effort to attain goals
8 Educate without judging
9 Help them to sort out right from wrong
10 Protect peace and harmony
11 Encourage friendliness among people
12 Promote principles values and fairness
13 Discourage evil and evil people
14 Promote progressive thinking
15 Always encourage developmental projects
16 Protect true history through documentation
17 Inform people of great opportunities
18 Save the public from superstitions
19 Protect people from scams and traps
20 Warn the public of dangers and destruction
21 Keep leaders accountable to the public
22 Protect people from religious craziness
23 Give face to victims of tragedies
24 Encourage efficient leadership
25 Verbalize public concerns
26 Strengthen people to attain their rights
27 Promote agriculture and industry
28 Introduce scientific developments
29 Sustain life with integrity and truthfulness
30 Protect nature and the environment.

# ചരിത്രം ഉറങ്ങുന്ന എന്റെ ഗ്രാമം

## നൈനാൻ മാത്തുള്ള

കേരളത്തിലെ മല്ലപ്പള്ളിയാണ് എന്റെ ജന്മസ്ഥലം. ഈ പേരിന്റെ പിന്നിൽ രസകരമായൊരു കഥയുണ്ട്.

ഞങ്ങളുടെ പൂർവികർ ഏകദേശം 300 വർഷങ്ങൾക്കുമുമ്പ് ചങ്ങനാശേരിയിൽ നിന്ന് ഇവിടെ കുടിയേറിയവരാണ്. പ്രാദേശിക ഭരണാധികാരിയുടെ അംഗരക്ഷകരായി രണ്ട് സഹോദരന്മാരെ ചങ്ങനാശ്ശേരിയിൽ നിന്നു മല്ലപ്പള്ളിക്കു കൊണ്ടുവന്നു. വിശുദ്ധ തോമസ് അപ്പൊസ്തലൻ സമീപപ്രദേശങ്ങളിൽ പ്രസംഗിക്കുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തതായി പാരമ്പര്യം പറയുന്നു. വളരെ ശിഷ്യന്മാർ തനിക്ക് ഉണ്ടായിരുന്നു. തമിഴ്നാട്ടിലെ ചെന്നൈയിൽവെച്ച് അദ്ദേഹം കൊല്ലപ്പെട്ടു. അദ്ദേഹം മരിച്ചുവെന്ന് വിചാരിച്ചുപോരുന്ന സെന്റ് തോമസ് മൗണ്ടിൽ ഒരു പള്ളിയുണ്ട്. അദ്ദേഹത്തെ അടക്കം ചെയ്ത സ്ഥാനത്തും ഒരു പള്ളിയുണ്ട്. രണ്ടും ഇപ്പോൾ തീർത്ഥാടന കേന്ദ്രങ്ങളാണ്.

മല്ലപ്പള്ളിയിൽ വന്ന രണ്ടു സഹോദരന്മാരിൽ ഇളയ ആൾ പാലയ്ക്കാമണ്ണിൽ താമസിച്ചു. ഏകദേശം പത്ത് തലമുറകൾക്ക് പിന്നിലുള്ള എന്റെ പൂർവികനായിരുന്നു അത്. ജ്യേഷ്ഠൻ ബിസിനസ്സുകാരനായിരുന്നു. ഭഗവതിക്കുന്ന് എന്നായിരുന്ന അദ്ദേഹത്തിന്റെ താമസസ്ഥലം. ഇപ്പോൾ പവതിക്കുന്നേൽ എന്നറിയപ്പെടുന്നു. ഗ്രാമത്തിലൊരു പ്രമുഖ കുടുംബമാണ് ഇത്. പവതിക്കുന്നേൽ കുടുംബത്തിലെ പുരുഷന്മാർ ധീരന്മാരായിരുന്നു. അവർ ആയുധാഭ്യാസമുള്ളവരും ഗുസ്തിക്കാരുമായിരുന്നു. മല്ലപ്പള്ളി എന്നതിന് മല്ലന്മാർ പള്ളികൊണ്ട സ്ഥലം അഥവാ മല്ലന്മാരുടെ വിശ്രമസ്ഥലം എന്നാണ് അർത്ഥം. ഇവർ പ്രമുഖപൗരന്മാരായിരുന്നു. തർക്കപരിഹാരത്തിന് ഇവർക്ക് അധികാരമുണ്ടായിരുന്നതായി പറയപ്പെടുന്നു.

അന്ന് ടെലിഫോൺ സൗകര്യമില്ല. മോഷണവും കൊള്ളയും വ്യാപകമായിരുന്നു. ഭയം കൂടാതെ ആളുകൾ നടക്കണമെങ്കിൽ നിയ

മവാഴ്ച നിലനിൽക്കണം.

പോലീസുകാർ, പണിമുടക്കിയാൽ 21-ാം നൂറ്റാണ്ടിൽ ആരും പുറത്തിറങ്ങാൻ ധൈര്യപ്പെടുകയില്ല. നിസ്സഹായരെ പീഡിപ്പിക്കുന്നതോ ചൂഷണം ചെയ്യുന്നതോ കണ്ടാൽ ഈ ന്യായസ്ഥന്മാർ അവരെ ശിക്ഷിക്കുവാൻ ധൈര്യപ്പെട്ടിരുന്നു. അങ്ങനെ ദേശത്ത് സമാധാനം നിലനിന്നു. ഈ മനുഷ്യർ അനുഷ്ഠിക്കുന്ന സേവനങ്ങൾ ഗ്രാമീണജനങ്ങളും വഴിയാത്രക്കാരും അംഗീകരിച്ചിരുന്നു. അങ്ങനെയാണ്, 'മല്ലന്മാർ വിശ്രമിക്കുന്ന സ്ഥലം' എന്ന അർത്ഥത്തിൽ ഈ ഗ്രാമത്തെ 'മല്ലപ്പള്ളി' എന്ന് വിളിച്ചു തുടങ്ങിയത്.

അവരുടെ ജോലി ആപൽസാധ്യതകളുള്ളതായിരുന്നു. എന്നാൽ അവർ നിസ്വാർത്ഥരായിരുന്നു. അനീതി കണ്ടാൽ പ്രാണൻത്യജിച്ചും പോരാടുമായിരുന്നു.

ഹിറ്റ്ലർ രണ്ടാം ലോക മഹായുദ്ധത്തിൽ ജയിച്ചിരുന്നുവെങ്കിൽ ലോത്തിലെ എത്രയോ വംശവർഗങ്ങൾ ഗ്യാസ് ചേമ്പറിലേക്കു പോകുമായിരുന്നു. ഈ ലേഖകൻ ഉൾപ്പെടുന്ന ദ്രാവിഡ സംസ്കാരം നിലനിൽക്കുന്ന തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളും അതിൽപ്പെടാൻ സാദ്ധ്യത ഉണ്ടായിരുന്നു. ഹിറ്റ്ലറിന്റെ നാസിസ ആദർശവാദിയായ ആൽഫ്രെഡ് റോസെൻബർഗിന്റെ ഇരുപതാം നൂറ്റാണ്ടിന്റെ മിഥ്യ എന്ന പുസ്തകത്തിൽ അതാണു കാണുന്നത്. ദ്രാവിഡരെ തരംതാണ വിഭാഗമായാണ് ചിത്രീകരിച്ചിരിക്കുന്നത്. ഇന്നു നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി സ്വന്തം മക്കളെ ബലി കൊടുക്കുന്നതിന് അമേരിക്കക്കാരും ബ്രിട്ടീഷുകാരും റഷ്യക്കാരും തയ്യാറായി. ഹിറ്റ്ലർ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ ഇതു തങ്ങളുടെ പ്രശ്നമല്ല എന്ന് അവർ അന്നു ചിന്തിച്ചിരുന്നു എങ്കിൽ ചരിത്രം മാറ്റിയെഴുതപ്പെടുമായിരുന്നു.

ഓരോരുത്തന് സ്വന്തം കാര്യമല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം എന്ന അപ്പൊസ്തലനായ പൗലൊസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം നേതൃത്വത്തിലേക്കു വിളിച്ച നായകന്മാരെ നോക്കുക. സ്വാർത്ഥതാല്പ്പര്യങ്ങളുടെ ഹ്രസ്വദൃഷ്ടിക്കപ്പുറം പ്രവർത്തിക്കാൻ മനസ്സുള്ളവരെ, പൊതുപ്രയോജനത്തിൽ തല്പരരായവരെയാണ് ദൈവം വിളിക്കുന്നത്.

പഴയ നിയമത്തിലെ ന്യായാധിപന്മാരെ നോക്കുക. വിശാല

മായ താല്പര്യത്തിനായി അവർ സ്വന്തം സമയവും ശക്തിയും ധനവും ചെലവഴിച്ചു. ചിലരുടെ മാനദണ്ഡമനുസരിച്ച് അവരെ ഭോഷന്മാർ എന്നു കരുതിയേക്കാം. അവരുടെ പ്രതിബദ്ധത സമൂഹത്തോടായിരുന്നു. വേദപുസ്തകത്തിൽ എസ്ഥേർ രാജ്ഞി (എസ്ഥേർ:1–10) ഒരു ധീവനിതയായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിലെ സകല യഹൂദന്മാരെയും കൊന്നുകളയേണ്ടതിനു ഹാമാൻ ശ്രമിച്ചപ്പോൾ അതിലൊന്നും ഇടപെടാതെ അവൾക്കു കൊട്ടാത്തിലെ സുഖജീവിതം ആസ്വദിക്കാമായിരുന്നു. അവളുടെ നടപടി തന്നെ മരണത്തിലേക്കു നയിക്കാമായിരുന്നു. രാജാവ് ക്ഷണിക്കാതെ ആർക്കും രാജാവിനെ സന്ദർശിക്കാൻ പാടില്ല എന്നത് മാറ്റമില്ലാത്ത രണ്ടു നിയമം ആയിരുന്നു. അവൾ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തശേഷം സ്വന്തജനത്തിനുവേണ്ടി അപേക്ഷിക്കേണ്ടതിനു രാജാവിനെ സമീപിക്കുവാൻ തന്നെ തീരുമാനിച്ചു. അവൾ എടുത്ത മഹത്തായ തീരുമാനം നിമിത്തം സകല തലമുറകളും അവളെ സ്തുതിക്കുന്നു. മനുഷ്യചരിത്രത്തിലെ അനുഗ്രഹീത സ്മരണകൾ വിവരണാധീതമാണ്.

വേദപുസ്തകത്തിന്റെ ആദി മുതൽ അന്തം വരെ നിരവധി പേരുകൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പേരുകളുടെ പിന്നിൽ ഓരോ കഥയാണ്. അപ്പൊസ്തലനായ പൗലൊസ് ചിലരുടെ പേരുകൾ എടുത്തു പറയുന്നു. അവർ മറ്റുള്ളവർക്കുവേണ്ടി ചിലതൊക്കെ ചെയ്തു.

നീതിമാന്റെ ഓർമ അനുഗ്രിക്കപ്പെട്ടതാണ് എന്ന് വേദപുസ്തകം പറയുന്നു. മറ്റുള്ളവരുടെ സ്മരണയിൽ ചിരംജീവിയായി ജീവിക്കുന്നതിനാണ് നാം ആഗ്രഹിക്കുന്നത്. നിത്യസ്മരണ ഉണ്ടാകണമെന്നും നാം ആഗ്രഹിക്കുന്നു. പേരു ലഭിക്കുന്നതിനു പലരും പദ്ധതി ആവിഷ്കരിക്കുകയും ആലോചന നടത്തുകയും ചെയ്യുന്നു. തങ്ങളുടെ പേരു നിലനിർത്തുന്നതിനു കെട്ടിടങ്ങളും സ്ഥാപനങ്ങളും ചിലർ പണിയുമ്പോൾ മറ്റു ചിലർ ചരിത്രം സൃഷ്ടിച്ചു ചരിത്രത്തിൽ ഇടംനേടാൻ ശ്രമിക്കുന്നു. കുറെകാലം അവരുടെ പദ്ധതികൾ വിജയിച്ചേക്കാം. എന്നാൽ കാലക്രമേണ സത്യം പുറത്തു വരും. സ്വാർത്ഥ താല്പര്യത്തോടെ പണിയിക്കുന്നവ വെന്തു വെണ്ണീറാകും. നിസ്വാർത്ഥശുശ്രൂഷ പൊന്നുപോലെ മിന്നിത്തിളങ്ങും. ദൈവം തന്റെ സമയത്ത് എല്ലാ നിസ്വാർത്ഥ സേവനങ്ങൾക്കും പ്രതി

ഫലം നല്കും. തങ്ങളുടെയോ മറ്റുള്ളവരുടെയോ കാലത്ത് അല്ലെങ്കിൽ നിത്യതയിൽ അത് ദൈവം നൽകും. ഈ സത്യത്തിന് നമുക്കു ചുറ്റും നിരവധി തെളിവുകൾ കണ്ടെത്താൻ കഴിയും.

സമൂഹത്തിന്റെ സേവനത്തിനുവേണ്ടി സ്വന്തം ജീവിതങ്ങൾ ത്യജിച്ചവരെ നാം വന്ദിക്കണം. എബ്രഹാം ലിങ്കണും മഹാത്മാ ഗാന്ധിയും മറ്റു പലരും. അവരുടെ പരിശ്രമങ്ങൾക്കു നിശ്ചയമായും പ്രതിഫലമുണ്ടാകും. സ്വാർത്ഥവഴികളിൽ ധനവും കീർത്തിയും സമ്പാദിക്കുന്നവർ ഇപ്പോൾ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു എന്നു തോന്നിയാലും പിന്നീട് അത് അപലനീയമാകാം. നമ്മുടെ പ്രവർത്തനങ്ങളുടെ ഫലത്തെക്കുറിച്ചും പ്രതികരണത്തെക്കുറിച്ചും നാം ചിന്തിക്കുന്നവരായിരിക്കണം. നമ്മുടെ ഗ്രാമങ്ങൾക്ക് എത്ര വ്യത്യസ്ഥങ്ങളായ പേരുകളാണ് നിലവിലുള്ളത്. ഓരോ പേരിന്റെയും പുറകിൽ ചരിത്രം അല്ലെങ്കിൽ പാരമ്പര്യം ഉറങ്ങിക്കിടപ്പുണ്ട്. നമ്മുടെ നാട്ടിൽ എത്രയോ ബസ് സ്റ്റോപ്പുകൾ! ആ സ്ഥലങ്ങൾക്ക് ആ പേര് വരുവാൻ ഒരു കാരണം കാണും. അത് അന്വേഷിച്ച് കണ്ടെത്തണം. അവിടെ ചരിത്രം ഉറങ്ങിക്കിടക്കുകയാണ്. എന്റെ ഗ്രാമത്തിലെ ഒരു ബസ് സ്റ്റോപ്പിന് അടുത്തു താമസിച്ചിരുന്ന പരോപകാരിയായ ഒരു സാധു മനുഷ്യന്റെ പേരാണ് വീണത്. അടുത്തു താമസിച്ചിരുന്ന പണക്കാരന്റെ പേരിൽ അത് അറിയപ്പെട്ടില്ല. കാരണമില്ലാതെ ഒരു കാര്യം ഉണ്ടാവുകയില്ലല്ലോ! ഉറങ്ങിക്കിടക്കുന്ന ചരിത്രത്തെ ഒന്നു തൊട്ടുണർത്തി നോക്കുക. അവിടെ പഠിക്കാൻ, പിൻതലമുറകൾക്ക് പറഞ്ഞുകൊടുക്കാൻ പലതും കാണും.

(ലേഖകൻ എഴുതിയ ഒരു നിരീശ്വരവാദിയുടെ രൂപാന്തരം എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)

# അമേരിക്കൻ സമ്പദ്‌വ്യവസ്ഥ അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ

## ഈശോ ജേക്കബ്, ഹൂസ്റ്റൺ



1. സ്റ്റോക്ക് മാർക്കറ്റ് മുന്നേറ്റത്തിന്റെ മൂർധന്യ ദിശയിൽ എത്തി നിൽക്കുന്നു. ഇതെഴുതുന്ന ദിവസം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നമ്പറിൽ, അമേരിക്കൻ ജനത ആഹ്ലാദത്തിമിർപ്പിലാണ്. രണ്ടായിരം മാർച്ച്, രണ്ടായിരത്തിഏഴ് ഒക്ടോബർ, രണ്ടായിരത്തി പതിനാറു ഡിസംബർ എന്നിവയാണ് കഴിഞ്ഞ ഇരുപതു വർഷങ്ങൾക്കിടയിലെ റെക്കോർഡ് മുന്നേറ്റങ്ങൾ. ആദ്യം പറഞ്ഞ രണ്ടു റെക്കോർഡ് ഉയർച്ചക്ക് ശേഷവും സ്റ്റോക്ക് മാർക്കറ്റ് കുത്തനെ മറിഞ്ഞു. അതിന്റെ വെളിച്ചത്തിൽ അടുത്ത തകിടം മറിച്ചിൽ രണ്ടായിരത്തി പതിനേഴിന് ആരംഭിക്കാൻ എല്ലാ സാധ്യതയുമുണ്ട്.

2. കഴിഞ്ഞ ഇരുന്നൂറു വർഷങ്ങളായി അമേരിക്കൻ റിയൽ എസ്റ്റേറ്റ് മാർക്കറ്റ് എല്ലാ പതിനെട്ടു വർഷങ്ങളിലും വിലയിടിവിനെ നേരിടുന്നുണ്ട്. അടുത്ത ഇടിവ് ഒരു വർഷത്തിനുള്ളിൽ തുടങ്ങുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

3. ഒരു ദിവസം പതിനായിരം പേര് എന്ന കണക്കിൽ "ബേബി ബൂമേഴ്സ്" (ഏകദേശം 1945-1965 കാലഘട്ടത്തിൽ ജനിച്ചവർ) റിട്ടയർ ചെയ്യുന്നു. അവർക്കു പ്രതീക്ഷിച്ചതിലധികം ആയുർ ദൈർഘ്യം കിട്ടിയെങ്കിലും അതുണ്ടാക്കുന്ന അധികച്ചെലവ് താങ്ങാനാവാതെ വരും. എഴുപത്തഞ്ചു ദശലക്ഷത്തിലധികം വരുന്ന ഇവരുടെ നിക്ഷേപങ്ങൾ ആവശ്യങ്ങൾക്ക് മതിയാവുകയില്ല.

4. പണത്തിന്റെ ചംക്രമണം (വെലോസിറ്റി ഓഫ് മണി) അഥവാ പണം കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ തോത് ഏറ്റവും

കുറഞ്ഞ നിലയിലെത്തി നിൽക്കുന്നു. വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ മറ്റൊരു സൂചനയാണിത്.

5. വ്യവസായത്തിലൂടെയും വ്യാപാരത്തിലൂടെയും ധനികർ ധനം തൂത്തുവാരുന്നു. പുതിയ ഭരണം ധനികരുടെ കൈകളിലെത്തിയത് താഴേക്കിടയിലുള്ളവരെ വല്ലാതെ ഞെരുക്കും. അടിസ്ഥാനവേതനം കൂട്ടുന്നതിനെതിരാണ് പുതിയ ഭരണം എന്നോർക്കുക.

6. പലിശനിരക്ക് കൂടാൻ എല്ലാ സാധ്യതയും കാണുന്നു. ഇതും സാധാരണക്കാരെ പലവിധത്തിൽ ബുദ്ധിമുട്ടാക്കും. വായ്പകൾ ലഭിക്കാൻ കടമ്പകൾ ഏറെ കടക്കേണ്ടിവരും. ക്രെഡിറ്റ് കാർഡുകളിൽ പലിശനിരക്ക് വളരെക്കൂടും. സാധനകൾക്കുള്ള ഡിമാൻഡ് ഇതോടെ കുറയുകയും ഉദ്പാദനം കുറക്കേണ്ടിവരുകയും ചെയ്യാം. അത് തൊഴിലവസരങ്ങൾ കുറയ്ക്കാം.

7. ഉപഭോഗ വസ്തുക്കൾ പോലും അമേരിക്ക ഉല്പാദിപ്പിക്കുന്നില്ല. എങ്കിലും ധൂർത്തിനു കുറവുമില്ല. ഉത്പാദനം ഇല്ലാതെ ഉപഭോഗം നടത്തുന്ന സമ്പദ്ഘടന അധികനാൾ പിടിച്ചുനിൽക്കുകയില്ല. ഉദ്പാദനം വർധിപ്പിക്കുന്ന ചൈന, ഇന്ത്യ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങൾ നേടുന്ന വളർച്ചാനിരക്ക് അമേരിക്കക്കു നേടാൻ കഴിയാതെ വരാം.

8. ഇറക്കുമതിയെക്കാൾ കയറ്റുമതി കുറയുന്നത് ഒരു രാജ്യത്തിനും ഭൂഷണമല്ല. കയറ്റുമതി കൂട്ടണമെങ്കിൽ ഉല്പാദനം കൂട്ടണം. കഠിനാധ്വാനം ചെയ്തിരുന്ന തലമുറ റിട്ടയർ ചെയ്യുമ്പോൾ പുതിയ തലമുറ സുഖലോലുപതയിലും മദ്യപാനത്തിലും മുഴുകി ജീവിതം പാഴാക്കുന്നു. ഇതിന്റെ ഭാവിഷ്യത് ഫലങ്ങൾ ഗുരുതരമായിരിക്കും.

9. സ്വത്തുവിറ്റും കടമെടുത്തും ദുർവ്യയം ചെയ്യുന്നവർ ഭാവിക്കുവേണ്ടി മിച്ചം വെക്കുന്നില്ല. അമേരിക്കൻ ജനതയുടെ നിക്ഷേപനിരക്ക് വളരെ താഴ്ന്ന നിലയിലാണ്. നിക്ഷേപമില്ലാത്തവർക്ക് ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ കഴിയാതെ വരും. പ്രതിസന്ധികൾ വരുമ്പോൾ കൂടുതൽ പതറും.

10. ചൈനയുടെ "കറൻസി മാനിപുലേഷൻ", ഇന്ത്യയിൽ അടുത്ത കാലത്തുണ്ടായ" കറൻസി ഡെമോണിറ്റൈസേഷൻ" എന്നിവ ട്രേഡ് ഇമ്പാലൻസ് വർധിപ്പിക്കുകയും അമേരിക്കയിൽ

തൊഴിലവസരങ്ങൾ കുറയ്ക്കുകയും ചെയ്യാം. ചൈനയുടെ "കറൻസി മാനിപുലേഷൻ" കൊണ്ട് മാത്രം പന്ത്രണ്ടു ദശലക്ഷം തൊഴിലവസരങ്ങൾ അമേരിക്കക്കു നഷ്ടപ്പെട്ടുവെന്നാണ് വിദഗ്ധാഭിപ്രായം.

11. വലിയ അമേരിക്കൻ കമ്പനികൾ വിദേശികൾ വാങ്ങിക്കൂട്ടുന്നു. പതിനേഴായിരത്തോളം വൻ ബിസിനസ്സുകളാണ് അടുത്ത കാലത്തു വിദേശികൾ ഉടമസ്ഥതയിലാക്കിയത്. ലാഭം കിട്ടിയാൽ അതെവിടെക്കു പോകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നഷ്ടം വരുത്തിയാൽ ടാക്സ് എഴുതിത്തള്ളാം. ഇതും അമേരിക്കയുടെ നികുതിവരുമാനം കുറയ്ക്കും.

12. "ജനറേഷൻ എക്സ്", "മിലേനിയൽസ്"എന്നീ പുതിയ തലമുറകൾ വീട് വാങ്ങുന്നതിലും വിവാഹിതരാകുന്നതിലും പഴയ നിരക്കിൽ താല്പര്യം കാണിക്കുന്നില്ല. വിവാഹിതരായവരിൽ പകുതിയിലധികവും വിവാഹമോചനം നേടുന്നു. വീടുകൾ വേണ്ടാത്തവർക്കുവേണ്ടി നിർമാണ പ്രവർത്തനങ്ങളുടെ ആവശ്യം കുറയുകയും അത് തൊഴിലവസരങ്ങളെയും വരുമാനത്തേയും ദോഷമായി ബാധിക്കുകയും ചെയ്യാം.

13. "സ്റ്റുഡന്റ് ലോൺ" ആകെത്തുക ഒന്നേകാൽ ട്രില്ലിയൺ അടുത്തിരിക്കുന്നു. അമേരിക്കൻ ജനതക്കു മൊത്തം ക്രെഡിറ്റ് കാർഡുകളിലുള്ള കടത്തിനേക്കാൾ കൂടുതലാണിതെന്നറിയാമോ? ഇതിൽ അറുപതു ശതമാനവും ലോൺ അടക്കുന്നതിൽ പിന്നിലാണ്. കടമെടുത്തു പഠിച്ചതിനു തുല്യമായ തൊഴിൽ ലഭിക്കുന്നില്ലെന്നതാണ് കാരണം. രാജ്യം നേരിടുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധിയാണിത്.

14. ഇവിടെ വിജയകരമായി ബിസിനസും തൊഴിലും ചെയ്യുന്നവർ വിദേശത്തു ബന്ധുക്കളുള്ളവരാണ്. ഓരോ മിനിറ്റിലും പന്ത്രണ്ടു ലക്ഷം ഡോളർ എന്ന കണക്കിന് വിദേശത്തേക്കൊഴുകുന്നു. ഇവിടെ നിക്ഷേപിക്കാനും മുതൽ മുടക്കാനും കഴിയാതെ പോകുന്ന ഈ തുക വരുത്തുന്ന വിള്ളൽ വളരെ കുറവാണ്.

15. കഥയറിയാതെ വിദേശ രാജ്യങ്ങളോട് വിദ്വേഷം കാണിക്കുന്ന പുതിയ ഗവൺമെന്റ് ഒന്നോ അതിലധികമോ യുദ്ധത്തിൽ അറിഞ്ഞോ അറിയാതെയോ ചെന്ന് വീഴാൻ വമ്പിച്ച സാധ്യതയു

ണ്ട്. ഇതുണ്ടാക്കാവുന്ന പ്രതിസന്ധികൾ ഊഹിക്കാവുന്നതിനപ്പുറ മാണ്.

16. തീവ്രവാദികളെയും ഭീകരപ്രവർത്തകരെയും തുരത്താനും സമ്പത്ത്വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാനും പ്രതിജ്ഞാബദ്ധരായ പുതിയ ഗവൺമെന്റ് അതിൽ വിജയിക്കട്ടെയെന്നു എല്ലാവരും ആഗ്ര ഹിക്കുന്നു. പരാജയപ്പെട്ടാൽ രാജ്യം വളരെ പിന്നോക്കം പോകും.

തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ വർഗ്ഗീയ വിദ്വേഷം കുറച്ചൊന്നുമല്ല ന്യൂനപക്ഷങ്ങളുടെ മനോവീര്യത്തെ ദോഷമായി ബാധിച്ചിരിക്കുന്നത്. മുറിവുണക്കാൻ പുതിയ ഗവൺമെന്റിനു സാധി ക്കുമോ. അതോ മുറിപ്പെടുത്തുന്ന "പ്രൊപ്പഗാണ്ട" കൂടുതൽആഴ ത്തിൽ മുറിവുകളുണ്ടാക്കുമോ?

18. "എന്റർടൈൻമെന്റ് ഷോകളുടെ" കുത്തൊഴുക്കിൽ വായ നയിലും പഠനത്തിലും ആദർശധീരതയോടെയുള്ള പ്രയത്ന ത്തിലും പുത്തൻ തലമുറക്കു താല്പര്യം വളരെ കുറഞ്ഞത് വരു ത്തിവയ്ക്കുന്ന ഭവിഷ്യത്തുകൾ കണക്കാവുന്നതല്ല. പരിഹാര മാർഗ്ഗ ങ്ങൾ ചിന്തിച്ചു തുടങ്ങുക.

# തമസോമാ ജ്യോതിർഗമയാഃ

## ടി.എൻ. സാമുവൽ

കേട്ടുകേട്ട് പതം വന്ന അക്ഷരക്കൂട്ടങ്ങളാണല്ലൊ,

അസതോ മാ സദ്ഗമയാഃ,

തമസോമാ ജ്യോതിർഗമയാഃ,

മൃത്യോർ മാ അമൃതം ഗമയാഃ,

എന്നിങ്ങനെയുള്ള ആപ്തവാക്യങ്ങൾ അല്ലെങ്കിൽ പ്രാർത്ഥനകൾ. ഇതിൽ തമസ്സിൽ നിന്ന് ജ്യോതിയിലേക്ക് നയിച്ചാലും അല്ലെങ്കിൽ അജ്ഞതയിൽ നിന്ന് ജ്ഞാനത്തിലേക്ക് നയിച്ചാലും എന്നുള്ള പ്രാർത്ഥനയാണ് ഏറ്റവും പ്രധാനം എന്ന് കരുതേണ്ടിയിരിക്കുന്നു. കാരണം സമഗ്രമായ ജ്ഞാനം ലഭിക്കുമ്പോൾ നാം സത്യം മനസ്സിലാക്കുന്നു. ആ സത്യം നമ്മെ സ്വതന്ത്രരാക്കുന്നു. സ്വാതന്ത്ര്യത്തിൽ നിന്ന് നാം സ്നേഹവും സന്തോഷവും സമാധാനവും അനുഭവിക്കുന്നു. അത് മറ്റുള്ളവരിലേക്ക് പകരുവാൻ ബാദ്ധ്യസ്ഥരുമായി മാറുന്നു.

ഗുരു നിത്യചൈതന്യ യതി അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ, മനുഷ്യന്റെ ജീവിതത്തിൽ അച്ചടക്കം ഉണ്ടാകുന്നതിന് ബുദ്ധിസത്തിൽ പറഞ്ഞിരിക്കുന്ന ത്രിപേടകങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഒരു പേടകത്തിൽ 'പ്രജ്ഞ' അല്ലെങ്കിൽ 'അറിവ്' നിറച്ചിരിക്കുന്നു. ഏതൊരാൾക്കും ഈ ലോകത്തിൽ സന്തുഷ്ടമായി ജീവിക്കണമെങ്കിൽ അയാളുടെ അറിവ് സമഗ്രമായിരിക്കണം. അയാൾക്ക് മറ്റ് ജീവജാലങ്ങളോട് വിനയം ഉണ്ടായിരിക്കണം. ആ അറിവിനേയും വിനയത്തേയും സ്വജീവിതത്തിൽ പകർത്തുന്നതിനുള്ള അനുഷ്ഠാനത്തെ ഉറപ്പിക്കുന്നതിന് വേണ്ടിയാണ് ശീലം ആശ്യമായി വരുന്നത്. ഈ ത്രിപേടകം ജീവിതത്തിലുള്ള ഇരുട്ടിനെ പോക്കാനും, അറിവിന്റെ വെളിച്ചത്തിൽ നടക്കുവാനുമുള്ള വകതിരിവ് നമ്മൾക്ക് ഉണ്ടാക്കി തരുന്നു. സത്യമായതിനോട് എത്രമാത്രം ചേർന്ന് നില്ക്കാമോ അതിനെ അത്രയധികം ആഴത്തിൽ പുൽകാനും നമുക്ക്

സാദ്ധ്യമാക്കിത്തീർക്കുന്നു.

എന്നാൽ ഇന്നത്തെ മുഷ്യാവസ്ഥ എന്താണ്? സ്തോത്ര ഗീതികളിലും മന്ത്രോച്ചാരണങ്ങളിലും നിസ്ക്കാരങ്ങളിലും അന്തരീക്ഷം മുമ്പത്തെക്കാളേറെ മുഖരിതമാവുമ്പോഴും അത്യന്താപേക്ഷിതമായി നാം ഗ്രഹിച്ചിരിക്കേണ്ട അറിവ്, പരിജ്ഞാനം അല്ലെങ്കിൽ ആത്മീയചിന്തയിൽ നിന്നും നാം ദൂരെയാക്കപ്പെടുന്നു. എന്താണ് ആ മഹനീയചിന്ത? പദാർത്ഥമൊ ഊർജ്ജമൊ സത്യമാണെങ്കിൽ, പ്രകൃതിയിൽ നിന്ന് വരുന്ന മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളും പ്രകൃതിയിലേക്കു തന്നെയാണ് മടങ്ങുന്നത്. ഒരു തിരശീലയുടെ പിന്നിൽ നിന്ന് നാം പ്രത്യക്ഷപ്പെടുന്നു. മറ്റൊരു തിരശീലയുടെ പിന്നിൽ നാം തിരോഭവിക്കുന്നു. ഈ രണ്ടു തിരശീലകൾക്കിടയിലുമുള്ള സമയമാണ് നമ്മുടെ ജീവിതം. ഈ ജീവിതത്തിൽ പ്രകൃതി തരുന്ന ജീവവായു നാം ആവോളം ശ്വസിക്കുന്നു. പ്രകൃതി തരുന്ന ജീവജലം നാം ആവോളം കുടിക്കുന്നു. പ്രകൃതി തരുന്ന മറ്റു വിഭവങ്ങൾ നാം ആവോളം ഭക്ഷിച്ചാസ്വദിക്കുന്നു. അമ്മയായ പ്രകൃതി മക്കളായ സകല ജീവജാലങ്ങളേയും പോറ്റി വളർത്തുന്നു. ഈ അമ്മയേയും സഹോദരരേയും ഒരു പ്രത്യുപകാരമെന്ന നിലയിൽ പോലും സ്നേഹിക്കുവാൻ നമ്മൾക്ക് കഴിയുന്നില്ല. സ്നേഹത്തിൽ നിന്ന് നന്മയല്ലാതെ മറ്റൊന്നും ഉതിരുകയില്ല. സ്നേഹമാണ് ഈശ്വരനെന്നും, ആ ജ്ഞാനമാണ് ആത്മീയ ചിന്തയെന്നും പരസ്പരപൂരകങ്ങളായി സ്നേഹത്തോടെ വർത്തിക്കുന്നതാണ് ഈശ്വരസാക്ഷാത്ക്കാരമെന്നുള്ള അറിവിനെ നാം തൃണവൽഗണിച്ചിരിക്കുന്നു. പകരം അല്ലാഹു അക്ബർ എന്നും, ശരണമയ്യപ്പയെന്നും, ദൈവത്തിന് സ്തോത്രമെന്നും ഉരുവിടുന്നതു മാത്രമാണ് നമ്മുടെ പ്രധാന ഉത്തരവാദിത്വം എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു.

പ്രകൃതിയേയും ജീവജാലങ്ങളേയും മനുഷ്യരാശിയേയും സ്നേഹിക്കുന്നവർ അന്തരീക്ഷം മലിമസമാക്കുകയില്ല, കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന വിഷവാതകങ്ങളും വിഷദ്രാവകങ്ങളും നിർലോഭമായി പ്രകൃതിയിലേക്ക് ഒഴുക്കിവിടുകയില്ല, പുഴയിൽനിന്ന് മണലൂറ്റിയെടുത്ത് മാലിന്യങ്ങൾ അങ്ങോട്ട് വലിച്ചെറിഞ്ഞ് പുഴയില്ലാതാക്കുകയില്ല, മലമുകളിലെ മരങ്ങൾ മുറിച്ച് മഴയില്ലാതാക്കുകയില്ല, കുന്നുകൾ നിരപ്പാക്കി ജലസ്രോതസ്സുകൾ ഇല്ലാതാക്കുകയില്ല. മനു


ഷ്യരാശിയെ സ്നേഹിക്കുന്നവർ ലൈംഗിക പീഡനങ്ങൾക്ക് മുതിരുകയില്ല, പെൺവാണിഭം നടത്തുകയില്ല. സമൂഹത്തേയും രാഷ്ട്രത്തേയും സ്നേഹിക്കുന്നവർ അഴിമതിക്ക് കൂട്ടുനില്ക്കുകയില്ല. കള്ളനോട്ടടിക്കുകയില്ല, കരിഞ്ചന്ത സൃഷ്ടിക്കുകയില്ല. മനുഷ്യരെ സ്നേഹിക്കുന്നവർ ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ച് മാഫിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ല. സ്നേഹത്തിന്റെ അംശമുള്ളവർ സ്വന്തം കുഞ്ഞുങ്ങളെ നശിപ്പിക്കുകയില്ല. സ്വന്തം അമ്മയുടെ നേർക്ക് നിറതോക്കുതിർക്കുകയില്ല. നോക്കുക, സ്നേഹത്തിന്റെ അഭാവം ഈ ലോകത്തെ കീഴ്മേൽ മറിച്ചിരിക്കുന്നു. ഇത് നേരെയാക്കുവാൻ സ്നേഹമല്ലാതെ മറ്റൊരു മാർഗ്ഗമില്ല. ഇത് മനസ്സിലാക്കുവാൻ ജ്ഞാനതൃഷ്ണയല്ലാതെ മറ്റൊരു ഉപാധിയുമില്ല.

എന്നാൽ ഈ പ്രപഞ്ചം നശ്വരമാണെന്നും ലൗകികത നിന്ദ്യവും പാപവുമാണെന്നും മരണം കഴിഞ്ഞുള്ള നിത്യജീവനാണ് പ്രധാനമെന്നുമുള്ള ചില മതപ്രമാണങ്ങൾ നമ്മെ ഈ ലോകജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ പ്രേരിപ്പിക്കുന്നില്ലേ എന്ന സംശയം നമുക്കുണ്ടാകാം. ബൈബിളിലെ പുതിയനിയമ പുസ്ത്തിൽ വിശുദ്ധ പൗലോസ് സ്നേഹത്തെക്കുറിച്ച് ദീർഘമായി എഴുതിയിട്ടുണ്ട്. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുതൊ സ്നേഹം തന്നെയെന്നും പറഞ്ഞിട്ടുണ്ട്. എങ്കിലും ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികൾക്കും സ്നേഹത്തെക്കാൾ മിത്തുകളിലുള്ള വിശ്വാസവും അതിനെ ഊട്ടി ഉറപ്പിക്കുന്ന ആചാരാനുഷ്ഠാനങ്ങളിലുമാണ്. മറ്റൊരു മതവിശ്വാസങ്ങളും ഇതിനൊരപവാദമല്ല. ഈ അറിവില്ലായ്മയുടെ ഇടയിലാണ് നാം പാർക്കുന്നതും അതിന്റെ തന്നെ ഒരു ഭാഗമായിരിക്കുന്നതും.

കേവലം ഭൗതികമായ അറിവുപോലും നമ്മൾക്ക് അതീവദുഷ്ക്കരം. അപ്പോൾ പിന്നെ ആത്മജ്ഞാനത്തെപ്പറ്റി പറയണോ? അതുകൊണ്ട് അജ്ഞതയുടെ അന്ധകാരത്തിൽ നിന്ന് കൂട്പൊട്ടിച്ച് ജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് ചിത്രശലഭം പോലെ പറന്നുയരാൻ നമ്മൾക്ക് ശ്രമിക്കാം; തമസോ മാ ജ്യോതിർഗമയഃ എന്ന പ്രാർത്ഥനയോടെ.

# പ്രവാസികളുടെ നാട്ടിലെ അന്യസംസ്ഥാന തൊഴിലാളികൾ

**പൊന്നോലി**



സാക്ഷര കേരളത്തിലെ മലയാളി പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി കേരളത്തിനു വെളിയിൽ, ഇന്ത്യക്കകത്തും പുറത്തും ചേക്കേറുമ്പോൾ, ഒരു വിരോധാഭാസം എന്നോണം ഇന്ന് കേരളത്തിൽ 40 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതു കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയെ എങ്ങനെ ബാധിച്ചിരിക്കുന്നു, അവർ ഉയർത്തുന്ന സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നീ ചോദ്യങ്ങളിലേക്കു വിരൽ ചൂണ്ടാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സഷൻ നടത്തിയ സർവ്വേ അനുസരിച്ചു 2013ൽ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉണ്ടായിരുന്നത് 2016ൽ 40 ലക്ഷമായി ഉയർന്നു. കൂടുതൽ വേതനം, കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷം ഇവ ഇവരെ കേരളത്തിലേക്കു ആകർഷിക്കുന്നു. ഓരോ വർഷവും 2.5 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വരുന്നു. അവരുടെ ശമ്പളമായി 25000 കോടി രൂപയാണ് ഇവർ സമ്പാദിക്കുന്നത്. ഇതിനു സമാനമായി പ്രവാസി മലയാളികളുടെ വാർഷിക വരുമാനം 75000 കോടി രൂപയാണ്. പ്രവാസി മലയാളികളുടെ സംഖ്യ വെറും 16 ലക്ഷം മാത്രം.

വർഷങ്ങൾക്കു മുൻപ് കേരളത്തിൽ തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ വന്നിരുന്നു. ആ അവസ്ഥ ഇന്ന് മാറി പശ്ചിമബംഗാൾ, ബീഹാർ, ആസ്സാം, ഉത്തർപ്രദേശ്, ഒറീസ്സ, ജാർഖണ്ഡ്, ഛത്തീ

സ്ഗഡ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, ഉത്തരാ ഖണ്ഡ്, മണിപ്പൂർ, നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽമേഖലയിൽ തൊഴിലാളി കൾ ജോലി ചെയ്യുന്നു. കൂടുതലും കെട്ടിട നിർമ്മാണ മേഖലയി ലാണ് ഇവർ ജോലി ചെയ്യുന്നത്. ആശുപത്രികൾ, കൃഷി, ഫാക്ടറി കൾ, കച്ചവടം എന്നീ രംഗങ്ങളിലും അവരുടെ സേവനം ഉപയോഗ പ്പെടുത്തുന്നു. വൈദഗ്ധ്യം ആവശ്യമുള്ള ചില മേഖലകളിലും അവർ ജോലി ചെയ്യുന്നു. കൽപ്പണിക്കാർ, മരപ്പണിക്കാർ, ഇലക്ട്രീഷ്യൻ എന്നീ ജോലികളും അവർ ചെയ്യുന്നു. കേരളത്തിൽ ജോലി ചെയ്യാതെ അവകാശങ്ങൾക്കുവേണ്ടി പൊരുതുന്ന മലയാളി തൊഴി ലാളിക്കു പകരം കേരളത്തിലെ തൊഴിൽ മേഖലയിൽ അന്യസം സ്ഥാന തൊഴിലാളികൾ ചെയ്യുന്ന സേവനം അംഗീകരിക്കാതെ പറ്റു കയില്ല.

## കുറ്റ കൃത്യങ്ങൾ

കേരളം സാമ്പത്തികമായി പുരോഗമിക്കുമ്പോൾ കുറ്റകൃത്യ ങ്ങൾ കൂടുന്നത് ആശങ്ക ജനിപ്പിക്കുന്നതാണ്. ഇതിൽ അന്യസം സ്ഥാന തൊഴിലാളികളുടെ പങ്കു എന്തു മാത്രം എന്നു അന്വേഷി ക്കേണ്ടിയിരിക്കുന്നു. 18 വയസ്സിനും 35 വയസ്സിനും ഇടയ്ക്കു പ്രായ മുള്ള യുവാക്കളാണ് അവർ ഭൂരിപക്ഷവും. ഇവർ അവിവാഹിതരോ, കുടുംബത്തിൽ നിന്നും അകന്നു ജീവിക്കുന്നവരോ ആണ്. കേരള ത്തിൽ ലൈംഗിക കുറ്റകൃത്യങ്ങൾ കൂടാൻ ഇതു കാരണമായിട്ടുണ്ടോ എന്നു പഠിക്കേണ്ടിയിരിക്കുന്നു. ഈ അടുത്ത കാലത്തു കേരളത്തെ ഞെട്ടിച്ച ജിഷാവധത്തിൽ ഇപ്പോൾ അറസ്റ്റ് ചെയ്തിരിക്കുന്നത് ആസ്സാമിൽ നിന്നുള്ള ഒരു തൊഴിലാളിയെയാണ്.

രാഷ്ട്രീയ പാർട്ടികൾ എതിരാളികൾക്കെതിരെ അക്രമം അഴി ച്ചുവിടാൻ ശ്രമിക്കുമ്പോൾ അന്യസംസ്ഥാന തൊഴിലാളികളെ ഉപ യോഗിക്കുന്നുണ്ടോ എന്നും അന്വേഷിക്കുന്നത് നന്നായിരിക്കും. കുറ്റ വാസനയുള്ള തൊഴിലാളികൾ ഇവരുടെ ഇടയിൽ ഉണ്ടെങ്കിൽ അവരെ കണ്ടുപിടിച്ചു നീക്കേണ്ട കടമ പോലീസിനും അവർക്കു തൊഴിൽ കൊടുക്കുന്നവർക്കും, താമസിപ്പിക്കുന്നവർക്കും ഉണ്ട്. തിരി ച്ചറിയൽ, ബാക്ക്ഗ്രൗണ്ട് ചെക്ക് എന്നിവ നിർബന്ധമാക്കേണ്ടതുണ്ട്.


അതേസമയം അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തേണ്ടതായിട്ടും ഉണ്ട്. പലരും വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് താമസിക്കുന്നത്. ഇതു രോഗങ്ങൾ പരത്തുന്നതിനു കാരണമാകുന്നു. കുടുംബസമേതം താമസിക്കാനുള്ള അവസരം അവർക്ക് നൽകിയാൽ പല കുറ്റകൃത്യങ്ങളും ഒഴിവാക്കാൻ സാധിക്കും. പ്രവാസിയായ മലയാളി പ്രവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്കു പരിഹാരം കണ്ടെത്താൻ കൂടുതൽ ശ്രമിക്കണം.

## കേരള സംസ്കാരം

ഇന്ന് കേരളത്തിൽ ഹിന്ദി സംസാരിക്കാതെ പറ്റുകയില്ല എന്ന അവസ്ഥയായി. ബംഗാളി ഹോട്ടലുകൾ, ഒറിയ ഭാഷയിൽ കുർബാന, ബംഗാളി ഒറിയ ഇമാമുകൾ, ആസാമിസ്, ബംഗാളി, ഒറിയ സിനിമകൾ പ്രദർശിപ്പിക്കുന്ന തിയറ്ററുകൾ, ഇവ കേരളത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു. ഇന്ന് കേരളത്തിന്റെ ജനസംഖ്യയുടെ 10 ശതമാനത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ആണ്. അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കേരള സംസ്കാരത്തിനും ജീവിതത്തിനും പല മാറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ താമസിക്കാതെ, മലയാളം സംസാരിക്കാൻ മടിക്കുന്ന മലയാളിക്ക്, ചെറിയ തൊഴിലിന്റെ മാഹാത്മ്യം അംഗീകരിക്കാൻ വിഷമിക്കുന്ന മലയാളിക്ക്, കേരളം നഷ്ടപ്പെടുന്നോ എന്ന ചോദ്യം അവശേഷിക്കുന്നു. എന്തായാലും വരും തലമുറ കാണുന്ന കേരളം ഇന്നത്തെ തലമുറയുടെ കേരളത്തിൽ നിന്നും വ്യത്യസ്തമായിരിക്കും. ഈ മാറ്റങ്ങളിൽ കേരള തനിമ എങ്ങനെ സംരക്ഷിക്കാം? പുതിയ തലമുറക്കുവേണ്ടി നാം ഇതിനു ഉത്തരം കണ്ടത്തേണ്ടിയിരിക്കുന്നു.

# മലയാള ഗദ്യത്തിന്റെ വളർച്ച

## ഡോ. സണ്ണി എഴുമറ്റൂർ



ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (ലാന) ഏഴാമതു വാർഷിക കൺവെൻഷനിൽ അവതരിപ്പിച്ച പ്രബന്ധം (ഒക്ടോബർ 24, 2009)

അച്ചടി, ആധുനിക വിദ്യാഭ്യാസം, ഇംഗ്ലീഷ് ഭാഷാപഠനം, മുതലായവ മലയാള ഭാഷയ്ക്കും സമൂഹത്തിനും സമഗ്രമായ പരിവർത്തനം സൃഷ്ടിച്ചു. മലനാട്ടിലെ കൊടുന്തമിഴായിരുന്ന ഭാഷ ഒരു സ്വതന്ത്രഭാഷയായി പരിണമിച്ചതാണ് മലയാളം എന്ന് ബിഷപ്പ് റോബർട്ട് കാൽഡ്വലും എ.ആർ. രാജരാജവർമ്മയും തെളിയിച്ചിട്ടുണ്ട്. മലയാള ഭാഷയുടെ പടിപടിയായുള്ള വളർച്ചയെപ്പറ്റി ഏ.ആർ.രാജരാജവർമ്മ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. മലയാള ഭാഷയുടെ ആദ്യഘട്ടത്തെ മലയാണ്മ കാലമെന്നും ആധുനികഘട്ടത്തെ മലയാളകാലമെന്നും തരംതിരിക്കാം. ആദ്യഘട്ടത്തിൽ തമിഴിന്റെ സംരക്ഷണവും, രണ്ടാംഘട്ടത്തിൽ സംസ്കൃതത്തിന്റെ സംരക്ഷണവും മലയാളത്തിന് ലഭിച്ചു. തമിഴിന്റെ സംരക്ഷണയിൽ ആയിരുന്ന കാലത്ത് മലയാള ഭാഷയിൽ ഉണ്ടായിരുന്ന മുപ്പതു അക്ഷരങ്ങൾ സംസ്കൃതത്തിന്റെ സങ്കരംമൂലം അമ്പത്തിമൂന്നായി ഉയർന്നു. സംസ്കൃത സാഹിത്യ ഭണ്ഡാരത്തിൽ നിന്ന് അമൂല്യമായ സാഹിത്യരത്നങ്ങൾ മലയാള ഭാഷയ്ക്ക് ലഭിച്ചു. അങ്ങനെ പുരാണങ്ങളും ഇതിഹാസങ്ങളും മഹാകാവ്യങ്ങളും നാടകങ്ങളും സന്ദേശകാവ്യങ്ങളും ചമ്പുക്കളും നമ്മുടെ പദ്യസാഹിത്യത്തെ സമ്പന്നമാക്കി. മലയാള കവികൾ സംസ്കൃതത്തിലെ ആശയങ്ങളാണ് പ്രധാനമായും സ്വീകരിച്ചത്. അവയിലൂടെ മലയാളികളുടെ സർഗ്ഗാത്മക കഴിവാണ് തിളങ്ങിയത്.

ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും എഴുത്തച്ഛന്റെ കൃതികളും പുനത്തിന്റെ ചമ്പു രാമായണവും, ഉണ്ണായിവാര്യരുടെ നളചരിതവും

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളും മറ്റും മലയാള ഭാഷയുടെ മേന്മ തെളിയിച്ച ഉൽകൃഷ്ട കാവ്യങ്ങളാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭാഷ ഇങ്ങനെ പുരോഗമിച്ചു എങ്കിലും സാഹിത്യം മിക്കവാറും സവർണ്ണ ഹിന്ദുക്കളുടെ സ്വാധീനത്തിലായിരുന്നു.

ഗദ്യസാഹിത്യത്തിന്റെ സ്ഥിതി അതീവശുഷ്കമായിരുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഐക്യരൂപമുള്ള ഒരു ഗദ്യഭാഷയും ഇല്ലായിരുന്നു. ചമ്പുക്കളിലെ ഗദ്യം എന്നു പറയുന്ന ദ്രാവിഡ വൃത്തത്തിലെഴുതിയ നീണ്ട പദ്യങ്ങളായിരുന്നു. സർക്കാർ ഉത്തരവുകളോ, ആധാരമോ എഴുതിയിരുന്നതു ചമ്പുക്കളിലെ ഗദ്യത്തിന്റെ മാതൃകയിൽ ആയിരുന്നു. എന്നാൽ ഇതിനെക്കാൾ ലളിതമായ ചെറിയ വാചകങ്ങളിലുള്ള ഒരു ഗദ്യശൈലി വളരെ മുമ്പുതന്നെ കേരളത്തിൽ രൂപപ്പെടാൻ തുടങ്ങിയിരുന്നു. അതിനെ മിഷനറി ഗദ്യം എന്ന് പറഞ്ഞ് ആദ്യം തള്ളിക്കളഞ്ഞു. എന്നാൽ പുച്ഛിച്ചു തള്ളിയ ഈ മിഷനറി ഗദ്യത്തെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനു ശേഷം ആധുനിക ഗദ്യമായി അംഗീകരിക്കുകയും ചെയ്തു. ഈ രണ്ടു ഗദ്യശൈലികളെയും പി.കെ. ബാലകൃഷ്ണൻ നിരീക്ഷിക്കുന്നതു ഇങ്ങനെയാണ്. “കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിലെ പദ്യത്തിന്റെ പൂർവ്വമാതൃകയായിരുന്നു മലയാളത്തിലെ ആദ്യത്തെ ഗദ്യം. ചമ്പുക്കളിലെ സംസ്കൃത വൃത്തത്തിന്റെ അല്ലാതുള്ള ഭാഗങ്ങളെ ഒന്നു തരംതാഴ്ത്തി വയ്ക്കാൻ ഗദ്യമെന്നു പറഞ്ഞുവെന്നേയുള്ളൂ. ഗദ്യമെന്നു പറയാവുന്ന ഗദ്യം ക്രിസ്തീയ മത സാഹിത്യമായിട്ടാണ് ഇവിടെ രംഗപ്രവേശം ചെയ്യുന്നത്. മലയാളം സംഗീതാത്മകമായ ഭാഷയായി ഇത്രയും നാൾ ഇരുന്നു.

ഗദ്യസാഹിത്യത്തിന്റെ വികാസം പത്തൊമ്പതാം നൂറ്റാണ്ടിൽ

മലയാളത്തിൽ ഒരു പുതിയ ഗദ്യഭാഷ പ്രചരിച്ചതു അച്ചടിച്ച ഗ്രന്ഥങ്ങളിലൂടെയാണ്. അർത്ഥം മനസ്സിലാക്കാതെ ബ്രാഹ്മണർ ഓത്ത് അഥവാ വേദം ചൊല്ലും പോലെ സുറിയാനി ക്രിസ്ത്യാനികൾ, സുറിയാനി ഭാഷയിലും ലത്തീൻ ക്രിസ്ത്യാനികൾ ലത്തീൻ ഭാഷയിലുമാണ് ആരാധനയും പ്രാർത്ഥനയും നടത്തിയിരുന്നത്. ജനങ്ങൾക്കു ദുർഗ്രഹമായ ഭാഷയിൽ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ലെന്നും, അവർക്കു ആത്മീയാഭിവൃദ്ധി ഉണ്ടാകണമെങ്കിൽ അവരവരുടെ മാതൃഭാഷയിൽ

അവ നടത്തണമെന്നും ഡോ. ക്ളോഡിയസ് ബുക്കാനൻ, കേണൽ ജോൺ മൺറോ എന്നിവർ സുറിയാനി സഭാനേതൃത്വത്തെ ബോദ്ധ്യപ്പെടുത്തി.

1818 സെപ്തംബർ ഇരുപതാം തീയതി റവ. ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്തു സുറിയാനി പള്ളിയിൽ ആദ്യമായി മലയാളത്തിൽ ആരാധന നടത്തുകയും മലയാളത്തിൽ പ്രസംഗിക്കുകയും ചെയ്തു. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പ്രാർത്ഥനാ പുസ്തകം തുടങ്ങി അനവധി കൃതികൾ ബഞ്ചമിൻ ബെയ്‌ലി മലയാളത്തിലേക്കു ഭാഷാന്തരപ്പെടുത്തി. ഇവ കൂടാതെ, റാം മോഹൻ റോയിയുടെ ഉപനിഷത്തിന്റെ വ്യാഖ്യാനം മുതലായ അനവധി ഗ്രന്ഥങ്ങൾ ചെറിയ വാചകങ്ങളിൽ ബെഞ്ചമിൻ ബെയ്‌ലി വിവർത്തനം ചെയ്തു.

ബൈബിൾ വിവർത്തനം ഗദ്യഭാഷയ്ക്കു പ്രചാരണം നൽകുന്നു

ബൈബിളിനെ ആധാരമാക്കി പുരോഹിതന്മാർ പള്ളികളിൽ ആദ്ധ്യാത്മിക പ്രഭാഷണം നടത്തുന്ന പതിവ് ഇല്ലായിരുന്നു. 1806-ൽ കേരളം സന്ദർശിച്ച ഡോ.ക്ളോഡിയസ് ബുക്കാനന്, മലയാളത്തിൽ ഒരു വേദപുസ്തകം ഇല്ല എന്നുള്ള വസ്തുത അദ്ദേഹത്തെ അത്ഭുതപ്പെടുത്തുകയും നിരാശപ്പെടുത്തുകയും ചെയ്തു. ബുക്കാനന്റെ നിർദ്ദേശങ്ങൾ അന്നത്തെ സുറിയാനി യാക്കോബായ സഭയിലെ ആറാം മാർത്തോമാ എന്നറിയപ്പെട്ടിരുന്ന മാർ ദിവാന്നാസ്യോസ് ഒന്നാമന് സ്വീകാര്യമായിരുന്നു. ഇരുളടഞ്ഞ ഈ നാടിന് വെളിച്ചം പകരാൻ യോജിച്ചതാണ് വേദപുസ്തക പരിഭാഷ എന്ന്, മഹാമനസ്കനും മനുഷ്യസ്നേഹിയുമായ ബുക്കാനൻ പ്രസ്താവിച്ചു. ബൈബിളിന്റെ ഒന്നാമത്തെ പരിഭാഷ ബുക്കാനൻ ബോംബെയിൽ കൊണ്ടുപോയി കുറിയർ പ്രസ്സിൽ 1811-ൽ പ്രസിദ്ധീകരിച്ചു.

കുറിയർ ബൈബിളിലെ ന്യൂനതകളൊന്നുമില്ലാത്ത ഒരു പുതിയ തർജ്ജമ ഉണ്ടാകണമെന്ന് കേണൽ മൺറോ തീരുമാനിച്ചു. 1918 ഒക്ടോബർ മുതൽ ബെയ്‌ലി പൂർണ്ണ സമയം ബൈബിൾ വിവർത്തനത്തിൽ ഏർപ്പെട്ടു. സംസ്കൃത പണ്ഡിതനും കവിയും ആയിരുന്ന ചാത്തുമേനോൻ ആയിരുന്നു മുഖ്യസഹായി. മേനോൻ മദ്രാസിൽ പോയി ഇംഗ്ലീഷ് പഠിച്ച വ്യക്തി ആയിരുന്നു. അദ്ദേഹത്തെ കൂടാതെ വൈദ്യനാഥയ്യർ എന്ന പണ്ഡിതനെയും സുറി

യാനി ഭാഷാപണ്ഡിതന്മാരായ കത്തനാരന്മാരെയും ബഞ്ചമിൻ ബെയ്‌ലി നിയമിച്ചു. അന്ന് കേരളത്തിൽ പൊതുവായ ഒരു സാഹിത്യഗദ്യഭാഷ ഇല്ലായിരുന്നു. സംസാരഭാഷ തന്നെ ദേശഭേദമനുസരിച്ചും ജാതിഭേദമനുസരിച്ചും ഐക്യരൂപ്യമില്ലാത്തതും ആയിരുന്നു. പ്രശ്നം പരിഹരിക്കാനായി കാവ്യഭാഷയെത്തന്നെ അവർ ആശ്രയിച്ചു. എഴുത്തച്ഛൻ, പൂന്താനം, കുഞ്ചൻ നമ്പ്യാർ എന്നിവരുടെ കാവ്യങ്ങളിലെ ഭാഷയം ഗദ്യരൂപത്തിലാക്കി, അതിനെ പുതിയ ഗദ്യത്തിന് മാനദണ്ഡമായി സ്വീകരിച്ചു.

ബൈബിളിന്റെ മലയാളവിവർത്തനത്തിന് ഇംഗ്ലീഷ് ഗദ്യമാണ് മാതൃകയാക്കിയതും. ആദ്യം ബെയ്‌ലി തന്നെ ഇംഗ്ലീഷ് ബൈബിളിൽ നിന്നും ഓരോ വാക്യവും മലയാളത്തിലേക്കു തർജ്ജമ ചെയ്യും. മലയാള-സംസ്കൃത പണ്ഡിതന്മാർ ഭാഷാശുദ്ധി വരുത്തും.

ഹീബ്രു-സുറിയാനി പണ്ഡിതന്മാർ ഹീബ്രു ബൈബിളിലെയും, സുറിയാനി ബൈബിളിലെയും ആശയങ്ങളുമായി സൂക്ഷ്മമായി താരതമ്യം ചെയ്തു. 1824 മുതൽ സി.എം.എസ് പ്രസ്സിൽ ബൈബിൾ അച്ചടി തുടങ്ങി. ബൈബിൾ മലയാളികൾക്കിടയിൽ വായനാശീലം വളർത്തുകയും, ഒരു പുതിയ ഗദ്യഭാഷ പ്രചരിപ്പിക്കുകയും ചെയ്തതു മൂലം, ഭാഷയ്ക്ക് വലിയ നേട്ടങ്ങൾ ഉണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിന് മുമ്പുണ്ടായ ഗദ്യകൃതികളെല്ലാം മനസ്സിലാക്കുവാൻ പ്രയാസമുള്ളതായിരുന്നു. 1839-ൽ സമ്പൂർണ്ണ ബൈബിൾ ബെയ്‌ലി പ്രസിദ്ധീകരിച്ചു. 1854-ൽ ഗുണ്ടർട്ടിന്റെ ബൈബിൾ തർജ്ജമയും പ്രസിദ്ധീകരിച്ചു. നാം ഇന്ന് ഉപയോഗിക്കുന്ന ബൈബിൾ പരിഷ്കരിച്ചത് 1910-ൽ ആയിരുന്നു. ബാസൽ മിഷൻ, സി.എം.എസ് ലണ്ടൻ മിഷൻ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിച്ചു. ബഹുഭാഷാ പണ്ഡിതനായിരുന്ന ആർച്ചു ഡീക്കൻ കെ. കോശി ആയിരുന്നു അതിന്റെ അധ്യക്ഷൻ.

## റവ. ജോർജ്ജു മാത്തന്റെ സംഭാവന

പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യ പദ്ധതി ഭാഷയിൽ രൂഢമൂലമാകത്തക്ക രീതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ചു പ്രശസ്തനായ ഒന്നാമത്തെ കേരളീയൻ മല്ലപ്പള്ളിക്കാരനായ റവ. ജോർജ്ജ് മാത്തനാണ്. മഹാ

നായ ഉള്ളൂർ മലയാള ഗദ്യത്തെ നൂതനമാക്കിയവരിൽ ജോർജ്ജ് മാത്തനാണ് പ്രഥമസ്ഥാനം നൽകുന്നു.

## മലയാളത്തിലെ എഴുത്തും വായനയും

വിദ്യാസമ്പന്നരായ കുബേരന്മാരുടെ ജ്ഞാനം വായനയിൽ മാത്രം ഒതുങ്ങി നിന്നു. ഇക്കാലത്ത് നല്ല തൊഴിൽ ലക്ഷ്യമാക്കി മക്കളെ കമ്പ്യൂട്ടർ, മെഡിസിൻ, എൻജിനീയറിംഗ് മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതുപോലെ ഉപജീവനത്തിനുള്ള ഒരു തൊഴിൽ അഭ്യസന വിദ്യയായിരുന്നു എഴുത്ത്. ആധുനികയുഗത്തിലെ മേൽ പ്രസ്താവിച്ച തൊഴിലുകൾ സമൂഹത്തിൽ മാന്യതയുള്ളതാണ്. എന്നാൽ പുരാതന കാലത്തെ "എഴുത്തു തൊഴിൽ" മാന്യതയില്ലാത്തതായിരുന്നു. വായനയും എഴുത്തും അക്കാലത്ത് രണ്ടായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വരെ ഇതായിരുന്നു സ്ഥിതി. കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇപ്രകാരം വിശദീകരിക്കുന്നു. "മലയാളവും ഗ്രന്ഥാക്ഷരവും ദേവനാഗരാക്ഷവും നന്നായി വായിക്കാനുള്ള കഴിവ് സമ്പാദിച്ചുവെങ്കിലും ഇതൊന്നും എഴുതുവാനുള്ള പരിശീലനം എനിക്ക് ലഭിച്ചിരുന്നില്ല. ആദ്യത്തെ മണലിലെഴുത്തിനു ശേഷം വായിക്കുകയല്ലാതെ, എഴുതുകയെന്ന ഏർപ്പാടുണ്ടായിട്ടില്ല. അന്ന് "എഴുത്ത് തൊഴിലാളികളെ"ക്കൊണ്ട് എഴുതിപ്പിക്കുകയായിരുന്നു. "എഴുത്തു തൊഴിലാളികൾ" സമൂഹത്തിലെ താഴ്ന്ന നിലയിലുള്ളവരായിരുന്നു. നമ്മുടെ സമൂഹത്തിൽ കടന്നു കൂടിയ ചില ദുരഭിമാന സംസ്കാരങ്ങൾ ഈ ലേഖകൻ ഓർക്കുന്നു. 1960-കളിൽ സ്കൂൾ പാസ്സായതിനു ശേഷം കോളേജിൽ ഈ ലേഖകൻ ചേർന്നു. എന്റെ നാട്ടിൽ ടൈപ്പിംഗും ഷോർട്ട് ഹാൻഡും പഠിച്ചു കൊണ്ടിരുന്നത് ഹൈസ്കൂളിൽ തോറ്റവരും കോളേജിൽ അഡ്മിഷൻ കിട്ടാതെയുമിരുന്ന വിദ്യാർത്ഥികളായിരുന്നു.

ക്ളെറിക്കൽ ജോലി ലഭിക്കുവാൻ ടൈപ്പിംഗ് പഠിക്കണമായിരുന്നു. ടൈപ്പിംഗ് പഠിക്കുന്നത് മാന്യന്മാർക്ക് യോജിച്ചതല്ലായിരുന്നു. ഉന്നതവിദ്യാഭ്യാസം ലഭിച്ച മിക്കപേർക്കും ടൈപ്പിംഗ് അറിഞ്ഞുകൂടായിരുന്നു. എന്നാൽ ഏതാനും വർഷങ്ങൾക്കു ശേഷം ഈ നിലപാടിന് മാറ്റം വന്നത് കേരളത്തിലെ ചെറുപ്പക്കാർക്ക് പ്രയോജന

പ്പെട്ടു. ഞാൻ വടക്കെ ഇന്ത്യയിൽ ലോ കോളെജിൽ പഠിക്കുന്ന സമയം, എന്റെ ലോ പ്രൊഫസർ വക്കീലുമായിരുന്നു. അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നപ്പോൾ അദ്ദേഹം ടൈപ്പിൽ റൈറ്ററിന്റെ മുമ്പിൽ ഇരുന്ന് അനായാസേന ടൈപ്പ് ചെയ്യുന്നതു കണ്ടപ്പോൾ എനിക്കത്ഭുതം തോന്നി. ആകാംക്ഷയോടെ ടൈപ്പിംഗിന്റെ വിഷയം ഞാൻ ചോദിച്ചപ്പോൾ വടക്കേ ഇന്ത്യയിൽ കേരളത്തിലെ പോലെയുള്ള മനോഭാവം ഇല്ലായിരുന്നു എന്ന് എനിക്കു മനസ്സിലായി. ടൈപ്പിംഗ് പഠിക്കാതിരുന്ന എന്നെപ്പോലെയുള്ളവർ കമ്പ്യൂട്ടർ യുഗത്തിൽ പിൻതള്ളപ്പെട്ട അനുഭവം ഉണ്ടായി. പണ്ടു കാലത്ത് പുലർത്തിയ ബുദ്ധിശൂന്യമായ പല ദുരാചാരങ്ങളും ഇന്നത്തെ പല ദുരഭിമാനങ്ങളെയും സൃഷ്ടിച്ചു എന്ന് പ്രസ്താവിക്കുന്നത് ശരിയായിരിക്കും.

ഇന്ത്യ മുഴുവൻ വർഗ്ഗീയ വിവേചനം ഉണ്ടായിരുന്നെങ്കിലും കേരളത്തിലെപ്പോലെ വേറൊരു സ്ഥലവും ഇല്ലായിരുന്നതു കൊണ്ടാണ് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്നു വിളിച്ചു എന്നു പ്രസ്താവിക്കാറുണ്ട്. താഴെ വിവേകാനന്ദന്റെ പ്രസ്താവന ചേർക്കുന്നു. "മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനു മുൻപ് ലോകത്തെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണർ നടക്കുന്ന തെരുവിൽ കൂടി പാവപ്പെട്ട പറയനു നടന്നു കൂടാ. ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്. അവരുടെ വീടുകൾ അത്രയും ഭ്രാന്താലയങ്ങളും. അവർ നടത്ത നന്നാക്കുകയും അറിവു മെച്ചപ്പെടുത്തുകയും ചെയ്യുംവരെ അവരോടു ഭാരതത്തിലുള്ള മറ്റു വംശക്കാരെല്ലാം അറപ്പോടും വെറുപ്പോടും പെരുമാറണം. അത്തരം നീചവും പൈശാചികവുമായ ആചാരങ്ങൾ പുലർത്തുന്ന അക്കൂട്ടർക്ക് ലജ്ജയില്ലല്ലോ?"

## കേണൽ മൺറോയുടെ പരിഷ്കാരങ്ങൾ

കേണൽ മൺറോ, മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് സഹായി ആയിരുന്നു. അതിലും ഉപരിയായി, ഈ മനുഷ്യസ്നേഹി ജാതിമതഭേദമന്യേ എല്ലാവരേയും സ്നേഹിക്കുകയും, അഗതികൾക്കും അശരണർക്കും ഒരു ആശാകേന്ദ്രവുമായിരുന്നു. 1811 ജൂൺ മുതൽ 1814 ഡിസംബർ വരെ കേണൽ മൺറോ തിരുവിതാംകൂർ ദിവാനായിരുന്നു. 1812 മുതൽ 1818 വരെ കൊച്ചിരാജ്യത്തിന്റെ

ദിവാനും ആയിരുന്നു. തിരുവിതാംകൂറിലെ അടിമവ്യാപാരം നിർത്തൽ ചെയ്തത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പരിഷ്ക്കാര മായി കണക്കാക്കാം.

**ക്ഷേത്രഭരണം**

ദൈവത്തെ വ്യാപാരം ചെയ്ത് കൊള്ളലാഭം ഉണ്ടാക്കുന്നത് എല്ലാ മതങ്ങളിലും അനേകായിരം വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന സത്യമാണ്. മനുഷ്യന്റെ ജന്മനാ ഉള്ള ദുഃസ്വഭാവങ്ങൾ തരം കിട്ടിയാൽ മിക്കപേരും തൻകാര്യത്തിനായി ഉപയോഗിക്കുമെന്നുള്ള സത്യം ചരിത്രം പഠിച്ചവർക്ക് മനസ്സിലാകും. ഇന്നത്തെ സമൂഹത്തിൽ ഇതു സർവ്വസാധാരണമാണ്. ഈശ്വരന്റെ പേരിൽ ജനങ്ങളെ വഞ്ചിച്ച് സ്വയം സാമ്രാജ്യം സൃഷ്ടിക്കുന്നത് നമുക്ക് അറിവുള്ള  സംഗതിയാണ്.

“വേലി വിളവു തിന്നതിന്റെ” ഉത്തമ ദൃഷ്ടാന്തങ്ങളിൽ ഒന്ന്, കേരളത്തിലെ ക്ഷേത്രങ്ങൾ ഭരിച്ചവരുടെ ദുർഭരണമായിരുന്നു. അഴിമതി, മോഷണം മുതലായവയിൽ അമ്പലഭരണക്കാർ വ്യാപൃതരായിരുന്നതു മൂലം, തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ ധനപരമായി ഏറ്റവും ശോഷിച്ച നിലയിലെത്തി. തിരുവിതാംകൂറിലെ ക്ഷേത്രങ്ങളുടെ തകർച്ചമൂലം, ഹിന്ദുമത വിശ്വാസികൾക്ക് സംഭവിക്കാവുന്ന വലിയ ദുരന്തത്തിൽ നിന്ന് അവരെ രക്ഷിക്കണമെന്നുള്ള താല്പര്യം മനുഷ്യസ്നേഹിയായ കേണൽ മൺറോയ്ക്ക് ഉണ്ടായി. തിരുവിതാംകൂറിലെ ക്ഷേത്രങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഭരണം സർക്കാർ ഏറ്റെടുത്തു. ക്ഷേത്രങ്ങളിലേക്ക് ജനങ്ങൾ നൽകുന്ന വഴിപാടുകൾ ക്ഷേത്രഭരണം നടത്തുന്നവർ തന്നെ സ്വന്തമാക്കിയിരുന്നു. അവർക്ക് കണക്ക് ബോധിപ്പിക്കേണ്ട കാര്യം ഇല്ലായിരുന്നു. സർക്കാരിന് നികുതിയും നൽകേണ്ട ആവശ്യം ഇല്ലായിരുന്നു. സർക്കാർ ഭരണം ഏറ്റെടുത്തു പുതിയ നിയമങ്ങൾ കൊണ്ടു വന്നതു മൂലം ക്ഷേത്രങ്ങളുടെയും ഗവൺമെന്റിന്റെയും ആദായം വർദ്ധിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ സർക്കാരിന്റെ അധീനതയിലായിരുന്നതു മൂലമാണ് പിന്നീട് ക്ഷേത്രങ്ങളെ അവർണ്ണർക്കായി തുറന്നു കൊടുക്കാൻ കഴിഞ്ഞത്. അങ്ങനെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പശ്ചാത്തലം ഒരുക്കിയത് കേണൽ മൺറോ ആണ്.

## മൺറോ അഴിമതി അവസാനിപ്പിക്കുന്നു

അഴിമതി, കൈക്കൂലി എല്ലാ തലങ്ങളിലും വ്യാപകമായിരുന്നു. കുറ്റക്കാരെ ക്രൂരമായി ശിക്ഷിച്ചിരുന്ന നാടായിരുന്നു തിരുവിതാംകൂർ, എന്നിട്ടും എന്തുകൊണ്ട് അഴിമതി കുറഞ്ഞില്ല? വേലുത്തമ്പി ദളവാ, പണാപഹരണത്തിന് ദീർഘതടവോ, വധശിക്ഷയോ നൽകിയിരുന്നു. കുറ്റം ചെയ്തവരുടെ സ്വത്ത് മുഴുവൻ കണ്ടുകെട്ടുക, വിരൽ മുറിക്കുക, കൈ മുറിക്കുക, മൂക്കും ചെവിയും ഛേദിക്കുക, മുക്കാലയിൽ കെട്ടി അടിക്കുക എന്നീ പ്രാകൃത ശിക്ഷകൾ കേണൽ മൺറോ നിർത്തൽ ചെയ്തു. എന്നിട്ടും അഴിമതി ഇല്ലാതാക്കാൻ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു എന്ന് അത്ഭുതം തോന്നാം. മനുഷ്യരെ ശിക്ഷിച്ചിരുന്നതിലധികമായി സ്നേഹിക്കുവാൻ അദ്ദേഹം പ്രാധാന്യം നൽകി. ഉദ്യോഗസ്ഥന്മാർക്ക് മാന്യമായ പദവിയും ശമ്പളവും ശിക്ഷയോടുള്ള ബന്ധത്തിൽ തന്നെ അദ്ദേഹം നടപ്പാക്കി.

ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന് ഏറ്റവും ഉപകാരം ചെയ്ത വ്യക്തി കേണൽ മൺറോ ആയിരുന്നുവെന്ന് ശ്രീ. കേശവൻ ഉൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖർ പ്രസ്താവിച്ചത് എത്രയോ വാസ്തവം ആയിരുന്നു. വിദേശികളായാലും സ്വദേശികളായാലും നമ്മുടെ നാട് നന്നാക്കാൻ ശ്രമിച്ചവരെ ഈ സമയം നന്ദിയോടെ നമുക്ക് ഓർക്കുകയും ആ ചരിത്രം നമുക്ക് പഠിക്കുകയും ചെയ്യാം.

# ഫൊക്കാനയും ഫോമയും പിന്നെ ഞാനും

## എ.സി. ജോർജ്



ഹ്യൂസ്റ്റനിലെ മർഫി റോഡിലെ സാമാന്യം വലിപ്പമുള്ള ഒരു ഗ്രോസറി സൂപ്പർ മാർക്കറ്റാണ് ''തുമാരാ ഗ്രോസേർസ് സൂപ്പർമാർക്കറ്റ്.'' ഞാൻ അതിനടുത്തുള്ള ചൈനീസ് സുന്ദരിയുടെ സൂഫർ ഹെയർകട്ട് സലൂണിൽ കേറി ഒരു കട്ടിംഗും ഡൈയിംഗും നടത്തി. നല്ല പ്ലം പഴത്തിന്റെ നിറമുള്ള ചൈനീസ് സുന്ദരി "ചിംഗ് ചാങ്ങിന്റെ" സൂഫർ കട്ടും മുട്ടും തട്ടും സൂഫർ തലോടലുമായി ഹെയർ കട്ട് സലൂണിലെ ഇപ്രാവശ്യത്തെ ചടങ്ങ് അവസാനിച്ചു. തിരുമ്മലും ഉരുമ്മലും പിന്നീടാകാം... ഒരു സുഖം ഒരു നിർവതി... ഒരു കോൾമയിർ...

ഇനി ഭാര്യയുടെ കല്ലേൽ പിളർക്കുന്ന ഓർഡർ പ്രകാരം കുറച്ച് മീൻ വാങ്ങാനായി തുമാരാ ഗ്രോസർസ് സൂപ്പർ മാർക്കറ്റിലേക്ക് ഞാൻ വച്ചടിച്ചു. മീൻ സെക്ഷനിലെത്തി. ഓ... ഒരു ഫൊക്കാനാ നേതാവ്... ഫൊക്കാനയുടെ പൊക്കത്തിലും ഒരു ആന ഗമയിലും മീൻ കണ്ട പൂച്ചയെപ്പോലെ മണത്ത് മണത്ത് ഓരോ മീൻ ഫ്രിഡ്ജ് അലമാരകളും തുറന്നു നോക്കുന്നു. കൂടെ തന്നെ ഫോമാ നേതാവായ ഭാര്യയും അണിഞ്ഞൊരുങ്ങി ഒരു ആമാ ഫോമാ ചന്തത്തിൽ മെല്ലെ മെല്ലെ ഒരു പൂമ്പാറ്റപോലെ അനുഗമിക്കുന്നു. അമേരിക്കയിലെ വൻ വടവൃക്ഷ അമ്പ്രെല്ലാ അസോസിയേഷൻ വളർന്നു... വളർന്നു... പിളർന്നപ്പോൾ ഭാര്യ ഫോമയിലും ഭർത്താവ് ഫൊക്കാനയിലും ആയിപ്പോയതാണ്. പഴയ കേരള രാഷ്ട്രീയത്തിലെ ദമ്പതി നേതാക്കളായ ടി.വി.തോമസും കെ.ആർ. ഗൗരിയും പോലെ ഇവരും ഒരു ഒത്തുതീർപ്പും ഒത്തുകളിയുമായി ഇരുസംഘനടയിലുമായി നില

ഉറപ്പിച്ചു. അങ്ങിനെ രണ്ടിടത്തുമായി ഓരോ പിടിവള്ളി ആ കുടും ബത്തിനുണ്ടാവുന്നത് നല്ലതല്ലെ. ഇരുവരും തിരിഞ്ഞുനോക്കിയ പ്പോൾ ഞാനവരുടെ ദൃഷ്ടിയിൽ പെട്ടു. "ഹലോ ജോർജ്... എന്താ ഇവിടെ? മീൻ തപ്പി ഇറങ്ങിയതാവും..." "ശരിയാ... കുറച്ച് കൊല്ലം മക്രീൽ വാങ്ങണം." ഞാൻ പറഞ്ഞു. "അല്ലേലും എ.സി. ജോർജെ... നിങ്ങൾ ഏതാ... ഏതിലാ... ഫൊക്കാനയോ ഫോമയോ..." "ഞാൻ പ്രത്യേകിച്ച് ഫണ്ടമെന്റലായി ഒന്നിലുമില്ല. എന്നാൽ രണ്ടിലും അൽപ്പാൽപ്പം ഉണ്ട് താനും. രണ്ടു സംഘടനയിലും എനിക്കു സുഹൃ ത്തുക്കളുണ്ട്. പിന്നെ ഞാനിപ്പോൾ വസിക്കുന്ന ഹ്യൂസ്റ്റൻ സിറ്റി യിൽ വല്ല സംഘടനാ കൺവെൻഷനോ ഇലക്ഷനോ ഉണ്ടെങ്കിൽ അതും എനിക്ക് സൗകര്യപ്പെട്ടാൽ കേറി പോകും അത്രതന്നെ." "പക്ഷെ ജോർജെ, രണ്ടുവള്ളത്തിൽ ചവിട്ടരുത് കേട്ടോ..." 'അതു ശരി.. നിങ്ങൾ ഭാര്യയും ഭർത്താവും രണ്ടുവള്ളത്തിലാണല്ലോ ചവിട്ടി നിൽക്കുന്നത്' എന്നു പറയാൻ നാവു പൊന്തിയതാണ്. പക്ഷെ പറ ഞ്ഞില്ലാ... എന്തിനാ ഈ നിസാര കാര്യത്തിന് ഒരു വാഗ്വാദം... "പക്ഷെ ജോർജെ വന്നാലും ഇല്ലെങ്കിലും ഞങ്ങൾക്കു കുറെ വോട്ടു പിടിച്ചു തരണം. അതിന് ജോർജിന് നല്ല പരിചയക്കാരും ഇൻഫ്ളു വൻസുമൊക്കെ ഉണ്ടല്ലോ..." ഞാൻ ഒന്നു ചിരിക്കുക മാത്രം ചെയ്തു. ഇവർക്ക് എപ്പോഴും അധികാര കസേരയിൽ കുത്തിയിരുന്ന് സേവി ക്കണം... ഒരു വട്ടമല്ല പലവട്ടം പല തസ്തികയിൽ കുത്തിയിരുന്ന് സേവിക്കണം. കസേരകൾ കൈവിടാതെ ഗ്ലൂ അടിച്ച് തന്നെ കസേ രകൾ ആസനത്തിൽ കൊണ്ടു നടക്കണം... ഞാൻ മനസ്സിൽ പറ ഞ്ഞു.

ഫിഷ് ക്യാഷ് കൗണ്ടറിന്റെ ബാക്കിൽ നിന്നൊരു അശരീരി. "ഫൊക്കാനയും ഫോമയും എഴുത്തുകാരനും ഒക്കെ ഉണ്ടല്ലോ..." തുമാരാ ബസാറിലെ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മാനേജർ മത്തിമ ത്തായിയുടേതാണ് ആ അശരീരി. ഈ ആഴ്ചത്തെ മലയാളം പ്രവാസി ടൈംസ് പ്രസിദ്ധീകരണം അഞ്ചാറെണ്ണം വിടർത്തിയിട്ട് അതിന്മേൽ ഒരു വമ്പൻ സ്രാവിന്റെ വയറു കീറി കുടലും പണ്ടവും വളരെ മെഡിക്കൽ സയന്റിഫിക്കായി ഒരു സർജ്ജന്റെ ചതുരത യോടെ നീക്കിക്കൊണ്ടിരിക്കുകയാണ് മത്തിമത്തായി. ഈ പ്രോസ സിനെ നാടൻ രീതിയിൽ മീൻവെട്ട് എന്നു പറയുമെങ്കിലും ഡോക്ടർ

ധരിക്കുന്ന വെള്ള ഓവർകോട്ടുമണിഞ്ഞ് സർജിക്കൽ കത്തിയുമായി നിൽക്കുന്ന മത്തിമത്തായിയെ കണ്ടാൽ മീൻ കട്ടിംഗിൽ ഒരു എം. എയോ ഡോക്ടറേറ്റോ കൊടുക്കാൻ തോന്നും. ഇപ്പോ ഏതു പട്ടീടേ വാലേലും ഡോക്ടറേറ്റ് തുന്നിച്ചേർക്കാമെന്നായിട്ടുണ്ടല്ലോ. ഇനി മുതൽ ഫോമയും ഫൊക്കാനയും നല്ല സംഭാവനകൾ തുകയായി വാങ്ങിയിട്ട് ഫലകങ്ങൾക്കും പൊന്നാടകൾക്കും പുറമെ അപാര പഠനത്തിനൊ, വിശിഷ്ട സേവനത്തിനൊ അല്ലെങ്കിൽ മറ്റ് നല്ല പേരു കൾ എന്തെങ്കിലും കണ്ടുപിടിച്ച് ഏതാനും പേർക്ക് ഡോക്ടറേറ്റ് നൽകിയാൽ നന്നായിരുന്നു. കാരണം ഇത് ഇലക്കും മുള്ളിനും ദോഷമില്ലാത്ത നല്ല ഒരു വഴി അല്ലേ എന്ന് ഈയുള്ളവൻ ചിന്തിച്ചു പോയി. കൊടുക്കുന്നവനും സന്തോഷം വാങ്ങുന്നവനും സന്തോ ഷം. കൊടുത്താൽ കൊല്ലത്തും കിട്ടും.

"ഇതെന്ത് ഏർപ്പാടാ മത്തായി. ഈ ഫോമാ-ഫൊക്കാനാ നേതാക്കന്മാരുടെ ചിത്രങ്ങളും വാർത്തകളും വിളംബരങ്ങളുമുള്ള പ്രവാസി ടൈംസിന്റെ പുറത്ത് വച്ച് തന്നെ വേണൊ ഈ മീൻ വെട്ട്? ഞാൻ പ്രതിഷേധമറിയിച്ചു. "എന്റെ ജോർജ് സാറെ... മീൻ വെച്ച് വെട്ടാനെങ്കിലും ഈ വാരിക ഉപകരിക്കട്ടെ... ഈ ചവറൊക്കെ ആരു വായിക്കാനാ... സാറെ... അതിന് ആർക്കാണിവിടെ നേരം... ടൈം... ഈസ് മണി എന്നല്ലെ...? അതുകൊണ്ട് നാട്ടിലെ ചുമട്ടു കാർക്ക് നോക്കുകൂലി കൊടുക്കുന്നതുപോലെ വായനക്കൂലി കൊടു ത്താൽ വല്ല തൊഴിലില്ലാത്ത വിഡ്ഢി പൊട്ടന്മാർ വായിക്കുമായി രിക്കും...." ഒരക്ഷരസ്നേഹിയായ എനിക്കുണ്ടായ കോപം ഞാൻ ഉള്ളിലൊതുക്കി. ഞാൻ പ്രകോപിതനായിരുന്നെങ്കിൽ മലയാള സിനി മയിലെ ഇന്ദ്രൻസിന്റെ മാതിരി ശോഷിച്ച ശരീരപ്രകൃതിയുള്ള എന്നെ മത്തിമത്തായി ആ പ്രസിദ്ധീകരണ പേപ്പറിന്റെ മീതെ കിടത്തി ഒരു ഓപ്പൺ ഹാർട്ട് സർജറി തന്നെ നടത്തിയേനെ. ഏഷ്യാനെറ്റിലെ സ്ത്രീധനം സീരിയലിലെ മത്തി സുകുവിന്റേയും ചാള മേരിയു ടേയും വാചകകസർത്തുകളും ദുഷ്ടപ്രവർത്തികളും കൂടി എന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു വന്നു. അപ്പോഴേക്കും കോഴിക്കോ ടൻ മത്തി നിറച്ച ഷോപ്പിംഗ് കുട്ടയുമായി വില കുത്തിക്കാനായി ഫിഷ് ക്യാഷ് കൗണ്ടറിലെത്തിയ ഫോമാ-ഫൊക്കാനാ ദമ്പതിക ളുടെ നേരെ തിരിഞ്ഞ് മത്തിമത്തായി കുശലം പറയാൻ തുടങ്ങി.

"ഇത്തവണത്തെ കൺവെൻഷനുകളും കലാപരിപാടികളും ഇല ക്ഷനും എല്ലാം രണ്ടു കൂട്ടരും പൊടിപൊടിക്കുമെന്നു കേട്ടല്ലോ...."

"അതു ശരിയാ.... ഇപ്രാവശ്യം പുതുതായി ധാരാളം സിനി മാക്കാരും സ്റ്റാർനൈറ്റും സിനിമാ അവാർഡുകളും ഉണ്ടാകും. പിന്നെ സാഹിത്യകാരന്മാരും, മന്ത്രിമാരും മുട്ടൻ സ്വാമിമാരും മുട്ടൻ തിരു മേനിമാരും ധാരാളമായി വരുന്നുണ്ട്. അവരെല്ലാം പുതിയ പുതിയ ഐറ്റംസും കൈവേലകളും കാണിക്കും. സംഗതി ത്രസിപ്പിക്കും."

"ഹൊ അതുശരി... വരുന്നവർ പുതിയ പുതിയ വേലത്തരം കാണിക്കും... അല്ലെ, ഇതൊക്കെ എത്ര കണ്ടതാ... ഭീമമായ ഇത്രയ ധികം തുക കൊടുത്ത് ഏവന്മാരേയും എവളുമാരേയും കൊണ്ടുവ ന്നിട്ട് എന്നാ കിട്ടാനാ... പഴയ വിഡ്ഢി കോമാളിത്തങ്ങളും വളിപ്പും കുറച്ച് കുലുകുലുക്കും, ചുണ്ടനക്കൽ ലാലിസവും... അതിന് ഒരാൾ മുടക്കുന്ന കാശുണ്ടെങ്കിൽ നിങ്ങൾക്ക് പത്തു കൊല്ലത്തേക്ക് വല്ല കയിലോൺ കിംഗ് ഫിഷൊ, കൊച്ചിൻ മക്രീലൊ വാങ്ങി കഴിക്കാം. അതു നമ്മുടെ ശരീരത്തിലെങ്കിലും കിടക്കും... അല്ലെങ്കിൽ വല്ല ലോക്കൽ ടാലന്റുകളേയും പ്രമോട്ട് ചെയ്യ് സാറെ... അതുമല്ലെങ്കിൽ വല്ല പട്ടിണിപാവങ്ങൾക്കും കഞ്ഞികുടിക്കാനായി സംഭാവന ചെയ്യ് സാറെ... മത്തിമത്തായി ആവേശഭരിതനായി.

മത്തിമത്തായി പറഞ്ഞതിലും കാര്യമുണ്ട്. ഞാൻ ചിന്തിച്ചു. പിന്നെ കൂടുതൽ നേരം ഞാനവിടെ നിന്നില്ല. കൊല്ലം അയില മീനിന്റെ വില ക്രെഡിറ്റ് കാർഡിൽ ചാർജ് ചെയ്തിട്ട് ഞാൻ പാർക്കിംഗിലോട്ടു നടന്നു. മർഫിരോഡും പരിസരവും ഇവിടുത്തെ മലയാളികളുടെ ഒരു ഈവനിംഗ് സമ്മേളന ഏരിയ ആണ്. അതാ ഒരു മലയാളി കൂട്ടം... ചിലരുടെ കാറിന്റെ ഡിക്കി പൊക്കിവെച്ചിരി ക്കുന്നു. ചിലർ പ്ലാസ്റ്റിക് കപ്പിൽ എന്തോ വീര്യമുള്ള ദ്രാവകം മോന്തു ന്നു. ചിക്കൻ കാൽ കടിച്ചു പറിക്കുന്നു. അവിടം മലയാളികളുടെ ഒരു ഹാംഗോവർ കേന്ദ്രം അല്ലെങ്കിൽ ഒരു മലയാളി അധോലോ കം... ഫോമാക്കാർ ഒരിടത്തും ഫൊക്കാനാക്കാർ അൽപം മാറി മറ്റൊ രിടത്തും സമ്മേളിച്ചിരിക്കുന്നു. അടുത്ത കൺവെൻഷനുകളിൽ വച്ചാ ണല്ലോ ഈ വമ്പൻ മലയാളി തിമിംഗല സംഘടനയിലെ തെര ഞ്ഞെടുപ്പ്. വെള്ളം കുടിയും സ്ഥാനാർത്ഥികളുടെ വോട്ടുപിടുത്തവും തിരുതകൃതിയായി നടക്കുകയാണിവിടെ. കഴിഞ്ഞ മെയ് മാസത്തിൽ

കേരളാ അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ അതേ ചൂടും ചൂരും ഉൾക്കൊണ്ടാണിവിടത്തെ ഇലക്ഷൻ പ്രചാരണ പ്രക്രിയയും. മലയാളി സാന്നിദ്ധ്യമുള്ള പറ്റുന്നിടത്തൊക്കെ സ്ഥാനാർത്ഥികളുടെ വാൾപോസ്റ്റർ ഒട്ടിക്കണം. കട്ടൗട്ടുകളും ഫ്ളക്സ് ബോർഡുകളും വെയ്ക്കണം. അമേരിക്കൻ പോലീസിന്റെ കണ്ണുവെട്ടിച്ചുള്ള ചുവരെഴുത്തുകൾ മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യക്ഷപ്പെടണം. അമേരിക്ക ആയതുകൊണ്ട് കുറച്ച് ഹില്ലാരി-ട്രംമ്പ് മോഡലാക്കി വോട്ടു പിടിക്കാൻ പുതുമയുള്ള പലതും ചെയ്യണം. പ്രചാരണത്തിനായി സോഷ്യൽ മീഡിയയിലും നുഴഞ്ഞു കേറണം.

എന്റെ തല കണ്ടപ്പോൾ ഫൊക്കാനക്കാരായ മാക്രി കാലായിൽ തോമായും ആനക്കുഴിവാസുവും അടുത്തേക്കു വന്നിട്ടു പറഞ്ഞു. “എ.സി. ജോർജെ... താൻ വല്ലപ്പോഴും ഏതാണ്ടൊക്കെ കുത്തിക്കുറിക്കാറുണ്ടല്ലോ... നമ്മുടെ ഇലക്ഷൻ വിജയത്തിനായി നല്ല കുറിക്കു കൊള്ളുന്ന ഒരു പാരഡി ഗാനം തയ്യാറാക്കണം. അത് ഹിറ്റാകണം. പിന്നെ ഞങ്ങടെ യോഗത്തിൽ വന്ന് നല്ല ഉശിരായിട്ട് ഒരു തൊള്ളതൊരപ്പൻ സപ്പോർട്ട് പ്രസംഗം നടത്തണം. അതും ഹിറ്റാകണം. പിന്നെ ഹിറ്റുകിട്ടാതെയും നോക്കണം.”

വെറുതെ എതിരാളികളുടെ എതിർപ്പൊ ഒരുപക്ഷെ ഇരുട്ടടിയൊ എന്തിനു ഞാൻ വാങ്ങണം എന്നായിരുന്നു എന്റെ ചിന്ത. വേലിയേലിരിക്കുന്ന പാമ്പിനെ പിടിച്ച് കൗപീനത്തിൽ വെച്ച് ഞാനെന്തിന് കടിമേടിക്കണം, എന്ന ചിന്തയോടെ ഞാൻ മുടന്തൻ ഒഴിവുകഴിവും പറഞ്ഞ് ആ സാഹസങ്ങളിൽ നിന്നു പിന്മാറി. പക്ഷെ ഈ സംഘടന സംഘടിത കുടിയന്മാരെ ഒന്നു ചൊറിയാനും മാന്താനും എന്നിൽ മോഹമുദിച്ചു. “നിങ്ങളൊക്കെ കേരളാ അസംബ്ലി ഇലക്ഷനും ആർഷഭാരത സംസ്കാരം (ആ.ഭാ.സം) ഒക്കെ ഫോളോ ചെയ്യാനാണല്ലോ ശ്രമം? കേരളാ ഇലക്ഷനിൽ ചോദിച്ചപോലെ നിങ്ങടെ സംഘടനയിലെ പ്രകടനപത്രികയിലും മാനിഫെസ്റ്റോയിലും ചേർത്തിരിക്കുന്ന മദ്യനയം എന്താണ്? സമ്പൂർണ്ണ മദ്യനിരോധനമാണൊ, അതോ ഘട്ടംഘട്ടമായുള്ള മദ്യവർജനമോ, മദ്യവിസർജനമൊ? അമേരിക്കൻ മലയാളി സോളാർ വിവാദത്തിൽ നിങ്ങളുടെ പങ്ക് എന്ത്? അമേരിക്കൻ മലയാളി സരിത ലിസ്റ്റിൽ നിങ്ങളുടെ പേരുണ്ടോ എന്നതൊക്കെ ചർച്ചാ വിഷയമാക്കേണ്ടതാണ്.”

എന്റെ കുരുട്ട് ചോദ്യത്തിന് ഉത്തരമായി മാക്രി കാലായിൽ തോമാ ഒരു ശൃംഗാരചിരിയോടെ പറഞ്ഞു. “വേണ്ടി വന്നാൽ കേരളാ സരി തയെ തന്നെ ഒരു പ്രശസ്താതിഥിയായി ഫൊക്കാന പൊക്കി കൊണ്ടു വരും. നോക്കിക്കോ.”

ഫൊക്കാനയും ഫോമയും ഒരമ്മ പെറ്റ രണ്ടു മക്കൾ. ഫൊക്കാ നയോട് സംസാരിച്ച സ്ഥിതിക്ക് ഇനി ഫോമോയോടും സംസാ രിച്ചേ തീരൂ. തിരിച്ചു വേദം - ഡിസ്ക്രിമിനേഷൻ പാടില്ലല്ലൊ. പാർക്കിംഗ് ലോട്ടിലെ സൗത്ത് വെസ്റ്റ് ഭാഗത്തു നിന്നാണ് ഫോമ യുടെ തെരഞ്ഞെടുപ്പ് റാലി. ഇവിടെ ഡബ്യു.എം.സി (വേൾഡ് മദ്യ കൗൺസിൽ) വേൾഡ് മലയാളി കൗൺസിൽ അല്ല - ന്റെ ആഭിമു ഖ്യത്തിൽ സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് തന്ത്രം മിനയുക യാണ്. ഫോമയുടെ ആമകുഴിയിൽ വറീത്, കഴുതക്കാലിൽ ഏലമ്മ, പാമ്പിൻ മാളത്തിൽ, ഗോപാലൻ തുടങ്ങിയവർ ചർച്ചയിൽ സജീവ മാണ്. എല്ലാ അംഗസംഘടനയിലേയും ഡെലിഗേറ്റുകളുമായി ബന്ധ പ്പെട്ട് ഓരോ വോട്ടും ഉറപ്പാക്കണം. ന്യൂയോർക്കിലെ വെസ്റ്റ് ചെസ്റ്റ റിലെ അമല (അമേരിക്കൻ മലയാളി അസോസിയേഷൻ ഓഫ് ലവ്), യോംഗേർസിലെ മാമാ (മലയാളി മങ്ക), മാക്കാനാ (മലയാളി കേര ളായിറ്റ്സ് ഇൻ നോർത്ത് അമേരിക്ക, മേരിലാന്റിലെ ഉമാ (യുനൈ റ്റഡ് മലയാളീസ്) ചിക്കാഗോയിലെ ഓമനാ (ഓൾ മലയാളി അസോ സിയേഷൻ ഇൻ നോർത്ത് അമേരിക്ക, എരുമാ (ഓൾ റോഡ് ഐലന്റ് മലയാളീസ്), ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലന്റ്, ലോംഗ് ഐലന്റ്, ഷോർട്ട് ഐലന്റ് മലയാളി അസോസിയേഷനിൽ നിന്നൊക്കെ ഒടമ്പിന്റെ പാർട്ടുകൾ ദ്രവിച്ചുപോയ പടുകിഴവൻ ഡെലി ഗേറ്റുകളെ മാറ്റി ചുറുചുറുക്കുള്ള ചെറുപ്പക്കാരായ ഡെലിഗേറ്റുക ളാണ് വേണ്ടത്. ശരിയായ ഒറ്റ വ്യക്തികളോ പാനലോ ജയിച്ചു കേറണം. അല്ലെങ്കിൽ പിന്നെ കാമാ, (കേരളാ അസംതൃപ്തി മല യാളി അസോസിയേഷനുകൾ) ധാരാളമായി വിജയിക്കും അല്ലെ ങ്കിൽ സംഘടനകളെ പറ്റി ഒരു രസികൻ പറഞ്ഞപോലെ ഫൊക്കാനാ എന്നാൽ (ഫ്രന്റ്സ് ഒരുമിച്ച് കള്ള് അടിക്കാൻ നല്ല അവസരം). ഫോമാ എന്നാൽ (ഫ്രന്റ്സ് ഒരുമിച്ച് മദ്യം അടിക്കാൻ അവസരം) എന്നൊക്കെ ആയി പറയേണ്ടി വരും. ഏതായാലും ഇപ്രാവശ്യത്തെ ഫോമാ-ഫൊക്കാനാ കൺവെൻഷനുകളിൽ ഒരു ഗുഡ് ന്യൂസ് ഉള്ളത്

പരലോകത്തെ മലയാളികളെ പ്രതിനിധീകരിച്ച് കുറച്ചുപേർ അഖില മോക്ഷവാസി മലയാളി സംഘടനയിൽ നിന്നും വേറെ കുറച്ചു പേർ അഖില നരകവാസി മലയാളി സംഘടനയിൽ നിന്നും എത്തുന്നു എന്നുള്ളതാണ്.

വളരെ പെട്ടെന്നാണ് അതു സംഭവിച്ചത്. മർഫി റോഡിലെ പാർക്കിംഗ് ഏരിയായിലെ സെന്റർ പോയിന്റിൽ എന്തോ സംഭ വിച്ചു. ഭയങ്കര ഒച്ചപ്പാട്, വെടിയും പുകയും. വല്ല ഫോമാ ഫോക്കാനാ സംഘട്ടനമോ ദ്വന്ദ്വയുദ്ധമോ, ഇലക്ഷൻ, സ്ഥാനാർത്ഥി തല്ലോ വല്ല തുമാണോ? ടെക്സാസ് സ്റ്റെയിറ്റിലാമെങ്കിൽ ഓരോരുത്തന്റേയും അരയിൽ തോക്കാണ്. ‘ഡോന്റ് മെസ് വിത്ത് ടെക്സാസ്’ എന്ന മുദ്രാവാക്യം പോലുമുണ്ട്. പോലീസ് വാഹനങ്ങളും ഫയർ എൻജിനും എമർജൻസി മെഡിക്കൽ വാഹനങ്ങളും വന്നു നിരന്നു. മെത്തോഡിസ്റ്റു ഹോസ്പിറ്റലിലെ മലയാളി ഹെഡ് നഴ്സ് എലി വാലിൽ ഏലിക്കുട്ടിയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീമാണ് എത്തിയിരിക്കുന്നത്. കടലാസു പുലികളും ആനകളും ആമകളും തത്തി തത്തി നുഴഞ്ഞു കേറി. ഹ്യൂസ്റ്റനിലെ ദൂരവാണി മലയാളി ടെലിവിഷൻ ചാനലിലെ ആങ്കർമാനും ആങ്കർ ഗേൾസും ക്യാമറ യുടെ അകമ്പടിയോടെ സംഭവസ്ഥലത്തേക്ക് ഇടിച്ചു കേറി. സംഭവം നിരന്തരം നിർഭയം കവർ ചെയ്യേണ്ടെ... അതുപോലെ ഹ്യൂസ്റ്റനിലെ ചില തലമുതിർന്ന മാധ്യമ പ്രവർത്തകരും, ഛോട്ടാ ബഡാ പ്രസ് ക്ലബ് അംഗങ്ങളും കടലാസുകളും പേനകളും ടെലിപ്രിന്റുകളുമായി സംഭവസ്ഥലത്തേക്ക് ഇരച്ചു കേറി. നല്ല ചൂടുള്ള വല്ലതും സംഭവി ച്ചിരിക്കും. തൽസമയ റിപ്പോർട്ടിംഗ് വേണ്ടെ... എന്റെ ഉള്ളു പിട യാൻ തുടങ്ങി. കാലും കയ്യും വിറക്കാൻ തുടങ്ങി. മേൽശ്വാസവും കീഴ്ശ്വാസവും പോകാൻ തുടങ്ങി. സംഭവ സ്ഥലത്തുനിന്ന് രക്ഷ പ്പെടുക തന്നെ... വല്ല വെടിവെയ്പോ... കൊലയോ... ആണെങ്കിൽ സാക്ഷി പറയാൻ നിൽക്കണ്ടെ. പിന്നെ തുമാരാ ബസാറിൽ നിന്നു വാങ്ങി വണ്ടിയുടെ ഡിക്കിയിൽ വെച്ചിരിക്കുന്ന കൊല്ലം മക്രീൽ മീൻ ഡിഫ്രോസ്റ്റായി ചീയാനും സാധ്യതയുള്ളതിനാൽ ഞാൻ വണ്ടി സ്റ്റാർട്ടാക്കി സ്ഥലം വിട്ടു. അങ്ങനെ സംഭവത്തിൽ നിന്നു തടി ഊരി രക്ഷപ്പെട്ടു.

# മാറുന്ന സമൂഹത്തിൽ മലയാളിക്ക് തകിടം മറിച്ചിലും, ഹിപ്പോക്രസിയും?

**എ.സി. ജോർജ്**

ഗോളാന്തര ജനസമൂഹത്തിന്റെ ഭാഗമായ മലയാളിക്കും സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക ജീവിത രംഗങ്ങളിലെല്ലാം സ്വദേശത്തും വിദേശത്തും സ്ഥായിയായ ക്ഷേമകരവും കാലോചിതവുമായ ഒരു മാറ്റം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ? പിറന്ന നാട്ടിൽ തൊഴിലില്ലാതെ, ഉള്ള തൊഴിൽ ചെയ്യാതെ തിണ്ണ നിരങ്ങി തേരാപാര നടന്ന് കൊടിപിടിക്കാനും സമൂഹത്തിൽ സർവ്വവിധ ക്ഷുദ്രതയുടെ വിഷവായു തുപ്പാനും വ്യഗ്രത കാണിക്കുന്ന ഒരു പറ്റം മലയാളി കേരളം വിട്ടാൽ പ്രത്യേകിച്ച് വിദേശത്തെത്തിയാൽ ഓന്തിന്റെ നിറം മാറുന്ന മാതിരി ജീവിത ചിന്താഗതിയിൽ സ്ഥായിയായ ഒരു തകിടം മറിച്ചിൽ നടത്തുന്നു. അല്ലെങ്കിൽ ആ തകിടംമറിച്ചിലിനു നിർബന്ധിതരാകുന്നു. നാട്ടിൽവെച്ച് ചെയ്യാൻ അറപ്പു പ്രകടിപ്പിച്ചിരുന്നതോ, അഹന്തകൊണ്ടോ ദുരഭിമാനംകൊണ്ടോ ഏറ്റെടുക്കാൻ വിമുഖത പ്രദർശിപ്പിച്ചിരുന്നതോ ആയ എന്തു തൊഴിൽ ചെയ്യാനും വിദേശത്തെത്തുന്ന മലയാളി സദാ തയ്യാറാണ്. ഗൾഫിലെത്തിയാൽ എരിപിരിയായ ചുട്ടുപൊള്ളുന്ന വെയിലിൽ മണൽ വാരാനും അറബിയുടെ ഒട്ടകത്തിനെ മേയ്ക്കാനും അതിന്റെ പിണ്ഡവും കാഷ്ഠവും വാരി തലയിൽ ചുമക്കാനും തയ്യാറാണ്.

അമേരിക്കയിലെത്തിയാൽ ഗോവണികളിൽ കേറിനിന്ന് ഗ്രോസറി അടുക്കാനും പെറുക്കാനും, നിരത്താനും വണ്ടി തള്ളാനും ഏതവസരത്തിലും ആരുടെയും പൃഷ്ഠം തുടയ്ക്കാനും തയ്യാറാണ്. വിദേശത്തെത്തിയാൽ എല്ലാ തൊഴിലിനും മാന്യതയായി. അന്തസ്സായി. ഇവിടെ മലയാളിക്ക് വളരെ ക്രിയാത്മകമായ, പോസിറ്റീവായ, സ്ഥായിയായ ഒരു മാറ്റം സംഭവിക്കുന്നു. ഇവർ നാട്ടിലായിരുന്നെങ്കിൽ 11 മണിക്ക് ഓഫീസിൽ കയറി, കസേരയിൽ കുത്തിയിരുന്ന് സിനിമാ വാരികകളും പൈങ്കിളി കഥകളും വായിച്ച് പ്രേമ

ത്തിന്റെയും പ്രേമഭംഗങ്ങളുടേയും ലൈനടിച്ച് അടിക്കടി ചായയും വാട്ടീസും മോന്തി പൊതുജനങ്ങളുടെ കീശയിൽ നിന്ന് കൈക്കൂലി മൊത്തമായും ചില്ലറയായും വാങ്ങി, തൊഴിൽ ചെയ്യാതിരിക്കുന്ന തിനുള്ള, ഫയൽ നീങ്ങാതിരിക്കുന്നതിനുള്ള അവകാശ ശമ്പളവും കിമ്പളവും വാങ്ങി സർക്കാരിനെയും നികുതിദായകരെയും പോക്ക റ്റടിക്കുന്ന ഒരു ജോലിയിൽ കുറഞ്ഞതൊന്നും ചെയ്യാൻ തയ്യാറുള്ള വരായിരുന്നില്ലെന്നോർക്കണം. സ്വദേശിയായ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത മലയാളികൾ ഒരുവിധം സൂത്രത്തിൽ ജീവിതം ദുസ്സ ഹമായി തള്ളിനീക്കുന്ന കേരളത്തിൽ ഉള്ള തൊഴിൽ ചെയ്യാൻ ആളി ല്ലാതെ തമിഴ്നാട്ടിൽ നിന്നും യു.പിയിൽനിന്നും ഒറീസയിൽ നിന്നും ബംഗാളിൽ നിന്നും ബംഗ്ലാദേശിൽ നിന്നും എന്തു തൊഴിൽ ചെയ്യാനും തയ്യാറാകുന്ന എത്ര ലക്ഷം തൊഴിലാളികളാണ് ഇന്ന് പണിയെടുക്കുന്നത്. കേരളത്തിൽ പണിയെടുക്കുന്ന ബംഗ്ലാദേശി കളുടെയും തമിഴരുടെയും യു.പി കാരുടെയും ഒറീസാക്കാരുടെയും ബംഗാളികളുടേയും അറേബ്യൻ ഗൾഫും, അമേരിക്കയും, ജർമ്മനി യും, കാനഡായുമൊക്കെയാണിന്ന് കേരളം. കേരളം വിട്ട് ഇതര സംസ്ഥാനത്തോ വിദേശത്തോ എത്തിപ്പെടുന്ന മലയാളിക്ക് കേരള ത്തിനകത്തുവച്ചു തന്നെ സ്ഥായിയായ തൊഴിലിനോടുള്ള മനോ ഭാവ മാറ്റമെന്ന അൽഭുത പ്രതിഭാസം സംഭവിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

കേരളം വിട്ടാൽ മലയാളിക്കുണ്ടാകുന്ന അടുത്ത മാറ്റം സ്വന്തം മതവും ഭാഷയും സംസ്കാരവും വളർത്താനും ഊട്ടി ഉറപ്പിക്കാനു മുള്ള വ്യഗ്രതയാണ്. കുറച്ചെല്ലാം അതു നല്ലതുതന്നെ. കാരണം വന്നവഴി മറക്കരുതല്ലോ. തല മറന്ന് എണ്ണ തേക്കരുതല്ലോ. ചിലർക്ക് കൊച്ചുകേരളം അപ്പാടെ പൊക്കിയെടുത്ത് തലയിലേറ്റി ഈ ഏഴാം കടലിനക്കരെ അതേപടി പ്രതിഷ്ഠിക്കണമെന്ന ദുർവാശിയാണ്. ഇതൽപ്പം കടന്ന കൈയ്യല്ലേ? കേരളവും കേരള സംസ്കാരവും വേണം. ഒന്നും അധികമാകരുത്. അധികമായാൽ അമൃതും വിഷം തന്നെയാണല്ലോ. കുടിയേറിയ ഈ പുണ്യഭൂമിയിൽ തികച്ചും വേറിട്ടു നിൽക്കാതെ കുറച്ചൊക്കെ അമേരിക്കൻ “അസിമിലേഷൻ” വളരെ പോസിറ്റീവായ ആളവിൽ ആവശ്യം തന്നെയാണ്. എന്തിനും ഏതിനും ഒരു സമതുലിത സമീപനമാണാവശ്യം. കേരളംവിട്ട

ചിലർക്ക് അവർ കേരളത്തിൽ പുലർത്താതിരുന്ന അമിത മതചൈതന്യവും ഭാഷാസ്നേഹവും കേരള സാംസ്കാരിക അതിപ്രൗഢിയും കേറി, തലയ്ക്കൊരുമാതിരി ഡ്രഗ്ഗ് അടിച്ച് മത്തുപിടിച്ച മാതിരി "കേരള ചെണ്ട", മദ്ദളം, ചേങ്ങല, തേങ്ങാക്കുല ചുട്ടി, കഥകളി, ഭരതനാട്യം, തുള്ളൽ, കേരള രാഷ്ട്രീയ പാർട്ടികളുടെ ഓവർസീസ് ബ്രാഞ്ചുകൾ, സംഘടനകൾ വാശിയേറിയ തെരഞ്ഞെടുപ്പ്, കുതികാൽവെട്ട്, കാലുവാരൽ, കാലുമാറ്റം, പിളരുന്തോറും വളരൽ, വളരുന്തോറും പിളരൽ, വിളരൽ, തൊഴുത്തിൽ കുത്ത് ഒക്കെയായി കാലുവെന്ത നായ്ക്കളുടെ മാതിരി നെട്ടോട്ടമായി. ഇത്രയും ഇതെല്ലാം അനഭിമത കേരള "തനിയാവർത്തനങ്ങളല്ലേ?" കേരളത്തിലായിരുന്നപ്പോൾ പള്ളിയുടെയോ അമ്പലത്തിന്റെയോ തിണ്ണ പോലും ചവിട്ടാത്ത ചിലർ വിദേശത്തെത്തിയാൽ പിന്നെ പരമഭക്തശിരോമണികളായി പള്ളിക്കൂടങ്ങളും, ക്ഷേത്രസമിതികളും മത്സരിച്ചു സംഘടിപ്പിക്കുന്നു. പള്ളികളുടെയും അമ്പലങ്ങളുടെയും മതിലേൽ കേറി കിളിർക്കുന്നു. കാതലായ മതതത്വങ്ങളെ പഠിക്കാതെ, പ്രയോഗിക്കാതെ, വെറും ഉപരിപ്ലവങ്ങളും കേരളത്തിൽപോലും പൊളിഞ്ഞതും കാലഹരണപ്പെട്ടതും മുരടിച്ചതുമായ ആ അന്ധമതവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും മുറുകെപ്പിടിച്ച് സമൂഹത്തിൽ എന്തിനുമേതിനും മതസ്പർദ്ധയും വിദ്വേഷവും മതമൗലികതയും വളർത്തി മലയാളികളെ  തമ്മിലടിപ്പിക്കുന്നു. കുറേക്കാലമായി മലയാളികളുടെ സാമൂഹ്യസംഘടനകളെക്കാൾ ഇമ്മാതിരി വിഭാഗീയ മതമൗലികപ്രസ്ഥാനങ്ങളാണ് ഇവിടങ്ങളിലെല്ലാം കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്നത്. സാന്മാർഗ്ഗികവും, ആത്മീയവുമായ മനുഷ്യജീവിതത്തിന് ആവശ്യമായ മതചിന്തകളും സദ്മാർഗ്ഗങ്ങളും ഏറ്റം ആവശ്യം തന്നെയാണ്.

പ്രത്യേകിച്ച് അമേരിക്കയിലെത്തിയ മലയാളിക്ക് സ്ഥായിയായ എന്തു മാറ്റമാണുണ്ടായിരിക്കുന്നത് എന്നു പരിശേധിക്കാം. കൂടുതൽ പണം കിട്ടുന്ന നല്ല തൊഴിലുള്ളവരെയും നല്ല വീടുള്ളവരെയും നല്ല വാഹനങ്ങളുള്ളവരെയും കൂടുതൽ പണക്കാരെയും മലയാളികൾ കൂടുതലായി മാനിക്കുന്നു. മലയാളിയുടെ ഭാവനയിൽ അവർക്കു കൂടുതൽ മാന്യതയുണ്ട്. പക്ഷേ ഒരു ശരാശരി അമേരിക്കക്കാരൻ വലിയ ശമ്പളം പറ്റുന്ന തൊഴിൽക്കാരനോ, പണക്കാ

രനോ, മണിമാളിക ഉള്ളവനോ, വിലപിടിപ്പുള്ള വാഹനമുള്ളവനോ മലയാളി കൊടുക്കുന്നതിന്റെ നൂറിലൊന്നുപോലും സ്ഥാനമോ ബഹുമതിയോ കൊടുക്കുന്നില്ല. ശരാശരി അമേരിക്കൻ പണമുള്ളവനും ഇല്ലാത്തവും തമ്മിൽ ഒത്തിരി വ്യത്യാസങ്ങളില്ല. അവർ അന്യോന്യം പേരു വിളിക്കുന്നു. ഇടപഴകുന്നു, വെറും സുഹൃത്തുക്കളെപ്പോലെ സംസാരിക്കുന്നു. എന്നാൽ മലയാളി പണക്കാരനെ കാണുമ്പോൾ ഇവിടെ ആദരസൂചകമായി നടുവളയ്ക്കുന്നു. ഇരിപ്പിടത്തിൽ നിന്നെഴുന്നേൽക്കുന്നു... സാറെന്നു വിളിക്കാൻ നാവുയർത്തുന്നു... വലിയ തൊഴിൽക്കാരനും, യോഗ്യനും പണക്കാരനുമായ മലയാളി മറ്റു താഴ്ന്ന വേതനം വാങ്ങുന്ന മലയാളികളെ വെറും ആപ്പകളും ഊപ്പകളുമായിക്കാണുന്നു. പണക്കാരായ മറ്റു ചിലർ ഉള്ളിലില്ലാത്ത എളിമയും ദൈന്യതയും നടിച്ച് ചാരിറ്റിക്ക് ഒരു സെന്റുപോലും നൽകാതെ ഭിക്ഷക്കാരേക്കാൾ കഷ്ടാൽകഷ്ടതരമായി ദാരിദ്ര്യവേദന അനുഭവിക്കുന്നവരായി സദാ നടിക്കുന്നു... കരയുന്നു... കാണിക്കാനായി കരയുന്നു.


മലയാളികൾ ഒരു നല്ല വിഭാഗത്തിന് തങ്ങൾ ലോകത്തിലെ ഏറ്റവും മുന്തിയ, ഉയർന്ന ഒരു മാനവവർഗ്ഗമാണെന്ന ചിന്തയുണ്ട്. ചിലർ വളരെ പുച്ഛമായി വീടിനകത്തും പുറത്തും സമൂഹത്തിലും ഇവിടെയുള്ള കറുത്ത വംശജരായ ആഫ്രിക്കൻ അമേരിക്കക്കാരെപ്പറ്റി സംസാരിക്കുന്നതു കാണാം. തങ്ങളുടെ കുട്ടികൾ അവരുടെ കുട്ടികളുമായി കൂട്ടുകൂടാനോ അവരുടെ അടുത്തു വീടു വാങ്ങാനോ ചില മലയാളികൾക്കു താൽപര്യമില്ല. കറുത്ത പാറക്കല്ലിന്റെ നിറമുള്ള കറുകറുത്ത മലയാളിയും തങ്ങളേക്കാൾ നൂറുമടങ്ങു വെളുപ്പും അഴകും ആകാരസൗഷ്ഠവവുമുള്ള ആഫ്രിക്കൻ അമേരിക്കനെപ്പോലും വളരെ പുച്ഛമായി, അറപ്പോടെ സംസാരങ്ങളിൽ പരാമർശിക്കുന്നത് എന്തൊരു വിരോധാഭാസമാണ്. അതേ അവസരത്തിൽ എയിഡ്സ് ബാധിതനെപ്പോലെ തോന്നുന്ന ചില വെളുത്ത വർഗ്ഗക്കാരെ കാണുമ്പോൾ നട്ടെല്ലു വളച്ച് ആദരൂപൂർവ്വം കൂനി അവരെ തോളിലേറ്റുന്നതും കാണാം. തൊലിയുടെ നിറം മനുഷ്യനെ വേർതിരിച്ച് വില കൽപ്പിക്കുന്ന ചിന്താഗതി മനുഷ്യനിൽ നിന്നു മാറണം. ഐതിഹാസികമായ കറുത്തവരുടെ സഹനസമരത്തിലൂടെയാണിവിടെ സ്വാതന്ത്ര്യവും, സമത്വവും വോട്ടവകാശവും കുടിയേറ്റ നിയ

മങ്ങളും ഉണ്ടായതെന്ന കാര്യം കറുത്തവരെ പുച്ഛിക്കുന്ന മലയാളി മറക്കുന്നു. മാർട്ടിൻ ലൂഥർ കിംഗ്, മാൽക്കം എക്സ് തുടങ്ങിയ അനേകം ആഫ്രിക്കൻ അമേരിക്കക്കാരുടെ ധീരോചിതമായ ചെറുത്തുനിൽപ്പും, അവരുടെയൊക്കെ ഓരോ തുള്ളി ചോരയും വിയർപ്പുമാണ് ഇന്ന് ഈ ആധുനിക അമേരിക്കയെ കുടിയേറ്റക്കാരായ നമ്മൾക്കുവേണ്ടി സജ്ജമാക്കിയതെന്ന അനിഷേധ്യ സത്യം ആഫ്രിക്കൻ അമേരിക്കക്കാരെ പുച്ഛത്തിന്റെ മഞ്ഞക്കണ്ണാടിവച്ചു നോക്കുന്ന മലയാളികൾ മനസ്സിലാക്കണം. ഒരു ശരാശരി ആംഗ്ലോസാക്സൻ വെളുത്ത അമേരിക്കന്റെ മുമ്പിൽ മലയാളികളായ നമ്മൾ വെറും തവിട്ടുനിറത്തിലുള്ള വിദേശികളാണെന്നും ആഫ്രിക്കൻ അമേരിക്കക്കാരെക്കാൾ താഴേക്കിടയിലുള്ളവരാണെന്നും പലർക്കെങ്കിലും പല അവസരങ്ങളിലും തെളിവായിട്ടുണ്ടാകണം.

# മലയാളഭാഷയുടെ ആവിർഭാവവും ചില നിഗമനങ്ങളും

## (ഭാഷയുടെ ആദികാല ചരിത്രപഠനം)

ദേവരാജ് കാരാവള്ളിൽ



മലയാളഭാഷയുടെ ആദികാലചരിത്രം പരിശോധിച്ചാൽ ഭാഷ, പല കാലങ്ങളിലായുള്ള നിരന്തര പരിവർത്തന പരിശ്രമത്തിന്റെ പരിണതഫലമാണെന്ന് കാണാൻ കഴിയും.

ഒന്നുകൂടി വ്യക്തമാക്കിയാൽ, നിരന്തര പരിവർത്തന, പരിഷ്കരണ പ്രക്രിയയിലൂടെയാണ് ഭാഷ തുടക്കം കുറിച്ചത്.

ഭാഷയുടെ ഉത്ഭവം എന്നാകാം. ഭാഷ ഒരു ദിവസംകൊണ്ട് പൊട്ടിമുളച്ചതോ രൂപപ്പെട്ടതോ അല്ലാത്തതുകൊണ്ട് അതിന്റെ ആവിർഭാവത്തിന് കൃത്യമായ കാലയളവ് നിർണ്ണയിക്കാൻ നിർവ്വാഹമില്ല.

ഉദ്ദേശം 13, 15-ാം നൂറ്റാണ്ടിന്റെ ഇടയിലാകാം ഭാഷയുടെ തുടക്കം കുറിച്ചത് എന്ന് അനുമാനിയ്ക്കണം കാരണം ആ കാലയളവിലാണ് മലയാള പാട്ടുകൃതികൾ ആദ്യമായി ഉണ്ടായത്.

14-ാം നൂറ്റാണ്ടിൽ "മണിപ്രവാളം" പ്രസ്ഥാനത്തിൽ "ലീലാതിലകം" എന്ന കാവ്യത്തിന്റെ ആവിർഭാവമായി..

15-ാം നൂറ്റാണ്ടിൽ കണ്ണശ്ശകൃതികളും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും പിറന്നു.

16-ാം നൂറ്റാണ്ടിൽ പൂന്താനത്തിന്റെ ജ്ഞാനപ്പാനയുണ്ടായി. പിന്നീടാണ് എഴുത്തച്ഛന്റെ കാലഘട്ടം.

ചീരാമകവിയുടെ "രാമചരിതം" ആണ് ഏറ്റവും പുരാതന പാട്ടുകൃതികളിൽ പ്രസിദ്ധമായത്. അതു രചിക്കപ്പെട്ടത് ഉദ്ദേശം 13-ാം നൂറ്റാണ്ടിലാകാം.

പാട്ടുകൃതികൾക്കുശേഷം ആണ് "ലീലാതിലകം" എന്ന മണിപ്രവാളകാവ്യം ഉണ്ടായത്. അതിൽ പാട്ടിന്റെ ലക്ഷണം പറയുന്നുണ്ട്.

'ദ്രവിഡ സംഘാതാക്ഷര

എതുക മോന വൃത്തവിശേഷം പാട്ട്' എന്നാണത്.

വൃത്ത താളബദ്ധമായിരുന്നു അന്നത്തെ പാട്ടുകൃതികൾ പോലും എന്ന് അനുമാനിയ്ക്കണം.

പാട്ടിൽ തമിഴിനുള്ള സ്വാധീനം പോലെ മണിപ്രവാളത്തിൽ സംസ്കൃതത്തിനുണ്ട്.

തുടക്കം തമിഴ് സംസ്കൃത പ്രസ്ഥാനങ്ങളായിരുന്നെങ്കിലും തുടർന്ന് മണിപ്രവാളംപോലുള്ള സങ്കരപ്രസ്ഥാനവും പിന്നീട് കണ്ണശ്ശ പ്രസ്ഥാനവും കിളിപ്പാട്ടു പ്രസ്ഥാനവും കഴിഞ്ഞ് നിരവധി വെൺമണി പ്രസ്ഥാനങ്ങളും ഇടപ്പള്ളി പ്രസ്ഥാനവും ഭാഷയിൽ ഉണ്ടായി.

മണിപ്രവാളത്തേക്കാളും കിളിപ്പാട്ട് എന്ന ക്ലാസിക് പ്രസ്ഥാനമാണ് പ്രചാരമേറിയത്. കാരണം മലയാളത്തനിമയുള്ള പ്രസ്ഥാനമാണത്. 17-ാം നൂറ്റാണ്ടിൽ തുടങ്ങി ഇന്നും പ്രചുരപ്രചാരമുള്ള പ്രസ്ഥാനമാണത്.

കിളിപ്പാട്ടിൽ ഉദ്ദേശം 50 ലേറെ മഹാകാവ്യങ്ങൾ ഉണ്ടായിട്ടുണ്ട്. എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടും, മഹാഭാരതം കിളിപ്പാട്ടുമാണ് ആദ്യം ഉണ്ടായത്.

അന്നു എഴുത്തച്ഛനും മറ്റും എഴുത്തോലയും എഴുത്താണിയും ഉപയോഗിച്ചാണ് ഈ മഹാകാവ്യങ്ങൾ എല്ലാം രചിച്ചത് എന്നത് പ്രസ്ഥാവ്യയോഗ്യമാണ്.

അപ്പോൾ ഉദ്ദേശം 500/600 വർഷത്തെ പഴക്കമേ മലയാള ഭാഷയ്ക്കുള്ളു എന്ന് അനുമാനിയ്ക്കേണ്ടിവരും.

എഴുത്തച്ഛനും മുമ്പുതന്നെ കണ്ണശ്ശ ഭാഷയും മറ്റും മലയാളത്തിലുണ്ടായിരുന്നു. പാട്ടുപ്രസ്ഥാനത്തിന് അന്തസ്സും ഗാംഭീര്യവും നൽകിയത് കണ്ണശ്ശ കവികളാണ്.

മലയിൻകീഴ് മാധവൻ,

നിരണം രാമൻ,

വെങ്ങല്ലൂർ ശങ്കരൻ തുടങ്ങിയ കണ്ണശ്ശ കവികൾ ഒരേ രീതിയിലുള്ള രചനയും ശൈലിയും തുടർന്നതുകൊണ്ടാകാം "നിരണം കവികൾ" എന്ന ഒരേ നാമം കിട്ടിയത്.

മാധവന്റെ "ഭഗവത്ഗീത"

രാമന്റെ "ഖണ്ണശ്ശരാമായണം"

ശങ്കരന്റെ "ഭാരതമാല" എന്നീ കണ്ണശ്ശകൃതികളാണ് പ്രശസ്തമായത്.

സംസ്കൃത ഭഗവത്ഗീതയ്ക്ക് ഭാരതീയ ഭാഷയിൽ ആദ്യമായി വിവർത്തനം നടത്തി "ഭാഷാ ഭഗവത് ഗീത" എന്ന ഗ്രന്ഥം രചിച്ചത് മലയിൻകീഴ് മാധവപ്പണിക്കർ എന്ന കണ്ണശ്ശ കവിയാണ്. ആ കൃതികൾ എല്ലാം തന്നെ പച്ചമലയാളത്തിൽ ആയിരുന്നു. ഉദാഹരണത്തിന്...

"ഒരു നാൾ വന്നു പിറക്കും

പിന്നെയുടൽ വളരും തെരുതെരെ മുറ്റും

തേയും മായും, തേരുകിലാറും

ദേഹപ്രകൃതികൾ

എന്ന കവിതാ ശകലം കണ്ണശ്ശ കൃതിയിലേതാണ്.

കൃഷ്ണഗാഥയിലെ ഗാഥവൃത്തവും പ്രസിദ്ധ മഞ്ജരി വൃത്തവും "ഉന്തിപ്പാട്ട്" എന്ന തമിഴ് ഗാഥവൃത്തവും ഒന്നാണ്.

സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിലായി ഉദ്ദേശം 50 ലേറെ കൃതികൾ പൂന്താനം രചിച്ചിട്ടുണ്ട്. പാന, സ്തോത്രം, കീർത്തനം എന്നീ വിഭാഗങ്ങളിലാണത്.

ദ്രാവിഡ ഭാഷയാണ് ഇവിടമെങ്കിലും സംസ്കൃതം, തമിഴ് എന്നീ ഭാഷകൾക്കു പുറമെ മറ്റു പല ഭാഷകളിൽ നിന്നും പദങ്ങൾ മലയാളത്തിൽ വന്നിട്ടുണ്ട്.

തെക്കൻ ദ്രാവിഡം മലയാളവും തമിഴുമാണെങ്കിൽ വടക്കൻ ദ്രാവിഡം തെലുങ്കും കന്നടയുമാണ്.

തമിഴകത്തെ ദ്രാവിഡ ഭാഷയാണ് ആദ്യം തമിഴായും പിന്നീട് മലയാളമായും രൂപം കൊണ്ടത്.

ആദ്യകാലത്ത് മലയാളവും തമിഴും ചേർന്ന് "ചെന്തമിഴ്"

എന്നൊരു സങ്കരഭാഷയുണ്ടായിരുന്നു. അതിൽനിന്നുമാണ് തമിഴും മലയാളവുമായി വേർതിരിഞ്ഞത്. ബുദ്ധമതഭാഷയായ പാലി സ്ക്രിപ്റ്റും ദേവനാഗിരി സ്ക്രിപ്റ്റും അരാമിക്കിൽനിന്നും ഉടലെടുത്തതാണെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ഇന്ത്യ പേർഷ്യൻ സാമ്രാജ്യത്വത്തിന്റെ ഭാഗമായിരുന്നുവെന്നും മലയാളം ദേവനാഗിരി ലിപിയോട് കടപ്പെട്ടിട്ടുണ്ട്. എന്നും പറയപ്പെടുന്നു.

കേരളഭാഷ, മലയാളഭാഷ, മലയാളം. മലയാൺമ മലയായ്മ എന്നീ പേരുകൾ ഭാഷയ്ക്ക് വന്നിട്ടുണ്ട്.

പാലി, അപഭ്രംശം, പ്രാകൃതം, സംസ്കൃതം, ഹിന്ദി, തെലുങ്ക്, കന്നട, തമിഴ്, ഫ്രഞ്ച്, ഗ്രീക്ക്, ജർമ്മൻ, പേർഷ്യൻ, അറബിക്, പോർച്ചുഗീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്നും അതാതു കാലഘട്ടത്തിൽ പദങ്ങൾ ഭാഷയ്ക്കു വന്നു ചേർന്നിട്ടുണ്ട്. അപഭ്രംശവും പ്രാകൃതവും പുരാതന വ്യാകരണരഹിത ഭാഷകളാണ്.

ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയത് സംസ്കൃതവും തമിഴുമാണെന്ന് കാണാം. ഈ ഭാഷകൾ എല്ലാം തന്നെ അന്ന് നിലവിലുണ്ടായിരുന്നു.

മലയാളഭാഷ മാത്രം എന്താണ് വൈകി ഉത്ഭവിച്ചത് എന്നു ചോദിച്ചാൽ അതിനും അനുമാനം ഉണ്ടാകും.

അന്ന് തമിഴ് ആയിരുന്നു മുഖ്യസംസാരഭാഷ വളരെ കുറച്ച് ദ്രാവിഡരേയുണ്ടായിരുന്നുള്ളു താനും. കൂട്ടത്തിൽ ബുദ്ധമത ഭാഷയായ് പാലിയും ആര്യഭാഷയായ സംസ്കൃതവും സംസാരിക്കുന്നവരുമുണ്ടായിരിക്കാം. അപ്പോൾ മലയാളം പോലൊരു പുതിയ ഭാഷയ്ക്ക് പ്രസക്തിയോ ആവശ്യമോ ഉണ്ടായിരുന്നില്ല.

പിന്നെ എഴുത്തച്ഛനെപ്പോലുള്ള മഹാകവികളോ, സ്വാതിതിരുനാളിനെപ്പോലുള്ള സംഗീതജ്ഞരോ മറ്റ് സാഹിത്യ ശ്രേഷ്ഠരോ ഒരുപക്ഷേ രാജസദസ്സിനോ വിദ്വാൻ സദസ്സിനോ വേണ്ടി മാത്രം പുതിയഭാഷ എന്ന ആശയം കൊണ്ടുവന്നിരിയ്ക്കാം. പാട്ടുകൃതികൾ ആണല്ലോ ആദ്യം ഉണ്ടായിരുന്നതും. അതാകാം ഭാഷാ ഉറവിടത്തിന് മറ്റൊരു ഹേതുവെന്നും അനുമാനിയ്ക്കേണ്ടി വരും.

സംസ്കൃതവും തമിഴും മാറ്റി നിർത്തി മറ്റുഭാഷകളെ ഉദാഹരണമായി നോക്കാം.

അക്ഷരമാല മറ്റു രാജ്യങ്ങളിലെപ്പോലെ എ,ബി,സി,ഡി ക്രമത്തിലല്ലാതെ അ,ആ,ഇ,ഈ എന്ന നിലയിൽ ഉള്ളത് ഹിന്ദിപോലുള്ള ദേശീയഭാഷയിൽ കാണുന്നു. കാരണം ഉറവിടം സംസ്കൃതമോ ദ്രാവിഡമോ എന്നു സംശയിക്കേണ്ടി വരും. അത് ഹിന്ദിപോലുള്ള ഭാഷയിൽ നിന്നാകാമെങ്കിൽ 56 അക്ഷങ്ങളിൽ ബാക്കി എവിടുന്ന് വരും എന്ന് അനുമാനിയ്ക്കാൻ പഴുതില്ല. ള്ള,ള,ഷ,ഴ,റ എന്നീ അക്ഷരങ്ങൾ മലയാളത്തിലല്ലാതെ മറ്റു ഭാഷയിൽ ഉണ്ടോ എന്നു സംശയിക്കേണ്ടതുമുണ്ട്.

പത്തുവരെ അക്കങ്ങൾ ദ്രാവിഡഭാഷയിൽ നിന്നാകാം. കാരണം തൊട്ട് അയൽനാടായ കന്നടത്തിലെ ഒൺട്രൂ ഇരട്ടു;മൂക്കു, നാലുക്കു ഐയ്തു, ആറു, ഏളു, എൺട്രൂ, ഒൻപ്പത്തു, ഹത്തു എന്നീ അക്കങ്ങൾ മലയാളത്തിന് വളരെ സാമ്യം ഉണ്ട്. ഉത്ഭവം വടക്കൻ ദ്രാവിഡമായ കന്നടത്തിൽ നിന്നും ആയതുകൊണ്ടാകാം.

കേരളത്തിൽ തമിഴ് സാന്നിധ്യം കൂടുന്നപോലെ ഉദ്ദേശം 30 ലക്ഷത്തിലേറെ ഇതര സംസ്ഥാനക്കാർ ഉപജീവനാർത്ഥവും മറ്റുമായി വന്നിട്ടുണ്ടെങ്കിൽ, കേരളീയർ മക്കാറ തുടങ്ങിയ തെക്കൻ കാനറാ ദേശത്ത് ലക്ഷക്കണക്കിന് കൂട്ടമായ് കന്നടയും തുളുവും സംസാരിച്ച് ഇന്നും കഴിയുന്നുണ്ട്. മാംഗ്ലൂർ, മൈസൂർ ബാംഗ്ലൂർ ദേശങ്ങൾക്കു പുറമേയാണിത്.

അതുപോലെ അന്യനാട്ടുകാർ ഇവിടെ അവരുടെ ഭാഷ പ്രചരിപ്പിയ്ക്കാനല്ല. മലയാളം പഠിയ്ക്കാനേ ശ്രമിക്കൂ എന്നു കരുതേണ്ടി വരും. ഏതായാലും കന്നട ഭാഷയിലെ സാമ്യമുള്ള പദങ്ങൾക്കു പുറമെ നൂറുകണക്കിന് വാക്കുകൾ മലയാളത്തിൽ എത്തപ്പെട്ടിട്ടുണ്ട്.

ഇനി തമിഴിലെ തണ്ണീർ എന്ന പദത്തിലെ നീർ സംസ്കൃതം കന്നട തുടങ്ങിയ മറ്റു ഭാഷകളിൽ ഉള്ളതുകൊണ്ട് മലയാളത്തിലും എത്തപ്പെട്ടു എന്നു കരുതണം.

“ഭക്ഷണം കഴിച്ചോ” എന്ന ചോദ്യം തെലുങ്കിൽ “ഭോജൻ ശേഷാവോ” എന്നും “ഉട്ടമാഢിയാ” കന്നടത്തിലും “ഒന്നസ്സാണ്ടാ” തുളുവിലുമുള്ളതുകൊണ്ട് “ഊട്ട”, “ഒന്നസ്സ” എന്നീ പദങ്ങളിൽ നിന്നുമാകാം മലയാളത്തിലെ “ഊൺ” എന്ന പദം ഉണ്ടായത്. “ഭോജനം” തെലുങ്കിൽ നിന്നുമാകാം.

അറബികൾ തമ്മിൽ കാണുമ്പോൾ അഭിവാദ്യമായി പറയു ന്നതാണ് സലാം അലൈക്കും. പ്രത്യഭിവാദ്യമായി അലൈക്കും. സലാം എന്നുമാണുള്ളത്. മലയാളത്തിലും സലാം ഉണ്ട്. ഒരേ അർത്ഥത്തിൽ തന്നെ എല്ലാ ഭാഷകളിലേയും ഉദാഹരണങ്ങൾ പറ യാൻ നിർവ്വാഹമില്ല.

ഇനി എഴുത്തച്ഛനെപ്പറ്റി അൽപ്പം നിഗമനം കൂടി. അദ്ദേഹ ത്തിന്റെ മഹാകാവ്യങ്ങളും, കിളിപ്പാട്ട് പ്രസ്ഥാനവും വൃത്തസംഹി തകളുമാകാം "ഭാഷാപിതാവ്" എന്ന നാമം ലഭിയ്ക്കാൻ കാരണം.

കിളിപ്പാട്ടിന്റെ ഗാനാത്മകതയും ഭാവസംവേദനക്ഷമതയും പുതുമയും മാധുര്യവും തിരിച്ചറിഞ്ഞ എഴുത്തച്ഛന്റെ ഭാഷാകാവ്യ വൃത്തങ്ങൾ ഇന്നും നിലവിലുണ്ട്.

കാകളി, കേക, കളകാഞ്ചി, അന്നനട, മണികാഞ്ചി, ഊന കാക ളി, ദ്രുതകാകളി എന്നീ വൃത്തങ്ങൾ ആണ് കിളിപ്പാട്ടിൽ പ്രധാനമാ യുള്ളത്.

ആര്യ വരേണ്യ വേദശാസ്ത്ര ഭാഷയായ സംസ്കൃതം മാത്രമേ ശ്രേഷ്ഠമായുള്ളു എന്നു കരുതിയിരുന്ന കാലത്ത് മലയാളത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി നിലകൊണ്ട ഭാഷാസ്നേ ഹിയും പ്രതിഭാശാലിയുമായ എഴുത്തച്ഛന്റെ പദവിയോ, പ്രാതിനി ധ്യമോ, പട്ടമോ, പട്ടും വളയുമോ അല്ല പ്രധാനം അദ്ദേഹത്തെപ്പോ ലുള്ള ഭാഷാസ്നേഹികൾ ഉണ്ടായതുകൊണ്ടാണ് ഒരു പക്ഷേ നമ്മൾ ഇന്നും കടിച്ചാൽ പൊട്ടാത്ത സംസ്കൃതമോ 'ആമാ'യും 'അണ്ണാ' നുമുള്ള തമിഴോ അല്ലെങ്കിൽ സങ്കീർണ്ണ സങ്കര മണിപ്രവാള ഇംഗ്ലീഷോ സംസാരിച്ചു കഴിയേണ്ടിവരുന്നത്. അതുകൊണ്ടുതന്നെ എഴുത്തച്ഛന് 'ഭാഷാപിതാവ്' എന്ന പദവി നൽകിയതിൽ തെറ്റില്ലാ എന്ന അഭിപ്രായത്തിൽ രണ്ടുപക്ഷമുണ്ടാവില്ല.

# മനുഷ്യനൊപ്പം യാത്ര ചെയ്യുന്ന ഭാഷ

**ജോൺ മാത്യു**



സാങ്കേതികരംഗത്തുണ്ടായ മാറ്റങ്ങളും വളർച്ചയും വിവിധ ജനപദങ്ങൾ തമ്മിൽ അടുത്തറിയുന്നതിനു വഴിതെളിച്ചു. വായിച്ചറിഞ്ഞ അറിവിനു പകരം മുഖത്തോടുമുഖം. നേരിട്ടുള്ള ഈ വ്യവഹാരത്തിനുതകും വിധം ഇംഗ്ലീഷ് എന്ന വാണിജ്യഭാഷയും! ഇവിടെ 'വാണിജ്യ' എന്നുപയോഗിച്ചത് ബോധപൂർവ്വമാണ്. കർശനമായ നിയമവ്യവസ്ഥയുണ്ടായിരുന്ന സാഹിത്യഭാഷയിൽനിന്ന് ഷെയ്ക്സ്പിയറിന്റെയും കിംഗ്ജെയിംസ് ബൈബിളിന്റെയും കാവ്യഭാഷയിൽനിന്ന് ആർക്കും വശത്താക്കാവുന്ന നിലയിലേക്കുള്ള ഇംഗ്ലീഷിന്റെ പരിണാമം അഭൂതമാണ്. ഒരു ചൈനാക്കാരനോ അല്ലെങ്കിൽ വിയറ്റ്നാമിയോ അവർ ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിലെ ആത്മാർത്ഥതയും ശൈവികതയും നാട്യമില്ലായ്മയും ശ്രദ്ധിക്കുക. നമ്മുടെ 'ഐ.സി.എസ്' പാരമ്പര്യത്തിന്റെ നാണക്കേട് അപ്പോഴല്ലേ മനസ്സിലാവുക.

എഴുത്തിലും സംഭാഷണത്തിലും ആഢ്യത്വം വേണമെന്ന നിർബന്ധം ഒരു കാലത്തുണ്ടായിരുന്നു. ഏബ്രഹാം ലിങ്കന്റെ ഗെറ്റിസ്ബർഗ് പ്രഭാഷണത്തിലെ വ്യാകരണത്തെറ്റുകൾ നുള്ളിപ്പെറുക്കിയെടുത്ത പണ്ഡിതരുടെ പിൻമുക്കാരായി ഊറ്റംകൊള്ളുന്ന നാമൊക്കെയാണ് അമേരിക്കയിലെ 'ഷിറ്റ്' തെരുവുപേശലുകളെ ഇന്ന് നേരിടുന്നത്.

കാലാവസ്ഥയിലെ അപ്രതീക്ഷിത മാറ്റങ്ങൾമൂലമോ, അല്ല, മറ്റുചിലപ്പോൾ കുടിപ്പകമൂലമോ ഇനിയും പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയോ മനുഷ്യൻ കൂട്ടത്തോടെ ഇറങ്ങിപ്പുറപ്പെട്ടിരുന്ന കാലമുണ്ടായിരുന്നു. അന്ന് അവന്റെ യാത്രക്കു നൂറ്റാണ്ടുകൾവരെ ദൈർഘ്യമുണ്ടായിരുന്നിരിക്കാം. വനാന്തരങ്ങളിൽക്കൂടിയോ മരുഭൂമികളിൽക്കൂ

ടിയോ മനുഷ്യൻ അലഞ്ഞുനടന്ന് കുടുംബം സംരക്ഷിച്ചതിന്റെ കഥ കൾ വിവിധ പുരാണങ്ങളിലുമുണ്ട്. അന്ന്, നടന്ന വഴിയിലെല്ലാം അവന്റെ വാക്കുകളും അതിന്റെ നിയമങ്ങളും രീതികളും ശേഷിപ്പി ച്ചിരുന്നു.

ഏതൊരു ഭാഷാചർച്ചയിലും 'ബാബേൽഗോപുര'ത്തിന്റെ കഥ അവഗണിക്കാൻ കഴിയുകയില്ല. ദൈവശാസ്ത്രപരമായ ചർച്ചയി ലേക്കോ വാക്കിന് ദൈവത്തേക്കാൾ ശക്തിയുണ്ടെന്ന ധ്വനിയി ലേക്കോ കടക്കുന്നില്ല. മനുഷ്യൻ യാത്ര ചെയ്തുകൊണ്ടിരുന്നു. അതു മാത്രമാണ് ഇവിടെ ചർച്ചാവിഷയം. എങ്ങനെയും വായിച്ചെടുക്കാ വുന്ന ഒരു 'മിത്താ'ണ് ഈ കഥ. മിത്ത് എന്നു പറയുമ്പോൾ ലെജൻഡ് എന്ന് തെറ്റിദ്ധരിക്കരുത്. മിത്ത് ചരിത്രപരമായ സത്യംതന്നെ, പക്ഷേ, എവിടെയൊക്കെയോ തൊങ്ങലുകൾ ചാർത്തി ഭംഗിവരുത്തിയിട്ടു ണ്ട്. അവിടെ ഭാഷയുടെ വേർപിരിവായിരുന്നോ, അതോ സംഘർഷ മായിരുന്നോ? ജനപദങ്ങളുടെ കൂടിവരവും മത്സരവും വേർപിരിയ ലുമായിരുന്നോ?

എന്തായാലും പിന്നീട് കാലങ്ങളെടുത്തു ചെന്നെത്തിയ നാടു കളുടെ ഭൂപ്രകൃതിയോടിണങ്ങി വാക്കുകളും വ്യാകരണവും രൂപ പ്പെടാൻ. വ്യാകരണം അഥവാ ഭാഷയിലെ ചട്ടങ്ങൾ മനുഷ്യൻ നോക്കിക്കാണുന്നതന്റെ ആവിഷ്ക്കരണമാണ്. സൗന്ദര്യബോധമാണ് മാത്രകളും താളവും ഇനിയും വാക്കുകൾക്ക് ലിംഗഭേദം അണിയി ച്ചുകൊടുക്കുന്നതും. പരിഷ്കൃതമെന്ന് കരുതപ്പെടുന്ന ഭാഷകളുടെ സമീപനം പലപ്പോവും ക്രൂരമായി അതിനിയമങ്ങളിലേക്ക് നയിച്ചു; അതേസമയം സ്വാഭാവികഭാഷകൾ ലളിതവും കാവ്യാത്മകവും നാടി നോടും കാടിനോടും ഇണങ്ങിയതും!

നിരീക്ഷണങ്ങളും വായനയുമാണ് ഈ ലേഖനത്തിന് ആധാ രം, അല്ലാതെ ചിട്ടപ്പെടുത്തിയ ഗവേഷണമൊന്നുമല്ല. ഇതിനിടെ ഭാഷകളുടെ പ്രധാന മൂലകുടുംബങ്ങളെപ്പറ്റി ഒന്നു പറഞ്ഞുപോകാം. ഏതു ഭാഷാ പഠനത്തിന്റെയും തുടക്കം ഇന്തോ-യൂറോപ്യൻ ഭാഷ കളെപ്പറ്റി പറഞ്ഞുകൊണ്ടാണ്. കാരണം എക്കാലത്തെയും ശക്ത മായ സാമ്രാജ്യങ്ങളുടെയെല്ലാം വിനിമയങ്ങൾ ഈ ഭാഷാകുടുംബ ത്തിൽക്കൂടിയായിരുന്നു. അതായത് സംസ്കൃതവും ഇറാനിയനും ഗ്രീക്കും ലത്തീനുമെല്ലാം. പൗരാണികതകൊണ്ട് ആഫ്രിക്കൻ ഭാഷ

കളുടെയും സ്ഥാനം ഒട്ടും താഴെയല്ല. സെമറ്റിക് ഗ്രൂപ്പിൽപ്പെട്ട ഹീബ്രുവും അറബിയും ആരാമിക്കും. ഇനി യൂറാളിക്ക് ഭാഷകൾ, തെക്കുകിഴക്കൻ ഏഷ്യൻ ഭാഷകളായ ദ്രവീഡിയനും യൂറോപ്പിലെ ഫിന്നീഷ് ഹംഗേറിയനും ചേർന്ന മറ്റൊരു വലിയ കുടുംബമാണ്. ഇതിന്റെ മറ്റൊരു വകഭേദമായിരിക്കാം സീനോ-ടിബറ്റൻ ഭാഷകളും. ഫസഫിക്ക് ദ്വീപുകളിലെ പൂർവ്വഭാഷകൾ എന്തിനോടാണ് ബന്ധപ്പെട്ടിരിക്കുന്നത്? ആഫ്രിക്കയോടോ, അതോ യൂറാളിക്ക്-സിനോകളോടോ?

ഭാഷ ഏതു വിഭാഗത്തിൽപ്പെട്ടതെന്നത് അവസാനവാക്കല്ല. ഉദാഹരണത്തിന് തെക്കേയിന്ത്യൻ ഭാഷയായ തമിഴ് സംസ്കൃതത്തിന്റെ വകഭേദമാണെന്ന് ഏറെക്കാലം ധരിച്ചിരുന്നു. തമിഴ് മറ്റൊരു വിഭാഗത്തിൽപ്പെട്ടതല്ലേയെന്ന് ആദ്യം സംശയമുന്നയിച്ചത് തിരുനെൽവേലി ബിഷപ്പായിരുന്ന റോബർട്ട് കാൽഡ്വെൽ. ഉത്തരേന്ത്യൻ ഭാഷകളുമായി സാധാരണയിൽക്കവിഞ്ഞ കൊടുക്കൽവാങ്ങലുകൾ നടന്നിട്ടുണ്ടെങ്കിലും, ദ്രാവിഡഭാഷകൾ സംസ്കൃതത്തിന്റെ ഭാഗമല്ലെന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ യുക്തിയുക്തമായ അഭിപ്രായം, വിയോജിക്കുന്നവരുമുണ്ടാകാം. വാദഗതികളിങ്ങനെ: ദ്രാവിഡം ഭാരതത്തിന്റെ പുരാതന ഭാഷ മാത്രമല്ല ലോകഭാഷകളുടെതന്നെ തുടക്കമാണ്. അതായത് സംസ്കൃതത്തേക്കാൾ പുരാതനം! അല്ലെങ്കിൽ ദ്രാവിഡം യൂറാളിക്ക് ഭാഷാകുടുംബത്തിലെ അംഗമാണ് (?) എന്നിങ്ങനെ. അതോ ഭാഷകളുടെ ക്രിയൗൾ' ഇടപാടുകൾ ഇവിടെ പ്രസക്തമാണോ?

നമുക്ക് ഏറെ പരിചയമുള്ള മലയാളവും ഇംഗ്ലീഷും താരതമ്യേന തമ്പി ഭാഷകളാണ്. അതായത് പിന്നീട് സങ്കരഭാഷകളായി രൂപപ്പെട്ടത്. രണ്ടിന്റെയും വളർച്ചയും സമാനമാണ്. തമിഴ് കുടുംബത്തിൽപ്പെട്ട ഇന്ത്യയിലെ പശ്ചിമഘട്ടഭാഷയിൽ സംസ്കൃത വാക്കുകളുടെയും അക്ഷരമാലയുടെയും ശാസ്ത്രീയതയും അതിന്റെയൊപ്പം സെമിറ്റിക് ഭാഷകളുടെ ഒട്ടും കുറവല്ലാത്ത സ്വാധീനവും മലയാളമെന്ന പുതിയ ഭാഷ വളർത്തിയെടുത്തു. അതുപോലെ ജർമാനിക് കുടുംബത്തിലെ പശ്ചിമവിഭാഗത്തിൽപ്പെട്ട പഴയ ഇംഗ്ലീഷിനോട് നോർമൻ കടന്നാക്രമണം മൂലം ഫ്രഞ്ചും ലാറ്റിനും സ്വാധീനിച്ചു. അതിനോടൊപ്പമാണ് പിന്നീട് കോളണികളിൽനിന്ന് കൊണ്ടു

വന്ന വ്യാപാര-വാണിജ്യ വാക്കുകളും ചേർന്നത്. അങ്ങനെ ഇന്നത്തെ ഇംഗ്ലീഷ് രൂപപ്പെട്ടു.

നൂറുകണക്കിന് വാക്കുകളാണ് ഭാരതീയഭാഷകളിൽനിന്നു മാത്രം ഇംഗ്ലീഷ് കടമെടുത്ത് സ്വന്തമാക്കിയത്. ഇംഗ്ലീഷിലേക്ക് കുടിയേറിയ ഇന്ത്യൻ വാക്കുകളുടെ ഒരു ഡിക്ഷ്ണറിതന്നെയുണ്ട്. - ഹോബ്സൺ ജോബ്സൺ. ഒരുകാലത്ത് ലോകനയതന്ത്രഭാഷയായിരുന്ന ഫ്രഞ്ചിനോട് സൈനികമായും സാമൂഹികമായും മത്സരിച്ചാണ് ഇംഗ്ലീഷ് പുതിയ വാക്കുകൾക്ക് തങ്ങളുടെ വാതായനങ്ങൾ തുറന്നിട്ടത്, ദുർഘടംപിടിച്ച വ്യാകരണ നിയമങ്ങൾ മാറ്റിയെഴുതിയത്. അതിന് അമേരിക്കയുടെ സംഭാവനകളും അത്ര ചെറുതല്ല. ഒരുദാഹരണം, അമേരിക്കൻ ഇംഗ്ലീഷിൽനിന്ന് 'ഷാൽ' എന്നേ അപ്രത്യക്ഷമായിരിക്കുന്നു.

## മലയാളത്തിലേക്ക് മടങ്ങിവരാം

മലയാളികൾക്കൊപ്പം തങ്ങളുടെ ഭാഷയും സഞ്ചരിക്കുന്നുവെന്നാണ് വെയ്പ്. ഇന്ന് ചരിത്രപരമായി നമ്മുടെ ഭാഷയ്ക്ക് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു പക്ഷേ, മണിപ്രവാളകാലത്തിനുശേഷമുണ്ടാകുന്ന നിർണ്ണായകമായ മാറ്റം. അതായത് മലയാളനാട്ടിൽ മലയാളികൾ ന്യൂനപക്ഷമാകുമോയെന്നുവരെ ഇപ്പോൾ പേടിക്കേണ്ടതായിരിക്കുന്നു. തമിഴുഭൂരിപക്ഷമുള്ള ജില്ലകൾവരെ ഭാവിയിൽ ഉണ്ടായേക്കാം. ഇപ്പോൾത്തന്നെ ചില ജില്ലകൾക്കുമേൽ തമിഴ്നാട് അവകാശമുന്നയിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. വിവിധ ജനപദങ്ങളെ ആകർഷിക്കുംവിധം വൻനഗരങ്ങളുടെ വളർച്ചയും ഇതിനോടു ചേർത്തു കണക്കിലെടുക്കണം. മറ്റൊന്ന് ഉത്തരേന്ത്യയിൽ വളർന്ന മലയാളം വായിക്കാനറിയാത്ത മലയാളി യുവാക്കളുടെയും സംഖ്യ കൂടിവരുന്നു. ഇനി നമ്മുടെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും വിദേശബന്ധങ്ങളും അതിന്റെ പ്രായോഗികതയും മലയാളത്തിൽനിന്നും മലയാളവായനയിൽനിന്നും പുതുതലമുറയെ മാറ്റിനിർത്തുന്നു. പഠനത്തിനുള്ള സാങ്കേതിക ഗ്രന്ഥങ്ങൾ മാത്രമല്ല നമ്മുടെ യുവാക്കളുടെ കഥാസാഹിത്യ വായനപോലും ഇംഗ്ലീഷിലേക്ക് മാറുകയാണ്.

ഈ പറഞ്ഞതെല്ലാം ഭാഷകളുടെ മുന്നോട്ടുള്ള പാതയിൽ

എന്നും സംഭവിക്കുന്നതാണ്. അതൊരു ന്യൂനതയല്ല, സ്വാഭാവിക തയാണ്. യാത്രകളും ജനപദങ്ങളുമായുള്ള സംവാദങ്ങളും യുദ്ധ ങ്ങളും സർവ്വസാധാരണമായിരുന്നു., അവ സൃഷ്ടിച്ച പരിവർത്ത നങ്ങളാണല്ലോ ഇന്ന് മഹത്തായ സാംസ്കാരിക മുന്നേറ്റമായി ചരി ത്രകാരന്മാർ കണക്കാക്കുന്നത്. ഇതിനിടെ ജനം ചില വാക്കുകൾ മറന്നിരിക്കും. കഴിഞ്ഞ ഏതാനും നാളുകൾക്കുള്ളിൽ മലയാളികൾ മറന്നുകൊണ്ടിരിക്കുന്ന ഒരു വാക്കാണ് 'ഉത്തരം' ഉത്തരമെന്ന വാക്കിന് പല ഉത്തരമുണ്ടെങ്കിലും ഉത്തരം താങ്ങുന്ന 'പല്ലി'യുടെ കഥയും 'കിലുകിലുക്കും കിക്കുലുകിലുക്കും ഉത്തരത്തിൽ ചത്തി രിക്കും' എന്ന പഴഞ്ചൊല്ലും വീടിന്റെ 'ഉത്തരംവെയ്പ്പെന്ന' ആഘോ ഷവും നാം മറന്നിരിക്കുന്നു. കൃത്യമായ ഉത്തരമില്ലാത്ത വീടുകളാ ണല്ലോ നമുക്കിന്ന്!

അമ്പതുകളുടെ തുടക്കത്തിൽ ഉന്നതവിദ്യാഭ്യാസംപോലും മല യാളത്തിലാകാമെന്ന പ്രതീക്ഷയുണ്ടായിരുന്നു. അതിന്റെ ആദ്യപ ടിയും പരിചയപ്പെടലുമായി ക്വഥനാങ്കം തുടങ്ങിയ വാക്കുകൾ ഭാഷ യിലേക്ക് പരിചയപ്പെടുത്തി. അത്രയും വേണ്ട ഇംഗ്ലീഷിനെ തൂത്തെ റിഞ്ഞ് പഠനം ഹിന്ദിയിലാകാമെന്നും ചിലർ സ്വപ്നംകണ്ടു. പക്ഷേ, എത്രവേഗമാണ് നാം യാഥാർത്ഥ്യത്തിലേക്ക് മടങ്ങിപ്പോയത്. ഉത്ത രേന്ത്യൻ വ്യാപാരസ്ഥാപനങ്ങളിൽ ഹിന്ദി മാത്രം പഠിച്ചവർ പിന്നോ ട്ടുപോകുന്നതും എന്നാൽ ഇംഗ്ലീഷിൽ പ്രാവീണ്യം നേടിയവരുടെ ആധിപത്യവും ഈ ലേഖകൻ നേരിൽ കണ്ടിട്ടുണ്ട്.

അമേരിക്കയിലെ മലയാള പഠനങ്ങളും ഇവിടെയുള്ള സാഹിത്യ സംഘടനകൾ ചർച്ചക്ക് എടുക്കേണ്ടതായുണ്ട്. നിരന്തരം കേൾക്കുന്ന പരാതിയാണ് കലാശാലകൾ പഠനസൗകര്യങ്ങളും ലൈബ്രറിയും ഏർപ്പെടുത്തിയിരിക്കുന്നു, മലയാളികൾ അത് പ്രയോ ജനപ്പെടുത്തുന്നില്ല എന്ന്.

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. സാധാരണ മലയാളി ഒരു തൊഴിൽ ചെയ്ത് ജീവിക്കാൻ ഇവിടെയെത്തിയതാണ്, ഭാഷാഗ വേഷണം ചെയ്യാനല്ലെന്ന് ചുരുക്കം. ഇനി കുറേയൊക്കെ വായിക്കു ന്നവർക്കുപോലും കഥകളോടാണ് മമത. കലാശാലാ ലൈബ്രറിക ളിൽ ചെന്നിരുന്നാൽത്തന്നെ നാമൊക്കെ എന്താണ് വായിക്കുക, പഠിക്കുക. ലീലാതിലകമോ സംഘംകൃതികളോ അതോ ഉത്തരരാ

മചരിതമോ? എത്രപേർക്ക് ഈ വക കൃതികൾ ആവശ്യമുണ്ട്? ഈ ലൈബ്രറികൾ പ്രാഥമികമായി ഫാക്കൽറ്റിക്കുവേണ്ടിയാണ്,കലാശാലയുടെ അന്തസ്സിനും. പൊതുജനത്തിനുള്ളതല്ലെന്ന് ചുരുക്കം.


ഇന്ന് അമേരിക്കയിലെ മലയാളപഠനം മുഴുവൻതന്നെ ഒന്നോ രണ്ടോ സെമസ്റ്ററുകളിലെ ക്രെഡിറ്റിനുവേണ്ടിയുള്ളതാണ്. അതു നല്ലതുതന്നെ, ഏതാനും കുട്ടികൾക്കെങ്കിലും ഭാഷ പരിചയപ്പെടാമല്ലോ. പക്ഷേ, കലാശാലകൾക്ക് ഇതിലപ്പുറമായ മറ്റൊരു ദൗത്യവുമുണ്ടെന്നു പറയുന്നതിൽ തെറ്റില്ല.

ഇവിടെ കുടിയേറ്റക്കാരുടെ എഴുത്തുകളെപ്പറ്റി ഏതെങ്കിലും കലാശാല പഠനം നടത്തിയിട്ടുണ്ടോ? ഒരു കലാശാലയുടെ ചുരുങ്ങിയ സാമ്പത്തികപരിധിക്കുള്ളിൽനിന്ന് നേരിട്ട് ഇതൊന്നും ചെയ്യണമെന്നല്ല. പകരം മറ്റ് കലാശാലകളുമായി ചേർന്ന് അവർക്കിതു ചെയ്യാം. ഏതാണ്ട് അമ്പതുവർഷമാകുന്നു മലയാളികളുടെ കൂട്ടമായ കുടിയേറ്റം തുടങ്ങിയിട്ട്. കേരളത്തിന്റെ ഭാഷയിലും സാമ്പത്തിക രംഗത്തും സാമൂഹികരംഗത്തും ഈ കുടിയേറ്റക്കാർ ചെയ്ത സംഭാവനകൾ ആരെങ്കിലും കണക്കിലെടുത്തിട്ടുണ്ടോ? ഇവിടത്തെ എഴുത്തിന്റെ പ്രസക്തിയും ആരും വിലയിരുത്തിയിട്ടില്ല.

മലയാളഭാഷയിൽ വൻപരിവർത്തനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഒരുപക്ഷേ ഭാവിയിൽ ഈ മാറ്റങ്ങളെപ്പറ്റി ധാരാളം പഠനങ്ങൾ നടന്നേക്കാം. ഇങ്ങനെയുള്ള പഠനങ്ങളിൽ നമ്മുടെ സംഘടനകൾക്കും എഴുത്തുകൾക്കും എന്തെങ്കിലും അംഗീകാരം ഉണ്ടായിരിക്കുമോ? ഇവിടെ നമ്മുടെയും നമ്മുടെ കലാശാലകളുടെയും സംഭാവനകൾ എന്താണ്?

# സുദൃഢ കുടുംബബന്ധ പശ്ചാത്തലം മൂല്യാധിഷ്ഠിത യുവതലമുറയുടെ സൃഷ്ടിക്കനിവാര്യം

പി.പി. ചെറിയാൻ



കുടുംബഭദ്രത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിലൂടെയാണ് ലോകജനത സഞ്ചരിക്കുന്നത്. പാശ്ചാത്യ-പൗരസ്ത്യ ഭേദ മെന്യേ എല്ലാ രാജ്യങ്ങളിലും വിവാഹമോചന മെന്നത് ഒരു ഫാഷനായോ, മാറാവ്യാധിയായോ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഭാര്യ-ഭർത്തൃബന്ധ ങ്ങളിൽ പ്രകടമാകുന്ന സ്വാർത്ഥത സുദൃഢമായ കുടുംബബന്ധങ്ങളിൽ കരിനിഴൽ വീഴ്ത്തിയിരി ക്കുന്നു. സ്ത്രീ പൂർണ്ണമായും തനിക്ക് വിധേയയാണെന്ന പുരുഷന്റെ പരമ്പരാഗത വിശ്വാസവും, പുരുഷനെ അവൻ ആയിരിക്കുന്ന അവ സ്ഥയിൽ കണ്ണുമടച്ചു വിശ്വസിക്കേണ്ടതില്ല എന്ന സ്ത്രീയുടെ പുരോ ഗമന കാഴ്ചപ്പാടും തമ്മിലുള്ള സംഘർഷത്തിന്റെ അനന്തരഫലം പലപ്പോഴും വിവാഹമോചനത്തിലാണ് ചെന്നെത്തുന്നത്.

വൈകാരിക പൊരുത്തവും, ശാരീരിക ആകർഷണത്വവും കൊണ്ട് മാത്രമല്ല, ത്യാഗവും, വിശ്വസ്തയും, അർപ്പണ മനോഭാ വവും ജീവിതത്തിൽ സ്വായത്തമാക്കി ഭാര്യ-ഭർതൃബന്ധം സുദൃഢ മാക്കണമെന്ന ആത്മാർത്ഥശ്രമം ഇരുഭാഗത്തുനിന്നും അന്യമായി രിക്കുന്നു. രണ്ടു വ്യക്തികൾ തമ്മിൽ സ്നേഹം പൂർണ്ണമാക്കപ്പെടു ന്നത്, രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങൾ പൂർണ്ണമായും സമന്വയിക്കു മ്പോൾ മാത്രമാണെന്നുള്ള അടിസ്ഥാനപ്രമാണം പോലും പരസ്യ മായി ലംഘിക്കപ്പെടുന്നു. വിവാഹമോചനത്തിലേക്കു നയിക്കുന്ന ചില കാരണങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്.

വിവാഹമോചനത്തിനു കോടതിയിൽ എത്തുന്ന ഭൂരിപക്ഷം

കേസ്സുകളുടെയും അടിസ്ഥാനം സാമ്പത്തികമാണ്. സ്ത്രീധനം, കുട്ടികളുടെ സംരക്ഷണത്തിനാവശ്യമായ പണം എന്നിവ ആവശ്യപ്പെട്ട് കോടതികളിൽ വിവാഹമോചന കേസ്സുകൾ കുമിഞ്ഞുകൂടുന്നു. കുടുംബത്തോട് ഉത്തരവാദിത്വമില്ലാതെ മദ്യപാനത്തിനും, മയക്കുമരുന്നിനും അടിമയായി ജീവിക്കുന്ന ഭർത്താക്കന്മാരിൽ നിന്നും വിവാഹമോചനം ആവശ്യപ്പെടുന്ന ഭാര്യമാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. സംശയരോഗം എന്ന സാഹചര്യ സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനുള്ള കഴിവുകേട്, അതോടെ ഉണ്ടാകുന്ന മാനസികപ്രശ്നങ്ങൾ, കുടുംബ ബന്ധം പരിശുദ്ധമാണെന്ന മൂല്യബോധം നഷ്ടപ്പെടൽ, പരപുരുഷ ബന്ധത്തോടുള്ള സ്ത്രീ താല്പര്യം, പരസ്ത്രീ ബന്ധത്തോടുള്ള പുരുഷതാല്പര്യം, ലൈംഗിക ജീവിതത്തിന്റെ താളപിഴകൾ തുടങ്ങിയ നിരവധി കാരണങ്ങൾ വിവാഹമോചനത്തിലേക്ക് നയിക്കുന്നു.

ആധുനിക മനുഷ്യൻ അനുനിമിഷം പുരോഗതിയിലേക്ക് കുതിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും കൂടുതൽ അധഃപതനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നത് നിഷേധിക്കപ്പെടാനാവാത്ത യാഥാർത്ഥ്യമാണ്. കുടുംബബന്ധങ്ങളുടെ പരിപാവനത നഷ്ടപ്പെടുന്നത്. ജീവിതത്തിൽ പ്രശ്നങ്ങളുടെ സങ്കീർണ്ണത വർദ്ധിപ്പിക്കുന്നു. അനുകൂല സാഹചര്യങ്ങളിൽ വളർന്നുവരുന്ന പുതിയ തലമുറയിലെ നല്ലൊരു ശതമാനം അപരിഷ്കൃത സംസ്ക്കാരത്തിന്റെ ഇരകളായി മാറുന്നത് നമ്മുടെ കൺമുമ്പിൽ നാം കാണുമ്പോൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധ പശ്ചാത്തലത്തിൽ വളർന്നുവരുന്ന തലമുറ സമൂഹത്തിന് മാതൃകയാകുമെന്ന് കരുതുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് എന്ന് പറയാതിരിക്കുവാൻ സാധ്യമല്ല.

വിവാഹബന്ധം വേർപെടുത്തിയ മാതാപിതാക്കൾക്കിടയിൽ കിടന്ന് വീർപ്പുമുട്ടുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ തേങ്ങലുകൾ കേൾക്കാൻ ഇന്നാരുണ്ട്? കുടുംബം എന്ന പാഠശാലയിലെ ഗുരുക്കന്മാരുടെ സ്ഥാനം അലങ്കരിക്കേണ്ട മാതാപിതാക്കൾ പലപ്പോഴും ശിക്ഷകരായി മാറുന്നു. മാതൃകാപരമായ കുടുംബബന്ധം പടുത്തുയർത്തി സന്തുഷ്ട കുടുംബത്തിന്റെ സനാതന മൂല്യങ്ങൾ ഇളംതലമുറയിലേക്ക് പകർന്നു നൽകുന്നതിനു പകരം അശാന്തിയുടേയും,

അധാർമ്മികതയുടേയും, സ്വാർത്ഥതയുടേയും വിദ്വേഷത്തിന്റെയും വിഷവിത്തുകൾ ഇളം മനസ്സുകളിൽ വിതക്കുന്നത് ഖേദകരമാണ്. അനാരോഗ്യകരമായ പാശ്ചാത്യജീവിതശൈലി അന്ധമായി പിന്തുടരുന്നതിനുള്ള അഭിവാഞ്ഛ ഒരു പരിധിവരെ നമ്മുടെ കുടുംബജീവിതത്തെ താറുമാറാക്കിയിരിക്കുന്നു. ഈ ദുസ്ഥിതിക്കു ഒരു സമൂലപരിവർത്തനം നമ്മുടെ സമൂഹത്തിൽ നിന്നുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. സുദൃഢമായ കുടുംബ ജീവിതമുള്ളിടത്ത് ദുഃഖത്തിനും നിരാശയ്ക്കും സ്ഥാനമില്ല. കുടുംബ ബന്ധങ്ങളിൽ വിളളലുണ്ടാക്കുന്ന സാഹചര്യങ്ങളെ ഒഴിവാക്കി മൂല്യാധിഷ്ടവും, മാതൃകാപരവുമായ യുവതലമുറയുടെ സൃഷ്ടിക്കായി അണിചേരാം.

# പത്രസംസ്കാരത്തിന് മൂല്യച്യുതിയോ

## പി.പി. ചെറിയാൻ

പത്രധർമ്മത്തെക്കുറിച്ചും പത്രസംസ്കാരത്തെക്കുറിച്ചും സമൂഹത്തിൽ ചൂടുപിടിച്ച സംവാദങ്ങൾക്ക് തിരികൊളുത്തിയിരിക്കുന്നു. യഥാർത്ഥ പത്രധർമ്മവും പത്രപ്രവർത്തകരും എങ്ങനെയുള്ളവായിരിക്കണമെന്ന് വ്യക്തമായ കാഴ്ചപ്പാടുകൾ ബോധപൂർവ്വം വിസ്തരിച്ച് മുന്നോട്ടുപോകുന്ന ശോചനീയമായ ഒരു അവസ്ഥാവിശേഷമാണ്. മാധ്യമരംഗത്ത് ഇന്ന് നിലനിൽക്കുന്നത്. ഇതിൽനിന്നും ഒരു തിരിച്ചുവരവ് അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. പത്രധർമ്മത്തെക്കുറിച്ചും പത്രപ്രവർത്തകരെക്കുറിച്ചും പൊതുജനമദ്ധ്യത്തിൽ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുവാൻ ഇത് അനിവാര്യമാണ്.

വാർത്താമാധ്യമങ്ങൾ ഒരു സംസ്കാരത്തിന്റെ മുഖംമൂടിയാണ്. സമൂഹത്തിന്റെ എല്ലാതലങ്ങളിലും ഒരു മാറാവ്യാധിപോലെ ദൃശ്യമായിക്കൊണ്ടിരിക്കുന്ന മൂല്യച്യുതികളിലേക്ക് വെളിച്ചം വീശിയവയെ നേർവഴിയിലേക്ക് നയിക്കേണ്ട വഴിവിളക്കുകളാണ്. പത്രധർമ്മം എന്ന വാക്കിന്റെ അർത്ഥംപോലെ ഇന്ന് ഒരു ചോദ്യചിഹ്നമായി മാറിയിരിക്കുന്നു. പത്രധർമ്മം പാലിക്കുന്നവരായിരിക്കും യഥാർത്ഥ പത്രപ്രവർത്തകൻ എന്നായിരുന്നു ഇതുവരെയുള്ള അറിവ്. ഇതിൽനിന്നും വ്യതിചലിച്ചു തരംതാഴ്ന്ന നിലയിൽ നമ്മുടെ പത്രസംസ്കാരം എത്തിനിൽക്കുന്നു. പ്രാരംഭകാലഘട്ടത്തിൽ നാടിന്റെ സ്പന്ദനം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പത്രധർമ്മം എന്ന് വിശ്വസിക്കുകയും അതിന് അനുസൃതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. ഈ അടിസ്ഥാനതത്വങ്ങളിൽ നിന്നും വ്യതിചലിച്ചു സത്യസന്ധതയുടെ ഒരു തരിമ്പുപോലും പ്രകടിപ്പിക്കാതെ പൊടിപ്പും തൊങ്ങലും വെച്ച് വാർത്താമാധ്യമങ്ങൾ പരസ്പരം മത്സരിക്കുകയാണ്. പത്രപ്രവർത്തനവും പത്രധർമ്മവും ഇന്ന് വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം. പണവും സ്വാധീനവും ഉള്ളവർക്ക് എന്തും വിലകൊടുത്ത് എഴുതിപ്പിടിപ്പിക്കാവുന്ന വെറും കടലാസുകഷണമായി

പത്രങ്ങൾ അധപതിച്ചിരിക്കുന്നു.

സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഉദ്ധരിക്കുന്നതിനും വേണ്ടി പത്രപ്രവർത്തകരിൽ ചിലരെങ്കിലും തയാറാവുന്ന വാർത്തകൾക്ക് പ്രാധാന്യം നൽകാതെ ഉൾപ്പെജുകളിൽ വലിയപ്പെടുമ്പോൾ സ്ത്രീപീഡനവും, കൊലപാതകവും, അക്രമരാഷ്ട്രീയവും ഗുണ്ടായിസവും ചിത്രീകരിക്കുന്ന വാർത്തകൾ പത്രത്തിന്റെ മുൻപേജുകളിൽ സ്ഥാനംപിടിക്കുന്നു. ആസ്വാദ്യതയോടെ ഇത്തരം വാർത്തകൾ വായിക്കുവാൻ വെമ്പൽകൊള്ളുന്ന വായനക്കാരാണോ അതോ വാണിജ്യവൽക്കരണത്തിന്റെ പേരിൽ സാധാരണ ജനങ്ങളെ വിഡ്ഢികളാക്കുന്ന പത്രപ്രവർത്തകരാണോ ഇതിനുത്തരവാദികൾ?

പത്രധർമ്മം പാടെ ഉപേക്ഷിച്ചു മനുഷ്യമനസ്സിലെ മൃദുലവികാരങ്ങളെ ചൂഷണം ചെയ്യുന്ന പൊടിപ്പും തൊങ്ങലും വെച്ച വാർത്തകൾ കുത്തിനിറക്കുന്ന മാധ്യമങ്ങളും പത്രപ്രവർത്തകരും പത്രസംസ്കാരത്തിന്റെ അന്തകരാണെന്ന് വിശേഷിപ്പിക്കുന്നതിൽ യാതൊരു അപാകതയുമില്ല. സത്യസന്ധമായ വാർത്തകൾ പച്ചയായി എഴുതിയാൽ കിട്ടുന്ന വായനക്കാർ വളരെ വിരളമാണെങ്കിൽപ്പോലും അതിനൊരു അന്തസ്സും തീരുമാനവും ഉണ്ട് എന്നതിൽ തർക്കമില്ല.

രാഷ്ട്രീയപാർട്ടികളുടെ അമിതമായ സ്വാധീനം പത്രധർമ്മത്തെയും പത്രപ്രവർത്തകരേയും തെറ്റായ ദിശയിലേക്കു നയിക്കുന്നു എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. പൊതുജനങ്ങളിൽ പ്രചുരപ്രചാരം ലഭിച്ച പല പത്രങ്ങളും ഇന്ന് ഓരോ രാഷ്ട്രീയ കക്ഷിയുടെയും അധീനതയിലാണ്. രാഷ്ട്രീയ പാർട്ടികൾ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ജനവിരുദ്ധ പ്രവർത്തനങ്ങളും അഴിമതിയും മറച്ച് വെയ്ക്കുന്നതിന് മറ്റൊരുവിധത്തിൽ വെള്ളപൂശി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുമുള്ള ഒരു മറയായി മാധ്യമങ്ങളെ മാറ്റിയിരിക്കുന്നു. സാധാരണക്കാരുടെ ദുരിതങ്ങളും ദുഃഖങ്ങളും അധികാരകേന്ദ്രങ്ങളിൽ എത്തിച്ച് പരിഹാരം നേടിക്കൊടുക്കേണ്ട മാധ്യമങ്ങൾ കൃത്യനിർവ്വഹണത്തിൽ നിന്നും തീർത്തും വ്യതിചലിച്ചു രാഷ്ട്രീയപാർട്ടികളുടെ ചട്ടുകങ്ങളായി അധഃപതിച്ചിരിക്കുന്നത് പത്രധർമ്മത്തെ പ്രാണവായു നൽകാതെ ഹിംസിക്കുന്നതിന് തുല്യമാണ്. പത്രത്തെയും മാധ്യമപ്രവർത്തകരെയും ഉയർന്ന നിലവാത്തിൽ

നിലനിർത്തുന്നതിൽ വായനക്കാരും വിലപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. നിലവാരം കുറഞ്ഞ വാർത്തകൾ സ്ഥിരമായി പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ വായിക്കുന്നതിൽ നിന്നും വായനക്കാർ മാറി നിൽക്കണം. ഇപ്രകാരം വായനക്കാരിൽ നുരഞ്ഞ് പൊന്തുന്ന അസംതൃപ്തി മാധ്യമങ്ങളെ ഒരുപക്ഷേ പുനർചിന്തനത്തിലേക്കു നയിക്കാം. പ്രാരംഭകാലഘട്ടത്തിൽ ജനഹൃദയങ്ങളിൽ സ്ഥായിയായ സ്ഥാനവും സൽപ്പേരും നേടിയെടുക്കുന്നതിന് മാധ്യമങ്ങൾ ഉയർത്തിപ്പിടിച്ച സംസ്കാരത്തിന്റെ പൈതൃകം ഭാവിതലമുറയിലേക്ക് പകർന്നു നൽകേണ്ട ഉത്തരവാദിത്വം ഒരു വെല്ലുവിളിയായി സ്വീകരിക്കുവാൻ മാധ്യമങ്ങളും മാധ്യമപ്രവർത്തകരും മുന്നോട്ട് വരേണ്ടിയിരിക്കുന്നു. മാധ്യമധർമ്മവും മാധ്യമപ്രവർത്തകരും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് ബോധ്യം വരുമ്പോഴാണ് പത്രസംസ്കാരത്തന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യം വീണ്ടെടുക്കുവാൻ സാധിക്കുക. ആർഷഭാരതം കെട്ടിപ്പടുത്ത പത്രസംസ്കാരം തീക്കൂനയിലേക്ക് വലിച്ചെറിയുന്നതിന് മുൻപ് മാറോടണച്ച് സംരക്ഷിക്കുവാൻ ഒറ്റക്കെട്ടായി മുന്നേറാം.

# പ്രവാസസാഹിത്യം ചില അഭിപ്രായങ്ങൾ
**ജോയ്സ് തോന്ന്യാമല**

വായനാശീലം നഷ്ടപ്പെട്ട ഒരു സമൂഹമാണ് ഇന്ന് നമുക്ക് ചുറ്റും ഉള്ളത്. ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരണം വായനാശീലം കുറയുന്നതിന് നല്ലൊരു പങ്ക് വഹിക്കുന്നുണ്ടെങ്കിലും അതിനെക്കാൾ ഉപരി ആധുനികതയുടെ തിരക്ക് വായനാശീലം കുറയുന്നതിന് വലിയ തോതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വായനാശീലക്കുറവ് കുട്ടികളിലും മുതിർന്നവരിലും ഭയാനകമായ രീതിയിൽ വളർന്നിരിക്കുന്നുവെന്ന് പറയാതെ തരമില്ല. ഇന്ന് മനുഷ്യന്റെ ദിവസേനയുള്ള സമയങ്ങളിൽ നല്ലൊരു പങ്കും യാത്രയിലും ഐ-ഫോണുകളിലും ഐ-പാഡുകളിലുമായി മാറിയിരിക്കുന്നു. വായനാശീലത്തിന്റെ അഭാവം നല്ലൊരു അളവിൽതന്നെ നമ്മുടെ മാതൃഭാഷയെ പുതുതലമുറകളിൽ നിന്നും അകറ്റുകയോ ദുർബലമാക്കുകയോ ചെയ്യുന്നുണ്ട്.

മറുനാടൻ മലയാളികളുടെ പ്രഹസനമായി മാറിയിരിക്കുന്ന സാഹിത്യ സംവാദങ്ങളിലും ചർച്ചകളിലും ഒന്നും തന്നെ ഇവിടെ ദുർബലമായിക്കൊണ്ടിരിക്കുന്ന മാതൃഭാഷയെയും വായനാശീലത്തെയും പരിപോഷിപ്പിക്കാൻ ഉതകുന്നതൊന്നും ചർച്ചാവിഷയമാകുന്നില്ലായെന്നത് ഇവിടെ എടുത്തു പറയേണ്ട കാര്യമാണ്. മലയാളത്തെപ്പറ്റിയും മാതൃഭാഷാസ്നേഹത്തെപ്പറ്റിയും നാവടക്കാതെ ഘോരഘോരം കണ്ഠക്ഷോഭം നടത്തുന്ന അമേരിക്കയിലെ "സാഹിത്യവാരഫലക്കാരും" 'സാഹിത്യനിരൂപകന്മാരും" നമ്മുടെ വളർന്നു വരുന്ന തലമുറയ്ക്ക് മാതൃഭാഷ അന്യമാകാതിരിക്കാൻ എന്തു ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കുന്നില്ല - സംസാരിക്കുന്നില്ല എന്നതാണ് ഇതിലെ വിരോധാഭാസം. കാരണം പണംകൊണ്ടും സംഘടനാ ബലംകൊണ്ടും നേടിയെടുത്ത സാഹിത്യചാര്യപട്ട പദവി നിലനിർത്താൻ അവരും പാടുപെടുന്നുവെന്നത് മനസ്സിലാക്കണമെങ്കിൽ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന അവരുടെതായ 'കലാസൃഷ്ടികൾ'

വായിച്ചാൽ മാത്രം മതിയാകും.

നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകളും വ്യാകരണമോ, ഘടനയോ ഇല്ലാത്ത വാചകങ്ങളും കൂട്ടി യോജിപ്പിക്കൽ അത് ഗദ്യമോ പദ്യമോ ആകുമെന്നുള്ള ധാരണ ഇത്തരക്കാരിൽ അന്തർലീനമായിരിക്കുന്നു. അതിന്റെ അടിസ്ഥാനപരമായ കാരണം വായനക്കുറവും സാഹിത്യനായകൻമാരാണെന്ന മിഥ്യാധാരണയും ആണ് എന്നു എത്രപേർ മനസ്സിലാക്കും.

അമേരിക്കൻ പത്രങ്ങളിൽ എഴുതുന്ന വിരലിലെണ്ണാവുന്ന ചിലർ ഒഴിച്ചാൽ ബാക്കിയുള്ള എഴുത്തുകാരൻ എന്നവകാശപ്പെടുന്നവർ മലയാളഭാഷയെ നിഷ്കരുണം കൊല ചെയ്യുന്നതിന് തുല്യമായ കൃത്യമാണ് രചനയിലൂടെ ചെയ്യുന്നത്.

ആർക്കും എന്തും എഴുതാനും പറയാനും ഉള്ള സ്വാതന്ത്ര്യം നിലനിൽക്കെതന്നെ പറയട്ടെ, എഴുതുന്ന കലാസൃഷ്ടികൾ അത് കവിതയായാലും ലേഖനമായാലും കഥയായാലും കുറഞ്ഞ പക്ഷം ആശയങ്ങളോ അർത്ഥങ്ങളോ, രചയിതാക്കൾക്ക് മനസ്സിലാകുന്നുവെന്ന് ബോധ്യമായതിനുശേഷം അയച്ചാൽ അത് മാതൃഭാഷയോട് കാണിക്കുന്ന ഏറ്റവും വലിയ ആദരവും ബഹുമാനവും ആയിരിക്കുമെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. പ്രസിദ്ധീകരണയോഗ്യമല്ലാത്തതും നിലവാരമില്ലാത്തതുമായ ഇത്തരം കൃതികൾ വായനക്കാരിൽ ഭാഷയോടുള്ള സ്നേഹത്തേക്കാൾ ഉപരി വിരക്തിയാവും വളർത്തുന്നത്. പ്രത്യേകിച്ച് പുതിയ തലമുറക്കാരിൽ.

ശക്തമായ രീതിയിലും സത്യസന്ധവും വസ്തുനിഷ്ഠാപരവുമായ സാഹിത്യനിരൂപണങ്ങളും ചർച്ചകളും ഇന്ന് നമുക്ക് ആവശ്യമാണ്. അത് തീർച്ചയായും എഴുതുന്നവർക്ക് പ്രചോദനവും തെറ്റും ശരിയും ചൂണ്ടിക്കാണിക്കാനുള്ള ഒരവസരവുമായിരിക്കും. പക്ഷേ വിമർശനങ്ങൾ മുഖം നോക്കാതെയായിരിക്കണം എന്നുമാത്രം. അതിന് നമ്മുടെ സാഹിത്യസംഘടനകൾ തയ്യാറാവണം.

ദൈവം നൽകുന്ന വരദാനമാണ് സർഗ്ഗശേഷി. അത് സംഗീതത്തിലായാലും, കലാപരമായ ഏത് മേഖലകളിലായാലും കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് സംഘടനകളുടെ ഉത്തരവാദിത്വമായി ഏറ്റെടുക്കണം.

ഇന്ന് അമേരിക്കൻ മലയാളിസംഘടനകൾ മൽസരിച്ച് നടത്തുന്ന സ്റ്റേജ് ഷോകൾ പണപിരിവിനായുള്ള ഒരു ഉപാധിമാത്രമാണ്. വരുന്നവരിൽ ഭൂരിപക്ഷവും കലാബോധമില്ലാത്ത കലാകാരന്മാരായിരിക്കുമെന്നത് മനസ്സിലാകണമെങ്കിൽ അത്തരം പരിപാടികളിൽ പങ്കെടുക്കണം. ഇത്തരം സ്റ്റേജ് ഷോകൾ സംഘടിപ്പിക്കുന്നതോടൊപ്പം കേരളത്തിൽ നിന്നും സാഹിത്യസാംസ്കാരികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാരഥന്മാരെ വർഷത്തിൽ ഒരു തവണയെങ്കിലും ഇവിടെ എത്തിച്ച് മീറ്റിംഗുകൾ നടത്തുവാൻ തയ്യാറായാൽ കുറഞ്ഞപക്ഷം സാഹിത്യാഭിരുചി ഉള്ളവർക്ക് ഒരു പ്രചോദനമായിരിക്കും എന്ന് പറയാതിരിക്കാൻ തരമില്ല.

ഗൾഫ് മണലാരണ്യത്തിൽ നിത്യവൃത്തിതേടിപ്പോയവരിൽ നിന്നുപോലും പേരെടുത്ത സാഹിത്യകാരന്മാരും അക്ഷരസ്നേഹികളും ഉണ്ടായി. അതിൽ എടുത്തു പറയേണ്ട പേരാണ് ടി.വി. കൊച്ചുവാവ, ബെന്യാമിൻ എന്നിവർ. എന്തുകൊണ്ട് വർഷങ്ങളുടെ കുടിയേറ്റസംസ്കാരമുള്ള അമേരിക്കൻ മലയാളികൾക്കിടയിൽ സാഹിത്യരംഗത്ത് എടുത്തുപറയതക്ക പേരുകൾ ഇല്ലാതെ പോയി? ജാടയ്ക്കുവേണ്ടിയുള്ള അഭിനയവും, അനുകരവുമല്ല മറിച്ച് ജീവിതയാഥാർത്ഥ്യങ്ങളോട് ഉള്ള ഉൾക്കാഴ്ചയും അനുഭവവുമാണ് അമേരിക്കൻ മലയാളി എഴുത്തുകാർക്ക് ആവശ്യം.

മനുഷ്യഭാഷയോടുള്ള സ്നേഹവും അറിവും ഉണ്ടാകണമെങ്കിൽ മാതൃഭാഷയിലുള്ള പരന്ന വായനയിലൂടെയേ സാധ്യമാകുകയുള്ളൂ. ഒപ്പം തലമുറയ്ക്ക് മാതൃഭാഷാപഠനം യോഗ്യമാക്കുന്ന തരത്തിൽ ഉള്ള ക്രമീകരണങ്ങൾ നാം ചെയ്യാനും തയ്യാറാവണം. എങ്കിൽ മാത്രമേ ഭാരതത്തെ മറക്കാത്ത, കേരളത്തെ മറക്കാത്ത നമ്മുടെ സംസ്കാരവും പൈതൃകവും കാത്ത് സൂക്ഷിക്കുന്ന ഒരു തലമുറയെ നമുക്ക് സ്വപ്നം കാണാൻ കഴിയുകയുള്ളൂ. അതിലൂടെ മാത്രമേ സർഗ്ഗവാസനയും സാഹിത്യാഭിരുചിയും ഭാഷാസ്നേഹവുമുള്ള ചിലരെങ്കിലും ജന്മമെടുക്കുകയുള്ളൂ.

# ജീവിതം എന്നെ എന്തു പഠിപ്പിച്ചു?

## മാത്യു നെല്ലിക്കുന്ന്



*(2008 ജനുവരിയിൽ മലയാളം വാരികയിൽ ടി.എൻ. ജയചചന്ദ്രന്റെ ജീവിതം എന്നെ എന്തു പഠിപ്പിച്ചു എന്ന പംക്തിയിൽ വന്നത്)*

മൂവാറ്റുപുഴക്കടുത്ത് വാഴക്കുളത്തുനിന്ന് 31-ാം വയസ്സിലാണ് മാത്യു നെല്ലിക്കുന്ന് തൊഴിലന്വേഷകനായി അമേരിക്കയിലെ മിച്ചിഗണിൽ എത്തിയത്. തുടർന്ന് അമേരിക്കയിൽ പലേടങ്ങളിലും ജോലി ചെയ്തു. ബിസിനസ്സിനിടയിൽ അഞ്ചു നോവലുകളും ആറു കഥാസമാഹാരങ്ങലും മാത്യുവിന്റേതായുണ്ട്. ഹ്യൂസ്റ്റണിൽ ജ്വാലാ ആർട്സ് എന്ന സംഘടനക്കും കേരള റൈറ്റേഴ്സ് ഫോറത്തിനും അദ്ദേഹം രൂപം നൽകി. രജനി മാസിക, കേരള നാദം, കേരളവീക്ഷണം, മലയാളി തുടങ്ങിയ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഭാഷാകേരളം ത്രൈമാസികത്തിന്റെ പത്രാധിപരാണ്. ഭാഷാഭൂഷണം പ്രവാസി അവാർഡ്, ഫൊക്കാന അവാർഡ്, സാഹിത്യവേദി പുരസ്ക്കാരം, കൊടുപ്പുന്ന സ്മാരക സാഹിത്യ അവാർഡ് എന്നിവയും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

ചെയ്യുന്ന തൊഴിലിനെ പൂർണ്ണമായി സ്നേഹിച്ചാൽ ക്രമേണ വിജയം കണ്ടെത്തു.

ഇഷ്ടമല്ലാത്ത പ്രവൃത്തികൾ ചെയ്ത് സമയം നഷ്ടമാക്കാതിരിക്കുക.

മനസ്സിനെ കേന്ദ്രീകരിച്ചാൽ അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങളും എത്തിപ്പിടിക്കാൻ സാധിക്കും.

അധമചിന്തകളിൽ നിന്നും രൂപപ്പെടുന്ന കർമ്മപഥം ദുഃഖവും പരാജയവും നൽകുന്നു.

വെറുംകൈയോടെ വരികയു പിന്നീടു വെറുംകൈയോടെ മട ങ്ങിപ്പോവുകയും ചെയ്യും എന്ന നിത്യസത്യം മറക്കാതിരിക്കുക.

ആർജ്ജിക്കുന്നവ പങ്കിടുന്നതിനുള്ള നിർവൃതി അനുഭവി ക്കുക.

ജീവിതം പൂർണ്ണമാകാത്ത അന്വേഷണമാണെന്നിരിക്കെ നമ്മുടെ പരിധികൾ തിരിച്ചറിഞ്ഞ് മുന്നോട്ടു സഞ്ചരിക്കുക.

സ്വയം അറിയുവാൻ ബുദ്ധിക്കും അതീതമായ ജ്ഞാനത്തിന്റെ തലങ്ങളിലേക്ക് മനസ്സിനെ അഴിച്ചുവിടുക.

എന്നിലും ചെറിയവരായോ എന്നും വലിയവരായോ ആരു മില്ല. ഓരോരുത്തരും തിരഞ്ഞെടുത്ത കർമ്മപഥങ്ങളിൽ സഞ്ചരി ക്കുന്നു.

പ്രതിഫലം ഇച്ഛിക്കാതെ കർമ്മം ചെയ്യുകയും എല്ലാത്തി നെയും സ്നേഹിക്കാൻ മനസ്സ് തയ്യാറാകുകയും ചെയ്യുമ്പോൾ ജീവിതം സന്തോഷവും സമാധാനവും കണ്ടെത്തും.

---

എല്ലാ കൂട്ടിവക്കലും പൊളിഞ്ഞേ തീരൂ
എല്ലാ ചേർച്ചയും പിരിഞ്ഞേ തീരൂ
എല്ലാ ഉയർച്ചയും വീണേ തീരൂ
ജീവിതമൊ-മരിച്ചേ തീരൂ

വേരറ്റ മരവും
ചിറകറ്റ പക്ഷിയും
പേരറ്റ മനുഷ്യനും
ഒരുപോലെയാണ്.